പോളിസി കാലയളവിൽ ഇൻഷുർ ചെയ്ത വ്യക്തിയെ അപകട/രോഗം സംഭവിച്ച സ്ഥലത്ത് നിന്ന് അടുത്തുള്ള ആശുപത്രിയിലേക്ക് അടിയന്തര പരിചരണത്തിനായി മാറ്റാൻ പര്യാപ്തമായ അടിയന്തര സൗകര്യങ്ങൾ സഹിതമുള്ള ഒരു ഹെൽത്ത് കെയർ അല്ലെങ്കിൽ ആംബുലൻസ് സേവന ദാതാവ് വാഗ്ദാനം ചെയ്യുന്ന റോഡ് ആംബുലൻസ് സേവനങ്ങൾക്കുള്ള ചെലവുകൾ വാർഷിക സം ഇൻഷ്വേഡ് വരെയുള്ള തുക ഞങ്ങൾ കവർ ചെയ്യും,വിധേയമായി നൽകും:

i) റോഡ് ആംബുലൻസ് സേവനങ്ങൾ പ്രയോജനപ്പെടുത്തിയ അതേ അപകടത്തിന്/അസുഖത്തിന് ഇൻഷുർ ചെയ്ത വ്യക്തിയുമായി ബന്ധപ്പെട്ട് 'ഇൻപേഷ്യൻറ് ചികിത്സ'യ്ക്ക് അല്ലെങ്കിൽ 'ഡേകെയർ നടപടിക്രമങ്ങൾ/ചികിത്സ'യ്ക്ക് കീഴിൽ ഞങ്ങൾ ഒരു ക്ലെയിം അംഗീകരിച്ചുവെങ്കിൽ.

ii) ഈ ആനുകൂല്യത്തിൽ ഇൻഷുർ ചെയ്ത വ്യക്തിയുടെ ഗതാഗതച്ചെലവ് ഉൾപ്പെടുകയും ഇനി പറയുന്നവയിൽ പരിമിതപ്പെടുത്തുകയും ചെയ്തിരിക്കുന്നു:

a. ഇൻഷുർ ചെയ്ത വ്യക്തിയെ അഡ്മിറ്റ് ചെയ്യാനും ആവശ്യമായ മെഡിക്കൽ സേവനങ്ങൾ നൽകാനും തയാറായ ഉയർന്ന മെഡിക്കൽ

സൗകര്യങ്ങളുള്ള ഏറ്റവും അടുത്തുള്ള ആശുപത്രിയിലേക്ക്, ഇൻഷുർ ചെയ്ത വ്യക്തി താമസിക്കുന്ന സ്ഥലത്തെ ആശുപത്രിയിൽ അത്തരം മെഡിക്കൽ സേവനങ്ങൾ തൃപ്തികരമായി നൽകാൻ കഴിയാത്ത പക്ഷവും ട്രാൻസ്പോർട്ടേഷൻ ഒരു മെഡിക്കൽ പ്രാക്ടീഷണർ രേഖാമൂലം നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും അത് മെഡിക്കൽ ആയി ആവശ്യമായ ചികിത്സയാണെങ്കിലും മാത്രം.

b. നിലവിലുള്ള ഹോസ്പിറ്റലിൽ അത്തരം സൗകര്യം ലഭ്യമല്ലാത്ത സാഹചര്യത്തിൽ അഡ്വാൻസ്ഡ് രോഗനിർണ്ണയ ചികിത്സയ്ക്കായി ഹോസ്പിറ്റലൈസേഷൻ സമയത്ത് ഒരു ആശുപത്രിയിൽ നിന്ന് തൊട്ടടുത്ത ഡയഗ്നോസ്റ്റിക് സെന്ററിലേക്ക്.

iii) ഈ സേവനങ്ങൾ നൽകുന്ന ആംബുലൻസ് / സേവന ദാതാവ് റോഡ് ട്രാഫിക് അതോറിറ്റിയിൽ രജിസ്റ്റർ ചെയ്ത ഒരു ദാതാവായിരിക്കണം.

iv) ഇൻഷുർ ചെയ്ത വ്യക്തിയെ ആശുപത്രിയിൽ നിന്ന് നിന്ന് ഡിസ്ചാർജ് ചെയ്തതിന് ശേഷം ഇൻഷുർ ചെയ്ത വ്യക്തിയുടെ വസതിയിലേക്ക് കൊണ്ടുപോകുന്നതുമായി ബന്ധപ്പെട്ട ഏതെങ്കിലും ചെലവുകൾ ഈ ആനുകൂല്യത്തിന് കീഴിൽ കവർ ചെയ്യപ്പെടില്ല.

## 8. ദാതാവിനുള്ള ചെലവുകൾ

ഇൻഷുർ ചെയ്ത വ്യക്തിക്ക് ദാനം ചെയ്ത അവയവം ശസ്ത്രക്രിയാ നടപടിക്രമങ്ങളിലൂടെ നേടാൻ പോളിസി കാലയളവിൽ ഒരു അവയവ ദാതാവിനെ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുന്നതുമായി ബന്ധപ്പെട്ടുള്ള ചികിത്സാ ചെലവുകൾ, പോളിസി ഷെഡ്യൂളിൽ വ്യക്തമാക്കിയിട്ടുള്ള വാർഷിക സം ഇൻഷ്വേഡ് വരെ ഇനി പറയുന്നവയ്ക്ക് വിധേയമായി ഞങ്ങൾ കവർ ചെയ്യും:

i) അവയവ ദാനം 1994-ലെ ട്രാൻസ്പ്ലാൻറേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്ട് (അതിന്റെ കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതികളും അടക്കം) പ്രകാരം ആണെന്ന് ഉറപ്പാക്കുകയും ഇൻഷുർ ചെയ്ത വ്യക്തിക്കായി പ്രസ്തുത അവയവം ഉപയോഗിക്കുകയും ചെയ്യുന്നുവെങ്കിൽ ഒരു അവയവ ദാതാവിന് ഹോസ്പിറ്റലിലെ ഇൻ-പേഷ്യൻറ് എന്ന നിലയിൽ വേണ്ടി വരുന്ന മെഡിക്കൽ ചെലവുകൾ മാത്രമേ ഞങ്ങൾ കവർ ചെയ്യുകയുള്ളൂ.

ii) ഇൻഷുർ ചെയ്ത വ്യക്തിയുമായി ബന്ധപ്പെട്ട് 'ഇൻ-പേഷ്യൻറ്' എന്ന വിഭാഗത്തിന് കീഴിലുള്ള ഒരു ക്ലെയിം ഞങ്ങൾ അംഗീകരിച്ചിട്ടുണ്ടെങ്കിൽ.

താഴെപ്പറയുന്നവയിലേതെങ്കിലുമായോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ടോ ഉണ്ടാകുന്ന ഈ കവറിനു കീഴിലുള്ള ഏതെങ്കിലും ക്ലെയിമിന് പണം നൽകാൻ ഞങ്ങൾ ബാധ്യസ്ഥരല്ല:

i) അവയവ ദാതാവിന്റെ പ്രീ-ഹോസ്പിറ്റലൈസേഷൻ മെഡിക്കൽ ചെലവുകൾ അല്ലെങ്കിൽ പോസ്റ്റ്-ഹോസ്പിറ്റലൈസേഷൻ മെഡിക്കൽ ചെലവുകൾ.

ii) അവയവ ദാതാവിന്റെ സ്ക്രീനിംഗ് ചെലവുകൾ.

iii) അവയവ ദാതാവിൽ നിന്ന് ശസ്ത്രക്രിയാ മാർഗങ്ങളിലൂടെ അവയവം നേടുന്നതിന്റെ ഫലമായുണ്ടാകുന്ന മറ്റേതെങ്കിലും മെഡിക്കൽ ചെലവുകൾ.

iv) ദാതാവിന്റെ അവയവം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പ്രത്യക്ഷമോ പരോക്ഷമോ ആയ ചെലവുകൾ.

v) ട്രാൻസ്പ്ലാൻറ് പരീക്ഷണാത്മകം അല്ലെങ്കിൽ ഗവേഷണ വിധേയം ആയ ഏതെങ്കിലും അവയവത്തിന്റെ/ ടിഷ്യുവിന്റെ ട്രാൻസ്പ്ലാൻറ്.

vi) അവയവം ട്രാൻസ്പോർട്ടേഷൻ അറല്ലങ്കിൽ പ്രിസർവേഷൻ എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾ.

vii) ഒരു ദാതാവ് എന്ന നിലയിൽ ഇൻഷുർ ചെയ്ത വ്യക്തിക്ക് വേണ്ടി വന്ന ചെലവുകൾ.

viii) ശസ്ത്രക്രിയാ മാർഗത്തിലൂടെ അവയവം നേടുന്നതിന്റെ ഫലമായി ദാതാവുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും മെഡിക്കൽ ചികിത്സ അല്ലെങ്കിൽ സങ്കീർണത.

## 9. ഡൊമിസിലിയറി ഹോസ്പിറ്റലൈസേഷൻ

പോളിസി കാലയളവിൽ ഇൻഷുർ ചെയ്ത വ്യക്തിയുടെ ഡൊമിസിലിയറി ഹോസ്പിറ്റലൈസേഷനുമായി ബന്ധപ്പെട്ട മെഡിക്കൽ ചെലവുകൾ വാർഷിക സം ഇൻഷ്വേഡ് വരെ ഇനി പറയുന്നവയ്ക്ക് വിധേയമായി ഞങ്ങൾ കവർ ചെയ്യും:

ഒരു മെഡിക്കൽ പ്രാക്ടീഷണറുടെ രേഖാമൂലമുള്ള ഉപദേശപ്രകാരം ഡൊമിസിലിയറി ഹോസ്പിറ്റലൈസേഷൻ ആരംഭിക്കുകയും തുടർച്ചയായി 3 ദിവസമെങ്കിലും തുടരുകയും ചെയ്യുന്ന സാഹചര്യത്തിൽ ഡൊമിസിലിയറി ഹോസ്പിറ്റലൈസേഷന്റെ ആദ്യ ദിവസം മുതൽ ഉണ്ടാകുന്ന ബന്ധപ്പെട്ട മെഡിക്കൽ ചെലവുകൾക്ക് ഞങ്ങൾ ഈ കവറിനു കീഴിൽ പണം നൽകും.

താഴെപ്പറയുന്നവയിലേതെങ്കിലുമായോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ടോ ഉണ്ടാകുന്ന ഈ കവറിനു കീഴിലുള്ള ഏതെങ്കിലും ക്ലെയിമിന് പണം നൽകാൻ ഞങ്ങൾ ബാധ്യസ്ഥരല്ല:

a) ആസ്തമ, ബ്രോങ്കൈറ്റിസ്, ടോൺസിലൈറ്റിസ്, ലാറിഞ്ചൈറ്റിസ്, ഫാറിഞ്ചൈറ്റിസ്, ചുമയും ജലദോഷവും, ഇൻഫ്ളുവൻസ എന്നിവ അടക്കമുള്ള അപ്പർ ശ്വാസ നാളി അണുബാധ;

b) ആർത്രൈറ്റിസ്, ഗൌട്ട്, റുമാറ്റിസം;

c) നട്ടെല്ലിന്റെ/ഡിസ്കിന്റെ

d) രോഗങ്ങൾ ചിരസ്ഥായിയായ നെഫ്രൈറ്റിസ്, നെഫ്രൈറ്റിക് സിൻഡ്രോം;

e) ഏതെങ്കിലും കരൾ രോഗം;

f) പെപ്റ്റിക് അൾസർ;

g) അതിസാരം, ഗ്യാസ്ട്രോഎൻററൈറ്റിസ് അടക്കമുള്ള എല്ലാത്തരം വയറിളക്കങ്ങളും;

h) പ്രമേഹം, ഇൻസിപിഡസ്;

I) അപസ്മാരം;

j) ഹൈപ്പർടെൻഷൻ;

k) ഏത് കാരണം കൊണ്ടും ഉണ്ടാകുന്ന പനി;

## 10. ലോയൽറ്റി ബോണസ്

കമ്പനിയുമായി പോളിസി തുടർച്ചയായി പുതുക്കിയിട്ടുള്ളതിന് വിധേയമായി, പ്രസ്തുത പോളിസി വർഷത്തിൽ ഒരു ക്ലെയിം ഉന്നയിച്ചിട്ടുണ്ടെങ്കിൽ അത് പരിഗണിക്കാതെ തന്നെ, ഓരോ പോളിസി വർഷത്തിന്റെയും അവസാനത്തിൽ, കാലാവധി കഴിയുന്ന അല്ലെങ്കിൽ പുതുക്കിയ വാർഷിക സം ഇൻഷ്വേഡിന്റെ 20% (ഏതാണ് കുറവ് അത്) ഒരു ലോയൽറ്റി ബോണസ് ആയി ഞങ്ങൾ നൽകും. ലോയൽറ്റി ബോണസ് ഇനിപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഒരു സാഹചര്യത്തിലും വാർഷിക സം ഇൻഷ്വേഡിന്റെ 100%–ൽ അധികമായി സമാഹരിക്കപ്പെടില്ല: –

I. സമാഹരിച്ച ലോയൽറ്റി ബോണസ് ഒരു ഫ്ളോട്ടർ പോളിസിക്ക് ഫ്ലോട്ടർ അടിസ്ഥാനത്തിലും ഒരു വ്യക്തിഗത പോളിസിക്ക് വ്യക്തിഗത അടിസ്ഥാനത്തിലുമായിരിക്കും.

ii. പോളിസി ഷെഡ്യൂളിൽ വ്യക്തമാക്കിയിട്ടുള്ളതു പോലെ ഒരു ഫ്ളോട്ടർ പോളിസിയിൽ, മുൻ പോളിസി വർഷത്തിൽ (വർഷങ്ങളിൽ) സമാഹരിച്ച ലോയൽറ്റി ബോണസ്, മുൻ പോളിസി വർഷത്തിൽ (വർഷങ്ങളിൽ) ഇൻഷുർ ചെയ്തിട്ടുള്ള ഇൻഷുർ ചെയ്ത വ്യക്തിക്ക്(കൾക്ക്) മാത്രം ലഭ്യമാകുകയും തുടർന്നുള്ള പോളിസി വർഷത്തിൽ കമ്പനിയുമായി തുടർന്നും ഇൻഷുർ ചെയ്യപ്പെടുകയും ചെയ്യേണ്ടതുണ്ട്.

iii. പ്രസ്തുത പോളിസി ഗ്രേസ് കാലയളവിന്റെ അവസാനിക്കുന്നസമയത്ത് കമ്പനിയുമായി പുതുക്കിയില്ലെങ്കിൽ ലോയൽറ്റി ബോണസ് കൂട്ടിച്ചേർക്കില്ല.

iv. വാർഷിക സം ഇൻഷ്വേഡ് പൂർണമായും വിനിയോഗിച്ചു കഴിഞ്ഞാൽ മാത്രമേ ലോയൽറ്റി ബോണസ് ഉപയോഗപ്പെടുത്താൻ കഴിയൂ.

v. പോളിസി കാലയളവ് രണ്ട് അല്ലെങ്കിൽ മൂന്ന് വർഷമാണെങ്കിൽ, ഒന്നാമത്തെ/രണ്ടാമത്തെ പോളിസി വർഷത്തിൽ സമാഹരിച്ച ഏതെങ്കിലും ലോയൽറ്റി ബോണസ് പോളിസി കാലയളവിന് അനുസൃതമായി ഒന്നാമത്തെ/രണ്ടാമത്തെ പോളിസി വർഷത്തിന്റെ അവസാനത്തിൽ ക്രെഡിറ്റ് ചെയ്യപ്പെടുകയും ഇത് തുടർന്നുള്ള വർഷത്തിൽ ക്ലെയിമുകൾക്ക് ലഭ്യമായിരിക്കുകയും ചെയ്യും.

vi. പോളിസി ഷെഡ്യൂളിൽ വ്യക്തമാക്കിയിട്ടുള്ള പ്രകാരം കാലയളവ് അവസാനിക്കുന്ന പോളിസിയിലെ ഇൻഷുർ ചെയ്ത വ്യക്തികൾ വ്യക്തിഗത അടിസ്ഥാനത്തിൽ കവർ ചെയ്യപ്പെടുകയും കാലയളവ് അവസാനിക്കുന്ന പോളിസിക്ക് കീഴിൽ ഓരോ ഇൻഷുർ ചെയ്ത വ്യക്തിക്കും ഒരു സഞ്ചിത ലോയൽറ്റി ബോണസ് ഉണ്ടായിരിക്കുകയും ചെയ്യുന്നുവെങ്കിൽ, കാലാവധി അവസാനിക്കുന്ന അത്തരം പോളിസി പോളിസി ഷെഡ്യൂളിൽ വ്യക്തമാക്കിയിട്ടുള്ള പ്രകാരം കമ്പനിയുമായി ഒരു ഫ്ളോട്ടർ അടിസ്ഥാനത്തിൽ പുതുക്കിയിരിക്കുകയുമാണെങ്കിൽ, ലോയൽറ്റി ബോണസ് അത്തരം പുതുക്കിയ പോളിസിയിൽ വകയിരുത്താൻ നീക്കി വയ്ക്കുകയും അത് ഇൻഷുർ ചെയ്ത എല്ലാ വ്യക്തികൾക്കിടയിലും ഏറ്റവും കുറഞ്ഞതായിരിക്കുകയും ചെയ്യും.

vii. ഫ്ളോട്ടർ പോളിസികളുടെ കാര്യത്തിൽ, ഇൻഷുർ ചെയ്ത വ്യക്തി, കമ്പനിയുമായി അവരുടെ കാലയളവ് അവസാനിക്കുന്ന പോളിസി വാർഷിക സം ഇൻഷ്വേഡ് വ്യക്തിഗത പോളിസികളായി വിഭജിച്ചു കൊണ്ട് പുതുക്കുകയാണെങ്കിൽ, കാലാവധി അവസാനിക്കുന്ന പോളിസിയുടെ ലോയൽറ്റി ബോണസ് ഓരോ പുതുക്കിയ പോളിസിയുടെയും വാർഷിക സം ഇൻഷ്വേഡിന്റെ അനുപാതത്തിൽ ചുവടെയുള്ള പട്ടികയിൽ വിശദമാക്കിയിരിക്കുന്ന പ്രകാരം വിഭജിക്കപ്പെടും.

| വാർഷിക ഫ്ളോട്ടർ സം ഇൻഷ്വേഡ് | സമാഹരിച്ച ലോയൽറ്റി ബോണസ് (5 വർഷം കഴിഞ്ഞ്) | ഫ്ളോട്ടർ പോളിസി വാർഷിക സം ഇൻഷ്വേഡ് 10 ലക്ഷം വീതമുള്ള വ്യക്തിഗത പോളിസികളായി വിഭജിക്കും | ഓരോ വ്യക്തിഗത പോളിസിയുടെയും പുതുക്കിയ വാർഷിക സം ഇൻഷ്വേഡ് | ഓരോ വ്യക്തിഗത പോളിസിയുടെയും പുതുക്കിയ സമാഹരിച്ച ലോയൽറ്റി ബോണസ് |
|---|---|---|---|---|
| 20 ലക്ഷം | 20 ലക്ഷം | | 10 ലക്ഷം | 10 ലക്ഷം |

viii. പുതുക്കൽ സമയത്ത് വാർഷിക സം ഇൻഷ്വേഡ് കുറയ്ക്കുന്ന സാഹചര്യത്തിൽ ലോയൽറ്റി ബോണസ് അതേ അനുപാതത്തിൽ കുറയും.

| വാർഷിക സം ഇൻഷ്വേഡ് | സമാഹരിച്ച ലോയൽറ്റി ബോണസ് (5 വർഷം കഴിഞ്ഞ്) | വാർഷിക സം ഇൻഷ്വേഡ് 10 ലക്ഷത്തിലേക്ക് കുറച്ചു | പുതുക്കിയ വാർഷിക സം ഇൻഷ്വേഡ് | പുതുക്കിയ സമാഹരിച്ച ലോയൽറ്റി ബോണസ് |
|---|---|---|---|---|
| 20 ലക്ഷം | 20 ലക്ഷം | | 10 ലക്ഷം | 10 ലക്ഷം |

ix. പോളിസിക്ക് കീഴിലുള്ള വാർഷിക സം ഇൻഷ്വേഡ് പുതുക്കുന്ന സമയത്ത് വർധിപ്പിച്ചിട്ടുണ്ടെങ്കിൽ, കാലാവധി കഴിയുന്ന പോളിസിയുടെ വാർഷിക സം ഇൻഷ്വേഡിന്മേൽ ലോയൽറ്റി ബോണസ് കണക്കാക്കും.

| വാർഷിക സം ഇൻഷ്വേഡ് | സമാഹരിച്ച ലോയൽറ്റി ബോണസ് (5 വർഷം കഴിഞ്ഞ്) | വാർഷിക സം ഇൻഷ്വേഡ് 10 ലക്ഷത്തിലേക്ക് കുറച്ചു | പുതുക്കിയ വാർഷിക സം ഇൻഷ്വേഡ് | പുതുക്കിയ സമാഹരിച്ച ലോയൽറ്റി ബോണസ് |
|---|---|---|---|---|
| 5 ലക്ഷം | 5 ലക്ഷം | | 10 ലക്ഷം | 5 ലക്ഷം |

x. ക്ലെയിം ഉണ്ടായിരിക്കുന്ന പക്ഷം, തുടർന്നുള്ള ഏതെങ്കിലും പോളിസി വർഷത്തിൽ പോളിസിക്ക് കീഴിൽ, ക്രെഡിറ്റ് ചെയ്യപ്പെട്ട ലോയൽറ്റി ബോണസ് കുറയ്ക്കില്ല.

xi. അൺലിമിറ്റഡ് സം ഇൻഷ്വേഡ് ഉള്ള പോളിസികൾക്ക് ലോയൽറ്റി ബോണസ് ബാധകമാകില്ല.

## 11. റീസെറ്റ് ആനുകൂല്യം

ഇനിപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പോളിസി ഷെഡ്യൂളിൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം ഒരു പോളിസി വർഷത്തിൽ ഇൻഷുർ ചെയ്ത വ്യക്തിക്ക് ഉണ്ടാകുന്ന ഏതെങ്കിലും അസുഖം/രോഗം/പരിക്ക് എന്നിവയ്ക്ക് വാർഷിക സം ഇൻഷ്വേഡിന്റെ 100% വരെ ഞങ്ങൾ പുനസ്സജ്ജീകരിക്കും:

I. ഏതെങ്കിലും അസുഖം/രോഗം/പരിക്ക് എന്നിവയ്ക്ക് ഈ ആനുകൂല്യം പരിധികളില്ലാതെ ട്രിഗർ ചെയ്യപ്പെടും.

ii. ഈ ആനുകൂല്യം അൺലിമിറ്റഡ് സം ഇൻഷ്വേഡ് ഓപ്ഷനുള്ള പോളിസികൾക്ക് ലഭ്യമാകില്ല.

iii. പ്രസ്തുത പോളിസി വർഷത്തിൽ അടച്ച മുൻ ക്ലെയിമുകളുടെ ഫലമായി ഇൻഷുർ ചെയ്ത വ്യക്തിയുമായി ബന്ധപ്പെട്ട് ലോയൽറ്റി ബോണസ്, ഇൻഫ്ളേഷൻ പ്രൊട്ടക്ടർ (തിരഞ്ഞെടുക്കുകയും സമാഹരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ), പവർ ബൂസ്റ്റർ (തിരഞ്ഞെടുക്കുകയും സമാഹരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ) എന്നിവ അടക്കമുള്ള വാർഷിക സം ഇൻഷ്വേഡ് അപര്യാപ്തമാണെങ്കിൽ.

iv. പ്രസ്തുത പോളിസി വർഷത്തിൽ നടത്തിയ ആദ്യ ക്ലെയിമിന് റീസെറ്റ് ആനുകൂല്യം ട്രിഗർ ചെയ്യില്ല

v. റീസെറ്റിന്റെ മൊത്തം തുക ആ പോളിസി വർഷത്തേക്കുള്ള വാർഷിക സം ഇൻഷ്വേഡിനേക്കാൾ കവിയുന്നതായിരിക്കില്ല

vi. "ഇൻപേഷ്യന്റ് ചികിത്സ" അല്ലെങ്കിൽ "ഡേകെയർ നടപടിക്രമം/ചികിത്സ" അല്ലെങ്കിൽ 'ഇൻ-പേഷ്യന്റ് ആയുഷ് ഹോസ്പിറ്റലൈസേഷൻ" എന്നിവയ്ക്ക് കീഴിൽ ക്ലെയിം നടത്തുകയും അംഗീകരിക്കുകയും ചെയ്താൽ മാത്രമേ റീസെറ്റ് ബെനിഫിറ്റ് ബാധകമാകൂ.

vii. വ്യക്തിഗത പോളിസികൾക്ക്, റീസെറ്റ് തുക വ്യക്തിഗത അടിസ്ഥാനത്തിലും ഫ്ളോട്ടർ പോളിസികൾക്ക് ഇത് ഫ്ലോട്ടർ അടിസ്ഥാനത്തിലും ലഭ്യമാകും

viii. ഇൻഷുർ ചെയ്ത അതേ വ്യക്തിക്ക് ആ പോളിസി വർഷത്തിൽ ഒരു ക്ലെയിം നൽകി 45 ദിവസത്തിനുള്ളിൽ ഒരു അസുഖം / പരിക്ക് അല്ലെങ്കിൽ ബന്ധപ്പെട്ട സങ്കീർണതകൾ എന്നിവ അടക്കമുള്ളവയാണെങ്കിലും അതിൽ മാത്രം പരിമിതപ്പെടാതെ, വീണ്ടും ആവർത്തിക്കുകയാണെങ്കിൽ റീസെറ്റ് ആനുകൂല്യം ലഭ്യമാകില്ല.

ix. ഉപയോഗിക്കാത്ത ഏതെങ്കിലും റീസെറ്റ് സം ഇൻഷ്വേഡ് തുക തുടർന്നുള്ള പോളിസി വർഷത്തിലേക്ക് മാറ്റുകയില്ല.

x. ഇന്ത്യയുടെ ഭൗമ പരിധിക്ക് പുറത്തുള്ള ക്ലെയിമുകൾക്ക് റീസെറ്റ് ബെനിഫിറ്റ് ബാധകമായിരിക്കില്ല.

## 12. ബരിയാട്രിക് സർജറി കവർ

ഇൻഷുർ ചെയ്ത വ്യക്തിയുടെ ശസ്ത്രക്രിയാ നടപടിക്രമങ്ങൾ/ പൊണ്ണത്തടിക്കുള്ള ചികിത്സ എന്നിവയ്ക്കായി ഇൻഷുർ ചെയ്ത വ്യക്തിയുമായി ബന്ധപ്പെട്ട ചികിത്സാ ചെലവുകൾ, ഇനിപ്പറയുന്ന വ്യവസ്ഥകൾക്കും യോഗ്യതാ മാനദണ്ഡങ്ങൾക്കും വിധേയമായി, വാർഷിക സം ഇൻഷ്വേഡ് വരെ ഞങ്ങൾ കവർ ചെയ്യും:

i. ഒരു മെഡിക്കൽ പ്രാക്ടീഷണറുടെ ഉപദേശാനുസരണം ആയിരുന്നു ശസ്ത്രക്രിയ നിർവഹിച്ചതെങ്കിൽ

ii. ക്ലിനിക്കൽ പ്രോട്ടോക്കോളുകൾ പിന്തുണയ്ക്കുന്നവ ആയിരിക്കണം നിർവഹിച്ച ശസ്ത്രക്രിയ/നടപടികൾ

iii. ബാരിയാട്രിക് സർജറിക്ക്/നടപടിക്ക് വിധേയമാകുന്ന ഇൻഷുർ ചെയ്ത വ്യക്തിക്ക് 18 വയസ്സോ അതിനു മുകളിലോ പ്രായമുണ്ടായിരിക്കണം.

iv. ഇൻഷ്വർ ചെയ്തയാളുടെ ബോഡി മാസ് ഇൻഡക്സ് (ബിഎംഐ). വ്യക്തിക്ക് ഇനി പറയുന്നവ ഉണ്ടായിരിക്കണം

a) 40 എന്നതിനേക്കാൾ ഉയർന്നതോ അതിന് തുല്യമോ അറല്ലങ്കിൽ

b) ഭാരം കുറയ്ക്കുന്നതിനുള്ള ലെസ് ഇൻവേസീവ് രീതികൾ പരാജയപ്പെട്ടതിനെത്തുടർന്ന് ഇനിപ്പറയുന്ന ഏതെങ്കിലും ഗുരുതരമായ രോഗാവസ്ഥ സഹിതം 35-നേക്കാൾ ഉയർന്നതോ അതിന് തുല്യമോ:

1. പൊണ്ണത്തടിയുമായി ബന്ധപ്പെട്ട കാർഡിയോമയോപ്പതി
2. കൊറോണറി ഹൃദ്രോഗം
3. ഗുരുതരമായ സ്ലീപ്പ് അപ്നിയ
4. നിയന്ത്രണവിധേയമല്ലാത്ത ടൈപ്പ് 2 പ്രമേഹം

**വ്യവസ്ഥകൾ:-**

I. ഞങ്ങളുമായുള്ള ആദ്യ പോളിസി ആരംഭിച്ച തീയതി മുതൽ ഈ ആനുകൂല്യത്തിന് 24 മാസത്തെ കാത്തിരിപ്പ് കാലയളവ് ഉണ്ടായിരിക്കും. എന്നിരുന്നാലും, ഇൻഷുർ ചെയ്ത വ്യക്തി

ആഡ് ഓണുകൾ/ഓപ്ഷണൽ കവർ – ജമ്പ്സ്റ്റാർട്ട് തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ ഈ കാത്തിരിപ്പ് കാലയളവ് 30 ദിവസമായി കുറയും.

ii. ലോയൽറ്റി ബോണസ്/പവർ ബൂസ്റ്റർ/ഇൻഫ്ലേഷൻ പ്രൊട്ടക്ടർ/റീസെറ്റ് ബെനിഫിറ്റ് എന്നിവയുടെ ഭാഗമായി സമാഹരിച്ച ഏതെങ്കിലും തരത്തിലുള്ള അഡീഷണൽ സം ഇൻഷ്വേഡ് ഈ കവറിന് ലഭ്യമാകില്ല.

iii. ശസ്ത്രക്രിയക്ക്/ചികിത്സയ്ക്ക് മുമ്പ് ഇൻഷുർ ചെയ്ത വ്യക്തി നിർബന്ധമായും ക്യാഷ് ലെസ് അനുമതി നേടിയിരിക്കണം

iv. ബരിയാട്രിക് സർജറി/കോസ്മെറ്റിക് കാരണങ്ങളാൽ നിർവഹിക്കുന്ന ചികിത്സ ഒഴിവാക്കിയിരിക്കുന്നു

## 13. സർഗെറ്റ് അമ്മയുടെ ഇൻ–പേഷ്യൻറ് ഹോസ്പിറ്റലൈസേഷൻ:

പോളിസി കാലയളവിൽ ഗർഭധാരണം മൂലമുണ്ടാകുന്ന സങ്കീർണതകളും പ്രസവാനന്തര ഡെലിവറി സങ്കീർണതകളും നിമിത്തം "ഇന്റൻഡിംഗ് കപ്പിൾ "/ "ഇന്റൻഡിംഗ് വുമൺ" നിയമിക്കുന്ന സർഗെറ്റ് അമ്മയുടെ ഇൻ പേഷ്യന്റ് ഹോസ്പിറ്റലൈസേഷനുമായി ബന്ധപ്പെട്ട മെഡിക്കൽ ചെലവുകൾ ഞങ്ങൾ നൽകും, പരമാവധി പരിധി 5 ലക്ഷം രൂപ വരെ, ഇനിപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി:

i. പ്രാരംഭ കാത്തിരിപ്പ് കാലയളവ് 30 ദിവസം ബാധകമായിരിക്കും

ii. ഈ ആനുകൂല്യം 3 വർഷത്തെ പോളിസി കാലയളവ് തിരഞ്ഞെടുത്ത ഇൻഷുർ ചെയ്ത എല്ലാ സ്ത്രീകൾക്കും അല്ലെങ്കിൽ ഏത് സ്ത്രീക്കും ബാധകമായിരിക്കും

iii. സർഗെറ്റ് നടപടിക്രമം വിജയിച്ചതിന് ശേഷമുള്ള തുടർച്ചയായ മുപ്പത്തിയാറ് (36) മാസ കാലയളവിലാണ് ഒരു സർഗെറ്റ് അമ്മയ്ക്ക് ലഭ്യമായ പരമാവധി കവറേജ്.

iv. നവജാതശിശുവിനെ പ്രസവിക്കുമ്പോൾ (സാധാരണ പ്രസവം വഴിയായാലും സിസേറിയൻ വഴിയായാലും) ഉണ്ടാകുന്ന ഏത് ചെലവും ഈ കവറിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു.

v. ഈ കവറേജ് സറോഗസി റെഗുലേഷൻ ആക്ടിൽ (2021) വ്യക്തമാക്കിയിട്ടുള്ള എല്ലാ വ്യവസ്ഥകളും അതിന് കീഴിലുള്ള എല്ലാ നിയമങ്ങളും നിയന്ത്രണങ്ങളും പാലിക്കുകയാണെങ്കിൽ മാത്രമേ ലഭ്യമാകൂ.

vi. ഇൻ–പേഷ്യന്റ് ചികിത്സയുടെ നിബന്ധനകളും വ്യവസ്ഥകളും ബാധകമായിരിക്കും

ഇനിപ്പറയുന്നവയ്ക്ക് വിധേയമായി ഈ കവറിനു കീഴിലുള്ള ഒരു ക്ലെയിം ഞങ്ങൾ പരിഗണിക്കും:

i. ഈ പോളിസിയുടെ പോളിസി ഷെഡ്യൂളിൽ/ ഉൽപ്പന്ന ആനുകൂല്യ പട്ടികയിൽ വ്യക്തമാക്കിയിരി–ക്കുന്നതിനേക്കാൾ ഉയർന്ന ഒരു റൂം വിഭാഗത്തിൽ/ പരിധിയിലാണ് സറോഗറ്റ് മദറിനെ അഡ്മിറ്റ് ചെയ്തിരിക്കുന്നതെങ്കിൽ,

ii. അർഹതപ്പെട്ട റൂം വിഭാഗത്തിലെ മുറി വാടകയും യഥാർത്ഥത്തിൽ എടുത്തിരിക്കുന്ന മുറി വാടകയും തമ്മിലുള്ള വ്യത്യാസത്തിന്റെ അനുപാതത്തിൽ ഇൻഡൻഡിംഗ് കപ്പിൾ/ ഇൻഡൻഡിംഗ് വുമൻ മൊത്തം അനുബന്ധ മെഡിക്കൽ ചെലവുകളുടെ (സർചാർജുകളും നികുതികളും അടക്കം) ഒരു റേറ്റ് ചെയ്യാവുന്ന അനുപാതം വഹിക്കേണ്ടതുണ്ട്.

a. ഈ കവറിന്റെ ആവശ്യത്തിനായി, 'അനുബന്ധ മെഡിക്കൽ ചെലവുകളിൽ' റൂം വാടക, നഴ്സിംഗ് ചാർജുകൾ, ഓപ്പറേഷൻ തിയറ്റർ ചാർജുകൾ, ഇൻഷുർ ചെയ്ത വ്യക്തിയെ പ്രവേശിപ്പിച്ച അതേ ഹോസ്പിറ്റലിലെ തന്നെ സർജൻ/അനസ്തറ്റിസ്റ്റ്/ സ്പെഷ്യലിസ്റ്റ് അടക്കമുള്ള മെഡിക്കൽ പ്രാക്ടീഷണറുടെ ഫീസ് എന്നിവ ഉൾപ്പെടും. ഫാർമസിയുടെയും ഉപഭോഗവസ്തുക്കളുടെയും ചെലവ്, ഇംപ്ലാന്റുകളുടെ ചെലവ്, മെഡിക്കൽ ഉപകരണങ്ങൾ, ഡയഗ്നോസ്റ്റിക്സ് ചെലവ് എന്നിവ ഇതിൽ ഉൾപ്പെടില്ല.

b. ഐസിയു ചാർജുകൾക്ക് ആനുപാതികമായ ഡിഡക്ഷനുകൾ ബാധകമല്ല

c. ഡിഫറൻഷ്യൽ ബില്ലിംഗ് പാലിക്കാത്ത ആശുപത്രികൾ അല്ലെങ്കിൽ റൂം വിഭാഗം അടിസ്ഥാനമാക്കി ഡിഫറൻഷ്യൽ ബില്ലിംഗ് ചെലവുകൾ സ്വീകരിക്കാത്തവയ്ക്കും ആനുപാതികമായ ഡിഡക്ഷനുകൾ ബാധകമല്ല.

I. പെരിറ്റോണിയൽ ഡയാലിസിസിനുള്ള ഓട്ടോമേഷൻ മെഷീനുമായി ബന്ധപ്പെട്ട ചെലവുകൾക്കുള്ള പണം നൽകില

## 14. ഓസൈറ്റ് ദാതാവിനുള്ള ഇൻ–പേഷ്യന്റ് ഹോസ്പിറ്റലൈസേഷൻ

പോളിസി കാലയളവിൽ ഓസൈറ്റ് റിട്രീവൽ മൂലമുണ്ടാകുന്ന സങ്കീർണതകൾക്കായി "ഇന്റൻഡിംഗ് കപ്പിൾ"/"ഇന്റൻഡിംഗ് വുമൺ" നിയോഗിച്ച ഓസൈറ്റ് ദാതാവിന്റെ ഹോസ്പിറ്റലൈസേഷനുമായി ബന്ധപ്പെട്ടുള്ള മെഡിക്കൽ ചെലവുകൾ, വാർഷിക സം ഇൻഷ്വേഡ് വരെ പരമാവധി 5 ലക്ഷം രൂപ പരിധിക്ക് വിധേയമായും ഇനിപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായും ഞങ്ങൾ കവർ ചെയ്യും:

I. ഓസൈറ്റ് റിട്രീവൽ നടപടിക്രമം വിജയിച്ചതിന് ശേഷം പന്ത്രണ്ട് മാസത്തേക്ക് (12 മാസം) മാത്രമേ ഈ കവർ ലഭ്യമാകൂ.

ii. ഈ ആനുകൂല്യം ഇൻഷുർ ചെയ്ത എല്ലാ സ്ത്രീകൾക്കും അല്ലെങ്കിൽ ഏത് സ്ത്രീക്കും ബാധകമായിരിക്കും

iii. നവജാതശിശുവിനെ പ്രസവിക്കുമ്പോൾ (സാധാരണ പ്രസവം വഴിയായാലും സിസേറിയൻ വഴിയായാലും) ഉണ്ടാകുന്ന ഏത് ചെലവും ഈ കവറിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു.

iv. ഈ കവറേജ് 2021–ലെ അസിസ്റ്റഡ് റീപ്രൊഡക്റ്റീവ് ടെക്നോളജി (റെഗുലേഷൻ) ആക്റ്റിൽ വ്യക്തമാക്കിയിട്ടുള്ള എല്ലാ വ്യവസ്ഥകളും അതിന് കീഴിലുള്ള എല്ലാ നിയമങ്ങളും നിയന്ത്രണങ്ങളും പാലിക്കുകയാണെങ്കിൽ മാത്രമേ ലഭ്യമാകൂ.

v. ഇൻ പേഷ്യന്റ് ചികിത്സയുടെ നിബന്ധനകളും വ്യവസ്ഥകളും ബാധകമായിരിക്കും

ഇനിപ്പറയുന്നവയ്ക്ക് വിധേയമായി ഈ കവറിനു കീഴിലുള്ള ഒരു ക്ലെയിം ഞങ്ങൾ പരിഗണിക്കും:

i. ഈ പോളിസിയുടെ പോളിസി ഷെഡ്യൂളിൽ/ഉൽപ്പന്ന ആനുകൂല്യ പട്ടികയിൽ വ്യക്തമാക്കിയിരിക്കുന്നതിനേക്കാൾ ഉയർന്ന ഒരു റൂം വിഭാഗത്തിൽ/പരിധിയിലാണ് ഓൺസൈറ്റ് ദാതാവിനെ അഡ്മിറ്റ് ചെയ്തിരിക്കുന്നതെങ്കിൽ, അർഹതപ്പെട്ട റൂം വിഭാഗത്തിലെ മുറി വാടകയും യഥാർത്ഥത്തിൽ എടുത്തിരിക്കുന്ന മുറി വാടകയും തമ്മിലുള്ള വ്യത്യാസത്തിന്റെ അനുപാതത്തിൽ ഓൺസൈറ്റ് ദാതാവ് മൊത്തം അനുബന്ധ മെഡിക്കൽ ചെലവുകളുടെ (സർചാർജുകളും നികുതികളും അടക്കം) ഒരു റേറ്റ് ചെയ്യാവുന്ന അനുപാതം വഹിക്കേണ്ടതുണ്ട്.

   a. ഈ കവറിന്റെ ആവശ്യത്തിനായി, 'അനുബന്ധ മെഡിക്കൽ ചെലവുകളിൽ' റൂം വാടക, നഴ്സിംഗ് ചാർജുകൾ, ഓപ്പറേഷൻ തിയറ്റർ ചാർജുകൾ, ഇൻഷുർ ചെയ്ത വ്യക്തിയെ പ്രവേശിപ്പിച്ച അതേ ഹോസ്പിറ്റലിലെ തന്നെ സർജൻ/അനസ്തറ്റിസ്റ്റ്/ സ്പെഷ്യലിസ്റ്റ് അടക്കമുള്ള മെഡിക്കൽ പ്രാക്ടീഷണറുടെ ഫീസ് എന്നിവ ഉൾപ്പെടും. ഫാർമസിയുടെയും ഉപഭോഗവസ്തുക്കളുടെയും ചെലവ്, ഇംപ്ലാന്റുകളുടെ ചെലവ്, മെഡിക്കൽ ഉപകരണങ്ങൾ, ഡയഗ്നോസ്റ്റിക്സ് ചെലവ് എന്നിവ ഇതിൽ ഉൾപ്പെടില്ല.

   b. ഐസിയു ചാർജുകൾക്ക് ആനുപാതികമായ ഡിഡക്ഷനുകൾ ബാധകമല്ല

   c. ഡിഫറൻഷ്യൽ ബില്ലിംഗ് പാലിക്കാത്ത ആശുപത്രികൾ അല്ലെങ്കിൽ റൂം വിഭാഗം അടിസ്ഥാനമാക്കി ഡിഫറൻഷ്യൽ ബില്ലിംഗ് ചെലവുകൾ സ്വീകരിക്കാത്തവയ്ക്കും ആനുപാതികമായ ഡിഡക്ഷനുകൾ ബാധകമല്ല.

ii. പെരിറ്റോണിയൽ ഡയാലിസിസിനുള്ള ഓട്ടോമേഷൻ മെഷീനുമായി ബന്ധപ്പെട്ട ചെലവുകൾക്കുള്ള പണം നൽകില

## 15. വെൽനെസ് പ്രോഗ്രാം

ഈ വെൽനെസ് പ്രോഗ്രാം നിങ്ങൾക്ക് താഴെ സൂചിപ്പിച്ചിരിക്കുന്ന ആനുകൂല്യങ്ങൾ നൽകും-

I. വെൽനെസ് പ്രോഗ്രാം

II. ഹെൽത്ത് അസിസ്റ്റൻസ് (എച്ച്എടി)

III. ആംബുലൻസ് അസിസ്റ്റൻസ്

IV. സേവനങ്ങളിന്മേലും ഉൽപന്നങ്ങളിന്മേലും കിഴിവുകൾ

### I. വെൽനെസ് പ്രോഗ്രാം

വിവിധ വെൽനസ് സേവനങ്ങളിലൂടെ ഇൻഷുർ ചെയ്ത വ്യക്തിയെ(കളെ) ആരോഗ്യകരമായ ശീലത്തിന് പ്രോത്സാഹിപ്പിക്കാനും ഇൻസെൻറിവൈസ് ചെയ്യാനും റിവാർഡ് നൽകാനും ആണ് വെൽനസ് പ്രോഗ്രാം ലക്ഷ്യമിടുന്നത്. ഒരു ഫ്ലോട്ടർ പോളിസിയിൽ പരമാവധി 2 മുതിർന്നവർക്ക് വിധേയമായി ഓരോ മുതിർന്ന ഇൻഷുർ ചെയ്ത വ്യക്തിക്കും വെൽനസ് പ്രോഗ്രാം ലഭ്യമാകും. താഴെ പട്ടിക എയിൽ സൂചിപ്പിച്ചിരിക്കുന്ന എല്ലാ വെൽനസ് ആക്ടിവിറ്റികളും ഇൻഷുർ ചെയ്ത വ്യക്തിയെ(കളെ) ഹെൽത്ത് കോച്ചിൻറെ നിരീക്ഷണത്തിൽ നിർവഹിക്കുന്ന വെൽനസ് പോയിന്റുകൾ നേടാൻ പ്രാപ്തരാക്കും.

ഇൻഷുർ ചെയ്ത പരമാവധി 2 മുതിർന്ന വ്യക്തികൾക്ക് മാത്രമേ ഹെൽത്ത് കോച്ച് ലഭ്യമായിരിക്കൂ. ഹെൽത്ത് കോച്ച് എന്നത് ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെ മികച്ച ആരോഗ്യവും ശാരീരികവും മാനസികവുമായ വെൽനെസിന് പ്രേരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഒരു വ്യക്തിഗത സേവനമാണ്. ഇൻഷുർ ചെയ്ത വ്യക്തിക്ക് ഞങ്ങളുടെ മൊബൈൽ ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്ത് രജിസ്റ്റർ ചെയ്തു കൊണ്ട് ഹെൽത്ത് കൊച്ച് ആക്സസ് ചെയ്യാവുന്നതാണ്. വാഗ്ദാനം ചെയ്ത സേവനങ്ങളുടെ മതിയായ വിനിയോഗം ഉറപ്പാക്കുന്നതിനും നൽകിയ വെൽനസ് പോയിന്റുകൾ റിഡീം ചെയ്യുന്നതിനും പോളിസി ആരംഭിച്ച തീയതി മുതൽ 30 ദിവസത്തിനുള്ളിൽ ഈ ആക്ടിവിറ്റി നിർവഹിക്കേണ്ടതുണ്ട്.

രജിസ്ട്രേഡ് ഇൻഷുർ ചെയ്ത വ്യക്തി(കൾ) ഹെൽത്ത് റിസ്ക് അസെസ്മെൻറ് ധഎച്ച്ആർഎപ വിജയകരമായി പൂർത്തിയാക്കുമ്പോൾ, ആരോഗ്യകരമായ ജീവിതശൈലി കൈക്കൊള്ളുന്നതിന് ഇൻഷുർ ചെയ്ത വ്യക്തിയെ വിലയിരുത്തുന്നതിനും ബോധവൽക്കരിക്കുന്നതിനും വേണ്ടി ഹെൽത്ത് കോച്ച് വിലയിരുത്തൽ നിർവഹിക്കും.

**പട്ടിക എ– വെൽനസ് പോയിന്റുകൾ നേടാനുള്ള യാത്ര**

| വിഭാഗം | പോളിസി കാലയളവ് | വ്യക്തിഗത പോളിസി 1 വർഷം | ഫ്ളോട്ടർ പോളിസി* 1 വർഷം |
|---|---|---|---|
| | ആക്ടിവിറ്റി വിശദാംശങ്ങൾ | ഇൻഷുർ ചെയ്ത ഒരു വ്യക്തിക്ക് നേടാവുന്ന പരമാവധി പോയിന്റുകൾ | ഇൻഷുർ ചെയ്ത ഒരു വ്യക്തിക്ക് നേടാവുന്ന പരമാവധി പോയിന്റുകൾ |
| ഹെൽത്ത് അസെസ്മെൻറ് | ഹെൽത്ത് റിസ്ക് അസെസ്മെൻറ് | 500 | 250 |
| | ഹെൽത്ത് ചെക്ക്–അപ്പിന് വിധേയമാകലും റിപ്പോർട്ടുകൾ അപ്ലോഡ് ചെയ്യലും | 1,000 | 500 |
| | മൂന്നു മാസത്തിൽ ഒരിക്കൽ മുഖം സ്കാൻ ചെയ്യൽ | 400 | 200 |
| | ഹെൽത്ത് എക്സ്പെർട്ടുമായുള്ള/ ഹെൽത്ത് കോച്ച് സേവനവുമായുള്ള ആദ്യത്തെ ചാറ്റ് | 100 | 50 |

പട്ടിക എ– വെൽനസ് പോയിന്റുകൾ നേടുന്നതിനുള്ള യാത്ര (തുടരുന്നു...)

| വിഭാഗം | പോളിസി കാലയളവ് | വ്യക്തിഗത പോളിസി 1 വർഷം | ഫ്ളോട്ടർ പോളിസി* 1 വർഷം |
|---|---|---|---|
| | ആക്ടിവിറ്റി വിശദാംശങ്ങൾ | ഇൻഷുർ ചെയ്ത ഒരു വ്യക്തിക്ക് നേടാവുന്ന പരമാവധി പോയിന്റുകൾ | ഇൻഷുർ ചെയ്ത ഒരു വ്യക്തിക്ക് നേടാവുന്ന പരമാവധി പോയിന്റുകൾ |
| വെൽനെസ് ആക്ടിവിറ്റികൾ | ഐസിഐസിഐ ലൊംബാർഡ് മുൻകൈയെടുത്ത് നിർവഹിക്കുന്ന മത്സരം/ഹെൽത്ത് ക്വിസ് (ആർക്കും പങ്കെടുക്കാവുന്ന മത്സരം) | 200 | 100 |
| | ഐസിഐസിഐ ലൊംബാർഡ് മുൻകൈയെടുത്ത് നിർവഹിക്കുന്ന വെബിനാർ (ആർക്കും പങ്കെടുക്കാവുന്ന വെബിനാർ) | 200 | 100 |
| വെൽനെസ് ടാസ്കുകൾ | ഓരോ മാസവും ലക്ഷ്യമിട്ട ചുവടുകൾ കൈവരിക്കൽ (പൂർത്തിയായ ചുവടുകളെ ആശ്രയിച്ച് പ്രതിദിനം 10/15/25 പോയിന്റുകൾ) | 6,000 | 3,000 |
| ഫിറ്റ്നസ് ചാലഞ്ച് | ആപ്പിലെ ഫിറ്റ്നസ് ചലഞ്ചിൽ പങ്കെടുക്കലും വിജയകരമായി പൂർത്തിയാക്കലും | 500 (250 ഒരു ചാലഞ്ചിന്) | 250 ഒരു ചാലഞ്ചിന് |
| ഹെൽത്ത് ഇവൻറുകൾ | മാരത്തൺ/സൈക്ലത്തൺ/സ്വിമ്മത്തൺ എന്നിങ്ങനെയുള്ള പ്രൊഫഷണൽ കായിക ഇനങ്ങളിൽ പങ്കെടുക്കൽ. | 500 | 250 |
| എല്ലാംകൂടി മൊത്തം | | 9,400 | 4,700 |

2 വർഷവും 3 വർഷവും പോളിസി കാലയളവുള്ള മൾട്ടി–ഇയർ പോളിസികൾക്ക്, സമാഹരിക്കാവുന്ന പരമാവധി വെൽനസ് പോയിന്റുകൾ ചുവടെ സൂചിപ്പിച്ചിരിക്കുന്ന പട്ടിക പ്രകാരമായിരിക്കും.

| വിഭാഗം | പോളിസി കാലയളവ് | വ്യക്തിഗതം | | ഫ്ളോട്ടർ | |
|---|---|---|---|---|---|
| | ആക്ടിവിറ്റി വിശദാംശങ്ങൾ | ഇൻഷുർ ചെയ്ത ഒരു വ്യക്തിക്ക് നേടാവുന്ന പരമാവധി പോയിന്റുകൾ | | ഇൻഷുർ ചെയ്ത ഒരു വ്യക്തിക്ക് നേടാവുന്ന പരമാവധി പോയിന്റുകൾ | |
| ഹെൽത്ത് അസെസ്മെൻറ് | ഹെൽത്ത് അസെസ്മെൻറ് | 1,000 | 1,500 | 500 | 750 |
| | ഹെൽത്ത് ചെക്ക്–അപ്പിന് വിധേയമാകലും റിപ്പോർട്ടുകൾ അപ്‌ലോഡ് ചെയ്യലും | 2,000 | 3,000 | 1,000 | 1,500 |
| | മൂന്നു മാസത്തിൽ ഒരിക്കൽ മുഖം സ്കാൻ ചെയ്യൽ | 800 | 1,200 | 400 | 600 |
| | ഹെൽത്ത് എക്സ്പെർട്ടുമായുള്ള/ഹെൽത്ത് കോച്ച് സേവനവുമായുള്ള ആദ്യത്തെ ചാറ്റ് | 200 | 300 | 100 | 150 |
| വെൽനെസ് ആക്ടിവിറ്റികൾ | ഐസിഐസിഐ ലൊംബാർഡ് മുൻകൈയെടുത്ത് നിർവഹിക്കുന്ന മത്സരം/ഹെൽത്ത് ക്വിസ് (ആർക്കും പങ്കെടുക്കാവുന്ന മത്സരം) | 400 | 600 | 200 | 300 |
| | ഐസിഐസിഐ ലൊംബാർഡ് മുൻകൈയെടുത്ത് നിർവഹിക്കുന്ന വെബിനാർ (ആർക്കും പങ്കെടുക്കാവുന്ന വെബിനാർ) | 400 | 600 | 200 | 300 |
| വെൽനെസ് ടാസ്കുകൾ | ഓരോ മാസവും ലക്ഷ്യമിട്ട ചുവടുകൾ കൈവരിക്കൽ (പൂർത്തിയായ ചുവടുകളെ ആശ്രയിച്ച് പ്രതിദിനം 10/15/25 പോയിന്റുകൾ) | 12,000 | 18,000 | 6,000 | 9,000 |
| ഫിറ്റ്നസ് ചാലഞ്ച് | ആപ്പിലെ ഫിറ്റ്നസ് ചലഞ്ചിൽ പങ്കെടുക്കലും വിജയകരമായി പൂർത്തിയാക്കലും | 1,000 | 1,500 | 500 | 750 |
| ഹെൽത്ത് ഇവൻറുകൾ | മാരത്തൺ/സൈക്ലത്തൺ/സ്വിമ്മത്തൺ എന്നിങ്ങനെയുള്ള പ്രൊഫഷണൽ കായിക ഇനങ്ങളിൽ പങ്കെടുക്കൽ. | 1,000 | 1,500 | 500 | 750 |
| എല്ലാംകൂടി മൊത്തം | | 18,800 | 28,200 | 9,400 | 14,100 |

*ഒരു ഫ്ളോട്ടർ പോളിസി ആണെങ്കിൽ, പൂർത്തിയാക്കിയ ഓരോ വെൽനസ് ആക്ടിവിറ്റികളിൽ ഇൻഷുർ ചെയ്ത ഓരോ വ്യക്തിയും നേടിയ വെൽനസ് പോയിന്റുകൾ റിന്യൂവൽ കിഴിവ് കണക്കാക്കാൻ സമാഹരിക്കും.

പട്ടിക എയുടെ വിശദമായ വ്യാഖ്യാനം (വ്യക്തിഗത പോളിസിയുമായി ബന്ധപ്പെട്ടത്) ചുവടെ സൂചിപ്പിച്ചിരിക്കുന്നു

## A. ഹെൽത്ത് അസെസ്മെൻറ്

### 1. ഹെൽത്ത് റിസ്ക് അസെസ്മെൻറ്

ഹെൽത്ത് റിസ്ക് അസസ്മെന്റ് (എച്ച്ആർഎ) ചോദ്യാവലി എന്നത് ഇൻഷുർ ചെയ്ത വ്യക്തിയുടെ ആരോഗ്യനിലയെ ബാധിക്കുന്ന വ്യക്തിഗത ജീവിതരീതികൾ അവലോകനം ചെയ്തുകൊണ്ട് ഇൻഷുർ ചെയ്ത വ്യക്തിയുടെ ആരോഗ്യവും ജീവിത നിലവാരവും വിലയിരുത്തുന്നതിനുള്ള ഒരു ഉപകരണമാണ്. ഞങ്ങളുടെ മൊബൈൽ ആപ്ലിക്കേഷനിൽ പോളിസി ആരംഭിക്കുന്ന തീയതി മുതൽ 90 ദിവസത്തിനുള്ളിൽ ഹെൽത്ത് റിസ്ക് അസെസ്മെൻറ് ആക്റ്റിവിറ്റി നിർവഹിക്കുമ്പോൾ ഇൻഷുർ ചെയ്ത വ്യക്തിക്ക് പ്രതിവർഷം പരമാവധി 500 വെൽനസ് പോയിന്റുകൾ നൽകും.

### 2. പ്രിവന്റീവ് ഹെൽത്ത് ചെക്കപ്പിന് വിധേയമാകലും റിപ്പോർട്ടുകൾ അപ്‌ലോഡ് ചെയ്യലും

ഇൻഷുർ ചെയ്ത വ്യക്തി ആരോഗ്യ പരിശോധന നടത്തുകയും വെരിഫിക്കേഷനായി ഞങ്ങളുടെ മൊബൈൽ ആപ്ലിക്കേഷനിൽ റിപ്പോർട്ടുകൾ അപ്‌ലോഡ് ചെയ്യുകയും ചെയ്യുമ്പോൾ അവർക്ക് പ്രതിവർഷം പരമാവധി 1,000 വെൽനസ് പോയിന്റുകൾ നൽകും.

### 3. ത്രൈമാസികത്തിൽ ഒരിക്കൽ ഫെയ്സ് സ്കാൻ

ഞങ്ങളുടെ മൊബൈൽ ആപ്ലിക്കേഷനിൽ ഫെയ്സ് സ്കാൻ നിർവഹിക്കുമ്പോൾ ഇൻഷുർ ചെയ്ത വ്യക്തിക്ക് ഒരു പാദത്തിൽ പരമാവധി 100 വെൽനസ് പോയിന്റുകൾ നൽകും. ഓരോ പോളിസി വർഷത്തിലും നൽകുന്ന പരമാവധി വെൽനസ് പോയിന്റുകൾ 400 (100X4) ആയി പരിമിതപ്പെടുത്തിയിരിക്കുന്നു.

### 4. ഹെൽത്ത് എക്സ്പെർട്ടുമായി/ഹെൽത്ത് കോച്ച് സേവനവുമായി ആദ്യമായി ചാറ്റ് ഉപയോഗിക്കൽ

ഞങ്ങളുടെ മൊബൈൽ ആപ്ലിക്കേഷനിൽ ഒരു പോളിസി വർഷത്തിൽ ആദ്യമായി ഹെൽത്ത് എക്സ്പെർട്ടുമായി/ഹെൽത്ത് കോച്ച് സേവനവുമായി ചാറ്റ് ചെയ്യുമ്പോൾ ഇൻഷുർ ചെയ്ത വ്യക്തിക്ക് പ്രതിവർഷം പരമാവധി 100 വെൽനസ് പോയിന്റുകൾ നൽകും. ഇൻഷ്വർ ചെയ്ത വ്യക്തിക്ക് ഫിസിയോതെറാപ്പിസ്റ്റുകൾ, കൗൺസിലർമാർ, ഡയറ്റീഷ്യൻമാർ തുടങ്ങിയ ആരോഗ്യ വിദഗ്ധരുമായി ഈ സേവനത്തിന് കീഴിൽ ചാറ്റ് ചെയ്യാൻ കഴിയും.

## A. വെൽനസ് ആക്റ്റിവിറ്റികൾ

### 1. ഐസിഐസിഐ ലൊംബാർഡ് തുടക്കം കുറിക്കുന്ന മത്സരം അല്ലെങ്കിൽ ആരോഗ്യ ക്വിസ്

ഐസിഐസിഐ ലൊംബാർഡ് നിർവഹിക്കുന്ന ആരോഗ്യവുമായി ബന്ധപ്പെട്ട ഏതെങ്കിലും മത്സരങ്ങളിലോ ക്വിസിലോ പങ്കെടുത്ത് ഇൻഷുർ ചെയ്ത വ്യക്തിക്ക് വെൽനസ് പോയിന്റുകൾ നേടാൻ കഴിയും. ഇത്തരം ആക്റ്റിവിറ്റികളിൽ പങ്കെടുക്കുന്നതിലൂടെ ഒരു പോളിസി വർഷത്തിൽ പരമാവധി 200 വെൽനസ് പോയിന്റുകൾ നേടാനാകും.

### 2. ഐസിഐസിഐ ലൊംബാർഡ് തുടക്കം കുറിക്കുന്ന വെബിനാർ

ഐസിഐസിഐ ലൊംബാർഡ് നിർവഹിക്കുന്ന ഏതെങ്കിലും ഒരു ആരോഗ്യ സംബന്ധിയായ വെബിനാർ സെഷൻ വിജയകരമായി പൂർത്തിയാക്കിയാൽ ഇൻഷുർ ചെയ്ത വ്യക്തിക്ക് ഒരു പോളിസി വർഷത്തിൽ പരമാവധി 200 വെൽനസ് പോയിന്റുകൾ നേടാനാകും.

## B. വെൽനസ് ടാസ്കുകൾ

ഇൻഷുർ ചെയ്ത വ്യക്തി ഒരു മാസം കുറഞ്ഞത് 20 ദിവസം ലക്ഷ്യമിട്ട ചുവടുകൾ കൈവരിച്ചാൽ ചുവടെ സൂചിപ്പിച്ചിരിക്കുന്ന പട്ടിക ബി പ്രകാരം വെൽനസ് പോയിന്റുകൾ നൽകും. ഈ ആനുകൂല്യം ലഭ്യമാക്കാൻ ഞങ്ങളുടെ മൊബൈൽ ആപ്ലിക്കേഷൻ പോളിസി ആരംഭിച്ച തീയതി മുതൽ 30 ദിവസത്തിനുള്ളിൽ ഡൗൺലോഡ് ചെയ്യണം. ഇൻഷുർ ചെയ്ത വ്യക്തി പൂർത്തിയാക്കിയ ശരാശരി ചുവടുകളുടെ എണ്ണം ഈ മൊബൈൽ ആപ്ലിക്കേഷൻ നിരീക്ഷിക്കും.

സജീവമായ ദിവസങ്ങളുടെ എണ്ണം പര്യാപ്തമല്ലെങ്കിൽ, ആ മാസത്തേക്ക് വെൽനസ് പോയിന്റുകളൊന്നും സമാഹരിക്കപ്പെടില്ല. പോളിസി പുതുക്കുന്നതിനുള്ള നിശ്ചിത തീയതിക്ക് 90 ദിവസം മുമ്പു വരെ കൈവരിച്ച ചുവടുകൾ വെൽനസ് പോയിന്റുകൾ കണക്കാക്കാനായി പരിഗണിക്കും. ഈ സമയപരിധിക്ക് ശേഷം കൈവരിച്ച ചുവടുകൾ നഷ്ടപ്പെടില്ല, അവ അടുത്ത പോളിസി വർഷത്തേക്ക് പരിഗണിക്കപ്പെടും.

**പട്ടിക ബി– ലക്ഷ്യമിട്ട ചുവടുകൾ കൈവരിച്ചു കൊണ്ട് വെൽനസ് പോയിന്റുകൾ നേടാനുള്ള ഒരു യാത്ര**

| ഒരു മാസത്തിൽ 20 ദിവസം പ്രതിദിനം കൈവരിച്ച ശരാശരി ചുവടുകൾ | ഓരോ മാസത്തെയും പരമാവധി വെൽനസ് പോയിന്റുകൾ | ഓരോ മാസത്തെയും പരമാവധി വെൽനസ് പോയിന്റുകൾ | | |
|---|---|---|---|---|
| | | 1 വർഷം | 2 വർഷം | 3 വർഷം |
| 8,000+ ചുവടുകൾ | 500 | 6000 | 12000 | 18000 |
| 6,000 മുതൽ 7,999 വരെ ചുവടുകൾ | 300 | 3600 | 7200 | 10800 |
| 4,000 മുതൽ 5,999 വരെ ചുവടുകൾ | 200 | 2400 | 4800 | 7200 |
| <4,000 ചുവടുകൾ | ഒന്നുമില്ല | ഒന്നുമില | ഒന്നുമില | ഒന്നുമില |

## D. ഫിറ്റ്നസ് ചാലഞ്ച്

ഇൻഷുർ ചെയ്ത വ്യക്തി, കമ്പനി കാലാകാലങ്ങളിൽ ആരംഭിക്കുന്ന ഫിറ്റ്നസ് ചലഞ്ചിൽ പങ്കെടുക്കുന്നതിനും വിജയകരമായി പൂർത്തീകരിക്കുന്നതിനും വെൽനസ് പോയിന്റുകൾ നൽകും. ഇൻഷുർ ചെയ്ത വ്യക്തിക്ക് ഓരോ ഫിറ്റ്നസ് ചാലഞ്ചിനും 250 വെൽനസ് പോയിന്റുകൾ നൽകും, കൂടാതെ ഫിറ്റ്നസ് ചലഞ്ചുകളിൽ പങ്കെടുക്കുന്നതിലൂടെയും പൂർത്തിയാക്കുന്നതിലൂടെയും നേടാനാകുന്ന പരമാവധി വെൽനസ് പോയിന്റുകൾ ഒരു പോളിസി വർഷത്തിൽ 500 ആണ്.

## E. ഹെൽത്ത് ഇവന്റുകൾ

കാലാകാലങ്ങളിൽ ഞങ്ങൾ തുടക്കം കുറിക്കുന്ന ഹെൽത്ത് ഇവന്റുകളിൽ പങ്കെടുക്കുന്നതിനും വിജയകരമായി പൂർത്തീകരിക്കുന്നതിനും ഇൻഷുർ ചെയ്ത വ്യക്തിക്ക് വെൽനസ് പോയിന്റുകൾ നൽകും. ഇൻഷുർ ചെയ്ത വ്യക്തിക്ക് ഓരോ ഹെൽത്ത് ഇവന്റിനും 500 വെൽനസ് പോയിന്റുകൾ നൽകും, അത്തരം ഹെൽത്ത് ഇവന്റുകളിൽ പങ്കെടുക്കുകയും പൂർത്തിയാക്കുകയും ചെയ്യുന്നതിലൂടെ നേടാനാകുന്ന പരമാവധി വെൽനസ് പോയിന്റുകൾ ഒരു പോളിസി വർഷത്തിൽ 500 ആണ്.

**വെൽനസ് പോയിന്റുകളുടെ റിഡംപ്ഷൻ**

ഇൻഷുർ ചെയ്ത വ്യക്തി(കൾ) നേടിയ മൊത്തം വെൽനസ് പോയിന്റുകൾ (പട്ടിക എയിലും പട്ടിക ബിയിലും വിശദമാക്കിയിരിക്കുന്നവ) തുടർന്നുള്ള വർഷത്തേക്കുള്ള പുതുക്കൽ പ്രീമിയത്തിൽ കിഴിവ് ലഭ്യമാക്കാൻ റിഡീം ചെയ്യാവുന്നതാണ്.

1. വ്യക്തിഗത പോളിസികൾക്ക്, ഇൻഷുർ ചെയ്ത വ്യക്തിക്ക് ലഭ്യമാക്കാവുന്ന പരമാവധി കിഴിവ് 30% ആണ്.

2. ഫ്ളോട്ടർ പോളിസികൾക്ക്, 2 മുതിർന്ന ഇൻഷുർ ചെയ്ത വ്യക്തികൾക്ക് ഓരോരുത്തർക്കും ലഭ്യമാക്കാവുന്ന പരമാവധി കിഴിവ് 15% ആണ്. ഫ്ളോട്ടർ പോളിസിയിൽ ഇൻഷുർ ചെയ്ത ഓരോ വ്യക്തിയും നേടിയ വ്യക്തിഗത വെൽനസ് പോയിന്റുകളുടെ അടിസ്ഥാനത്തിൽ കണക്കാക്കിയ കിഴിവ് ശതമാനം തുടർന്നുള്ള വർഷത്തിലെ പുതുക്കൽ കിഴിവ് നൽകുന്നതിനായി കൂട്ടിച്ചേർക്കും. ഈ പോളിസി തലത്തിന്മേൽ നൽകുന്ന പരമാവധി കിഴിവ് ശതമാനം 30% ആയിരിക്കും.

സമാഹരിച്ച വെൽനസ് പോയിന്റുകളിൽ നിന്ന് ലഭ്യമാക്കാവുന്ന പുതുക്കൽ കിഴിവ് ആണ് പട്ടിക സി കാണിക്കുന്നത്.

**പട്ടിക സി– സമാഹരിച്ച വെൽനസ് പോയിന്റുകളിന്മേൽ ലഭിക്കുന്ന റിന്യൂവൽ കിഴിവ്**

| പതിവ് ഫിറ്റ്നസുമായി ബന്ധപ്പെട്ട ആക്ടിവിറ്റികൾ | ഇൻഷുർ ചെയ്ത ഓരോ വ്യക്തിയും സമാഹരിച്ച വെൽനസ് പോയിന്റുകൾ* | | | വ്യക്തിഗതം | ഫ്ളോട്ടർ (ഇൻഷുർ ചെയ്ത ഓരോ വ്യക്തിക്കും) |
|---|---|---|---|---|---|
| | 1 വർഷം | 2 വർഷം | 3 വർഷം | | |
| പോയിൻറുകൾ | 2500-3999 | 5000-7999 | 7500-11999 | 2.5% | 1.25% |
| | 4000-4999 | 8000-9999 | 12000-14999 | 5% | 2.5% |
| | 5000-6999 | 10000-13999 | 15000-20999 | 10% | 5% |
| | 7000-8999 | 14000-17999 | 21000-26999 | 20% | 10% |
| | >9000 | >18000 | >27000 | 30% | 15% |

*ഈ കിഴിവ് ലഭിക്കാൻ തുടർച്ചയായി ഓരോ വർഷവും, ഇൻഷുർ ചെയ്ത വ്യക്തി ഒന്നാം വർഷം കുറഞ്ഞത് 9,000 വെൽനസ് പോയിന്റുകളും രണ്ടാം വർഷം 18,000 വെൽനസ് പോയിന്റുകളും മൂന്നാം വർഷം 27,000 വെൽനസ് പോയിന്റുകളും സമാഹരിക്കേണ്ടതുണ്ട്.

**പട്ടിക ഡി– ഫ്ളോട്ടർ പോളിസികൾക്ക് വെൽനസ് ഡിസ്കൗണ്ടിലൂടെയുള്ള റിഡംപ്ഷൻ മെക്കാനിസത്തി ലരു ചിത്രീകരണം കാണിക്കുന്നു**

| റിഡംപ്ഷൻ മെക്കാനിസം | വെൽനെസ് ഡിസ്കൗണ്ട് | ഫ്രഷ് പ്രീമിയം | റിന്യൂവൽ പ്രീമിയത്തിന് നൽകേണ്ട തുക |
|---|---|---|---|
| ഇൻഷുർ ചെയ്ത വ്യക്തി 1 റിന്യൂവൽ പ്രീമിയത്തിന്മേൽ സമാഹരിച്ച കിഴിവ് | 15% | | |
| ഇൻഷുർ ചെയ്ത വ്യക്തി 2 റിന്യൂവൽ പ്രീമിയത്തിന്മേൽ സമാഹരിച്ച കിഴിവ് | 15% | | |
| | മൊത്തം കിഴിവ് 30% | ₹ 25,000 | ₹ 25000- (₹25000x30%) =₹17,500 |

| റിഡംപ്ഷൻ മെക്കാനിസം | വെൽനെസ് ഡിസ്കൗണ്ട് | ഫ്രഷ് പ്രീമിയം | റിന്യൂവൽ പ്രീമിയത്തിന് നൽകേണ്ട തുക |
|---|---|---|---|
| ഇൻഷുർ ചെയ്ത വ്യക്തി 1 റിന്യൂവൽ പ്രീമിയത്തിന്മേൽ സമാഹരിച്ച കിഴിവ് | 15% | | |
| ഇൻഷുർ ചെയ്ത വ്യക്തി 2 റിന്യൂവൽ പ്രീമിയത്തിന്മേൽ സമാഹരിച്ച കിഴിവ് | 15% | | |
| | മൊത്തം കിഴിവ് 25% | ₹ 25,000 | ₹ 25000- (₹25000x25%) =₹18,750 |

**വെൽനസ് പോയിന്റുകൾ റിഡീം ചെയ്യുന്നതിനുള്ള നിബന്ധനകളും വ്യവസ്ഥകളും**

I. പോളിസിയുടെ തുടർന്നുള്ള വർഷത്തിന്മേൽ പ്രതിവർഷാടിസ്ഥാനത്തിൽ മാത്രമേ റിനിവ്യൂൽ കിഴിവ് ഓരോ വർഷവും ബാധകമാകൂ. സമാഹരിച്ച പോയിന്റുകൾ തുടർന്നുള്ള വർഷത്തെ റിന്യൂവൽ കിഴിവിലേക്ക് നിർബന്ധമായും റിഡീം ചെയ്യപ്പെടും, അടുത്ത പോളിസി വർഷത്തിലേക്ക് നീക്കി വയ്ക്കാൻ കഴിയില്ല.

ii. റിന്യൂവൽ തീയതിക്ക് 90 ദിവസം മുമ്പ് നേടിയ വെൽനസ് പോയിന്റുകൾ അടിസ്ഥാനമാക്കിയായിരിക്കും റിന്യൂവൽ കിഴിവ് കണക്കാക്കുന്നത്. ശേഷിക്കുന്ന പോയിന്റുകൾ അടുത്ത പോളിസി വർഷത്തേക്ക് നീക്കി വയ്ക്കുകയും ആ പോളിസി വർഷത്തെ വെൽനസ് പോയിന്റുകൾക്കൊപ്പം സമാഹരിക്കുകയും ചെയ്യും. അതിനാൽ, ഈ പോയിന്റുകൾ നഷ്ടപ്പെടില്ല.

iv. വ്യക്തിഗത പ്ലാനിൽ വ്യക്തിയുടെ പ്രീമിയത്തിന്മേലും ഫ്ലോട്ടർ പ്ലാനുകളിൽ ഫ്ലോട്ടർ പോളിസി പ്രീമിയത്തിന്മേലുമാണ് കിഴിവ് ലഭിക്കുക. 18 വയസ്സും അതിനു മുകളിലും പ്രായമുള്ള ഇൻഷുർ ചെയ്ത വ്യക്തികൾക്ക് മാത്രമേ കിഴിവ് പരിഗണിക്കുകയുള്ളൂ, ഇൻഷുർ ചെയ്ത വ്യക്തി റിന്യൂവൽ സമയത്ത് ഉയർന്നതോ താഴ്ന്നതോ ആയ പോളിസി കാലയളവ് തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ, പ്രസ്തുത പോളിസി കാലയളവിലെ മുൻ പോളിസി വർഷത്തിൽ കാലാവധി കഴിയുന്ന പ്രീമിയത്തിന്റെ അടിസ്ഥാനത്തിലായിരിക്കും കിഴിവ് നൽകുക.

v. ഇൻഷുർ ചെയ്ത വ്യക്തി റിന്യൂവൽ സമയത്ത് ഉയർന്ന പോളിസി കാലയളവ് തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ, ഇനി പറയുന്ന വിധം കിഴിവ് നൽകും: –

   a. 2/3 വർഷത്തെ പോളിസി കാലയളവിലെ ഒന്നാം പോളിസി വർഷത്തിൽ (നിലവിലുള്ളത് 1 വർഷ പോളിസി കാലയളവ് ആണെങ്കിൽ), കൂടാതെ

   b. 3 വർഷ പോളിസി കാലയളവിലെ ഒന്നും രണ്ടും പോളിസി വർഷത്തിൽ (നിലവിലുള്ളത് 2 വർഷ പോളിസി കാലയളവ് ആറണങ്കിൽ

vi. ഇൻഷുർ ചെയ്ത വ്യക്തി റിന്യൂവൽ സമയത്ത് ഒരു താഴ്ന്ന പോളിസി കാലയളവാണ് തിരഞ്ഞെടുത്തതെങ്കിൽ, കാലയളവ് കിഴിവിന് മുമ്പ് എല്ലാ വർഷവും പ്രീമിയത്തിൽ ഫ്ളാറ്റ് കിഴിവ് ബാധകമായിരിക്കും.

**വെൽനസ് പ്രോഗ്രാം ലഭ്യമാക്കുന്നതിനുള്ള നിബന്ധനകളും വ്യവസ്ഥകളും:**

i. ഐഎൽ പ്ലാറ്റ്ഫോമിൽ മൊബൈൽ ആപ്ലിക്കേഷൻ/ ഓൺലൈൻ/ഡിജിറ്റൽ മോഡ് വഴി ലഭ്യമാക്കുന്ന ഹെൽത്ത് റിസ്ക് അസെസ്മെൻറ് (എച്ച്ആർഎ) സേവനങ്ങൾക്ക്, അത്തരം സേവനങ്ങൾ ലഭ്യമാക്കുന്നതിന് മുമ്പ് ആധികാരികതയും സാധുതയും ഉറപ്പാക്കുന്നതിനായി ഇൻഷുർ ചെയ്ത വ്യക്തി വിശദാംശങ്ങൾ നൽകേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഇൻഷുർ ചെയ്ത വ്യക്തി നൽകുന്ന അത്തരം വിവരങ്ങളെല്ലാം ഈ വെൽനസ് സേവനങ്ങൾ നൽകുന്നതിന് മാത്രമായി ഉപയോഗിക്കുകയും ഞങ്ങൾ/ഞങ്ങളുടെ നെറ്റ് വർക്ക് പ്രൊവൈഡർമാർ/ഹെൽത്ത് സർവീസ് പ്രൊവൈഡർമാർ അവ എല്ലായ്പ്പോഴും രഹസ്യാത്മകമായി സൂക്ഷിക്കുകയും ചെയ്യും.

ii. ഏതെങ്കിലും വെൽനസ് പ്രവർത്തനം ഏറ്റെടുത്ത് 60 ദിവസത്തിനുള്ളിൽ ഇൻഷുർ ചെയ്ത വ്യക്തി കമ്പനിയെ അക്കാര്യം അറിയിക്കുകയും കമ്പനി ആവശ്യപ്പെടുമ്പോൾ പ്രസക്തമായ രേഖകൾ, റിപ്പോർട്ടുകൾ, രസീതുകൾ എന്നിവ സമർപ്പിക്കുകയും വേണം.

iii. ഞങ്ങളുടെ ആരോഗ്യ സേവന ദാതാക്കൾ അറല്ലങ്കിൽ നെറ്റ് വർക്ക് പ്രൊവൈഡർമാർ അല്ലെങ്കിൽ കമ്പനി നൽകുന്ന ഏതെങ്കിലും വെൽനസ് സേവനങ്ങൾ അല്ലെങ്കിൽ വിവരങ്ങൾ അല്ലെങ്കിൽ ഉപദേശം ഉപയോഗിക്കാൻ തിരഞ്ഞെടുക്കുന്നത് ഇൻഷുർ ചെയ്ത വ്യക്തിയുടെ വിവേചനാധികാരത്തിലും സ്വന്തം ഉത്തരവാദിത്തത്തിലും മാത്രമായിരിക്കുമെന്നും അവ രോഗനിർണയം നടത്താൻ അല്ലെങ്കിൽ ഒരു മെഡിക്കൽ അല്ലെങ്കിൽ മാനസിക ആരോഗ്യ രോഗാവസ്ഥയ്ക്കുള്ള ചികിത്സ കണ്ടെത്താൻ ഉപയോഗിക്കാൻ പാടില്ലെന്നും ഇൻഷുർ ചെയ്ത വ്യക്തി സമ്മതിക്കണം.

iv. പോളിസി കാലാവധി കഴിയുന്ന സാഹചര്യത്തിൽ, സമാഹരിച്ച വെൽനസ് പോയിന്റുകൾ നീക്കി വയ്ക്കാൻ കഴിയില്ല

v. ഇൻഷുർ ചെയ്ത വ്യക്തി സമാഹാരിച്ച വെൽനസ് പോയിന്റുകൾ തിരികെ പണം റീഇംബേഴ്സ്മെന്റ് അല്ലെങ്കിൽ റിഡംപ്ഷൻ ലഭ്യമായിരിക്കില്ല.

vi. ഞങ്ങൾ അറല്ലങ്കിൽ ഞങ്ങളുടെ ആരോഗ്യ സേവന ദാതാക്കൾ അല്ലെങ്കിൽ ഞങ്ങളുടെ നെറ്റ്വർക്ക് പ്രൊവൈഡർമാർ ഈ ഉള്ളടക്കത്തിന്റെ സാധുത, കൃത്യത, പൂർണ്ണത, സുരക്ഷ, ഗുണനിലവാരം അല്ലെങ്കിൽ പ്രയോഗക്ഷമത അല്ലെങ്കിൽ വെൽനസ് സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനായി നൽകിയിട്ടുള്ള അല്ലെങ്കിൽ പറഞ്ഞിട്ടുള്ള അല്ലെങ്കിൽ എഴുതിയിട്ടുള്ള ആയ എന്തെങ്കിലും നിർദ്ദേശങ്ങൾക്ക് നഷ്ടോത്തരവാദം ചെയ്യുന്നില്ല.

vii. ഞങ്ങൾ അറല്ലങ്കിൽ ഞങ്ങളുടെ അഫിലിയേറ്റുകൾ, അവരുടെ ഡയറക്ടർമാർ, ഓഫീസർമാർ, ജീവനക്കാർ, ഏജന്റുമാർ, വെണ്ടർമാർ എന്നിവർക്ക്, ഇൻഷുർ ചെയ്ത വ്യക്തിക്ക് വെൽനസ് പ്രോഗ്രാമിലൂടെ ലഭിച്ച ഏതെങ്കിലും ഉപദേശത്തിന്റെയോ വിവരങ്ങളുടെയോ അല്ലെങ്കിൽ ഇൻഷുർ ചെയ്ത വ്യക്തി അത്തരം ഉപദേശങ്ങളുടെ അല്ലെങ്കിൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത ഏതെങ്കിലും പ്രവർത്തനങ്ങളുടെ ഫലമായി കഷ്ടത അനുഭവിക്കുകയോ നഷ്ടം സംഭവിക്കുകയോ സഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ. ഇൻഷുർ ചെയ്ത വ്യക്തി ക്ലെയിം ചെയ് തേക്കാവുന്ന ഏതെങ്കിലും പ്രവർത്തനങ്ങൾ, ക്ലെയിമുകൾ, ഡിമാൻഡുകൾ, നഷ്ടങ്ങൾ, നാശനഷ്ടങ്ങൾ, ചെലവുകൾ, ചാർജുകൾ, വ്യയങ്ങൾ എന്നിവയ്ക്ക് ഉത്തരവാദികളോ ബാധ്യതയോ ഉള്ളവരായിരിക്കില്ല.

viii. വാഗ്ദാനം ചെയ്യുന്ന വെൽനസ് പ്രോഗ്രാം കാലാകാലങ്ങളിൽ ഇൻഷുറൻസ് റെഗുലേറ്ററി ചട്ടക്കൂടിന്റെ അടിസ്ഥാനത്തിൽ ഭേദഗതികൾക്ക് വിധേയമാണ്.

**ബാധ്യതാ നിരാകരണങ്ങൾ**

I. ഈ ഓപ്ഷൻ തിരഞ്ഞെടുക്കുന്നത് ഇൻഷുർ ചെയ്ത വ്യക്തിയുടെ വിവേചനാധികാരത്തിലും സ്വന്തം ഉത്തരവാദിത്തത്തിലുമാണ്.

ii. ആരോഗ്യകരമായ ഒരു ജീവിതശൈലി കൈവരിക്കുന്നതിനായി പ്രവർത്തിച്ചു കൊണ്ട് ഇൻഷുർ ചെയ്ത വ്യക്തിയുടെ ക്ഷേമവും ശീലങ്ങളും മെച്ചപ്പെടുത്താൻ പിന്തുണയ്ക്കുന്ന വിവരങ്ങൾ നൽകുക എന്നതാണ് വെൽനെസ് പ്രോഗ്രാമിൻറെ ലക്ഷ്യം. ഇവ

ഒരു സ്വതന്ത്ര മെഡിക്കൽ പ്രാക്ടീഷണറുമായുള്ള ഇൻഷ്വർ ചെയ്ത വ്യക്തിയുടെ സന്ദർശനത്തിന്/കൺസൾട്ടേഷന് പകരം ആകില്ല.

iii. കൗശലങ്ങളിലൂടെ ഏതെങ്കിലും അന്യായമായ രീതിയിൽ വെൽനസ് പോയിന്റുകൾ നേടിയതായി കണ്ടെത്തിയാൽ അത് നീക്കം ചെയ്യാനോ കുറയ്ക്കാനോ ഉള്ള അവകാശം ഞങ്ങളിൽ നിക്ഷിപ്തമാണ്.

iv. ഞങ്ങളുടെ ആരോഗ്യ സേവന ദാതാക്കൾ / നെറ്റ്‌വർക്ക് പ്രൊവൈഡർ നൽകുന്ന ഈ സേവനം ലഭ്യമാക്കുന്നത് ഇൻഷ്വർ ചെയ്ത വ്യക്തിയുടെ സ്വന്തം വിവേചനാധികാരത്തിലാണ്, നൽകിയിരിക്കുന്ന വിവരങ്ങളിൽ അല്ലെങ്കിൽ മെഡിക്കൽ ഉപദേശങ്ങളിൽ ഉണ്ടായിരിക്കുന്ന എന്തെങ്കിലും പൊരുത്തക്കേടുകൾക്ക് ഞങ്ങൾ ബാധ്യസ്ഥരോ ഉത്തരവാദികളോ ആയിരിക്കുകയോ ബാധ്യത അല്ലെങ്കിൽ ഉത്തരവാദിത്തം ഉണ്ടെന്ന് കരുതുകയോ ചെയ്യുന്നില്ല.

**II. ഹെൽത്ത് അസിസ്റ്റൻസ് ടീം (എച്ച്എടി):**

ആരോഗ്യവും ആരോഗ്യ പരിചരണ ദാതാക്കളുമായി ബന്ധപ്പെട്ട ഏത് ചോദ്യങ്ങൾക്കും ഉത്തരങ്ങൾ നൽകിക്കൊണ്ട് ഇൻഷർ ചെയ്ത വ്യക്തിയെ അദ്ദേഹത്തിന്റെ/അവരുടെ ആരോഗ്യസ്ഥിതി നന്നായി മനസ്സിലാക്കാൻ ഞങ്ങളുടെ ഹെൽത്ത് അസിസ്റ്റൻസ് ടീം (എച്ച്എടി) സഹായിക്കും.

ഇനി പറയുന്നവ ഉൾപ്പെടുന്നവയാണ് ഇതിന് കീഴിൽ നൽകുന്ന സേവനങ്ങൾ:

- ഒരു ഫിസിഷ്യനെ/സ്പെഷ്യലിസ്റ്റിനെ കണ്ടെത്തൽ ആശുപത്രി കിടക്കകളുടെ ലഭ്യത
- അറ്റൻഡർമാരെ/നഴ്സുമാരെ നിയോഗിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ നൽകൽ
- ചലിക്കാനുള്ള സഹായങ്ങൾ, ദൈനംദിന ജീവിത സഹായങ്ങൾ, മെഡിക്കൽ ഉപകരണങ്ങൾ മുതലായവയുടെ ക്രമീകരണം സംബന്ധിച്ച സൗകര്യങ്ങൾ ഒരുക്കി നൽകൽ.
- ഞങ്ങളുടെ പക്കൽ എംപാനൽ ചെയ്തിട്ടുള്ള ഏതെങ്കിലും മെഡിക്കൽ പ്രാക്ടീഷണറുമായി ഒരു അപ്പോയിന്റ്മെന്റ് ഷെഡ്യൂൾ ചെയ്യൽ
- ഒരു രണ്ടാം അഭിപ്രായം തേടാൻ അപ്പോയിന്റ്മെന്റുകൾ ഷെഡ്യൂൾ ചെയ്യൽ
- ബാധകമായതു പോലെ, ആശുപത്രികളുമായി ബന്ധപ്പെട്ട് അനുയോജ്യമായ ഓപ്ഷനുകൾ നൽകുന്നതോടൊപ്പം ക്യാഷ്‌ലെസ് സൗകര്യത്തിനുള്ള സഹായം നൽകുകയും ചെയ്യൽ.
- ഞങ്ങളുടെ പക്കൽ എംപാനൽ ചെയ്ത ഡയഗ്നോസ്റ്റിക് ലാബുകളിൽ നിന്നുള്ള അപ്പോയിന്റ്മെന്റുകൾ ഷെഡ്യൂൾ ചെയ്യൽ
- മരുന്ന് വാതിൽപടിയിൽ എത്തിക്കുന്നത് സംബന്ധിച്ച വിവരങ്ങളും സഹായവും സൗകര്യവും നൽകൽ
- രോഗങ്ങളെക്കുറിച്ചുള്ള പ്രതിരോധ വിവരങ്ങൾ നൽകൽ
- ഹോസ്പിറ്റലൈസേഷനു ശേഷമുള്ള പരിചരണം, ഫിസിയോതെറാപ്പി/വീട്ടിൽ നഴ്സിംഗ് തുടങ്ങിയവയ്ക്കുള്ള മാർഗനിർദേശം നൽകൽ.

I. ഈ കവറിനു കീഴിൽ നൽകുന്ന സേവനങ്ങൾ ഒരു സഹായം മാത്രമാണെന്നും ഒരു സ്വതന്ത്ര മെഡിക്കൽ പ്രാക്ടീഷണറെ സന്ദർശിക്കുന്നതിനോ/കൂടിയാലോചിക്കുന്നതിനോ ഉള്ളതിന് പകരമായി കണക്കാക്കാൻ പാടുള്ളതല്ലെന്നും ദയവായി ശ്രദ്ധിക്കുക. ഞങ്ങളുടെ ദൗത്യം ഇവ സുഗമമാക്കുന്നതിൽ മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു, ഹെൽത്ത് അസിസ്റ്റൻസ് സർവീസുകളിൽ ഏതെങ്കിലും സ്വതന്ത്ര മെഡിക്കൽ പ്രാക്ടീഷണർ/കൺസൾട്ട് ചെയ്ത ന്യൂട്രീഷ്യനിസ്റ്റ്/ ഡയഗ്നോസ്റ്റിക്സിന് ഈടാക്കുന്ന ചാർജുകൾ/എച്ച്എടിയുടെ ശുപാർശ പ്രകാരം കൺസൾട്ട് ചെയ്തതിനുള്ള ചാർജുകൾ ഉൾപ്പെടില്ല, അത്തരം നിരക്കുകൾ ഇൻഷർ ചെയ്ത വ്യക്തി വഹിക്കണം.

II. ഞങ്ങളുടെ നെറ്റ്‌വർക്ക് ദാതാക്കൾ/സേവന ദാതാക്കൾ ലഭ്യമാക്കുന്ന സേവനങ്ങളുടെ ഗുണമേന്മ സംബന്ധിച്ച ഒരു ബാധ്യതയും ഞങ്ങൾ സ്വീകരിക്കുന്നതല്ല കൂടാതെ അവരുടെ ഭാഗത്തുള്ള ഏതെങ്കിലും ന്യൂനതകൾക്കോ അപര്യാപ്തത-കൾക്കോ ഞങ്ങൾ ബാധ്യസ്ഥരുമായിരിക്കില്ല

ഈ കവറിനു കീഴിൽ നൽകുന്ന എല്ലാ സേവനങ്ങളിലും, ഞങ്ങളുടെ ദൗത്യം സഹായം ചെയ്യുക എന്നതിൽ മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. യഥാർത്ഥ സേവനവുമായി ബന്ധപ്പെട്ട ചാർജുകളും ചെലവുകളും ഇൻഷുർ ചെയ്ത വ്യക്തിയാണ് വഹിക്കേണ്ടത്.

ഞങ്ങളുടെ മൊബൈൽ ആപ്ലിക്കേഷനിലോ പൊതു അവധി ദിവസങ്ങൾ ഒഴികെ തിങ്കൾ മുതൽ ശനി വരെ രാവിലെ 8 മുതൽ രാത്രി 8 വരെ 040-66274205 എന്ന നമ്പറിൽ (ഈ നമ്പർ മാറ്റത്തിന് വിധേയമാണ് എന്ന കാര്യം ദയവായി ശ്രദ്ധിക്കുക) വിളിച്ചു കൊണ്ടോ ഈ സേവനം ലഭ്യമാക്കാവുന്നതാണ്.

ഈ സേവനം ലഭ്യമാക്കുന്നതിലൂടെ, ഇൻഷുർ ചെയ്ത വ്യക്തി ആന്തരിക ഉപയോഗത്തിനായി മാത്രമായി ഈ ആരോഗ്യ രേഖകൾ ഞങ്ങളുടെ പക്കൽ സൂക്ഷിക്കുന്നതിൽ എതിർപ്പില്ല എന്ന് സമ്മതിക്കുകയാണ്.

അത്തരം മൂല്യവർധിത സേവനം നേടാൻ തീരുമാനിക്കുമ്പോൾ, ഇൻഷുർ ചെയ്ത വ്യക്തി ഈ സേവനങ്ങൾ നേടണമോ എന്ന് തീരുമാനിക്കേണ്ടതും ഈ സേവനങ്ങൾ എന്തിന് വേണ്ടിയാണ് (എന്തെങ്കിലും ഉണ്ടെങ്കിൽ) ഉപയോഗിക്കേണ്ടതെന്ന് തീരുമാനിക്കേണ്ടതും പൂർണമായും സ്വമേധയാ ആണെന്ന് പ്രകടമായും ശ്രദ്ധിക്കുകയും സമ്മതിക്കുകയുമാണ്.

**III. ആംബുലൻസ് അസിസ്റ്റൻസ്**

ഇൻഷുർ ചെയ്ത വ്യക്തിയെ അപകടം/അസുഖം/പരിക്ക് എന്നിവ ഉണ്ടായ സ്ഥലത്ത് നിന്ന് തൊട്ടടുത്തുള്ള ആശുപത്രിയിലേക്കോ ഏതെങ്കിലും ക്ലിനിക്കിലേക്കോ നഴ്സിംഗ് ഹോമിലേക്കോ ആ പ്രത്യേക നഗരത്തിലെ/സ്ഥലത്തെ സേവനങ്ങളുടെ ലഭ്യതയ്ക്ക് വിധേയമായി മെഡിക്കൽ ആയി ആവശ്യമായ ചികിത്സയ്ക്കായി കൊണ്ടുപോകുന്നതിന് ഒരു സേവന ദാതാവ് മുഖേനയുള്ള റോഡ് മാർഗമുള്ള മെഡിക്കൽ ഗതാഗതത്തിന് ഞങ്ങൾ സൗകര്യമൊരുക്കും. ഈ സേവനങ്ങൾ പ്രദാനം ചെയ്യുന്ന നഗരങ്ങളുടെ/ലൊക്കേഷനുകളുടെ കാലികമായ പട്ടികയ്ക്ക് ദയവായി ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക

ഈ കവറിനു കീഴിലുള്ള ഈ സേവനങ്ങൾ ഇനിപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമാണ്:

- മെഡിക്കൽ പ്രാക്ടീഷണർ രേഖാമൂലം സാക്ഷ്യപ്പെടുത്തിയതു പ്രകാരം ആശുപത്രിയിലേക്ക് പെട്ടെന്നുള്ളതും ദ്രുതവുമായ ഗതാഗതം ആവശ്യവും ഇൻഷുർ ചെയ്ത വ്യക്തിയുടെ ജീവന് ഭീഷണിയുമായ ആരോഗ്യ അവസ്ഥയ്ക്ക് വേണ്ടിയുള്ളതാണ് ഈ മെഡിക്കൽ ട്രാൻസ്പോർട്ടേഷൻ.

- ഇൻഷുർ ചെയ്ത വ്യക്തി ഇന്ത്യയിലായിരിക്കുകയും, ചികിത്സ ഇന്ത്യയിൽ മാത്രമായിരിക്കുകയും വേണം
- ഈ ആംബുലൻസ് സേവനം അതേ നഗരത്തിനുള്ളിൽ നിന്നു തന്നെ നേടണം
- ഇതൊരു അസിസ്റ്റൻസ് സേവനമാണ്, അതിനുള്ള ചെലവുകൾ ഇൻഷുർ ചെയ്ത വ്യക്തി വഹിക്കണം അല്ലെങ്കിൽ ഡൊമസ്റ്റിക് റോഡ് ആംബുലൻസ് കവറിനു കീഴിൽ ക്ലെയിം ചെയ്യാവുന്നതാണ് (ഇൻപേഷ്യന്റ് ക്ലെയിം സ്വീകാര്യമാണെന്ന് കണ്ടെത്തിയാൽ)

**ആംബുലൻസ് അസിസ്റ്റൻസ് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമം:**

a. ചുവടെ നൽകിയിരിക്കുന്ന ഞങ്ങളുടെ ഹെൽപ്പ്ലൈൻ നമ്പറിൽ വിളിക്കുമ്പോൾ, ഞങ്ങളുടെ പരിശീലനം നേടിയ കസ്റ്റമർ സർവീസ് എക്സിക്യൂട്ടീവ് (സിഎസ്ഇ) സ്ഥിതിഗതികൾ വിലയിരുത്താൻ പ്രസക്തമായ ചോദ്യങ്ങൾ നിങ്ങളോട് ചോദിക്കും.

b. ഇൻഷുർ ചെയ്ത വ്യക്തിയുടെ അവസ്ഥ അടിസ്ഥാനമാക്കി അഡ്വാൻസ്ഡ് ലൈഫ് സപ്പോർട്ടുള്ള ഒരു ആംബുലൻസിന്റെ ആവശ്യകത വിലയിരുത്തുന്നതിനായി പ്രസ്തുത കോൾ അർഹരായ ഒരു മെഡിക്കൽ പ്രാക്ടീഷണർക്ക് റീഡയറക്ട് ചെയ്തേക്കാം.

c. ഈ സേവനങ്ങൾ ലഭ്യമാക്കാൻ താഴെപ്പറയുന്ന വിശദാംശങ്ങൾ നൽകേണ്ടതാണ്:

1. ഹെൽത്ത് കഫർഡിൽ നൽകിയിരിക്കുന്നത് പ്രകാരമുള്ള ഇൻഷുർ ചെയ്ത വ്യക്തിയുടെ യുഎച്ച്ഐഡി.
2. ഇൻഷുർ ചെയ്ത വ്യക്തിയുടെ ബന്ധപ്പെടാനുള്ള നമ്പർ
3. ഇൻഷുർ ചെയ്ത വ്യക്തിയുടെ ലൊക്കേഷൻ

**എങ്ങനെ ഒരു ആംബുലൻസ് വിളിക്കാം? (കോൾ ചെയ്തു കൊണ്ട്)**




**എങ്ങനെ ഒരു ആംബുലൻസ് വിളിക്കാം? (മൊബൈൽ ആപ്ലിക്കേഷനിലൂടെ)**



## II. സർവീസുകളിന്മേൽ/ഉത്പന്നങ്ങളിന്മേൽ ഉള്ള കിഴിവുകൾ:

ഞങ്ങളുടെ പക്കൽ എംപാനൽ ചെയ്ത ഡയഗ്നോസ്റ്റിക് സെന്ററുകളിലെ ഉൽപന്നങ്ങൾ, ഫാർമസികളിൽ നിന്ന് ഓർഡർ ചെയ്ത ഡ്രാഗുകൾ/മരുന്നുകൾ ഞങ്ങളുടെ നെറ്റ്വർക്ക് ദാതാക്കൾ/ആരോഗ്യ സേവന ദാതാക്കൾ വാഗ്ദാനം ചെയ്ത ഇൻവെസ്റ്റിഗേഷനുകൾ/ഡയഗ്നോസ്റ്റിക് ടെസ്റ്റുകൾ/ലബോറട്ടറി പരിശോധനകൾ/ഹെൽത്ത് സപ്ലിമെന്റുകൾ/മെഡിക്കൽ ഉപകരണങ്ങൾ/ഹോംകെയർ സേവനങ്ങൾ/ വെർച്വൽ ഹെൽത്ത് - വെൽനസ് സെഷനുകൾ/ആയുഷ് ഉൽപന്നങ്ങൾ/ ഫിറ്റ്നസ്, വെൽനസുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എന്നിവ അടക്കമുള്ളവയാണെങ്കിലും എന്നാൽ അവയിൽ മാത്രം പരിമിതപ്പെടാത്ത സേവനങ്ങളിന്മേൽ/ഉൽപന്നങ്ങളിന്മേൽ കിഴിവുകൾ ലഭ്യമാക്കുന്നതിൽ മാത്രമേ ഞങ്ങൾക്ക് നിങ്ങളെ സഹായിക്കാനാകൂ. ഈ കിഴിവുകൾ ഞങ്ങളുടെ മൊബൈൽ ആപ്ലിക്കേഷനിൽ കാണാൻ കഴിയുകയും നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ചും ലഭ്യതയ്ക്ക് വിധേയമായും വ്യക്തികൾക്ക് ഈ കിഴിവുകൾ നേടാനുമാകും

## I. ആഡ് ഓണുകൾ/ ഓപ്ഷണൽ കവറുകൾ

അഡീഷണൽ പ്രീമിയം ഞങ്ങൾക്ക് ലഭിച്ചാൽ മാത്രമേ താഴെ പട്ടികപ്പെടുത്തിയിരിക്കുന്ന കവറുകൾ ഇൻഷുർ ചെയ്ത വ്യക്തിക്ക് ലഭ്യമാകൂ (ഓപ്ഷണൽ കവർ ഒഴികെ – വളണ്ടറി കോ–പേയ്മെന്റ്, ഓപ് ഷണൽ കവർ 20. വളണ്ടറി ഡിഡക്ടബിൾ, ഓപ്ഷണൽ കവർ – നെറ്റ് വർക്ക് അഡ്വാൻറേജ്, ഓപ്ഷണൽ കവർ–എൻആർഐ

അഡ്വാൻറേജ്– എൻആർഐക്കുള്ള കവർ) കൂടാതെ വ്യക്തമാക്കിയ ഓപ്ഷണൽ കവർ പോളിസി ഷെഡ്യൂളിൽ ഇൻഷുർ ചെയ്ത വ്യക്തിക്ക് പ്രാബല്യത്തിൽ ഉണ്ടായിരിക്കണം.

ഈ വിഭാഗത്തിന് കീഴിലുള്ള കവറുകൾ ഈ പോളിസിയുടെ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും കാത്തിരിപ്പ് കാലയളവുകൾക്കും ഒഴിവാക്കലുകൾക്കും വിധേയവും പോളിസിയിൽ വ്യക്തമാക്കിയിട്ടുള്ള ബാധകമായ പ്ലാനിന് അനുസൃതവുമായിരിക്കണം.

ഈ വിഭാഗത്തിന് റീസെറ്റ് ബെനഫിറ്റ്/പ്രീ–ഹോസ്പിറ്റലൈസേഷൻ മെഡിക്കൽ ചെലവുകൾ/ പോസ്റ്റ്–ഹോസ്പിറ്റലൈസേഷൻ മെഡിക്കൽ ചെലവുകൾ ബാധകമല്ല. ഈ വിഭാഗത്തിന് കീഴിലുള്ള ക്ലെയിമുകൾ വാർഷിക സം ഇൻഷ്വേഡിനെ ബാധിക്കില്ല (ഓപ്ഷണൽ കവർ ഒഴികെ – ക്ലെയിം പ്രൊട്ടക്ടർ, ഓപ്ഷണൽ കവർ–ഇൻഫിനിറ്റ് കെയർ, ഓപ്ഷണൽ കവർ– ഡ്യൂറബിൾ മെഡിക്കൽ എക്യുപ്മെന്റ് കവർ) അല്ലെങ്കിൽ ലോയൽറ്റി ബോണസ് (ഓപ്ഷണൽ കവർ ഒഴികെ– ഇൻഫിനിറ്റ് കെയർ)

ഓപ്ഷണൽ കവറുകളിൽ ഓരോന്നിനുമുള്ള സം ഇൻഷ്വേഡ് തുക (ഓപ്ഷണൽ കവർ–ഒഴികെ. ക്ലെയിം പ്രൊട്ടക്ടർ, ഓപ്ഷണൽ കവർ– ഡ്യൂറബിൾ മെഡിക്കൽ കവർ എന്നിവ പോളിസിയുടെ വാർഷിക സം ഇൻഷ്വേഡ് തുകയ്ക്ക് പുറമേ ഉള്ളത് ആയിരിക്കും.

1. **ഇൻഫിനിറ്റ് ക്കെയർ:**

   ഇൻ–പേഷ്യന്റ് ട്രീറ്റ്മെന്റ്/ഡേകെയർ നടപടിക്രമങ്ങൾ/ ചികിത്സ/ഇൻ–പേഷ്യന്റ് ആയുഷ് ഹോസ്പിറ്റലൈസേഷൻ എന്നിവയ്ക്കു കീഴിൽ/ഇൻഷുർ ചെയ്ത വ്യക്തിയുടെ ഹോസ്പിറ്റലൈസേഷനുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന മെഡിക്കൽ ചെലവുകൾ, പോളിസിയുടെ ലൈഫ്ടൈമിൽ ഉണ്ടാകുന്ന ഏതെങ്കിലും ഒരു ക്ലെയിമിനു വേണ്ടി വാർഷിക സം ഇൻഷ്വേഡ് തുകയിന്മേൽ ഒരു പരിധിയും ഇല്ലാതെ ഇനിപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഞങ്ങൾ കവർ ചെയ്യും:

   i. ഈ ഓപ്ഷണൽ കവർ തിരഞ്ഞെടുക്കാനുള്ള സമയ കാലയളവ് 2 പോളിസി വർഷങ്ങളായി പരിമിതപ്പെടുത്തിയിരിക്കുന്നു (പോളിസി കാലയളവ് എത്ര തന്നെ ആയിരുന്നാലും). അത് ഇനി പറയും വിധമായിരിക്കും:

      a. പോളിസി കാലയളവ് ഒരു വർഷമായിരിക്കുകയും അത് തുടർച്ചയായി ഒരു വർഷം എന്ന രീതിയിൽ പുതുക്കുകയുമാണെങ്കിൽ, പോളിസി ആരംഭിക്കുന്ന സമയത്തോ അല്ലെങ്കിൽ ആദ്യമായി റിന്യൂവൽ ചെയ്യുന്ന സമയത്തോ ഇൻഷുർ ചെയ്ത വ്യക്തി ഈ കവർ തിരഞ്ഞെടുക്കണം. രണ്ടാമത്തെ റിന്യൂവൽ സമയത്ത് ഇൻഷ്വർ ചെയ്ത വ്യക്തി ഈ കവർ തിരഞ്ഞെടുക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഓപ്ഷണൽ കവർ ബാധകമാകില്ല

      b. പോളിസി കാലയളവ് 2 അല്ലെങ്കിൽ 3 വർഷമാണെങ്കിൽ, ഈ ആനുകൂല്യം ലഭ്യമാക്കാൻ പോളിസി ആരംഭിക്കുന്ന സമയത്ത് തന്നെ ഈ കവർ തിരഞ്ഞെടുക്കേണ്ടതുണ്ട്.

   ii. പോളിസിയുടെ കാലയളവ് അല്ലെങ്കിൽ പോളിസി തരം (വ്യക്തിഗതമോ ഫ്ളോട്ടർ) എന്തു തന്നെ ആയാലും, പോളിസിയുടെ ലൈഫ്ടൈമിൽ ഒരു ക്ലെയിമിന് മാത്രമേ ഈ കവർ ബാധകമാകൂ, കൂടാതെ ഇൻ–പേഷ്യന്റ് ചികിത്സ/ഡേകെയർ നടപടിക്രമങ്ങൾ/ ചികിത്സ/ഇൻ–പേഷ്യന്റ് ആയുഷ് ഹോസ്പിറ്റലൈസേഷൻ എന്നിവയ്ക്ക് കീഴിലായിരിക്കും അത് സ്വീകാര്യമായിരിക്കുക. മുകളിൽ സൂചിപ്പിച്ച ബേസിക് കവറുകൾക്ക് ബാധകമായ എല്ലാ വ്യവസ്ഥകളും ഈ ഓപ്ഷണൽ കവറിന് ബാധകമായിരിക്കും.

   iii. ഒരിക്കൽ തിരഞ്ഞെടുത്താൽ, ഈ കവറിനു കീഴിൽ ഏതെങ്കിലും ഒരു ക്ലെയിം ഉന്നയിക്കുന്നതു വരെ ഇൻഷ്വർ ചെയ്ത വ്യക്തി തുടർച്ചയായി ഓപ്ഷണൽ കവർ തിരഞ്ഞെടുക്കേണ്ടതുണ്ട്. ഏതെങ്കിലും റിന്യൂവൽ സമയത്ത് ഇൻഷർ ചെയ്ത വ്യക്തി ഈ കവർ വേണ്ടെന്നു വയ്ക്കുകയാണെങ്കിൽ, അത് വീണ്ടും തിരഞ്ഞെടുക്കാൻ കഴിയില്ല.

   iv. ഈ ഓപ്ഷണൽ കവറിനു കീഴിൽ ഒരു ക്ലെയിം നിർവഹിച്ചു കഴിഞ്ഞാൽ, ഈ കവർ മരവിപ്പിക്കുകയും തുടർന്നുള്ള പുതുക്കലുകളിൽ വീണ്ടും തിരഞ്ഞെടുക്കാൻ കഴിയുകയുമില്ല.

   v. മൊത്തം സം ഇൻഷ്വേഡ് തുക (വാർഷിക സം ഇൻഷ്വേഡ് + ലോയൽറ്റി ബോണസ് (സമാഹരിച്ചിട്ടുണ്ടെങ്കിൽ) + പവർ ബൂസ്റ്റർ (തിരഞ്ഞെടുക്കുകയും സമാഹരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ) + ഇൻഫ്ളേഷൻ പ്രൊട്ടക്റ്റർ (തിരഞ്ഞെടുക്കുകയും സമാഹരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ)) ഈ ഓപ്ഷണൽ കവറിനു കീഴിൽ ഒരു ക്ലെയിം ഉണ്ടാകുന്ന പക്ഷം ഇനിപ്പറയുന്ന ക്രമം അനുസരിച്ച് വിനിയോഗിക്കും: –

      1. വാർഷിക സം ഇൻഷ്വേഡ്
      2. ലോയൽറ്റി ബോണസ്
      3. പവർ ബൂസ്റ്റർ
      4. ഇൻഫ്ളേഷൻ പ്രൊട്ടക്റ്റർ

   vi. മുകളിൽ സൂചിപ്പിച്ച എല്ലാ സം ഇൻഷ്വേഡ് തുകയും വിനിയോഗിക്കുകയും ഇൻഫിനിറ്റ് കെയറിന് കീഴിൽ ക്ലെയിം നൽകിക്കഴിയുകയും ചെയ്താൽ ആ പോളിസി വർഷത്തേക്കുള്ള സം ഇൻഷ്വേഡ് തുക പൂജ്യമായി കുറയും.

vii. ഓപ്ഷണൽ കവർ 19. വളണ്ടറി കോ–പേയ്മെന്റ് അറല്ലങ്കിൽ ഓപ്ഷണൽ കവർ 20. ഇൻഷുർ ചെയ്ത വ്യക്തി തിരഞ്ഞെടുക്കുകയാണെങ്കിൽ വളണ്ടറി ഡിഡക്റ്റിബിൾ ഈ ഓപ്ഷണൽ കവറിനു കീഴിൽ ബാധകമായിരിക്കും.

viii. ഓപ്ഷണൽ കവർ 9–നു കീഴിൽ സമർപ്പിച്ച ക്ലെയിമുകളുടെ കാര്യത്തിൽ ഈ കവർ ബാധകമായിരിക്കില്ല. വേൾഡ് വൈ സറൊഗെറ്റ് അമ്മമാർക്കുള്ള ഇൻ–പേഷ്യന്റ് ഹോസ്പിറ്റലൈസേഷൻ, ഓസൈറ്റ് ദാതാക്കൾക്കുള്ള ബേസിക് കവർ 14 ഇൻ–പേഷ്യന്റ് ഹോസ്പിറ്റലൈസേഷനും അൺലിമിറ്റഡ് സം ഇൻഷ്വേഡ് ഓപ്ഷനുള്ള പോളിസികൾക്കുംഡ് കവർ, ബേസിക് കവർ 13.

ix. ഇൻഷുർ യെത വ്യക്തി ഓപ്ഷണൽ കവർ 27 റൂം മോഡിഫയർ തിരഞ്ഞെടുത്തിട്ടില്ലെങ്കിൽ, ഈ കവറിനു കീഴിൽ ബാധകമായ റൂം വിഭാഗം സിംഗിൾ പ്രൈവറ്റ് എസി റൂമിൽ പരിമിതപ്പെടുത്തും.

## 2. പവർ ബൂസ്റ്റർ (സൂപ്പർ ലോയൽറ്റി ബോണസ്)

ഇൻഷുർ ചെയ്ത വ്യക്തി ഈ ഓപ്ഷണൽ കവർ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ, പോളിസി വർഷത്തിൽ ഉന്നയിച്ച ഒരു ക്ലെയിം പരിഗണിക്കാതെ തന്നെ, താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി കമ്പനിയുമായി പോളിസി തുടർച്ചയായി പുതുക്കിയിട്ടുണ്ടെങ്കിൽ, ഓരോ പോളിസി വർഷത്തിന്റെയും അവസാനത്തിൽ, കാലാവധി കഴിയുന്ന അല്ലെങ്കിൽ പുതുക്കിയ വാർഷിക സം ഇൻഷ്വേഡിന്റെ 100% ലോയൽറ്റി ബോണസ് ഞങ്ങൾ നൽകും (ഏതാണോ കുറവ് അത്).

i. ഈ പവർ ബൂസ്റ്റർ അൺലിമിറ്റഡ് സം ഇൻഷ്വേഡ് തുക വരെ സമാഹരിക്കാം.

ii. അൺലിമിറ്റഡ് വാർഷിക സം ഇൻഷ്വേഡ് ഉള്ള പോളിസികൾക്ക് ഈ കവർ ലഭ്യമാകില്ല

iii. ഇൻഷുർ ചെയ്ത വ്യക്തി, പുതുക്കുന്ന സമയത്ത് ഈ കവർ വേണ്ടെന്ന് വയ്ക്കുകയാണെങ്കിൽ, പവർ ബൂസ്റ്ററിന് കീഴിൽ സമാഹരിച്ച എല്ലാ ബോണസും പൂജ്യമായി കുറയും.

iv. ബേസിക് കവർ – ലോയൽറ്റി ബോണസിന് കീഴിൽ സൂചിപ്പിച്ചിരിക്കുന്ന എല്ലാ വ്യവസ്ഥകളും ഈ ഓപ്ഷണൽ കവറിന് ബാധകമായിരിക്കും.

## 3. ജമ്പ്സ്റ്റാർട്ട്

ബേസിക് കവറുകൾക്ക് കീഴിൽ സ്വീകാര്യമായ ഇൻഷുർ ചെയ്ത വ്യക്തിയുടെ(കളുടെ) ഹോസ്പിറ്റലൈസേഷന് വേണ്ടി വരുന്ന മെഡിക്കൽ ചെലവുകൾക്ക് കമ്പനി ഈടു നൽകും. ഇനി പറയുന്നവയ്ക്ക് വിധേയമായി ഈ പോളിസി ആരംഭിച്ച തീയതിയുടെ 31–ാം ദിവസം മുതൽ താഴെ പട്ടികപ്പെടുത്തിയിരിക്കുന്ന രോഗങ്ങൾ/ അസുഖങ്ങൾ/അവസ്ഥകൾ എന്നിവ

I. പോളിസിയുടെ തുടക്കത്തിൽ ഇൻഷുർ ചെയ്ത വ്യക്തി രോഗങ്ങൾ/അസുഖങ്ങൾ/അവസ്ഥകൾ പ്രഖ്യാപിക്കുകയും ഞങ്ങൾ അംഗീകരിക്കുകയും പോളിസി ഷെഡ്യൂളിൽ പരാമർശിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ, അല്ലെങ്കിൽ

ii. പോളിസിക്ക് മുമ്പുള്ള മെഡിക്കൽ പരിശോധനയിൽ രോഗങ്ങൾ / അസുഖങ്ങൾ / അവസ്ഥകൾ കണ്ടെത്തുകയും ഞങ്ങൾ അത് അംഗീകരിക്കുകയും ചെയ്തുവെങ്കിൽ.

iii. പോളിസി ഷെഡ്യൂളിൽ വ്യക്തമാക്കിയിട്ടുള്ള പ്രകാരം അഡീഷണൽ പ്രീമിയം തിരഞ്ഞെടുക്കുകയും പണം അടയ്ക്കുകയും ചെയ്ത ഇൻഷുർ ചെയ്ത നിശ്ചിത വ്യക്തികൾക്ക് മാത്രമേ മുകളിൽ കുറയ്ക്കപ്പെട്ട 30 ദിവസത്തെ കാത്തിരിപ്പ് കാലയളവ് ബാധകമാകൂ.

iv. ഒരു വ്യക്തിഗത ബേസിക് പോളിസിയുടെ കാര്യത്തിൽ ഈ ഓപ്ഷണൽ കവർ വ്യക്തിഗത അടിസ്ഥാനത്തിൽ ബാധകമായിരിക്കും. ഒരു ഫ്ലോട്ടർ ബേസ് പോളിസിയുടെ കാര്യത്തിൽ, ഈ കവറിനായി അപേക്ഷിക്കുകയും ഞങ്ങൾ അംഗീകരിക്കുകയും ചെയ്ത നിലവിലുള്ള രോഗങ്ങൾ (പിഇഡി) പ്രഖ്യാപിച്ചിട്ടുള്ളവർക്ക് ഫ്ലോട്ടർ അടിസ്ഥാനത്തിൽ ഓപ്ഷണൽ കവർ ബാധകമായിരിക്കും.

v. പോളിസി ആരംഭിക്കുന്ന സമയത്തോ അല്ലെങ്കിൽ റിന്യൂവൽ സമയത്ത് ബേസ് പോളിസിയിൽ ഒരു പുതിയ അംഗത്തെ ചേർക്കുമ്പോഴോ മാത്രമേ ഈ കവർ ലഭ്യമാകൂ.

vi. ബേസ് ഇൻഷ്വേഡ് തുകയിലെ വർധന– റിന്യൂവൽ സമയത്ത് ബേസ് ഇൻഷ്വേഡ് തുക വർധിപ്പിക്കുകയാണെങ്കിൽ, വർധിപ്പിച്ച ബേസ് ഇൻഷ്വേഡ് തുകയിന്മേൽ 30 ദിവസത്തെ കാത്തിരിപ്പ് കാലയളവ് ബാധകമായിരിക്കും. (ചുവടെയുള്ള സാമ്പിൾ ചിത്രീകരണം കാണുക)

vii. ഒരിക്കൽ തിരഞ്ഞെടുത്താൽ, തുടർച്ചയായ 3 പോളിസി വർഷങ്ങളിൽ ഈ ഓപ്ഷണൽ കവർ തിരഞ്ഞെടുക്കേണ്ടതുണ്ട്.

viii. ഈ ഓപ്ഷണൽ കവർ ഇൻഷുർ ചെയ്ത വ്യക്തി(കൾ) തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ, നിലവിലുള്ള രോഗങ്ങൾ ഒഴിവാക്കൽ (കോഡ്– എക്സ്ക്ലൂ01) ബാധകമായിരിക്കില്ല.

| വാർഷിക സം ഇൻഷ്വേഡ് | സം ഇൻഷ്വേഡിൽ ബാധകമായ ജമ്പ്സ്റ്റാർട്ട് | വാർഷിക സം ഇൻഷ്വേഡ് റിന്യൂവൽ സമയത്ത് ₹20 ലക്ഷം രൂപയായി വർധിപ്പിച്ചു. | പുതുക്കിയ വാർഷിക സം ഇൻഷ്വേഡ് | സം ഇൻഷ്വേഡിൽ ബാധകമായ ജമ്പ്സ്റ്റാർട്ട് | വർധിപ്പിച്ച സം ഇൻഷ്വേഡിൽ ബാധകമായ കാത്തിരിപ്പ് കാലയളവ് |
|---|---|---|---|---|---|
| ₹ 15 ലക്ഷം | ₹ 15 ലക്ഷം | | ₹ 20 ലക്ഷം | ₹ 20 ലക്ഷം | ₹ 5 ലക്ഷം |

ഓപ്ഷണൽ കവർ 9–നു കീഴിൽ ഉന്നയിച്ച ക്ലെയിമുകൾക്ക് 30 ദിവസം എന്ന കുറയ്ക്കപ്പെട്ട കാത്തിരിപ്പ് കാലയളവ് ബാധകമായിരിക്കില്ല. വേൾഡ് വൈഡ് കവർ.

ഈ ഓപ്ഷണൽ കവറിനു കീഴിൽ കവർ ചെയ്യപ്പെടുന്ന രോഗങ്ങളുടെ/അസുഖങ്ങളുടെ/അവസ്ഥകളുടെ പട്ടിക

1. ആസ്ത്മ
2. പ്രമേഹം
3. ഹൈപ്പർടെൻഷൻ
4. ഹൈപ്പർലിപ്പിഡീമിയ
5. പൊണ്ണത്തടി
6. കൊറോണറി ആർട്ടറി രോഗം (1 വർഷത്തിന് മുമ്പ് നടത്തിയ പിടിസിഎ)

മുകളിൽ പട്ടികപ്പെടുത്തിയിരിക്കുന്ന രോഗങ്ങൾ/ അസുഖങ്ങൾ/ രോഗാവസ്ഥകൾ എന്നിവയുടെ നിർദ്ദിഷ്ട നിർവചനങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കാൻ ചുവടെ സൂചിപ്പിച്ചിരിക്കുന്നു, ഇൻഷുർ ചെയ്ത വ്യക്തിയുടെ(കളുടെ) രോഗാവസ്ഥ (കൾ) നിർവചിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നതിന് വിധേയമായി അവ കവർ ചെയ്യപ്പെടും–

1. **ആസ്ത്മ** എന്നത് ശ്വാസകോശത്തിന്റെ ശ്വാസനാളങ്ങളെ (ബ്രോങ്കി) ബാധിക്കുന്ന ഒരു വിട്ടുമാറാത്ത അവസ്ഥയാണ്, നിശ്ചിത ട്രിഗറുകൾക്ക് വിധേയമാകുമ്പോൾ അവ ചുരുങ്ങുകയും (ഇടുങ്ങിയതായി മാറും), ഇത് ശ്വാസംമുട്ടൽ, ചുമ, നെഞ്ച് മുറുക്കം, ശ്വാസതടസ്സം എന്നിങ്ങനെയുള്ള ലക്ഷണങ്ങൾക്ക് വഴിയൊരുക്കുകയും ചെയ്യും.

2. **ഹൈപ്പർടെൻഷൻ** എന്നത് സ്ഥിരമായ ഉയർന്ന രക്തസമ്മർദ്ദത്തെ വിവരിക്കാൻ ഉപയോഗിക്കുന്ന പദമാണ്, ഇതിനെ സാധാരണയായി ഉയർന്ന രക്തസമ്മർദ്ദം എന്ന് വിളിക്കുന്നു, വിട്ടുമാറാത്ത ഈ രോഗം ഉചിതമായി ചികിത്സിച്ചില്ലെങ്കിൽ, ഹൃദ്രോഗം, സ്ട്രോക്ക്, വൃക്ക രോഗം, നേത്രരോഗങ്ങൾ എന്നിവയ്ക്കുള്ള പ്രധാന അപകടസാധ്യതാ ഘടകമാകും.

3. **ഹൈപ്പർലിപിഡെമിയ** എന്നത് ഒരു വിട്ടുമാറാത്ത രോഗമാണ്, ഇത് രക്തത്തിലെ കൊളസ്ട്രോൾ, ട്രൈഗ്ലിസറൈഡുകൾ എന്നിവ അടക്കമുള്ള ലിപിഡുകളുടെ (കൊഴുപ്പുകളുടെ) ഉയർന്ന അളവിനെ സൂചിപ്പിക്കുന്നു, ശരിയായ ചികിത്സ നൽകിയില്ലെങ്കിൽ, ഹൃദ്രോഗം, ഹൃദയാഘാതം, സ്ട്രോക്ക്, മറ്റ് രോഗങ്ങൾ എന്നിവ വർധിപ്പിക്കുന്നതിനുള്ള ഒരു പ്രധാന അപകട ഘടകമാണിത്.

4. **പ്രമേഹം** എന്നത് ഒരു വിട്ടുമാറാത്ത, പുരോഗമിക്കുന്ന രോഗമാണ്, ഇതിൽ ഇൻസുലിൻ ഉത്പാദനം കുറയുകയും ഇത് രക്തത്തിൽ ഗ്ലൂക്കോസിന്റെ (പഞ്ചസാര) അളവ് ഉയരുന്നതിലേക്ക് നയിക്കുകയും ചെയ്യും, നന്നായി സ്വയം നിയന്ത്രിക്കുകയും ശരിയായ ചികിത്സയും ചെയ്യാത്ത പക്ഷം, രക്തത്തിൽ ഉയർന്ന ഗ്ലൂക്കോസ് (പഞ്ചസാര) ശരീരത്തിലെ എല്ലാ അവയവങ്ങളെയും ബാധിക്കുകയും നശിപ്പിക്കുകയും ചെയ്യും. ഇത് ഗുരുതരമായ ആരോഗ്യ പ്രത്യാഘാതങ്ങൾക്ക് കാരണമാകും.

5. **പൊണ്ണത്തടി** എന്നത് ആരോഗ്യത്തിന് അപകടസാധ്യത നൽകുന്ന അസാധാരണമായ അല്ലെങ്കിൽ അമിതമായ കൊഴുപ്പ് അടിയൽ എന്നാണ് അർത്ഥമാക്കുന്നത് (ബോഡി മാസ് ഇൻഡക്സ് അതായത് ബിഎംഐ 39.99 എന്നതിനേക്കാൾ കുറവോ തുല്യമോ ആയിരിക്കും. ഇതോടൊപ്പം മറ്റ് രോഗങ്ങൾ ഉണ്ടെങ്കിൽ ഈ ബിഎംഐ പരിധിയിൽ മാറ്റം വരാം.)

6. **കൊറോണറി ആർട്ടറി രോഗം, 1 വർഷത്തിനു മുമ്പ് പിടിസിഎ ചെയ്തത്:**

   i. കൊറോണറി ആർട്ടറി രോഗം എന്നത് ഹൃദയത്തിലേക്ക് ഓക്സിജൻ സമ്പുഷ്ടമായ രക്തം നൽകുന്ന ധമനികളിൽ ലിപ്പിഡ് നിറഞ്ഞ പ്ലാക്ക് അടിയുന്നതാണ്. പ്ലാക്ക് സങ്കോചിപ്പിക്കുകയോ തടസ്സമുണ്ടാക്കുകയോ ചെയ്യുന്നതിന് കാരണമാകുകയും ഹൃദയാഘാതത്തിന് വഴിയൊരുക്കുകയും ചെയ്യും.

   ii. പിടിസിഎ (കൊറോണറി ആൻജിയോപ്ലാസ്റ്റി) എന്നത് ഒന്നോ അതിലധികമോ പ്രധാന കൊറോണറി ധമനികളുടെ കുറഞ്ഞത് 50% സങ്കോചമോ തടസ്സമോ ചികിത്സിക്കുന്നതിനായി സ്റ്റെന്റിംഗ് സഹിതമോ അല്ലാതെയോ ബലൂൺ ആൻജിയോപ്ലാസ്റ്റി വഴിയുള്ള പെർകുടേനിയസ് കൊറോണറി ഇൻറർവെൻഷൻ എന്നാണ് നിർവചിച്ചിരിക്കുന്നത്. ഈ ചികിത്സ ഒരു കാർഡിയോളജിസ്റ്റ് മെഡിക്കലി ആവശ്യമാണെന്ന് നിർണയിക്കുകയും ഒരു കൊറോണറി ആൻജിയോഗ്രാം (സിഎജി) അത് പിന്തുണയ്ക്കുകയും വേണം.

   iii. ഇവിടെ കൊറോണറി ധമനികൾ എന്നത് ഇടത് പ്രധാന സ്റ്റെം, ഇടത് ആൻറീരിയർ ഡിസെൻഡിംഗ്, സർക്കംഫ്ലെക്സ്, വലത് കൊറോണറി ആർട്ടറി എന്നിവയെ സൂചിപ്പിക്കുന്നു.

   iv. ഡയഗ്നോസ്റ്റിക് ആൻജിയോഗ്രാഫി അല്ലെങ്കിൽ ആൻജിയോപ്ലാസ്റ്റി / സ്റ്റെന്റ് ഇൻസെർഷൻ ഇല്ലാതെയുള്ള ഇൻവെസ്റ്റിഗേഷൻ നടപടിക്രമങ്ങൾ ഈ നിർവചനത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു.

4. **ക്രോണിക് ഡിസീസ് മാനേജ്മെന്റ് പ്രോഗ്രാം (ക്യാഷ് ലെസ് അടിസ്ഥാനത്തിൽ മാത്രം):**

ഇൻഷുർ ചെയ്ത വ്യക്തി(കൾ) പട്ടികപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും രോഗങ്ങൾ/അസുഖങ്ങൾ/അവസ്ഥകൾ – ആസ്ത്മ, പ്രമേഹം, ഹൈപ്പർടെൻഷൻ, ഹൈപ്പർലിപ്പിഡീമിയ, പൊണ്ണത്തടി, കൂടാതെ/അല്ലെങ്കിൽ കൊറോണറി ആർട്ടറി രോഗം (1 വർഷത്തിന് മുമ്പ് നടത്തിയ പിടിസിഎ)– എന്നിവയിൽ ഏതെങ്കിലും ഒന്ന് പ്രഖ്യാപിച്ചിരിക്കുകയും അത് ഞങ്ങൾ അംഗീകരിക്കുകയും ചെയ്തുവെങ്കിൽ ഇൻഷുർ ചെയ്ത വ്യക്തിയെ(കളെ) ഞങ്ങളുടെ ക്രോണിക് ഡിസീസ് മാനേജ്മെന്റ് പ്രോഗ്രാമിന് കീഴിൽ എൻറോൾ ചെയ്യപ്പെടും. ഈ പ്രോഗ്രാം ഞങ്ങളുടെ എംപാനൽ ചെയ്ത പ്രോഗ്രാമിന്റെ സേവന ദാതാവ് മുഖേന ക്യാഷ്‌ലെസ് അടിസ്ഥാനത്തിൽ മാത്രമായിരിക്കും ലഭ്യമാകുക.

ഈ പ്രോഗ്രാമിന്റെ ഭാഗമായി, ഇൻഷുർ ചെയ്ത വ്യക്തിക്ക് (കൾക്ക്) ഞങ്ങൾ താഴെ സൂചിപ്പിച്ചിരിക്കുന്ന സേവനങ്ങൾ നൽകും–

i. ഇൻഷുർ ചെയ്ത വ്യക്തിക്ക്(കൾക്ക്) അവരുടെ ആരോഗ്യസ്ഥിതി (കൾ) പരിപാലിക്കുന്നതിന്/

മെച്ചപ്പെടുത്തുന്നതിന് വഴികാട്ടിയാകുന്ന ഞങ്ങളുടെ എംപാനൽ ചെയ്ത മെഡിക്കൽ വിദഗ്ധർ മുഖേന അവരുടെ ആരോഗ്യം ട്രാക്ക് ചെയ്യുന്നതിനുള്ള സഹായം.

ii. ആരോഗ്യസ്ഥിതിക്ക്(കൾക്ക്) അനുസൃതമായി ഡയറ്റീഷ്യനും പോഷകാഹാര കൗൺസിലിംഗും ലഭ്യമാക്കുന്നതിനുള്ള സഹായം.

iii. 2 ടെസ്റ്റുകൾക്കിടയിൽ ആറ് മാസത്തെ ഇടവേളയിൽ, പട്ടികപ്പെടുത്തിയ രോഗാവസ്ഥകൾക്കായുള്ള മുൻകൂട്ടി നിർണയിച്ച ഡയഗ്നോസ്റ്റിക് ആരോഗ്യ പരിശോധനകൾ. ആരോഗ്യ പരിശോധനകൾ ഓപ്ഷണൽ കവർ പുറമേ ഉള്ളവയായിരിക്കും. ആരോഗ്യ പരിശോധന തിരഞ്ഞെടുക്കുത്തിട്ടുണ്ടെങ്കിൽ.

iv. പുകയില/മദ്യം ഉപേക്ഷിക്കൽ എന്നിങ്ങനെയുള്ള ജീവിതശൈലി പരിഷ്കരണങ്ങൾക്കായി കൗൺസിലിംഗ് ലഭ്യമാക്കുന്നതിനുള്ള സഹായം

ഇനിപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായിരിക്കും ഈ പ്രോഗ്രാം–

1. പോളിസി ഉടമ ഇനിപ്പറയുന്ന രോഗങ്ങൾ/ അവസ്ഥകൾ പ്രഖ്യാപിക്കുകയും മുമ്പ് നിലവിലുള്ള രോഗമായി ഞങ്ങൾ അവ അംഗീകരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ ഇൻഷുർ ചെയ്ത വ്യക്തിയെ(കളെ) ഈ പ്രോഗ്രാമിലേക്ക് എൻറോൾ ചെയ്യപ്പെടും:
   - I. ആസ്ത്മ
   - ii. പ്രമേഹം
   - iii. ഹൈപ്പർടെൻഷൻ
   - iv. ഹൈപ്പർലിപ്പിഡീമിയ
   - v. പൊണ്ണത്തടി
   - vi. കൊറോണറി ആർട്ടറി രോഗം (1 വർഷത്തിന് മുമ്പ് നടത്തിയ പിടിസിഎ)
2. ഞങ്ങളുടെ മൊബൈൽ ആപ്ലിക്കേഷൻ വഴിയോ ഞങ്ങളുടെ ടോൾ ഫ്രീ നമ്പറിൽ വിളിച്ചു കൊണ്ടോ ക്യാഷ്‌ലെസ് അടിസ്ഥാനത്തിൽ മാത്രമായിരിക്കും ഈ ആരോഗ്യ പരിശോധന ലഭ്യമാകുന്നത്: 1800 2666
3. ഈ കവറിനു കീഴിൽ ഒരു ആരോഗ്യ പരിശോധന നടത്താനുള്ള ഇൻഷുർ ചെയ്ത വ്യക്തിയുടെ അഭ്യർത്ഥന ലഭിച്ചതിന് ശേഷം നെറ്റ്‌വർക്ക് ദാതാവിനെ/ആരോഗ്യ സേവന ദാതാവിനെ ഞങ്ങൾ നിയോഗിക്കും.
4. ഈ ആരോഗ്യ പരിശോധന ഉപയോഗപ്പെടുത്തുന്നത് വാർഷിക സം ഇൻഷ്വേഡിനെ ബാധിക്കില്ല
5. ഇൻഷുർ ചെയ്ത വ്യക്തിക്ക് റിന്യൂവൽ ചെയ്യുന്ന സമയത്ത് ഈ ഓപ്ഷണൽ കവറിനുള്ള ആനുപാതികമായ പ്രീമിയം അടച്ച് ഈ പ്രോഗ്രാമിൽ എൻറോൾ ചെയ്യാം, ഇൻഷുർ ചെയ്ത വ്യക്തി ചിരസ്ഥായിയായ അസുഖം ഉണ്ടെന്ന് പ്രഖ്യാപിക്കുകയും ഈ പ്രോഗ്രാമിൽ എൻറോൾ ചെയ്യുന്നതിന് ഞങ്ങൾ അവ ഉചിതമായി അംഗീകരിക്കുകയും ചെയ്യുന്നതിന് വിധേയമായി.
6. 18 വയസ്സിനും അതിൽ മുകളിലുമുള്ള ഇൻഷുർ ചെയ്ത അംഗത്തിന് (ങ്ങൾക്ക്) ഈ പ്രോഗ്രാം ലഭ്യമാണ്.

**ശ്രദ്ധിക്കുക:**

a) ഞങ്ങളുടെ സ്വന്തം വിവേചനാധികാരത്തിൽ ഏതെങ്കിലും/ നെറ്റ്‌വർക്ക് ദാതാക്കളെ/എംപാനൽ ചെയ്ത സേവന ദാതാക്കളെ പരിഷ്‌ക്കരിക്കാനോ ചേർക്കാനോ പരിമിതപ്പെടുത്താനോ ഉള്ള അവകാശം ഞങ്ങളിൽ നിക്ഷിപ്തമായിരിക്കും. ഞങ്ങളുടെ വെബ്സൈറ്റിൽ നെറ്റ്‌വർക്ക് ദാതാക്കളുടെയും എംപാനൽ ചെയ്ത സേവന ദാതാക്കളുടെയും അപ്ഡേറ്റ് ചെയ്ത പട്ടിക സമയബന്ധിതമായി പരിശോധിക്കാൻ ഇൻഷുർ ചെയ്ത വ്യക്തികളോട് ഉപദേശിക്കുകയാണ്.

b) സംയോജിത പരിചരണ മാനേജ്മെന്റിനു വേണ്ടി ആരോഗ്യ പരിചരണ ചികിത്സകളിലെ മെഡിക്കൽ പുരോഗതിക്ക് അനുസൃതമായി ഈ കവറിനു കീഴിൽ മറ്റ് ചിരസ്ഥായിയായ രോഗങ്ങൾക്ക്/ അവസ്ഥകൾക്കായി ഞങ്ങൾ അത്തരം പ്രോഗ്രാം അവതരിപ്പിക്കുകയും ചെയ്തേക്കാം.

c) ഈ പ്രോഗ്രാമിന് കീഴിൽ നൽകുന്ന സേവനങ്ങൾ മൂന്നാം കക്ഷി നെറ്റ്‌വർക്ക് പ്രൊവൈഡർമാർ / എംപാനൽഡ് സേവന ദാതാക്കൾ വഴിയാണ് നൽകുന്നത്.

d) മെഡിക്കൽ പ്രാക്ടീഷണർ / ഹെൽത്ത് കെയർ പ്രൊഫഷണൽ നൽകിയ ഏതെങ്കിലും അഭിപ്രായം, ഉപദേശം, പ്രിസ്ക്രിപ്ഷൻ, യഥാർത്ഥ അല്ലെങ്കിൽ ആരോപിക്കപ്പെട്ട പിശകുകൾ, ഒഴിവാക്കലുകൾ, പ്രാതിനിധ്യം എന്നിവ കൊണ്ടോ അതിൽ നിന്നോ ഉണ്ടാകുന്ന നഷ്ടം അല്ലെങ്കിൽ നാശനഷ്ടങ്ങൾക്ക് ഞങ്ങൾക്ക് ഒരു ഉത്തരവാദിത്തവും ഉണ്ടായിരിക്കില്ല.

e) ഈ കവറിനു കീഴിലുള്ള സേവനങ്ങൾ തിരഞ്ഞെടുക്കുന്നത് ഉപഭോക്താവിന്റെ സ്വന്തം വിവേചനാധികാരത്തിലും സ്വന്തം ഉത്തരവാദിത്തത്തിലുമാണ്.

f) ഇൻഷുർ ചെയ്ത വ്യക്തിയുടെ വ്യക്തിഗത സാഹചര്യങ്ങൾ വ്യാഖ്യാനിക്കുകയും പ്രയോഗത്തിലാക്കുകയും ചെയ്യുമ്പോൾ ഇൻഷുർ ചെയ്ത വ്യക്തി ഒരു ഹെൽത്ത് കെയർ പ്രൊഫഷണലിൽ നിന്ന് സഹായം തേടണം. ഇൻഷുർ ചെയ്ത വ്യക്തിക്ക് അദ്ദേഹത്തിന്റെ/അവരുടെ ആരോഗ്യത്തെക്കുറിച്ച് എന്തെങ്കിലും ആശങ്കകൾ ഉണ്ടെങ്കിൽ, അദ്ദേഹത്തിന്/അവർക്ക് അവരുടെ ജനറൽ പ്രാക്ടീഷണറെ കൺസൾട്ട് ചെയ്യാവുന്നതാണ്.

## 5. പ്രസവ ആനുകൂല്യം:

I. ഈ ഓപ്ഷണൽ ആനുകൂല്യം വാർഷിക സം ഇൻഷ്വേഡിന്റെ 10% വരെ ചികിത്സാ ചെലവുകൾ കവർ ചെയ്യുന്നു; ഒരു കുഞ്ഞിനെ പ്രസവിക്കുന്നതുമായി കൂടാതെ/അല്ലെങ്കിൽ മെഡിക്കൽ പ്രാക്ടീഷണറുടെ ഉപദേശത്തിനു കീഴിൽ ജീവനു ഭീഷണിയാകുന്ന സന്ദർഭങ്ങളിൽ മാത്രം മെഡിക്കൽ ആയി ശുപാർശ ചെയ്ത നിയമാനുസൃത ഗർഭം അലസിപ്പിക്കലുമായി ബന്ധപ്പെട്ട ചിലവുകൾ, ഇവിടെ പറഞ്ഞിരിക്കുന്ന പ്രകാരം പോളിസിയിൽ 18 വയസ്സിനും 50 വയസ്സിനും ഇടയിൽ പ്രായം ആയിരിക്കുന്ന ഇൻഷുർ ചെയ്ത സ്ത്രീക്ക്/ഇൻഷുർ ചെയ്ത വ്യക്തിക്ക് ആയുഷ്കാലത്തിൽ പരമാവധി മൂന്ന് പ്രസവം അല്ലെങ്കിൽ ഗർഭം അലസിപ്പിക്കലിന് വിധേയമായി പരമാവധി

പരിധിയായ 1 ലക്ഷം രൂപ (മെറ്റേണിറ്റി സം ഇൻഷ്വേഡ്) എന്നതിന് വിധേയമായി.

ii. പ്രസവത്തിനു മുമ്പുള്ള (ഗർഭധാരണം മുതൽ കുഞ്ഞിനെ പ്രസവിക്കുന്നതു വരെയുള്ള കാലയളവ്), പ്രസവാനന്തര (കുഞ്ഞ് ജനിച്ച തീയതി മുതൽ 30 ദിവസം വരെ) ചെലവുകൾ ഇൻ–പേഷ്യന്റ് അടിസ്ഥാനത്തിൽ ചെലവഴിച്ചതിന് വിധേയമായി മുകളിൽ സൂചിപ്പിച്ച പരിധിക്കുള്ളിൽ കവർ ചെയ്യപ്പെടും (വാർഷിക സം ഇൻഷ്വേഡിന്റെ 10% പരമാവധി 1 ലക്ഷം രൂപ എന്നതിന് വിധേയമായി).

iii. ഈ കവർ തിരഞ്ഞെടുത്ത സമയം മുതൽ ഈ ആനുകൂല്യത്തിന് 24 മാസത്തെ കാത്തിരിപ്പ് കാലയളവ് ഉണ്ടായിരിക്കും

iv ഈ കവർ ഒരു ഫാമിലി ഫ്ളോട്ടർ പോളിസിക്ക് കീഴിൽ മാത്രമേ ലഭ്യമാകൂ.

v. നിങ്ങൾക്ക് അല്ലെങ്കിൽ നിങ്ങളുടെ ജീവിതപങ്കാളിക്ക് ഈ കവർ ലഭ്യമായിരിക്കും, നിങ്ങളും നിങ്ങളുടെ ജീവിതപങ്കാളിയും ഒരേ ഫാമിലി ഫ്ലോട്ടർ പോളിസിയുടെ കീഴിൽ കവർ ചെയ്യപ്പെടുകയും പ്രൊപ്പോസർ തിരഞ്ഞെടുത്തതു പ്രകാരം ഇൻഷുർ ചെയ്ത സ്ത്രീക്ക് 18–നും 50–നും ഇടയിലാണ് പ്രായം എന്നതിനും വിധേയമായി.

vi. ഇൻഷുർ ചെയ്ത വ്യക്തി മെറ്റേണിറ്റി ഓപ്ഷണൽ ബെനിഫിറ്റ് ഇല്ലാതെ പോളിസി എടുക്കുകയും എന്നാൽ പിന്നീട് മെറ്റേണിറ്റി ഓപ്ഷണൽ ബെനിഫിറ്റ് തിരഞ്ഞെടുക്കാൻ ആഗ്രഹിക്കുകയും ചെയ്താൽ, ഇത് റിന്യൂവൽ സമയത്ത് മാത്രമേ ലഭ്യമാകൂ.

vii. എക്ടോപിക് പ്രെഗ്നൻസി മാനേജ്മെന്റിന് വേണ്ടി വരുന്ന ഏതെങ്കിലും മെഡിക്കൽ ചെലവുകൾ ഈ ആനുകൂല്യത്തിന് കീഴിൽ കവർ ചെയ്യപ്പെടില്ല. ഇൻപേഷ്യന്റ് ചികിത്സയ്ക്കു കീഴിൽ അതിനുള്ള ക്ലെയിം സമർപ്പിക്കാം.

viii. ഇന്ത്യയുടെ ഭൗമ അതിരുകൾക്ക് വെളിയിൽ മെറ്റേണിറ്റി ബെനിഫിറ്റ് ലഭ്യമാകില്ല.

## 6. നവജാത ശിശു കവർ:

I. പോളിസി കാലയളവിലെ ഓരോ പോളിസി വർഷത്തിലും 'നവജാത ശിശുവിനെ' ആശുപത്രിയിൽ പ്രവേശിപ്പിക്കുമ്പോൾ നിങ്ങൾക്ക് ഉണ്ടാകുന്ന മെഡിക്കൽ ചെലവുകൾ, മെറ്റേണിറ്റി സം ഇൻഷ്വേഡിന്റെ പരമാവധി പരിധിയുടെ ഇരട്ടി എന്ന പരിധിക്ക് വിധേയമായി ഞങ്ങൾ കവർ ചെയ്യും. ഈ പരിധി മെറ്റേണിറ്റി സം ഇൻഷ്വേഡിന് പുറമേ ആയിരിക്കും.

ii. നിങ്ങൾ ഈ മെറ്റേണിറ്റി കവർ തിരഞ്ഞെടുക്കുകയും ഈ പോളിസിക്ക് കീഴിലുള്ള മെറ്റേണിറ്റി കവറിനു കീഴിൽ ഞങ്ങൾ ഒരു ക്ലെയിം സ്വീകരിക്കുകയും ചെയ്താൽ മാത്രമേ ഈ ആഡ്–ഓൺ/ഓപ്ഷണൽ കവർ നൽകൂ.

iv. ഈ ഓപ്ഷണൽ കവർ, കുഞ്ഞ് ജനിച്ച തീയതി മുതൽ പരമാവധി 90 ദിവസം വരെ, ഹോസ്പിറ്റലൈസേഷൻ സമയത്ത് (കുറഞ്ഞത് തുടർച്ചയായി 24 മണിക്കൂർ കാലയളവിലേക്ക്) 'നവജാത ശിശുവിന്' ഉണ്ടാകുന്ന മെഡിക്കൽ ചെലവുകൾ കവർ ചെയ്യും.

## 7. ഒന്നാം വർഷത്തിൽ നവജാത ശിശുവിനുള്ള പ്രതിരോധ കുത്തിവയ്പ്പുകൾ:

I. പോളിസി കാലയളവിൽ നവജാത ശിശുവിന് ഒരു വർഷം വരെ വാക്സിനേഷനു വേണ്ടി വരുന്ന ചെലവുകൾ പരമാവധി 10,000 രൂപയ്ക്ക് വിധേയമായി വാർഷിക സം ഇൻഷ്വേഡിന്റെ 1% വരെ ഞങ്ങൾ കവർ ചെയ്യും. ഈ പരിധി മെറ്റേണിറ്റി സം ഇൻഷ്വേഡിന് പുറമേ ആയിരിക്കും.

ii. ഓപ്ഷണൽ കവർ ആറണങ്കിൽ മാത്രമേ ഈ കവർ ലഭ്യമാകൂ. മെറ്റേണിറ്റി കവർ, ഓപ്ഷണൽ കവർ നവജാതശിശു കവർ തിരഞ്ഞെടുക്കുകയും, ഈ പോളിസിക്കു കീഴിൽ ഞങ്ങൾ ഒരു മെറ്റേണിറ്റി ക്ലെയിം അംഗീകരിക്കുകയും ചെയ്തു

## 8. ബീഫിറ്റ്

ബീഫിറ്റ് കവറിനു കീഴിലുള്ള എല്ലാ ആനുകൂല്യങ്ങളും ഞങ്ങളുടെ മൊബൈൽ ആപ്ലിക്കേഷൻ വഴി ക്യാഷ്‌ലെസ് അടിസ്ഥാനത്തിൽ മാത്രമേ ലഭ്യമാകൂ, അവ കവറിനു കീഴിലുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും ഒഴിവാക്കലുകൾക്കും സം ഇൻഷ്വേഡിന്റെ ലഭ്യതയ്ക്കും വിധേയമായിരിക്കും. ആദ്യ തവണ വിതരണം ചെയ്യുന്ന സമയത്ത് 65 വയസ്സ് വരെയുള്ള ഇൻഷുർ ചെയ്ത വ്യക്തിക്ക് മാത്രമേ ബീഫിറ്റ് കവർ തിരഞ്ഞെടുക്കാൻ കഴിയൂ.

അപ്പോയിന്റ്മെന്റ് സമയത്തെ ലഭ്യതയ്ക്ക് വിധേയമായി എല്ലാ സേവനങ്ങളും ഞങ്ങളുടെ എംപാനൽഡ് ഹെൽത്ത് സർവീസ് പ്രൊവൈഡർ മുഖേന നൽകും. ഈ കവറിന് 30 ദിവസത്തെ കാത്തിരിപ്പ് കാലയളവ് ഉണ്ടായിരിക്കും

വിനിയോഗിക്കാത്ത ഏതെങ്കിലും കൺസൾട്ടേഷനുകൾ/ഇ–കൺസൾട്ടേഷനുകൾ/സം ഇൻഷ്വേഡ്/സെഷനുകൾ എന്നിവ അടുത്ത പോളിസി വർഷത്തേക്ക് മാറ്റി വയ്ക്കാൻ കഴിയില്ല.

ഈ കവറിനു കീഴിലുള്ള സേവനങ്ങൾ തിരഞ്ഞെടുക്കുന്നത് ഇൻഷുർ ചെയ്ത വ്യക്തിയുടെ സ്വന്തം വിവേചനാധികാരത്തിലും സ്വന്തം ഉത്തരവാദിത്തത്തിലുമായിരിക്കും. വിവിധ കവറുകൾക്ക് കീഴിൽ നൽകുന്ന സേവനങ്ങൾ മൂന്നാം കക്ഷി ആരോഗ്യ സേവന ദാതാക്കൾ/ നെറ്റ്‌വർക്ക് ദാതാക്കൾ വഴിയായിരിക്കും, ഈ മൂന്നാം കക്ഷികൾ നൽകുന്ന സേവനങ്ങളിൽ നിന്ന് ഉണ്ടാകുന്ന ബാധ്യതകൾക്ക് ഞങ്ങൾ ഉത്തരവാദികളായിരിക്കില്ല.

ഞങ്ങളുടെ ആരോഗ്യ സേവന ദാതാക്കളിൽ നിന്ന്/ നെറ്റ്‌വർക്ക് ദാതാക്കളിൽ നിന്ന് സേവനങ്ങൾ ലഭിച്ചതിന് ശേഷവും ഇൻഷ്വർ ചെയ്ത വ്യക്തിക്ക്(കൾക്ക്) അവരുടെ ആരോഗ്യത്തെക്കുറിച്ച് എന്തെങ്കിലും ആശങ്കകൾ ഉണ്ടെങ്കിൽ ഒരു മെഡിക്കൽ പ്രാക്ടീഷണറുടെ സഹായം തേടേണ്ടതാണ്.

### I. ഫിസിക്കൽ കൺസൾട്ടേഷനുകൾ

പോളിസി കാലയളവിൽ ഇൻഷുർ ചെയ്ത വ്യക്തിക്ക് ഉണ്ടാകുന്ന ഏതെങ്കിലും അസുഖം അല്ലെങ്കിൽ പരിക്കുമായി ബന്ധപ്പെട്ട് ഒരു ജനറൽ മെഡിക്കൽ പ്രാക്ടീഷണർ അല്ലെങ്കിൽ സ്പെഷ്യലിസ്റ്റ് മെഡിക്കൽ പ്രാക്ടീഷണർ അല്ലെങ്കിൽ സൂപ്പർ സ്പെഷ്യലിസ്റ്റ് മെഡിക്കൽ പ്രാക്ടീഷണർ അല്ലെങ്കിൽ ആയുഷ് മെഡിക്കൽ പ്രാക്ടീഷണർ എന്നിവരിൽ നിന്നുള്ള ഔട്ട്–പേഷ്യന്റ് കൺസൾട്ടേഷനുകൾക്കായി പോളിസി കാലയളവിൽ ഉണ്ടാകുന്ന മെഡിക്കൽ ചെലവുകൾ ഞങ്ങൾ കവർ ചെയ്യും, പോളിസി ഷെഡ്യൂളിൽ ഈ ഓപ്ഷണൽ കവറിനെതിരെ വ്യക്തമാക്കിയിട്ടുള്ള മൊത്തത്തിലുള്ള പരമാവധി എണ്ണം കൺസൾട്ടേഷനുകൾക്ക് വിധേയമായി. അപ്പോയിന്റ്മെന്റ് സമയത്തെ ലഭ്യതയ്ക്ക് വിധേയമായി ഈ സേവനങ്ങൾ

ഞങ്ങളുടെ എംപാനൽഡ് ആരോഗ്യ സേവന ദാതാവ് മുഖേന നൽകും.

ഈ ഓപ്ഷണൽ കവറിൽ ഒരു ജനറൽ മെഡിക്കൽ പ്രാക്ടീഷണർ അല്ലെങ്കിൽ സ്പെഷ്യലിസ്റ്റ് അല്ലെങ്കിൽ സൂപ്പർ സ്പെഷ്യലിസ്റ്റ് മെഡിക്കൽ പ്രാക്ടീഷണർ അല്ലെങ്കിൽ ആയുഷ് മെഡിക്കൽ പ്രാക്ടീഷണർ നൽകുന്ന ചാറ്റ്, ഇമെയിൽ, വീഡിയോ, ഓൺലൈൻ പോർട്ടൽ അല്ലെങ്കിൽ മൊബൈൽ ആപ്ലിക്കേഷൻ എന്നിവ അടക്കമുള്ളവയാണെങ്കിലും അവയിൽ പരിമിതപ്പെടാത്ത ഒരു വെർച്വൽ ആശയവിനിമയ രീതിയിലൂടെയുള്ള ഇ-കൺസൾട്ടേഷനും ഉൾപ്പെടും.

ദന്ത ചികിത്സ ഈ കവറിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു.

മാനസികരോഗങ്ങൾക്ക് അല്ലെങ്കിൽ മാനസികാരോഗ്യ പ്രശ്നങ്ങൾക്ക് ലഭ്യമാക്കുന്ന ഫിസിയോതെറാപ്പി സെഷനുകളും കൗൺസിലിംഗും ഈ ഓപ്ഷണൽ കവറിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കും, കാരണം അവ ഓപ്ഷണൽ കവർ നം. 8 iv എന്നതിനു കീഴിൽ കവർ ചെയ്യപ്പെടുന്നതാണ്. യഥാക്രമം ഫിസിയോതെറാപ്പി സെഷനുകളും ഓപ്ഷണൽ കവർ നം. 8 V. ഇ-കൗൺസലിംഗും.

ii. **പതിവ് ഡയഗ്നോസ്റ്റിക്, മൈനർ നടപടിക്രമങ്ങൾക്കുള്ള കവർ**

പോളിസി കാലയളവിൽ ഇൻഷ്വർ ചെയ്ത വ്യക്തിക്ക് ഉണ്ടായ ഏതെങ്കിലും അസുഖം അല്ലെങ്കിൽ പരിക്കുമായി ബന്ധപ്പെട്ട് മൊബൈൽ ആപ്ലിക്കേഷനിൽ ലഭ്യമായ ക്യാഷ് ലെസ് നെറ്റ്‌വർക്കിന് കീഴിൽ മെഡിക്കൽ പ്രാക്ടീഷണർ നിർദ്ദേശിക്കുന്ന ഔട്ട്പേഷ്യന്റ് ഡയഗ്നോസ്റ്റിക് ടെസ്റ്റുകൾക്കും ലിസ്റ്റുചെയ്ത മൈനർ നടപടിക്രമങ്ങൾക്കും ഒരു ജനറൽ പ്രാക്ടീഷണർക്ക് അല്ലെങ്കിൽ സ്പെഷ്യലിസ്റ്റ്/സൂപ്പർ-സ്പെഷ്യലിസ്റ്റ് മെഡിക്കൽ പ്രാക്ടീഷണർക്ക് വേണ്ടി വരുന്ന മെഡിക്കൽ ചെലവുകൾ പോളിസി കാലയളവിൽ ഇൻഷ്വർ ചെയ്ത വ്യക്തിയുടെ പോളിസി ഷെഡ്യൂളിലെ ഈ ഓപ്ഷണൽ കവറിൽ വ്യക്തമാക്കിയിട്ടുള്ള പരമാവധി പരിധി വരെ ഞങ്ങൾ കവർ ചെയ്യും. അപ്പോയിന്റ്മെന്റ് സമയത്തെ ലഭ്യതയ്ക്ക് വിധേയമായി ഈ സേവനങ്ങൾ ഞങ്ങളുടെ എംപാനൽഡ് ആരോഗ്യ സേവന ദാതാവ് മുഖേന നൽകും

ഈ ഡയഗ്നോസ്റ്റിക് ടെസ്റ്റുകളിൽ ഹിസ്റ്റോപാത്തോളജി, ബയോകെമിസ്ട്രി, ഹെമറ്റോളജി, ഇമ്യൂണോളജി, മൈക്രോബയോളജി, സീറോളജി, പാത്തോളജി, റേഡിയോളജി, അൾട്രാസൗണ്ട്, ടിഎംടി എന്നിവ അടക്കമുള്ളവയാണെങ്കിലും, എന്നാൽ അതിൽ മാത്രം പരിമിതപ്പെടുന്നുമില്ല. ജനിതക പഠനങ്ങൾ ഈ കവറിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിരിക്കുന്നു.

അഭ്യർത്ഥന നടത്തിയ തീയതിയിൽ ആരോഗ്യ സേവന ദാതാവിന്റെ ഭൗമ പരിധിക്കുള്ളിലാണെങ്കിൽ, ഇൻഷ്വർ ചെയ്ത വ്യക്തിയുടെ ലൊക്കേഷനിൽ ഡയഗ്നോസ്റ്റിക് ടെസ്റ്റുകൾ നടത്താനുള്ള സൗകര്യവും ഞങ്ങൾ ക്രമീകരിക്കും. ഈ സേവനം ഞങ്ങളുടെ എംപാനൽഡ് ആരോഗ്യ സേവന ദാതാവിന്റെ ലഭ്യതയ്ക്ക് വിധേയമായിരിക്കും.

**ഈ ഓപ്ഷണൽ കവറിന് കീഴിൽ കവർ ചെയ്യപ്പെടുന്ന മൈനർ നടപടിക്രമങ്ങളുടെ പട്ടിക#**

| |
|---|
| ആബ്സെസിസിന്റെ ഡ്രെയിനേജ് |
| ഇൻട്രാമസ്കുലർ അടക്കമുള്ളള്ള കുത്തിവയ്പ്പ് (ഓരോ കുത്തിവയ്പ്പിന്റെയും നിരക്ക്) |
| ഇൻട്രാവെനസ് ഇഞ്ചക്ഷൻ (ഡെവി) |
| സ്പ്രെയിൻ മാനേജ്മെന്റ് (ജോയിന്റ് മൂവ്മെന്റ് / വ്യായാമം) |
| ഒട്ടോസ്കോപ്പിക് പരിശോധന (മാഗ്നിഫൈയിംഗ് ഒട്ടോസ്കോപ്പി) |
| ഹെമറേജ് നിയന്ത്രിക്കുന്നതിനുള്ള നേസൽ പാക്കിംഗ് |
| നെബുലൈസർ തെറാപ്പി |
| അന്യവസ്തുക്കൾ നീക്കം ചെയ്യൽ |
| തുന്നൽ (എൽഎയ്ക്കു കീഴിൽ സ്റ്റേപ്പിൾ) |
| തുന്നൽ നീക്കംചെയ്യൽ |
| ജോയിന്റ് സ്റ്റെബിലൈസേഷൻ |
| മെഴുക് നീക്കം ചെയ്യുന്നതിനായുള്ള സിറിഞ്ചിംഗ് ഇയർ |
| പ്ലാസ്റ്റർ കാസ്റ്റ് പ്രയോഗിക്കൽ അല്ലെങ്കിൽ നീക്കം ചെയ്യൽ |
| ലാറിംഗോസ്കോപ്പി |
| മൈനർ വൂണ്ട് മാനേജ്മെന്റ് |

#ഇതിൽ നിർവഹണ ചെലവ് മാത്രമാണ് ഉൾപ്പെടുന്നത്. ഉപഭോഗവസ്തുക്കളുടെ യഥാർത്ഥ വില ഫാർമസി കവറിനു കീഴിൽ കവർ ചെയ്യപ്പെടും. എന്നിരുന്നാലും, ഫാർമസി കവറിനു കീഴിലുള്ള സം ഇൻഷ്വേഡ് വിനിയോഗിച്ചു കഴിഞ്ഞാലോ അല്ലെങ്കിൽ ഫാർമസി കവറിൻറെ പരിധിക്ക് പുറത്താണെങ്കിലോ അല്ലെങ്കിൽ ഐആർഡിഎഐ ലിസ്റ്റ് പ്രകാരം ഉപഭോഗം ചെയ്ത വസ്തു നോൺ-പേയബിൾ ഇനമാണെങ്കിലോ പ്രസ്തുത ചെലവ് ഇൻഷ്വർ ചെയ്ത വ്യക്തി വഹിക്കേണ്ടിവരും.

iii. **ഫാർമസി**

പോളിസി കാലയളവിൽ ഇൻഷ്വർ ചെയ്ത വ്യക്തിക്ക് ഉണ്ടായ ഏതെങ്കിലും അസുഖത്തിനോ പരിക്കുകൾക്കോ ഒരു മെഡിക്കൽ പ്രാക്ടീഷണർ നിർദ്ദേശിച്ച പ്രകാരം മൊബൈൽ ആപ്ലിക്കേഷനിൽ ലഭ്യമായ ക്യാഷ്‌ലെസ് നെറ്റ്‌വർക്കിന് കീഴിൽ മരുന്നുകൾ, ഗുളികകൾ, മെഡിക്കൽ ഉപഭോഗവസ്തുക്കൾ എന്നിവ വാങ്ങുമ്പോൾ ഉണ്ടാകുന്ന ചികിത്സാ ചെലവുകൾ അഭ്യർത്ഥന നടത്തിയ തീയതിയിലെ ലഭ്യതയ്ക്ക് വിധേയമായി ഞങ്ങളുടെ എംപാനൽഡ് ഹെൽത്ത് സർവീസ് പ്രൊവൈഡർ മുഖേന പോളിസി ഷെഡ്യൂളിലെ ഈ ഓപ്ഷണൽ കവറിൽ വ്യക്തമാക്കിയിട്ടുള്ള പരമാവധി പരിധി വരെ ഞങ്ങൾ കവർ ചെയ്യും.

ഹെൽത്ത് സപ്ലിമെന്റുകൾ, ന്യൂട്രാസ്യൂട്ടിക്കൽസ്, പ്രത്യേക ഡയറ്ററി ഉപയോഗത്തിനുള്ള ഭക്ഷണങ്ങൾ, പ്രത്യേക മെഡിക്കൽ ആവശ്യങ്ങൾക്കുള്ള ഭക്ഷണങ്ങൾ, പ്രോബയോട്ടിക്സ് കൂട്ടിച്ചേർത്ത ഭക്ഷണങ്ങൾ കൂടാതെ/അല്ലെങ്കിൽ പ്രീബയോട്ടിക്സ് കൂട്ടിച്ചേർത്ത ഭക്ഷണങ്ങൾ, വാക്സിനേഷനുകൾ, വിറ്റാമിനുകൾ, ടോണിക്കുകൾ അല്ലെങ്കിൽ മറ്റ് ബന്ധപ്പെട്ട ഉൽപ്പന്നങ്ങൾ എന്നിവ ഈ ഓപ്ഷണൽ കവറിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു.

## iv. ഫിസിയോതെറാപ്പി സെഷൻ

പോളിസി കാലയളവിൽ ഇൻഷുർ ചെയ്ത വ്യക്തിക്ക് ഉണ്ടാകുന്ന അസുഖം, പരിക്കുകൾ അല്ലെങ്കിൽ വൈകല്യങ്ങൾ എന്നിവയുടെ ചികിത്സയ്ക്കായി അർഹരായ മെഡിക്കൽ പ്രാക്ടീഷണർമാരുടെ ഉപദേശപ്രകാരം ഞങ്ങളുടെ ക്യാഷ്ലെസ് നെറ്റ്വർക്കിലെ അർഹരായ ഫിസിയോതെറാപ്പിസ്റ്റ് നൽകുന്ന പോളിസി ഷെഡ്യൂളിലെ ഈ ഓപ്ഷണൽ കവറിനെതിരെ വ്യക്തമാക്കിയിട്ടുള്ളതുമായ സന്ദർശനങ്ങളുടെ/സെഷനുകളുടെ പരമാവധി എണ്ണം വരെയുള്ള മസാജ്, ഹീറ്റ് ട്രീറ്റ്മെന്റ്, അൾട്രാസൗണ്ട്, ലേസർ, വ്യായാമങ്ങൾ എന്നിവ അടക്കമുള്ളവയാണെങ്കിലും അവയിൽ മാത്രം പരിമിതപ്പെടാത്ത ഫിസിക്കൽ മെത്തേഡുകളുടെ ഫിസിയോതെറാപ്പി സെഷനുകൾക്കുള്ള ഇൻഷുർ ചെയ്ത വ്യക്തിയുടെ ചികിത്സാ ചെലവുകൾ ഞങ്ങൾ കവർ ചെയ്യും.

അപ്പോയിന്റ്മെന്റ് സമയത്തെ ലഭ്യതയ്ക്ക് വിധേയമായി ഈ സേവനങ്ങൾ ഞങ്ങളുടെ എംപാനൽഡ് ആരോഗ്യ സേവന ദാതാവ് മുഖേന നൽകും.

ഓരോ ഫിസിയോതെറാപ്പി സെഷന്റെയും സമയ ദൈർഘ്യം മുപ്പത് മിനിറ്റായി പരിമിതപ്പെടുത്തിയിരിക്കുന്നു.

## v. ഇ–കൗൺസിലിംഗ്

ഞങ്ങളുടെ മൊബൈൽ ആപ്ലിക്കേഷൻ വഴി ഒരു സൈക്കോളജിസ്റ്റുമായി വ്യക്തിഗത, ജീവിതശൈലി അസന്തുലിതാവസ്ഥ, വിവാഹ പൂർവ കൗൺസിലിംഗ്, രക്ഷാകർതൃ, ശിശു പരിചരണം, സംസാര വൈകല്യം, സൈക്കോളജിക്കൽ/മാനസിക രോഗം/സൈക്യാട്രിക്, സൈക്കോമാറ്റിക് തകരാറുകൾ, മാനസിക സമ്മർദ്ദം, ഉൽക്കണ്ഠ എന്നിവ അടക്കമുള്ളവയാണെങ്കിലും അവയിൽ പരിമിതപ്പെടാത്ത ഇൻഷുർ ചെയ്ത വ്യക്തിയുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായം നൽകാൻ ചെലവഴിച്ച തുക പോളിസി ഷെഡ്യൂളിലെ ഈ ഓപ്ഷണൽ കവറിൽ വ്യക്തമാക്കിയിട്ടുള്ള പരമാവധി എണ്ണം സെഷനുകൾ വരെ ഞങ്ങൾ കവർ ചെയ്യും.

ഈ ഇ–കൗൺസിലിംഗ് സെഷനുകൾ ഞങ്ങളുടെ മൊബൈൽ ആപ്ലിക്കേഷൻ വഴി ചാറ്റ് അല്ലെങ്കിൽ ടെലി തുടങ്ങിയ വെർച്വൽ മോഡുകളിൽ മാത്രമേ ലഭ്യമാകൂ.

## vi. ഡയറ്റ് ആൻഡ് ന്യൂട്രീഷൻ ഇ–കൺസൾട്ടേഷൻ

പോളിസി ഷെഡ്യൂളിലെ ഈ ഓപ്ഷണൽ കവറിൽ വ്യക്തമാക്കിയിട്ടുള്ള കാലയളവിലേക്ക് ഞങ്ങളുടെ മൊബൈൽ ആപ്ലിക്കേഷൻ വഴി ഒരു വെർച്വൽ പ്ലാറ്റ്ഫോമിൽ പോളിസി കാലയളവിൽ ഇൻഷുർ ചെയ്ത വ്യക്തി ഡയറ്റ് ആൻഡ് ന്യൂട്രീഷൻ ഇ–കൺസൾട്ടേഷനു വേണ്ടി ചെലവഴിച്ച തുക ഞങ്ങൾ കവർ ചെയ്യും.

ഈ ഇ–കൺസൾട്ടേഷൻ ഞങ്ങളുടെ മൊബൈൽ ആപ്ലിക്കേഷൻ വഴി ചാറ്റ് അല്ലെങ്കിൽ ടെലി തുടങ്ങിയ വെർച്വൽ മോഡുകളിൽ മാത്രമേ ലഭ്യമാകൂ.

## ബീഫിറ്റിനുള്ള ക്ലെയിം നടപടിക്രമം

എല്ലാ ക്ലെയിമുകളും ഞങ്ങളുടെ മൊബൈൽ ആപ്ലിക്കേഷൻ വഴി ക്യാഷ്ലെസ് അടിസ്ഥാനത്തിൽ മാത്രമേ തീർപ്പുകൽപിക്കുകയുള്ളൂ, അവ പോളിസിയുടെ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും ഒഴിവാക്കലുകൾക്കും സം ഇൻഷ്വേഡിന്റെ ലഭ്യതയ്ക്കും വിധേയമായിരിക്കുകയും ചെയ്യും.

മൊബൈൽ ആപ്ലിക്കേഷനിൽ ലഭ്യമായ നിശ്ചിത നെറ്റ്വർക്ക് ദാതാക്കളിൽ/ആരോഗ്യ സേവന ദാതാവിൽ മാത്രമേ ക്യാഷ്ലെസ് സൗകര്യം ലഭ്യമാകൂ. ഞങ്ങളുടെ സ്വന്തം വിവേചനാധികാരത്തിൽ ക്യാഷ്ലെസ് സൗകര്യത്തിനായി ഏതെങ്കിലും നെറ്റ്വർക്ക് ദാതാവിനെ/ആരോഗ്യ സേവന ദാതാവിനെ പരിഷ്കരിക്കുന്നതിനും ചേർക്കുന്നതിനും പരിമിതപ്പെടുത്തുന്നതിനുമുള്ള അവകാശം ഞങ്ങളിൽ നിക്ഷിപ്തമായിരിക്കും.

ആരോഗ്യ സേവന ദാതാവിൽ നിന്ന് / നെറ്റ്വർക്ക് ദാതാവിൽ നിന്ന് ക്യാഷ്ലെസ് സൗകര്യം ലഭ്യമാക്കാൻ, ഇൻഷുർ ചെയ്ത വ്യക്തി/അവകാശം ഉന്നയിക്കുന്ന വ്യക്തി വെരിഫിക്കേഷനും വാലിഡേഷനും വേണ്ടി അപേക്ഷയിൽ ലഭ്യമായ ഹെൽത്ത് കാർഡിന്മേലുള്ള വിവരങ്ങൾ ഹാജരാക്കേണ്ടതുണ്ട്. ബാധകമായ ഇടങ്ങളിൽ ക്യാഷ്ലെസ് സൗകര്യം തേടിയ അസുഖം അല്ലെങ്കിൽ പരിക്ക് സംബന്ധിച്ച കൃത്യവും പൂർണവുമായ വിവരങ്ങൾ ലഭിച്ചതിന് ശേഷം അഭ്യർത്ഥന പരിഗണിക്കുകയും ഞങ്ങൾ അഭ്യർത്ഥന ഡിജിറ്റലായി സ്ഥിരീകരിക്കുകയും ചെയ്യും.

- ലഭ്യമാക്കിയ സേവനങ്ങൾ പോളിസിയുടെ അർഹതയ്ക്കും കവിഞ്ഞുള്ളതാണെങ്കിൽ, ഇൻഷുർ ചെയ്ത വ്യക്തി/അവകാശം ഉന്നയിക്കുന്ന വ്യക്തി നേരിട്ട് ആശുപത്രി/നെറ്റ്വർക്ക് പ്രൊവൈഡർ/ആരോഗ്യ സേവന ദാതാവിന് അത്തരത്തിലുള്ള വ്യത്യാസം അടയ്ക്കേണ്ടതാണ്.
- ഈ ഓപ്ഷണൽ കവറിനു കീഴിലുള്ള ആനുകൂല്യങ്ങളും സേവനങ്ങളും ലഭ്യമാക്കാൻ, ഇൻഷുർ ചെയ്ത വ്യക്തി മൊബൈൽ ആപ്ലിക്കേഷൻ വഴി ഒരു അഭ്യർത്ഥന ഉന്നയിക്കേണ്ടതുണ്ട്

  പതിവ് ഡയഗ്നോസ്റ്റിക്, മൈനർ നടപടിക്രമങ്ങളുടെ കവർ / ഫാർമസി കവർ സേവനങ്ങൾ മൊബൈൽ ആപ്ലിക്കേഷനിലൂടെ എംപാനൽഡ് നെറ്റ്വർക്ക് മെഡിക്കൽ പ്രാക്ടീഷണറുടെ പ്രിസ്ക്രിപ്ഷനുകളിൽ മാത്രമേ കവർ ചെയ്യൂ.

**മൊബൈൽ ആപ്ലിക്കേഷനിൽ ബീഫിറ്റ് കവറിനു കീഴിലുള്ള ക്യാഷ് ലെസ് സേവനങ്ങൾ എങ്ങനെ ലഭ്യമാക്കാം:**

1. ഇൻഷുർ ചെയ്ത വ്യക്തി ആപ്പ് സ്റ്റോറിൽ/പ്ലേ സ്റ്റോറിൽ നിന്ന് ഈ മൊബൈൽ ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്യണം. ഡൗൺലോഡ് ചെയ്ത ശേഷം ഇൻഷുർ ചെയ്ത വ്യക്തി രജിസ്ട്രേഷൻ പ്രക്രിയ പൂർത്തിയാക്കി ഹോം പേജിൽ ലോഗിൻ ചെയ്യണം.
2. ഹോം പേജിൽ, കൺസൾട്ടേഷൻ, ഡയഗ്നോസ്റ്റിക്സ്, ഫാർമസി തുടങ്ങിയ ഔട്ട്–പേഷ്യന്റ് സേവന വിഭാഗം ഇൻഷുർ ചെയ്ത വ്യക്തി സന്ദർശിക്കണം.

ക്ലെയിം പ്രക്രിയയുടെ ഒരു ചിട്ടപ്പടിയുള്ള പ്രാതിനിധ്യം താഴെ നൽകിയിരിക്കുന്നു–




1. **വേൾഡ് വൈഡ് കവർ (ക്യാഷ്‌ലെസ് അടിസ്ഥാനത്തിൽ മാത്രം)**

   ഇവിടെ വ്യക്തമാക്കിയിട്ടുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായും, വാർഷിക സം ഇൻഷ്വേഡിന്റെ പരമാവധി 3 കോടി രൂപ എന്നതിന് വിധേയമായും ഇൻഷ്വർ ചെയ്ത വ്യക്തിക്ക്, ഇന്ത്യക്ക് പുറത്തും, യുഎസ്എ, കാനഡ എന്നിവ അടക്കം ലോകത്തെവിടെയുമുള്ള ആസൂത്രിത ഹോസ്പിറ്റലൈസേഷൻ ചെലവുകൾ ഞങ്ങൾ കവർ ചെയ്യും.

i. ഈ ഓപ്ഷണൽ കവറിനുള്ള സം ഇൻഷ്വേഡ് വാർഷിക സം ഇൻഷ്വേഡിന് പുറമേ ഉള്ളതാണ്.

ii. 65 വയസ്സ് വരെ പ്രായമുള്ള ഇൻഷ്വർ ചെയ്ത വ്യക്തിക്കും(കൾക്കും) ഇന്ത്യയിൽ താമസിക്കുന്നവർക്കും പോളിസി വിതരണം ചെയ്യുന്ന സമയത്ത് ഇന്ത്യയുടെ ഭൗമ അതിരുകൾക്കുള്ളിൽ ഉള്ളവർക്കും മാത്രമായിരിക്കും ഈ കവർ ലഭ്യമാകുന്നത്.

iii. ഈ ഓപ്ഷണൽ കവറിനു കീഴിലുള്ള ചികിത്സ യഥാവിധി അംഗീകൃതവും ബാധകമായ നിയമം, നിയമങ്ങൾ കൂടാതെ/അല്ലെങ്കിൽ ചികിൽസ നടത്തുന്ന പ്രദേശത്തിന്റെയോ രാജ്യത്തിന്റെയോ നിയന്ത്രണങ്ങൾക്ക് കീഴിൽ രജിസ്റ്റർ ചെയ്ത ഒരു ഹോസ്പിറ്റലിൽ അല്ലെങ്കിൽ ക്ലിനിക്കിൽ ആയിരിക്കുകയും അത് പട്ടികപ്പെടുത്തിയ/എംപാനൽ ചെയ്ത നെറ്റ്‌വർക്ക് പ്രൊവൈഡർ ആയിരിക്കുകയും വേണം. (നെറ്റ്‌വർക്ക് ദാതാക്കളുടെ പൂർണ പട്ടികയ്ക്ക് ദയവായി ഞങ്ങളുടെ വെബ്സൈറ്റ് ശശശ.ഡഡഡഡഡഫമബഠടറഢ.ഡമബ സന്ദർശിക്കുക അല്ലെങ്കിൽ വിശദാംശങ്ങൾക്ക് 1800 2666 എന്ന ഞങ്ങളുടെ ടോൾ ഫ്രീ നമ്പറിൽ ഞങ്ങളെ ബന്ധപ്പെടുക).

iv. ഞങ്ങളുടെ നെറ്റ്‌വർക്ക്/എംപാനൽഡ് സേവന ദാതാക്കൾ മുഖേന ക്യാഷ്‌ലെസ് അടിസ്ഥാനത്തിൽ മാത്രമേ ഈ കവറേജ് ലഭ്യമാകൂ.

v. ഈ കവറിനു കീഴിലുള്ള ഏത് ക്ലെയിമിനും 2 വർഷത്തെ കാത്തിരിപ്പ് കാലയളവ് ഉണ്ടായിരിക്കും. ആക്സിഡന്റൽ എമർജൻസികൾക്ക് കാത്തിരിപ്പ് കാലയളവ് ഉണ്ടായിരിക്കില്ല. പ്രസ്തുത പോളിസിയിൽ ഏതെങ്കിലും പുതിയ അംഗങ്ങളെ ചേർക്കുന്ന പക്ഷം, വേൾഡ് വൈഡ് കവറിനു കീഴിൽ ഏതെങ്കിലും കവറേജ് ലഭ്യമാക്കുന്നതിന് മുമ്പ് അവർ 2 വർഷത്തെ കാത്തിരിപ്പ് കാലയളവ് ബാധകമായിരിക്കും. റിന്യൂവൽ സമയത്ത് സം ഇൻഷ്വേഡ് വർധിപ്പിക്കുകയാണെങ്കിൽ, വർധിപ്പിച്ച സം ഇൻഷ്വേഡിന് പുതിയ കാത്തിരിപ്പ് കാലയളവ് ബാധകമായിരിക്കും.

vi. മുൻകൂട്ടി ആസൂത്രണം ചെയ്ത് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയാണെങ്കിൽ, യാത്രയുടെ 7 ദിവസം മുമ്പെങ്കിലും ഞങ്ങളെ/ഞങ്ങളുടെ എംപാനൽ ചെയ്ത സേവന ദാതാവിനെ മുൻകൂട്ടി അറിയിക്കുകയും ഞങ്ങളിൽ

നിന്ന് ഉചിതമായ അനുമതി അവശ്യം നേടിയിരിക്കുകയും വേണം.

vii. ഒരൊറ്റ യാത്രയിൽ യാത്ര ചെയ്ത തീയതി മുതൽ തുടർച്ചയായി 45 ദിവസത്തേക്കും ഒരു പോളിസി വർഷത്തിൽ സഞ്ചിത അടിസ്ഥാനത്തിൽ മൊത്തത്തിൽ 90 ദിവസത്തേക്കും കവറേജ് ലഭ്യമായിരിക്കും. യാത്രാ തീയതി മുതൽ 45 ദിവസത്തിനപ്പുറം ഉണ്ടാകുന്ന ചെലവുകൾ ഒന്നും ഒരു സാഹചര്യത്തിലും കവർ ചെയ്യപ്പെടില്ല.

viii. ഈ ആനുകൂല്യത്തിന് കീഴിലുള്ള ചെലവുകളുടെ കവർ ഇൻ–പേഷ്യന്റ് ഹോസ്പിറ്റലൈസേഷൻ ചെലവുകൾ, ഇൻ–പേഷ്യന്റ് ആയുഷ് ഹോസ്പിറ്റലൈസേഷൻ, ഡേകെയർ നടപടിക്രമങ്ങൾ/ചികിത്സാ ചെലവുകൾ എന്നിവയിൽ പരിമിതപ്പെടുത്തും.

ix. ഹോസ്പിറ്റലൈസേഷനു മുമ്പും ശേഷവുമുള്ള മെഡിക്കൽ ചെലവുകൾ, ഔട്ട്പേഷ്യന്റ് ചികിത്സ അല്ലെങ്കിൽ ഈ പോളിസിക്കു കീഴിലുള്ള മറ്റേതെങ്കിലും ബേസിക് കവറുകൾ/ഓപ്ഷണൽ കവറുകൾ എന്നിവയ്ക്ക് വേണ്ടിയുള്ള ചെലവുകൾ വേൾഡ് വൈഡ് കവറിനു കീഴിൽ കവർ ചെയ്യില്ല.

x. ഏത് ക്ലെയിമിന്റെയും പേയ്മെന്റ് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർബിഐ) പ്രസിദ്ധീകരിച്ച നഷ്ട തീയതിയിലെ എക്സ്ചേഞ്ച് നിരക്കിനെ അടിസ്ഥാനമാക്കിയുള്ളതായിരിക്കുകയും ക്ലെയിമുകളുടെ പേയ്മെന്റ് വിദേശ കറൻസി ഇന്ത്യൻ രൂപയിലേക്ക് പരിവർത്തനം ചെയ്ത് ഉപയോഗിക്കുന്നതുമായിരിക്കും. ഇൻഷുർ ചെയ്ത വ്യക്തിയുടെ നഷ്ടത്തിൻറെ തീയതിയിൽ, ആർബിഐ നിരക്കുകൾ പ്രസിദ്ധീകരിച്ചില്ലെങ്കിൽ, അടുത്ത് പ്രസിദ്ധീകരിക്കുന്ന വിനിമയ നിരക്കുകൾ പരിവർത്തനത്തിനായി പരിഗണിക്കും.

xi. ലോയൽറ്റി ബോണസ്/പവർ ബൂസ്റ്റർ/ഇൻഫ്ളേഷൻ പ്രൊട്ടക്ടർ (എന്തെങ്കിലും ഉണ്ടെങ്കിൽ) എന്നിവയ്ക്ക് കീഴിൽ ലഭ്യമായ ഏതെങ്കിലും അഡീഷണൽ സം ഇൻഷ്വേഡ് വേൾഡ് വൈഡ് കവറിൽ ലഭ്യമാകില്ല, കൂടാതെ ഉണ്ടാകുന്ന ഹോസ്പിറ്റലൈസേഷൻ/ഡേകെയർ ചെലവുകൾ ഈ പോളിസിക്ക് കീഴിലുള്ള വാർഷിക സം ഇൻഷ്വേഡ് വരെ മാത്രമേ കവർ ചെയ്യപ്പെടൂ.

xii. മെറ്റേണിറ്റി ബെനിഫിറ്റ്, ജമ്പ്സ്റ്റാർട്ട്, പവർ ബൂസ്റ്റർ, ഇൻഫിനിറ്റ് കെയർ, റീസെറ്റ് ബെനിഫിറ്റ്, ക്ലെയിം പ്രൊട്ടക്ടർ എന്നിവ വേൾഡ് വൈഡ് കവറിൽ ലഭ്യമാകില്ല.

xiii. നെഗറ്റീവ് ആയി ലിസ്റ്റ് ചെയ്ത രാജ്യങ്ങളെയും നെഗറ്റീവ് ഭൂമിശാസ്ത്രം പ്രകടിപ്പിക്കുന്ന രാജ്യങ്ങളെയും വേൾഡ് വൈഡ് കവറിനു കീഴിലുള്ള കവറേജിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു. നെഗറ്റീവ് ആയി ലിസ്റ്റ് ചെയ്ത രാജ്യങ്ങളും നെഗറ്റീവ് ഭൂമിശാസ്ത്രം പ്രകടിപ്പിക്കുന്ന രാജ്യങ്ങളും എന്നതു കൊണ്ട് അർത്ഥമാക്കുന്നത് എഫ്എടിഎഫ് (ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ്) ഗ്രേ ആൻഡ് ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള രാജ്യങ്ങൾ/ പ്രദേശങ്ങൾ/ ഭൗമമേഖലകൾ എന്നാണ്. അപ്ഡേറ്റ് ചെയ്ത പട്ടികയ്ക്ക് ദയവായി സന്ദർശിക്കുക: https:// www.fatf-gafi.org/en/countries/black-and-greylists.html

**ശ്രദ്ധിക്കുക:** ഞങ്ങളുടെ സ്വന്തം വിവേചനാധികാരത്തിൽ, ക്യാഷ്ലെസ് സൗകര്യങ്ങൾക്കു വേണ്ടി ഏതെങ്കിലും നെറ്റ് വർക്ക് ദാതാവിനെ/എംപാനൽഡ് സേവന ദാതാവിനെ പരിഷ്ക്കരിക്കുന്നതിനും ചേർക്കുന്നതിനും പരിമിതപ്പെടുത്തുന്നതിനുമുള്ള അവകാശം കമ്പനിയിൽ നിക്ഷിപ്തമായിരിക്കും. ഇൻഷുർ ചെയ്ത വ്യക്തികൾ ഞങ്ങളുടെ www.icicilombard.com എന്ന വെബ്സൈറ്റിൽ നെറ്റ്വർക്ക് ദാതാവിന്റെ/എംപാനൽഡ് സേവന ദാതാവിന്റെ അപ്ഡേറ്റ് ചെയ്ത ലിസ്റ്റ് സമയബന്ധിതമായി പരിശോധിക്കണമെന്ന് ഉപദേശിക്കുന്നു.

ഈ ഓപ്ഷണൽ കവറിന് ഇനിപ്പറയുന്ന അഡീഷണൽ ഒഴിവാക്കലുകൾ ബാധകമായിരിക്കും:

I. ഹോസ്പിറ്റലൈസേഷൻ കൂടാതെ ഔട്ട്പേഷ്യന്റ് അടിസ്ഥാനത്തിൽ ചെയ്തിരിക്കാവുന്ന ഏതെങ്കിലും ചികിത്സ

ii. ഗവേഷണ വിധേയമാക്കുന്ന ചികിത്സകൾ, പരീക്ഷണവിധേ– യമാക്കുന്ന ചികിത്സ.

iii. രോഗശമനാനന്തരമുള്ള പടിപടിയായുള്ള സുഖം പ്രാപിക്കൽ, രോഗശമനം, സാനിറ്റോറിയം ചികിത്സ, പ്രൈവറ്റ് ഡ്യൂട്ടി നഴ്സിംഗ്, ഒരു ക്ലിനിക്കിൽ, വിശ്രമ കേന്ദ്രത്തിൽ, ആസക്തിയുള്ളവർക്കുള്ള രോഗമുക്തി കേന്ദ്രത്തിൽ, ഡീടോക്സിഫിക്കേഷൻ കേന്ദ്രത്തിൽ, വയോധികർക്കുള്ള ഭവനത്തിൽ, മെൻറലി ഡിസ്റ്റർബ്ഡ് റീമോഡലിംഗ് ക്ലിനിക്കിൽ അല്ലെങ്കിൽ അംഗീകൃത ആശുപത്രി അല്ലാത്ത സ്ഥാപനത്തിൽ എടുക്കുന്ന ഏതെങ്കിലും ചികിത്സ.

iv. ഏതെങ്കിലും ഫിസിക്കൽ, സൈക്യാട്രിക് അല്ലെങ്കിൽ സൈക്കോളജിക്കൽ എക്സാമിനേഷനുകൾ അല്ലെങ്കിൽ ടെസ്റ്റുകൾ

v. മെഡിക്കൽ ആയി ആവശ്യമാണെന്നും ഇൻ–പേഷ്യന്റ് ഹോസ്പിറ്റലൈസേഷൻ ചികിത്സയുടെ ഭാഗമായി നിർവഹിക്കണമെന്നും പരിചരിക്കുന്ന മെഡിക്കൽ പ്രാക്ടീഷണർ സാക്ഷ്യപ്പെടുത്താത്ത പക്ഷമുള്ള ന്യൂട്രീഷ്യണൽ, ഇലക്ട്രോലൈറ്റ് സപ്ലിമെന്റുകൾക്കായുള്ള അഡ്മിഷൻ.

vi. പ്രോസ്തീസിസ്, തിരുത്തൽ ഉപകരണങ്ങൾ, ഏതെങ്കിലും തരത്തിലുള്ള കറക്ടീവ് ഡിവൈസുകൾ, എക്സ്റ്റേണൽ ഡ്യൂറബിൾ മെഡിക്കൽ ഉപകരണങ്ങൾ എന്നിവയ്ക്ക് വേണ്ടി വരുന്ന ഏതെങ്കിലും ചിലവുകൾ.

vii. കൃത്രിമ കൈകാലുകൾ, ഊന്നുവടികൾ അല്ലെങ്കിൽ

മറ്റേതെങ്കിലും ബാഹ്യ ഉപകരണങ്ങൾ കൂടാതെ/അല്ലെങ്കിൽ രോഗനിർണയത്തിനോ ചികിത്സയ്ക്കോ ഉപയോഗിക്കുന്ന ഉപകരണം എന്നിവയുടെ ചെലവ്. സ്ലീപ് അപ്നിയയും മറ്റ് ഉറക്ക തകരാറുകളും.

viii. സ്പൈനൽ സബ്‌ലൂക്സേഷന്റെ വിശകലനത്തിനും ക്രമീകരണത്തിനുമുള്ള ചികിത്സയും സപ്ലൈകളും, എല്ലിന്റെ ഘടനയിൽ മാനിപ്പുലേഷൻ നിർവഹിച്ചു കൊണ്ടുള്ള രോഗനിർണയം, ചികിത്സ; ഒടിവുകൾ, (ഹെയർലൈൻ ഒടിവുകൾ ഒഴികെ), താടിയെല്ലിൻറെയും കൈകാൽ വിരലുകളുടെയും ഡിസ്ലൊക്കേഷനുകൾ എന്നിവ ഒഴികെയുള്ള ഏതെങ്കിലും വിധത്തിലുള്ള മസിൽ സ്റ്റിമുലേഷൻ

ix. ജോലിയ്ക്കോ യാത്രയ്ക്കോ അല്ലെങ്കിൽ അത്തരത്തിലുള്ള മറ്റേതെങ്കിലും ഉദ്ദേശ്യത്തിനോ ആവശ്യമായ മെഡിക്കൽ സർട്ടിഫിക്കറ്റുകൾക്കും എക്സാമിനേഷനുകൾക്കും ആവശ്യമായ ചെലവ്

x. റൊട്ടേഷണൽ ഫീൽഡ് ക്വാണ്ടം മാഗ്നറ്റിക് റിസോണൻസ് (ആർഎഫ്ക്യൂഎംആർ), എക്സ്റ്റേണൽ കൗണ്ടർ പൾസേഷൻ (ഇസിപി), എൻഹാൻസ്ഡ് എക്സ്റ്റേണൽ കൗണ്ടർ പൾസേഷൻ (ഇഇസിപി), ഹൈപ്പർബാറിക് ഓക്സിജൻ തെറാപ്പി, കെടിപി ലേസർ സർജറികൾ, സൈബർ നൈഫ് ചികിത്സ, ഫെംറ്റോ ലേസർ സർജറികൾ, ബയോഅബ്സോർബബിൾ സ്റ്റെന്റുകൾ, ബയോഅബ്സോർബബിൾ വാൽവുകൾ, ബയോഅബ്സോർബബിൾ ഇംപ്ലാന്റുകൾ എന്നിവയ്ക്കുള്ള ചികിത്സ.

xi. അബ്ലേഷന് അറല്ലങ്കിൽ മറ്റ് നടപടിക്രമങ്ങൾക്കുള്ള റേഡിയോ ഫ്രീക്വൻസി (ആർഎഫ്) പ്രോബിന്റെ ഉപയോഗം, ഞങ്ങളെ മുൻകൂട്ടി രേഖാമൂലം അറിയിക്കുകയും ഞങ്ങൾ പ്രത്യേകമായി അംഗീകരിക്കുകയും ചെയ്തിട്ടില്ലെങ്കിൽ.

xii. പൊതുവായ തളർച്ച അല്ലെങ്കിൽ ക്ഷീണം.

## 10. ക്ലെയിം പ്രൊട്ടക്ടർ

ഇൻപേഷ്യന്റ് ചികിത്സ' അല്ലെങ്കിൽ 'ഡേകെയർ നടപടിക്രമങ്ങൾ/ ചികിത്സ' കവറിനു കീഴിൽ ഒരു ക്ലെയിം സ്വീകരിച്ചിട്ടുണ്ടെങ്കിൽ, **ലിസ്റ്റ് എൽ ഉൾപ്പെടുത്തിയിട്ടുള്ള ഇനങ്ങൾ–അനെക്സർ എഎന്റെ പോളിസിയിൽ കവറേജ് ലഭ്യമല്ലാത്ത,** ആ പ്രസ്തുത ക്ലെയിമിന് നോൺ–പേയബിൾ ആയവ, പേയബിൾ ആയി മാറും.

i. ആഡ് ഓൺ/ഓപ്ഷണൽ കവറിനു കീഴിൽ പേയബിൾ ആയ പരമാവധി ക്ലെയിം പോളിസിക്ക് കീഴിലുള്ള വാർഷിക സം ഇൻഷ്വേഡിൽ പരിമിതപ്പെടുത്തിയിരിക്കുന്നു.

ii. ആഡ് ഓൺ/ഓപ്ഷണൽ കവറിനു കീഴിലുള്ള ക്ലെയിമുകൾ ഇന്ത്യയുടെ ഭൗമ അതിരുകൾക്കുള്ളിൽ എടുക്കുന്ന ചികിത്സയിൽ പരിമിതപ്പെടുത്തിയിരിക്കുന്നു. അതിനാൽ, ഈ കവർ ഓപ്ഷണൽ കവർ 9 വേൾഡ് വൈഡ് കവറിന് ബാധകമല്ല.

iii. ലോയൽറ്റി ബോണസ്/ഇൻഫ്ലേഷൻ പ്രൊട്ടക്ടർ/റീസെറ്റ് ബെനിഫിറ്റ് എന്നിവയ്ക്ക് കീഴിൽ സമാഹരിച്ച ഏതെങ്കിലും സം ഇൻഷ്വേഡ് ക്ലെയിം പ്രൊട്ടക്ടർ കവറിന് ലഭ്യമാകില്ല.

## 11. ഇൻഫ്ളേഷൻ പ്രൊട്ടക്ടർ

ബേസ് പ്ലാനിന് കീഴിലുള്ള വാർഷിക സം ഇൻഷ്വേഡിനെ ഉപഭോക്തൃ വില സൂചികയുമായി (സിപിഐ) ബന്ധിപ്പിച്ച്, വർധിച്ചുവരുന്ന പണപ്പെരുപ്പത്തിൽ നിന്ന് സം ഇൻഷ്വേഡിനെ സുരക്ഷിതമാക്കുന്നതിനാണ് ഇൻഫ്ളേഷൻ പ്രൊട്ടക്ടർ രൂപകൽപന ചെയ്തിരിക്കുന്നത്. മുൻ വർഷത്തെ പണപ്പെരുപ്പ നിരക്കിന്റെ അടിസ്ഥാനത്തിൽ ഓരോ തവണ റിന്യൂവൽ ചെയ്യുമ്പോൾ ലോയൽറ്റി അടിസ്ഥാനത്തിൽ വാർഷിക സം ഇൻഷ്വേഡ് വർധിപ്പിക്കും. സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ (സിഎസ്ഒ) പ്രസിദ്ധീകരിച്ച മുഴുവൻ കലണ്ടർ വർഷത്തിന്റെയും ശരാശരി സിപിഐ ആയി പണപ്പെരുപ്പ നിരക്ക് കണക്കാക്കും.

ഈ പോളിസിക്ക് കീഴിലുള്ള വാർഷിക സം ഇൻഷ്വേഡിൽ മാത്രമേ % വർധന ബാധകമാകൂ, ലോയൽറ്റി ബോണസ്/ പവർ ബൂസ്റ്റർ അല്ലെങ്കിൽ മറ്റേതെങ്കിലും ആനുകൂല്യം സം ഇൻഷ്വേഡിന്റെ വർധനവിലേക്ക് നയിക്കില്ല.

റിന്യൂവൽ ചെയ്യുന്ന സമയത്ത്, നിങ്ങൾ ഈ ഓപ്ഷണൽ കവർ തിരഞ്ഞെടുക്കാതിരിക്കുകയാണെങ്കിൽ, ഇൻഫ്ളേഷൻ പ്രൊട്ടക്ടർ കവറിനു കീഴിൽ പോളിസി വർഷം അവസാനിക്കുന്നത് വരെ സമാഹരിച്ച സം ഇൻഷ്വേഡ് നഷ്ടപ്പെടും.

ചിത്രീകരണം

| വർഷം | വാർഷിക സം ഇൻഷ്വേഡ് | ഇൻഫ്ളേഷൻ പ്രൊട്ടക്ടർ തിരഞ്ഞെടുത്തു | റിന്യൂവൽ കംപ്യൂട്ടേഷനിലെ ഇൻഫ്ളേഷൻ പ്രൊട്ടക്ടർ# | മൊത്തത്തിലുള്ള ഇൻഫ്ളേഷൻ പ്രൊട്ടക്ടർ |
|---|---|---|---|---|
| 0 | ₹ 10,00,000 | അതെ | ബാധകമല്ല | ബാധകമല്ല |
| 1 | ₹ 10,00,000 | അറ്റത | 10,00,000x6% = 60,000 | Rs. 60,000 |
| 2## | ₹ 15,00,000 | അറ്റത | 10,00,000x6% = 60,000 | ₹60,000 + ₹60,000 = ₹1,20,000 |
| 3 | ₹ 15,00,000 | അറ്റത | 15,00,000x6%=90,000 | ₹1,20,000 + ₹90,000 = ₹2,10,000 |
| 4 | ₹ 15,00,000 | ഇല്ല | ഈ ഓപ്ഷണൽ കവർ ഉപഭോക്താവ് ഒഴിവാക്കിയതിനാൽ ഒന്നുമില്ല | ബാധകമല്ല |

#ഉപഭോക്തൃ വില സൂചിക 6% എന്ന പരിഗണനയിൽ

##ഇൻഷുർ ചെയ്ത വ്യക്തി അദ്ദേഹത്തിന്റെ/അവരുടെ വാർഷിക സം ഇൻഷ്വേഡ് 10 ലക്ഷത്തിൽ നിന്ന് 15 ലക്ഷമായി വർധിപ്പിച്ചു.

**12. ഡൊമസ്റ്റിക് എയർ ആംബുലൻസ് കവർ**

ഒരു ഹെൽത്ത് കെയർ അറല്ലങ്കിൽ എയർ ആംബുലൻസ് സേവന ദാതാവ് വാഗ്ദാനം ചെയ്യുന്ന എയർ ആംബുലൻസ് സേവനങ്ങളിലൂടെ പോളിസി കാലയളവിൽ ഇൻഷുർ ചെയ്ത വ്യക്തിയെ അടിയന്തിര പരിചരണം നൽകുന്നതിന് മതിയായ അടിയന്തര സൗകര്യങ്ങൾ സഹിതമുള്ള തൊട്ടടുത്തുള്ള ആശുപത്രിയിലേക്ക് മാറ്റുന്നതിന് ഉപയോഗിച്ച ചെലവുകൾ ഇനി പറയുന്നവയ്ക്ക് വിധേയമായി വാർഷിക സം ഇൻഷ്വേഡ് വരെ ഞങ്ങൾ കവർ ചെയ്യും:

i. ഇൻഷുർ ചെയ്ത വ്യക്തിയുടെ ജീവനു ഭീഷണിയാകുന്ന ആരോഗ്യ രോഗാവസ്ഥകളിൽ ഇൻഷുർ ചെയ്ത വ്യക്തിക്ക് എമർജൻസി പരിചരണം ആവശ്യമായ സമയത്ത് ഇൻഷുർ ചെയ്ത വ്യക്തി ഉണ്ടായിരിക്കുന്ന സ്ഥലത്തു നിന്ന് ഒരു ആശുപത്രിയിലേക്ക് അടിയന്തരവും ദ്രുതവുമായ ആംബുലൻസ് ട്രാൻസ്പോർട്ടേഷൻ ആവശ്യമാകുകയും അത് മെഡിക്കലി ആവശ്യമായ ചികിത്സയാണെന്ന് ഒരു മെഡിക്കൽ പ്രാക്ടീഷണർ സാക്ഷ്യപ്പെടുത്തുകയും ഡൊമസ്റ്റിക് റോഡ് ആംബുലൻസ് സർവീസുകൾ നൽകാൻ കഴിയാത്തതുമായ സന്ദർഭങ്ങളിലാണ് ഇത് വിനിയോഗിക്കുന്നത്.

ii. അത്തരം സേവനങ്ങൾ നൽകുന്ന എയർ ആംബുലൻസിന്, പര്യാപ്തമായ ഒരു സർക്കാർ അതോറിറ്റിയുടെ ലൈസൻസ് ഉണ്ടായിരിക്കണം.

iii. ഈ കവർ എമർജൻസി ഉണ്ടായ പ്രദേശത്തു നിന്ന് തൊട്ടടുത്ത ആശുപത്രിയിലേക്കുള്ള ട്രാൻസ്പോർട്ടേഷന് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു;

iv. ഞങ്ങൾ ഇനി പറയുന്നവ കവർ ചെയ്യില്ല:

a. ഒരു ആശുപത്രിയിൽ നിന്ന് മറ്റൊന്നിലേക്കുള്ള ട്രാൻസ്പോർട്ടേഷൻ;

b. ഇൻഷുർ ചെയ്ത വ്യക്തിയെ ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ചെയ്ത ശേഷം ആശുപത്രിയിൽ നിന്ന് ഇൻഷുർ ചെയ്ത വ്യക്തിയുടെ വസതിയിലേക്കുള്ള ഏത് ട്രാൻസ്പോർട്ടേഷനും

c. ഇന്ത്യയുടെ ഭൗമ പരിധിക്ക് പുറത്തുള്ള ഏത് ട്രാൻസ്പോർട്ടേഷനും അല്ലെങ്കിൽ എയർ ആംബുലൻസ് ചെലവുകളും.

v. എയർ ആംബുലൻസ് സേവനങ്ങൾ ലഭ്യമാക്കിയ അതേ അപകടത്തിന്/അസുഖത്തിന് ഇൻഷുർ ചെയ്ത വ്യക്തിയുമായി ബന്ധപ്പെട്ട ഇൻപേഷ്യന്റ് ട്രീറ്റ്മെന്റിന് കീഴിലുള്ള ഒരു ക്ലെയിം ഞങ്ങൾ സ്വീകരിക്കും.

vi. അടിയന്തര പരിചരണം ആവശ്യമായ സമയത്ത് ഇൻഷുർ ചെയ്ത വ്യക്തി നില കൊള്ളുന്ന ആശുപത്രിയിൽ മെഡിക്കലി ആവശ്യമായ ചികിത്സ നൽകാൻ കഴിയുമെങ്കിൽ ഞങ്ങൾ ബാധ്യസ്ഥരായിരിക്കില്ല.

**13. രോഗാനന്തരം ആരോഗ്യം വീണ്ടെടുക്കാനുള്ള ആനുകൂല്യം**

ഈ പോളിസി പ്രകാരം സാധുവായ ക്ലെയിം അനുവദനീയമായ ഏതെങ്കിലും അപകടം / രോഗം / അസുഖം / പരിക്ക് എന്നിവയുടെ ചികിത്സയ്ക്കായി ഇൻഷുർ ചെയ്ത വ്യക്തിയെ തുടർച്ചയായി 10 ദിവസമോ അതിൽ കൂടുതലോ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, ഇൻഷ്വേഡിന് / ഇൻഷ്വർ ചെയ്ത വ്യക്തിക്ക് 20,000 രൂപ ഒരു ഫിക്സഡ് അലവൻസ് പേയ്മെന്റ് ആയി ഈ ആനുകൂല്യം നൽകും. ഇത് ഒരു പോളിസി വർഷത്തിൽ ഒരിക്കൽ മാത്രമേ നൽകുകയുള്ളൂ.

ഇൻഷുർ ചെയ്ത ഒരു വ്യക്തി 1 വർഷത്തെ പോളിസി കാലയളവാണ് തിരഞ്ഞെടുത്തതെങ്കിൽ, അദ്ദേഹത്തിന്/അവർക്ക് ഒരു തവണ മാത്രമേ (അതായത് ഒരു പോളിസി വർഷത്തിൽ ഒന്ന്) രോഗാനന്തരം ആരോഗ്യം വീണ്ടെടുക്കാനുള്ള ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കൂ, എന്നാൽ അദ്ദേഹം/അവർ 3 വർഷത്തെ പോളിസി കാലയളവാണ് തിരഞ്ഞെടുത്തതെങ്കിൽ, അദ്ദേഹം/അവർ എല്ലാ വർഷവും ഒരിക്കൽ ഈ ആനുകൂല്യത്തിന് അർഹരായിരിക്കും (അതായത് പോളിസി വർഷത്തിൽ ഒന്ന്).

**14. വീട്ടിൽ നൽകുന്ന നഴ്സിംഗ് പരിചരണം**

പോസ്റ്റ്–ഹോസ്പിറ്റലൈസേഷന് പരമാവധി 10 ദിവസം വരെ നിങ്ങളുടെ വീട്ടിൽ അർഹരായ ഒരു നഴ്സിന്റെ മെഡിക്കൽ സേവനങ്ങൾക്കായി , നിങ്ങൾക്ക് വേണ്ടിവന്ന ചെലവുകൾക്ക് ഞങ്ങൾ നിങ്ങൾക്ക് പ്രതിദിനം 2,000 രൂപ വരെ നൽകും, പ്രസ്തുത നഴ്സ് ഒരു ഹോസ്പിറ്റലിൽ ജോലി ചെയ്യുകയും അത്തരം അർഹരായ നഴ്സിനെ

നിയോഗിക്കുന്നത് ഒരു മെഡിക്കൽ പ്രാക്ടീഷണർ ആവശ്യമാണെന്ന് സാക്ഷ്യപ്പെടുത്തുകയും പോളിസിയുടെ കീഴിൽ വരുന്ന ഏതെങ്കിലും രോഗവുമായോ പരിക്കുകളുമായോ നേരിട്ട് ബന്ധപ്പെട്ടിരിക്കുകയും ചെയ്യുന്നതിന് വിധേയമായി. ഈ ഓപ്ഷണൽ കവറിന്/ആഡ് ഓണിന് കീഴിലുള്ള ക്ലെയിം, പോളിസിയിലെ "ഇൻ-പേഷ്യന്റ് ട്രീറ്റ്മെന്റ്" വിഭാഗത്തിന് കീഴിൽ ഞങ്ങളുടെ ബാധ്യത ഞങ്ങൾ അംഗീകരിച്ചിട്ടുണ്ടെങ്കിൽ മാത്രമേ നൽകൂ.

**15. കംപാഷണേറ്റ് സന്ദർശനം**

നിങ്ങൾ ഹോസ്പിറ്റലൈസേഷനിലും അത് തുടർച്ചയായി 5 ദിവസങ്ങൾക്കപ്പുറം നീണ്ടുനിൽക്കുന്നതും ആണെങ്കിൽ, നിങ്ങളെ ചികിത്സിക്കുന്ന മെഡിക്കൽ പ്രാക്ടീഷണറുടെ അഭിപ്രായത്തിൽ, നിങ്ങളുടെ തൊട്ടടുത്ത കുടുംബാംഗത്തിന് അവരുടെ സ്വന്തം സ്ഥലത്തു നിന്ന് വരാനും പോകാനും ഉള്ള ഇക്കണോമി ക്ലാസ് എയർ ടിക്കറ്റിന്റെ/റെയിൽവേ ടിക്കറ്റിന്റെ നിരക്ക് ഞങ്ങൾ നൽകും.

എന്നിരുന്നാലും, ഈ ഓപ്ഷണൽ കവറിനു കീഴിലുള്ള ഞങ്ങളുടെ ബാധ്യത, പോളിസി വർഷത്തിൽ ഏതെങ്കിലും ഒരു ഇവന്റ് അല്ലെങ്കിൽ ഹോസ്പിറ്റലൈസേഷന്റെ എല്ലാ സംഭവങ്ങളുമായി ബന്ധപ്പെട്ട് പോളിസി കാലയളവിലെ ഓരോ പോളിസി വർഷത്തിനും മൊത്തം 20,000 രൂപയിൽ കവിയില്ല. ഈ എക്സ്റ്റൻഷൻറെ ഉദ്ദേശ്യത്തിനായി, 'തൊട്ടടുത്ത കുടുംബാംഗം' എന്ന പദത്തിന്റെ അർത്ഥം ഇൻഷുർ ചെയ്തയാളുടെ ജീവിതപങ്കാളി, കുട്ടികൾ, മാതാപിതാക്കൾ, പാരൻറ്സ്-ഇൻ-ലോ എന്നാണ്.

**16. ഹെൽത്ത് ചെക്ക്-അപ്പ് (18 വയസ്സും അതിനു മുകളിലും ഉള്ളവർക്ക്)**

18 വയസ്സും അതിനു മുകളിലും പ്രായമുള്ള മുതിർന്ന ഇൻഷുർ ചെയ്ത വ്യക്തിക്ക്(കൾക്ക്) താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി പോളിസി കാലയളവിൽ എപ്പോൾ വേണമെങ്കിലും ക്യാഷ്‌ലെസ് അടിസ്ഥാനത്തിൽ ഞങ്ങളുടെ നെറ്റ്‌വർക്ക് ദാതാക്കളിൽ നിന്ന് അല്ലെങ്കിൽ എംപാനൽഡ് ആരോഗ്യ സേവന ദാതാക്കളിൽ നിന്ന് ആരോഗ്യ പരിശോധന ലഭ്യമാക്കാം

I. പരമാവധി 5,000 രൂപയ്ക്ക് വിധേയമായി വാർഷിക സം ഇൻഷ്വേഡിന്റെ 0.5% വരെയാണ് ഈ കവറേജ്

II. സം ഇൻഷ്വേഡിന്റെ അർഹതയ്ക്ക് അനുസൃതമായി മുൻകൂട്ടി രൂപകൽപന ചെയ്ത ആരോഗ്യ പായ്ക്കേജുകൾ വഴിയായിരിക്കും മേൽപറഞ്ഞ കവർ വിനിയോഗിക്കപ്പെടുന്നത്. ഇൻഷുർ ചെയ്ത വ്യക്തിക്ക് (കൾക്ക്) മുൻകൂട്ടി രൂപകൽപന ചെയ്ത പായ്ക്കേജുകൾ ഭേദഗതി ചെയ്യാൻ കഴിയില്ല

III. പോളിസി ഷെഡ്യൂളിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ, ഇൻഷുർ ചെയ്ത ഒരു വ്യക്തിക്ക് ഒരു മുതിർന്ന വ്യക്തി എന്ന നിലയിൽ വിതരണം ചെയ്ത് ആദ്യ തവണ ഒരു പോളിസി വർഷത്തിൽ ഒരിക്കൽ മാത്രമേ ഹെൽത്ത് ചെക്ക്-അപ്പ് ലഭ്യമാക്കാൻ കഴിയൂ.

IV. മുൻകൂർ നിശ്ചയിച്ച ആരോഗ്യ പരിശോധന പായ്ക്കേജുകൾ മുൻകൂർ അറിയിപ്പ് കൂടാതെ കാലാകാലങ്ങളിൽ മാറ്റം വരുത്തിയേക്കാം, എന്നാൽ സം ഇൻഷ്വേഡ് അർഹതയിൽ മാറ്റം വരുത്തില്ല

V. ഈ കവർ ഞങ്ങളുടെ മൊബൈൽ ആപ്ലിക്കേഷൻ വഴിയോ ഇനി പറയുന്ന ഞങ്ങളുടെ ടോൾ ഫ്രീ നമ്പറിൽ വിളിച്ചു കൊണ്ടോ ലഭ്യമാക്കാം: 1800 2666

VI. ഈ കവറിനു കീഴിൽ ഒരു ആരോഗ്യ പരിശോധന നടത്താനുള്ള ഇൻഷുർ ചെയ്ത വ്യക്തിയുടെ അഭ്യർത്ഥന ലഭിച്ചതിന് ശേഷം നെറ്റ്‌വർക്ക് ദാതാവിനെ/ആരോഗ്യ സേവന ദാതാവിനെ ഞങ്ങൾ നിയോഗിക്കും.

VII. ഈ ആരോഗ്യ പരിശോധന വിനിയോഗിക്കുന്നത് വാർഷിക സം ഇൻഷ്വേഡിനെ ബാധിക്കില്ല

VIII. വിനിയോഗിക്കാത്ത ആരോഗ്യ പരിശോധനാ പായ്ക്കേജ് അടുത്ത പോളിസി വർഷത്തേക്ക് മാറ്റി വയ്ക്കാൻ കഴിയില്ല, നിയുക്ത പോളിസി കാലയളവിൽ അത് ഉപയോഗിക്കേണ്ടത് ഇൻഷുർ ചെയ്ത വ്യക്തിയുടെ ഇഷ്ടവും ഉത്തരവാദിത്തവുമായിരിക്കും. ഇതിനു വേണ്ടി എന്തെങ്കിലും ഓർമ്മപ്പെടുത്തലുകളോ അറിയിപ്പുകളോ നൽകാൻ ഞങ്ങൾ ബാധ്യസ്ഥരല്ല

IX. ദീർഘകാല പോളിസികൾ ആണെങ്കിൽ (2 വർഷം അല്ലെങ്കിൽ 3 വർഷം), പ്രായപൂർത്തിയായ ഇൻഷുർ ചെയ്ത വ്യക്തി(കൾ) പോളിസി വർഷത്തിൽ ഒരിക്കൽ ആരോഗ്യ പരിശോധനയ്ക്ക് അർഹരായിരിക്കും.

ഇനി പറയുന്നതാണ് ഹെൽത്ത് ചെക്ക്-അപ്പ് പാക്കേജുകളുടെ പട്ടിക:

| അംഗങ്ങളുടെ എണ്ണം | സം ഇൻഷ്വേഡ് | ഹെൽത്ത് ചെക്ക്-അപ്പ് പാക്കേജുകൾ |
|---|---|---|
| 1 | 5 ലക്ഷം | സിബിസി, ഇഎസ്ആർ, എച്ച്ബിഎ1സി, ബിഎസ്എഫ്, ലിപിഡ് പ്രൊഫൈൽ, ലിവർ ഫംഗ്ഷൻ ടെസ്റ്റ്, കിഡ്നി ഫംഗ്ഷൻ ടെസ്റ്റ്, അയൺ സ്റ്റഡീസ്, തൈറോയ്ഡ് പ്രൊഫൈൽ ടോട്ടൽ, വിറ്റ് ബി12, വിറ്റ് ഡി 25 ഹൈഡ്രോക്സി |
| | 7.5 ലക്ഷം | സിബിസി, ഇഎസ്ആർ, ബിഎസ്എഫ്, എച്ച്ബിഎ1സി, ലിപിഡ് പ്രൊഫൈൽ, ലിവർ ഫംഗ്ഷൻ ടെസ്റ്റ്, കിഡ്നി ഫംഗ്ഷൻ ടെസ്റ്റ്, അയൺ സ്റ്റഡീസ്, തൈറോയ്ഡ് പ്രൊഫൈൽ ടോട്ടൽ, വിറ്റ് ബി 12, വിറ്റ് ഡി 25 ഹൈഡ്രോക്സി, ഇലക്ട്രോലൈറ്റുകൾ, എച്ച്എസ്സിആർപി, |
| | 10 ലക്ഷം | സിബിസി, ഇഎസ്ആർ, ബിഎസ്എഫ്, എച്ച്ബിഎ1സി, ലിപിഡ് പ്രൊഫൈൽ, ലിവർ ഫംഗ്ഷൻ ടെസ്റ്റ്, കിഡ്നി ഫംഗ്ഷൻ ടെസ്റ്റ്, , അയൺ സ്റ്റഡീസ്, തൈറോയ്ഡ് പ്രൊഫൈൽ ടോട്ടൽ, വിറ്റ് ബി 12, വിറ്റ് ഡി 25 ഹൈഡ്രോക്സി, ഇലക്ട്രോലൈറ്റുകൾ, എച്ച്എസ്സിആർപി, സി റിയാക്റ്റീവ് പ്രോട്ടീൻ, പിഎസ്എ (പുരുഷന്മാർ) സിഎ125(സ്ത്രീകൾ). |
| | 15 ലക്ഷം | ഡയബറ്റിസ് പ്രൊഫൈൽ, ഇൻഫക്ഷൻ സ്ക്രീനിംഗ് ധഹീമോഗ്രാം + ഇഎസ്ആർപ, അനീമിയ പ്രൊഫൈൽ ധഅയൺ പ്രൊഫൈൽപ, അലർജി പ്രൊഫൈൽ, ഹൃദയാരോഗ്യം ധലിപിഡ് പ്രൊഫൈൽപ, കരൾ ആരോഗ്യം, കിഡ്നി ആരോഗ്യം, യൂറിൻ റുട്ടീൻ - മൈക്രോസ്കോപ്പി, ബോൺ ഹെൽത്ത് ഇലക്ട്രോലൈറ്റ് പ്രൊഫൈൽ, പാൻക്രിയാസ് പ്രൊഫൈൽ, വിറ്റാമിൻ - റിലേറ്റഡ് പ്രൊഫൈൽ, തൈറോയിഡ് പ്രൊഫൈൽ, കാൻസർ മാർക്കറുകൾ, ഹോർമോൺ പ്രൊഫൈൽ, മറ്റ് ജീവധാരാ ടെസ്റ്റുകൾ |



**ഐആർഡിഎ രജി. നമ്പർ 115**
**തപാൽ വിലാസം:**
601/602, 6ആം നില, ഇൻറർഫേസ് ബിൽഡിംഗ് നമ്പർ. 16, ന്യൂ ലിങ്ക് റോഡ്, മലാഡ് (വെസ്റ്റ്), മുംബൈ – 400 064

**UIN:** ICIHLIP25047V032425
**CIN:** L67200MH2000PLC129408
**രജിസ്ട്രേഡ് ഓഫീസ് വിലാസം:**
ഐസിഐസിഐ ലൊംബാർഡ് ഹൗസ്, 414, പി ബാലു മാർഗ്, ഓഫ് വീർ സവർക്കർ റോഡ്, സിദ്ധി വിനായക് ക്ഷേത്രത്തിന് സമീപം, പ്രഭാദേവി, മുംബൈ – 400 025

**പോളിസിയുടെ നിബന്ധനകളും വ്യവസ്ഥകളും**
**ടോൾ ഫ്രീ നമ്പർ.:** 1800 2666
**ഇതര നം.** : 86552 22666 (Chargeable)
**വെബ്സൈറ്റ്.** : www.icicilombard.com
**ഇ-മെയിൽ.** : customersupport@icicilombard.com

| അംഗങ്ങളുടെ എണ്ണം | സം ഇൻഷ്വേഡ് | ഹെൽത്ത് ചെക്ക്–അപ്പ് പാക്കേജുകൾ |
|---|---|---|
| | 20 ലക്ഷവും അതിനു മുകളിലും | ഡയബറ്റിസ് പ്രൊഫൈൽ, ഇൻഫെക്ഷൻ സ്ക്രീനിംഗ് ധഹീമോഗ്രാം + ഇഎസ്ആർപ, അനീമിയ പ്രൊഫൈൽ ധഅയൺ പ്രൊഫൈൽപ, അലർജി പ്രൊഫൈൽ, ഹൃദയാരോഗ്യം ധലിപിഡ് പ്രൊഫൈൽപ, കരൾ ആരോഗ്യം, കിഡ്നി ആരോഗ്യം, യൂറിൻ റുട്ടീൻ - മൈക്രോസ്കോപ്പി, ബോൺ ഹെൽത്ത് ഇലക്ട്രോലൈറ്റ് പ്രൊഫൈൽ, പാൻക്രിയാസ് പ്രൊഫൈൽ, വിറ്റാമിൻ - റിലേറ്റഡ് പ്രൊഫൈൽ, തൈറോയിഡ് പ്രൊഫൈൽ, കാൻസർ മാർക്കറുകൾ, ഹോർമോൺ പ്രൊഫൈൽ, മറ്റ് ജീവധാരാ ടെസ്റ്റുകൾ, അലർജി: ഫാഡിയാടോപ്പ് |
| 2 | 5 ലക്ഷം | സിബിസി, ഇഎസ്ആർ, ബിഎസ്എഫ്, ലിപിഡ് പ്രൊഫൈൽ, ലിവർ ഫംഗ്ഷൻ ടെസ്റ്റ്, കിഡ്നി ഫംഗ്ഷൻ ടെസ്റ്റ്, തൈറോയ്ഡ് പ്രൊഫൈൽ ടോട്ടൽ, വിറ്റ് ഡി 25 ഹൈഡ്രോക്സി, യൂറിൻ റുട്ടീൻ |
| | 7.5 ലക്ഷം | സിബിസി, ഇഎസ്ആർ, ബിഎസ്എഫ്, എച്ച്ബിഎ1സി, ലിപിഡ് പ്രൊഫൈൽ, ലിവർ ഫംഗ്ഷൻ ടെസ്റ്റ്, കിഡ്നി ഫംഗ്ഷൻ ടെസ്റ്റ്, അയൺ സ്റ്റഡീസ്, തൈറോയ്ഡ് പ്രൊഫൈൽ ടോട്ടൽ, വിറ്റ് ബി 12, വിറ്റ് ഡി 25 ഹൈഡ്രോക്സി, ഇലക്ട്രോലൈറ്റ്സ്, എച്ച്എസ് സിആർപി, സി റിയാക്ടീവ് പ്രോട്ടീൻ, പി എസ് എ (പുരുഷന്മാർ), സിഎ 125 (സ്ത്രീകൾ). |
| | 10 ലക്ഷം | സിബിസി, ഇഎസ്ആർ, എച്ച്ബിഎ1സി, ബിഎസ്എഫ്, ലിപിഡ് പ്രൊഫൈൽ, ലിവർ ഫംഗ്ഷൻ ടെസ്റ്റ്, കിഡ്നി ഫംഗ്ഷൻ ടെസ്റ്റ്, അയൺ സ്റ്റഡീസ്, തൈറോയ്ഡ് പ്രൊഫൈൽ ടോട്ടൽ, വിറ്റ് ബി 12, വിറ്റ് ഡി 25 ഹൈഡ്രോക്സി, ഇലക്ട്രോലൈറ്റ്സ്, എച്ച്എസ് സിആർപി |
| | 15 ലക്ഷം | സിബിസി, ഇഎസ്ആർ, ബിഎസ്എഫ്, എച്ച്ബിഎ1സി, ലിപിഡ് പ്രൊഫൈൽ, ലിവർ ഫംഗ്ഷൻ ടെസ്റ്റ്, കിഡ്നി ഫംഗ്ഷൻ ടെസ്റ്റ്, അയൺ സ്റ്റഡീസ്, തൈറോയ്ഡ് പ്രൊഫൈൽ ടോട്ടൽ, വിറ്റ് ബി 12, വിറ്റ് ഡി 25 ഹൈഡ്രോക്സി, ഇലക്ട്രോലൈറ്റ്സ്, എച്ച്എസ് സിആർപി, സി റിയാക്ടീവ് പ്രോട്ടീൻ, പി എസ് എ (പുരുഷന്മാർ), സിഎ 125 (സ്ത്രീകൾ). |
| | 20 ലക്ഷവും അതിനു മുകളിലും | സിബിസി, ഇഎസ്ആർ, ബിഎസ്എഫ്, എച്ച്ബിഎ1സി, ലിപിഡ് പ്രൊഫൈൽ, ലിവർ ഫംഗ്ഷൻ ടെസ്റ്റ്, കിഡ്നി ഫംഗ്ഷൻ ടെസ്റ്റ്, അയൺ സ്റ്റഡീസ്, തൈറോയ്ഡ് പ്രൊഫൈൽ ടോട്ടൽ, വിറ്റ് ബി 12, വിറ്റ് ഡി 25 ഹൈഡ്രോക്സി, ഇലക്ട്രോലൈറ്റ്സ്, എച്ച്എസ് സിആർപി, സി റിയാക്ടീവ് പ്രോട്ടീൻ, പി എസ് എ (പുരുഷന്മാർ), സിഎ 125 (സ്ത്രീകൾ). |

**ദയവായി ശ്രദ്ധിക്കുക:**

g) മെഡിക്കൽ പ്രാക്ടീഷണർ / ഹെൽത്ത് കെയർ പ്രൊഫഷണൽ നൽകിയ ഏതെങ്കിലും അഭിപ്രായം, ഉപദേശം, പ്രിസ്ക്രിപ്ഷൻ, യഥാർത്ഥ അല്ലെങ്കിൽ ആരോപിക്കപ്പെട്ട പിശകുകൾ, ഒഴിവാക്കലുകൾ, പ്രാതിനിധ്യം എന്നിവ കൊണ്ടോ അതിൽ നിന്നോ ഉണ്ടാകുന്ന നഷ്ടം അല്ലെങ്കിൽ നാശനഷ്ടങ്ങൾക്ക് ഞങ്ങൾക്ക് ഒരു ഉത്തരവാദിത്തവും ഉണ്ടായിരിക്കില്ല.

h) ഈ കവറിനു കീഴിലുള്ള സേവനങ്ങൾ തിരഞ്ഞെടുക്കുന്നത് ഉപഭോക്താവിന്റെ സ്വന്തം വിവേചനാധികാരത്തിലും സ്വന്തം ഉത്തരവാദിത്തത്തിലുമാണ്.

I) ഇൻഷ്വർ ചെയ്ത വ്യക്തിയുടെ വ്യക്തിഗത സാഹചര്യങ്ങളെ വ്യാഖ്യാനിക്കുകയും പ്രയോഗത്തിൽ വരുത്തുകയും ചെയ്യുമ്പോൾ ഇൻഷ്വർ ചെയ്ത വ്യക്തി ഒരു ആരോഗ്യ പരിചരണ പ്രൊഫഷണലിൽ നിന്ന് സഹായം തേടണം. ഇൻഷ്വർ ചെയ്ത വ്യക്തിക്ക് സ്വന്തം ആരോഗ്യത്തെക്കുറിച്ച് എന്തെങ്കിലും ആശങ്കകളുണ്ടെങ്കിൽ, അവർക്ക് അവരുടെ ജനറൽ പ്രാക്ടീഷണറുമായി ബന്ധപ്പെടാവുന്നതാണ്.

## 17. ക്രിട്ടിക്കൽ രോഗം (18 നും 50–നും ഇടയിൽ പ്രായമുള്ളവർക്ക്)

പോളിസി കാലയളവിൽ, ജീവിതത്തിൽ ആദ്യമായി ഒന്നോ അതിലധികമോ ക്രിട്ടിക്കൽ രോഗങ്ങളാൽ നിങ്ങൾ ബുദ്ധിമുട്ടുന്നതായി നിർണയിച്ചാൽ, ഞങ്ങൾ നിങ്ങൾക്കോ നിങ്ങളുടെ നോമിനിക്കോ / നിയമപരമായ അവകാശിക്കോ പരമാവധി 50 ലക്ഷം രൂപയ്ക്ക് വിധേയമായി വാർഷിക സം ഇൻഷ്വേഡ് നൽകും.

എന്നിരുന്നാലും, ഇൻഷുറൻസ് ആരംഭിച്ച തീയതിയുടെ 90 ദിവസത്തിനുള്ളിൽ നിങ്ങൾക്ക് ക്രിട്ടിക്കൽ രോഗം കൊണ്ട് ബുദ്ധിമുട്ടുകയാണെന്ന് ആദ്യമായി നിർണയിക്കുകയാണെങ്കിൽ ഞങ്ങൾ പണം ഒന്നും നൽകില്ല. ഈ ആഡ് ഓൺ/ ഓപ്ഷണൽ കവർ നിങ്ങളുടെ ജീവിതകാലത്ത് ഒരിക്കൽ മാത്രമേ നിങ്ങൾക്ക് ക്ലെയിം ചെയ്യാൻ കഴിയൂ. ഏതെങ്കിലും ക്രിട്ടിക്കൽ അസുഖങ്ങൾ, നിലവിലുള്ള ഏതെങ്കിലും രോഗാവസ്ഥയുടെ(കളുടെ)/ രോഗത്തിന്റെ അനന്തരഫലമായോ അല്ലെങ്കിൽ അതിന്റെ ഫലമായോ ഉണ്ടാകുന്നതാണെങ്കിൽ ഈ ഓപ്ഷണൽ കവറിനു കീഴിലുള്ള ഒരു ക്ലെയിമും സ്വീകാര്യമായിരിക്കില്ല.

എന്നിരുന്നാലും, ഒന്നിലധികം ക്രിട്ടിക്കൽ അസുഖങ്ങൾ നിർണയിക്കുകയാണെങ്കിൽ, പോളിസി ഷെഡ്യൂളിൽ ഈ ആനുകൂല്യത്തിനെതിരായി സൂചിപ്പിച്ചിരിക്കുന്ന സം ഇൻഷ്വേഡിൽ ക്രിട്ടിക്കൽ രോഗ ആനുകൂല്യത്തിന്റെ പേയ്മെന്റ് പരിമിതപ്പെടുത്തിയിരിക്കുന്നു.

പോളിസി ഷെഡ്യൂളിൽ സൂചിപ്പിച്ചിരിക്കുന്നതു പോലെ, ആദ്യ തവണ വിതരണം ചെയ്യുമ്പോൾ 18 മുതൽ 50 വയസ്സു വരെയുള്ള ഇൻഷ്വർ ചെയ്ത വ്യക്തികൾക്ക് മാത്രമേ ഈ കവർ ലഭ്യമാകൂ.

ഈ പോളിസിയുമായി ബന്ധപ്പെട്ട് 'ക്രിട്ടിക്കൽ രോഗം' എന്നതിൽ ഇനിപ്പറയുന്നവയാണ് ഉൾക്കൊള്ളുന്നത്:

1. നിശ്ചിത തീവ്രതയിലുള്ള കഫൻസർ
2. മയോകാർഡിയൽ ഇൻഫ്രാക്ഷൻ (നിശ്ചിത തീവ്രതയിൽ ഉള്ള ആദ്യ ഹൃദയാഘാതം)
3. കൊറോണറി ആർട്ടറി ഡിസീസ്
4. ഓപ്പൺ ചെസ്റ്റ് സിഎജിബി
5. ഓപ്പൺ ഹാർട്ട് റീപ്ലേസ്മെൻറ് അല്ലെങ്കിൽ ഹൃദയ വാൽവുകളുടെ റിപ്പയർ
6. അയോർട്ട സർജറി

7. സ്ഥിരമായ ലക്ഷണങ്ങൾക്ക് വഴിയൊരുക്കിയ പക്ഷാഘാതം

8. സ്ഥിര ഡയാലിസിസ് ആവശ്യമായ വൃക്ക പരാജയം

9. അപ്ലാസ്റ്റിക് അനീമിയ

10. അന്തിമ ഘട്ട ശ്വാസകോശ രോഗം

11. അന്തിമ ഘട്ട കരൾ പരാജയം

12. നിശ്ചിത തീവ്രതയിൽ ഉള്ള കോമ

13. മൂന്നാം ഡിഗ്രി പൊള്ളൽ

14. സുപ്രധാന അവയവ / മജ്ജ മാറ്റിവയ്ക്കൽ

15. സ്ഥിരമായ ലക്ഷണങ്ങളുള്ള മൾട്ടിപ്പിൾ സ്ക്ലിറോസിസ്

16. ഫുൾമിനന്റ് ഹെപ്പറ്റൈറ്റിസ്

17. സ്ഥിരമായ ലക്ഷണങ്ങളുള്ള മോട്ടോർ ന്യൂറോൺ രോഗം

18. പ്രൈമറി പൾമണറി ഹൈപ്പർടെൻഷൻ

19. ടെർമിനൽ ഇൽനസ്സ്

20. ബാക്ടീരിയ മെനിഞ്ചൈറ്റിസ്

**1. നിർദ്ദിഷ്ട തീവ്രതയിൽ ഉള്ള കാൻസർ**

മാരകമായ കോശങ്ങളുടെ അനിയന്ത്രിതമായ വളർച്ചയും വ്യാപനവും നോർമൽ കലകളുടെ ആക്രമണവും നാശവും സംഭവിക്കുന്ന ഒരു മാരകമായ ഒരു ട്യൂമർ. ഈ രോഗനിർണയം മാരകതയുടെ ഹിസ്റ്റോളജിക്കൽ തെളിവുകൾ കൊണ്ട് പിന്തുണയ്ക്കണം. കാൻസർ എന്ന പദത്തിൽ ലുക്കീമിയ, ലിംഫോമ, സാർക്കോമ എന്നിവ ഉൾപ്പെടുന്നു.

ഇനിപ്പറയുന്നവ ഒഴിവാക്കിയിരിക്കുന്നു–

I. ഹിസ്റ്റോളജിക്കലായി വിവരിച്ചിരിക്കുന്ന കാർസിനോമ ഇൻ സിറ്റു, ബെനിൻ, പ്രീ–മാലിഗ്നന്റ്, ബോർഡർലൈൻ മാലിഗ്നൻറ്, ലോ മാലിഗ്നൻറ് പൊട്ടൻഷ്യൽ, അജ്ഞാത ബിഹേവിയർ ഉള്ള നിയോപ്ലാസം അല്ലെങ്കിൽ നോൺ–ഇൻവേസീവ് എന്നിവ അടക്കമുള്ളവയാണെങ്കിലും അവയിൽ പരിമിതപ്പെടാത്ത എല്ലാ ട്യൂമറുകളും: സ്തനങ്ങളിലെ കാർസിനോമ ഇൻ സിറ്റു, സെർവിക്കൽ ഡിസ്പ്ലാസിയ സിഐഎൻ–1, സിഐഎൻ–2, സിഐഎൻ–3.

ii. ഏതെങ്കിലും നോൺ–മെലനോമ സ്കിൻ കാർസിനോമ, ലിംഫ് നോഡുകളിലേക്കോ അതിനും അപ്പുറമോ ഉള്ള മെറ്റാസ്റ്റേസുകളുടെ തെളിവുകൾ ഇല്ലാത്ത പക്ഷം;

iii. എപ്പിഡെർമിസിന് അപ്പുറമുള്ള ഇൻവേഷന് കാരണമായിട്ടില്ലാത്ത മാലിഗ്നൻറ് മെലനോമ;

iv. ഗ്ലീസൺ സ്കോർ 6–ൽ കൂടുതലുള്ള അല്ലെങ്കിൽ കുറഞ്ഞത് ക്ലിനിക്കൽ ടിഎൻഎം ക്ലാസിഫിക്കേഷൻ ടി2എൻ0എം0 എന്ന രീതിയിലേക്ക് പുരോഗമിച്ച പ്രോസ്റ്റേറ്റിന്റെ എല്ലാ ട്യൂമറുകളും

v. ഹിസ്റ്റോളജിക്കൽ ആയി ടി1എൻ0എം0 (ടിഎൻഎം ക്ലാസിഫിക്കേഷൻ) അല്ലെങ്കിൽ അതിൽ താഴെയായി തരംതിരിച്ച എല്ലാ തൈറോയ്ഡ് കാൻസറുകളും;

vi. ആർഎഐ ഘട്ടം 3–ൽ താഴെയുള്ള ക്രോണിക് ലിംഫോസൈറ്റിക് ലൂക്കേമിയ

vii. ബ്ലാഡറിലെ നോൺ–ഇൻവേസിവ് പാപ്പില്ലറി ക്യാൻസർ, ഹിസ്റ്റോളജിക്കൽ ആയി ടിഎഎൻ0എം0 അല്ലെങ്കിൽ അതിൽ താഴെ എന്ന് വിവരിച്ചിരിക്കുന്നത്,

viii. എല്ലാ ഗാസ്ട്രോ–ഇന്റസ്റ്റൈനൽ സ്ട്രോമൽ ട്യൂമറുകളും ഹിസ്റ്റോളജിക്കലായി ടി1എൻ0എം0 (ടിഎൻഎം ക്ലാസിഫിക്കേഷൻ) അല്ലെങ്കിൽ താഴെയുള്ളതും 5/50 എച്ച്പിഎഫിൽ കുറവോ തുല്യമോ ആയ മൈറ്റോട്ടിക് കൗണ്ട് ആയി തരംതിരിച്ചവയും;

**2. മയോകാർഡിയൽ ഇൻഫ്രാക്ഷൻ (നിശ്ചിത തീവ്രതയിൽ ഉള്ള ആദ്യ ഹൃദയാഘാതം)**

I. ആദ്യമായി സംഭവിക്കുന്ന ഹൃദയാഘാതം അല്ലെങ്കിൽ മയോകാർഡിയൽ ഇൻഫ്രാക്ഷൻ, അതിനർത്ഥം ഹൃദയപേശികളിലെ ഒരു ഭാഗത്തേക്കുള്ള രക്തം വിതരണം അപര്യാപ്തമായതിനാൽ മൃതാവസ്ഥയിൽ ആകും എന്നാണ്. മയോകാർഡിയൽ ഇൻഫ്രാക്ഷന്റെ രോഗനിർണയം ഇനിപ്പറയുന്ന എല്ലാ മാനദണ്ഡങ്ങൾ കൊണ്ടും തെളിയിക്കപ്പെടണം:

   I. അക്യൂട്ട് മയോകാർഡിയൽ ഇൻഫ്രാക്ഷൻ രോഗനിർണയവുമായി പൊരുത്തപ്പെടുന്ന സവിശേഷമായ ക്ലിനിക്കൽ ലക്ഷണങ്ങളുടെ ചരിത്രം (ഉദാ. സവിശേഷമായ നെഞ്ചുവേദന)

   ii. ഇലക്ട്രോകാർഡിയോഗ്രാമിലെ പുതിയ സവിശേഷമായ മാറ്റം

   iii. ഇൻഫ്രാക്ഷൻ നിശ്ചിത എൻസൈമുകൾ, ട്രോപോണിനുകൾ അല്ലെങ്കിൽ മറ്റ് നിശ്ചിത ബയോകെമിക്കൽ മാർക്കറുകൾ എന്നിവ ഉയരൽ.

II. ഇനിപ്പറയുന്നവ ഒഴിവാക്കിയിരിക്കുന്നു

   I. മറ്റ് അക്യൂട്ട് കൊറോണറി സിൻഡ്രോമുകൾ

   ii. ഏത് തരത്തിലുമുള്ള ആൻജീന പെക്റ്റോറിസ്

   iii. സ്പഷ്ടമായ ഇസ്കെമിക് ഹൃദ്രോഗത്തിന്റെ അഭാവത്തിൽ അല്ലെങ്കിൽ ഇൻട്രാ ആർട്ടീരിയൽ കാർഡിയാക് നടപടിക്രമത്തെത്തുടർന്ന് കാർഡിയാക് ബയോ മാർക്കറുകൾ അല്ലെങ്കിൽ ട്രോപോണിൻ ടി അല്ലെങ്കിൽ ഐ എന്നിവയിലെ ഉയർച്ച.

**3. കൊറോണറി ആർട്ടറി രോഗം**

ഏതെങ്കിലും തരത്തിലുള്ള കൊറോണറി ആർട്ടറി സർജറി നടത്തിയിട്ടുണ്ടോ ഇല്ലയോ എന്നത് പരിഗണിക്കാതെ, കൊറോണറി ആർട്ടറിയോഗ്രഫിയിൽ കുറഞ്ഞത് ഒരു കൊറോണറി ആർട്ടറിയുടെ ല്യൂമെൻ ചുരുങ്ങിയത് 75% മറ്റ് രണ്ടെണ്ണം ചുരുങ്ങിയത് 60% ഇടുങ്ങിയത് എന്ന് തെളിയിക്കപ്പെട്ടത്. ഇവിടെ കൊറോണറി ആർട്ടറികൾ എന്നത് ഇടത് മെയിൻ സ്റ്റെം, ഇടത് ആൻറീരിയർ ഡിസെൻഡിംഗ് സർകംഫ്ലെക്സ്, വലത് കൊറോണറി ആർട്ടറി എന്നിവയെയാണ് സൂചിപ്പിക്കുന്നത്.

**4. ഓപ്പൺ ചെസ്റ്റ് സിഎബിജി (കൊറോണറി ആർട്ടറി ബൈ–പാസ് ഗ്രാഫ്റ്റ്) ശസ്ത്രക്രിയ**

I. സ്റ്റെർനോട്ടോമിയിലൂടെയുള്ള (ബ്രെസ്റ്റ് ബോൺ മുറിച്ചു കൊണ്ട്) കൊറോണറി ആർട്ടറി ബൈപാസ് ഗ്രാഫ്റ്റിംഗിലൂടെ അല്ലെങ്കിൽ മിനിമലി ഇൻവേസീവ് കൊറോണറി ആർട്ടറി ബൈപാസ് നടപടിക്രമങ്ങളിലൂടെ ഒന്നോ അതിലധികമോ കൊറോണറി

ധമനിയുടെ(കളുടെ) തടസ്സമോ സങ്കോചമോ കൃത്യമാക്കാൻ ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയമാക്കും. ഈ രോഗനിർണയത്തിന് ഒരു കൊറോണറി ആൻജിയോഗ്രാഫിയുടെ പിന്തുണയും, ശസ്ത്രക്രിയയുടെ ആവശ്യം ഒരു കാർഡിയോളജിസ്റ്റ് സ്ഥിരീകരിക്കേണ്ടതുമുണ്ട്.

II. ഇനിപ്പറയുന്നവ ഒഴിവാക്കിയിരിക്കുന്നു:

I. ആൻജിയോപ്ലാസ്റ്റി കൂടാതെ / അല്ലെങ്കിൽ മറ്റേതെങ്കിലും ഇൻട്രാ ആർട്ടീരിയൽ നടപടിക്രമങ്ങൾ

**5. ഓപ്പൺ ഹാർട്ട് റീപ്ലേസ്മെൻറ് അല്ലെങ്കിൽ ഹൃദയ വാൽവ് റിപ്പയർ**

ഓപ്പൺ–ഹാർട്ട് വാൽവ് ശസ്ത്രക്രിയക്ക് വിധേയമാകൽ എന്നതിനർത്ഥം ഒന്നോ അതിലധികമോ ഹൃദയ വാൽവുകൾ കാർഡിയാക് വാൽവിൻറെ (കളുടെ) ന്യൂനതകൾ, അസാധാരണത്വങ്ങൾ, രോഗബാധകൾ എന്നിവയുടെ അനന്തരഫലമായി മാറ്റിവയ്ക്കുകയോ റിപ്പയർ ചെയ്യുകയോ എന്നാണ്. വാൽവിൻറെ അസാധാരണത്വം ഒരു എക്കോകാർഡിയോഗ്രാഫി കൊണ്ട് നിർണയിച്ചിരിക്കുകയും, കൂടാതെ ശസ്ത്രക്രിയയുടെ ആവശ്യകത ഒരു സ്പെഷ്യലിസ്റ്റ് മെഡിക്കൽ പ്രാക്ടീഷണർ സ്ഥിരീകരിക്കേണ്ടതുമുണ്ട്. ബലൂൺ വാൽവോട്ടോമി/ വാൽവുലോപ്ലാസ്റ്റി അടക്കമുള്ള കത്തീറ്റർ അധിഷ്ഠിത ടെക്നിക്കുകൾ ഒഴിവാക്കപ്പെട്ടിരിക്കുന്നു.

**6. അയോർട്ട ശസ്ത്രക്രിയ**

നെഞ്ച് അറല്ലങ്കിൽ ഉദരം സർജിക്കൽ ആയി തുറന്നു കൊണ്ട് അയോർട്ടയുടെ അനൂറിസം, സങ്കോചം, തടസ്സം അല്ലെങ്കിൽ ഡിസെക്ഷൻ എന്നിവ റിപ്പയർ ചെയ്യാനോ ശരിയാക്കാനോ ഉള്ള മേജർ ശസ്ത്രക്രിയക്ക് വിധേയമാകൽ. ഈ നിർവചനത്തിന്റെ ഉദ്ദേശ്യത്തിനായി, അയോർട്ട എന്നതിനർത്ഥം തൊറാസിക്, ഉദര അയോർട്ട എന്നാണ്, പക്ഷേ അതിന്റെ ശാഖകളല്ല.

മിനിമലി ഇൻവേസീവ് അല്ലെങ്കിൽ ഇൻട്രാ ആർട്ടീരിയൽ ടെക്നിക്കുകൾ മാത്രം ഉപയോഗിച്ച് നടത്തുന്ന ശസ്ത്രക്രിയ ഒഴിവാക്കപ്പെട്ടിരിക്കുന്നു. ആൻജിയോപ്ലാസ്റ്റിയും മറ്റ് എല്ലാ ഇൻട്രാ ആർട്ടീരിയൽ, കത്തീറ്റർ അധിഷ്ഠിത ടെക്നിക്കുകളും 'കീഹോൾ' അല്ലെങ്കിൽ ലേസർ നടപടിക്രമങ്ങളും ഒഴിവാക്കപ്പെട്ടിരിക്കുന്നു.

**7. സ്ഥിര ലക്ഷണങ്ങൾക്ക് കാരണമായ സ്ട്രോക്ക്**

I. സ്ഥിരമായ ന്യൂറോളജിക്കൽ അനന്തരഫലങ്ങൾ ഉണ്ടാക്കുന്ന ഏതെങ്കിലും സെറിബ്രോവാസ്കുലർ സംഭവം. മസ്തിഷ്ക കോശങ്ങളുടെ ഇൻഫ്രാക്ഷൻ, ഒരു ഇൻട്രാക്രീനിയൽ വെസലിലെ ത്രോംബോസിസ്, ഹെമറേജ്, എക്സ്ട്രാക്രീനിയൽ ഉറവിടത്തിൽ നിന്നുള്ള എംബോളൈസേഷൻ എന്നിവ ഇതിൽ ഉൾപ്പെടുന്നു. രോഗനിർണയം ഒരു സ്പെഷ്യലിസ്റ്റ് മെഡിക്കൽ പ്രാക്ടീഷണർ സ്ഥിരീകരിക്കുകയും സവിശേഷ ക്ലിനിക്കൽ ലക്ഷണങ്ങളും മസ്തിഷ്കത്തിന്റെ സിടി സ്കാൻ അല്ലെങ്കിൽ എംആർഐയിലെ സവിശേഷമായ കണ്ടെത്തലുകളും കൊണ്ട് തെളിയിക്കുകയും വേണം. കുറഞ്ഞത് 3 മാസമെങ്കിലും ദൈർഘ്യമുള്ള സ്ഥിരമായ ന്യൂറോളജിക്കൽ വൈകല്യത്തിന്റെ തെളിവ് ഹാജരാക്കേണ്ടതുണ്ട്.

II. ഇനിപ്പറയുന്നവ ഒഴിവാക്കിയിരിക്കുന്നു:

I. ട്രാൻസിയൻറ് ഇസ്കെമിക് അറ്റാക്കുകൾ (ടിഐഎ)

ii. മസ്തിഷ്കത്തിന്റെ ട്രോമാറ്റിക് പരിക്ക്

iii. കണ്ണിനെ അല്ലെങ്കിൽ ഒപ്റ്റിക് നാഡിയെ അല്ലെങ്കിൽ വെസ്റ്റിബുലാർ പ്രവർത്തനങ്ങളെ മാത്രം ബാധിക്കുന്ന വാസ്കുലർ രോഗം

**8. പതിവായി ഡയാലിസിസ് ആവശ്യമായ വൃക്ക പരാജയം**

വൃക്കസംബന്ധമായ രോഗത്തിന്റെ അന്തിമ ഘട്ടം, രണ്ട് വൃക്കകളുടെയും പ്രവർത്തനത്തിലെ വിട്ടുമാറാത്തതും പൂർവസ്ഥിതിയിൽ ആക്കാൻ കഴിയാത്തതുമായ പരാജയം, അതിന്റെ ഫലമായി ഒന്നുകിൽ പതിവായി ഡയാലിസിസിന് (ഹീമോഡയാലിസിസ് അല്ലെങ്കിൽ പെരിറ്റോണിയൽ ഡയാലിസിസ്) വിധേയമാകുകയോ വൃക്ക മാറ്റിവയ്ക്കൽ നിർവഹിക്കുകയോ ചെയ്തവ. രോഗനിർണയം ഒരു സ്പെഷ്യലിസ്റ്റ് മെഡിക്കൽ പ്രാക്ടീഷണർ സ്ഥിരീകരിക്കേണ്ടതുണ്ട്.

**9. അപ്ലാസ്റ്റിക് അനീമിയ**

ഇനി പറയുന്നവയിൽ ഒന്നെങ്കിലും സഹിതമുള്ള അനീമിയ, ന്യൂട്രോപീനിയ, ത്രോംബോസൈറ്റോപീനിയ എന്നിവയ്ക്ക് കാരണമാകുന്ന ചികിത്സ ആവശ്യമായ ചിരസ്ഥായിയായ ക്രോണിക് അസ്ഥിമജ്ജ പരാജയം:

I. ബ്ലഡ് പ്രോഡക്റ്റ് ട്രാൻസ്ഫ്യൂഷൻ;

II. മാരോ സ്റ്റിമുലേറ്റിംഗ് ഏജന്റുകൾ;

III. ഇമ്മ്യൂണോസപ്രസീവ് ഏജന്റുകൾ; അല്ലെങ്കിൽ

IV. മജ്ജ മാറ്റിവയ്ക്കൽ

രോഗനിർണയം ഒരു ഹെമറ്റോളജിസ്റ്റ് സ്ഥിരീകരിച്ചിരിക്കണം.

**10. അന്തിമ ഘട്ട ശ്വാസകോശ പരാജയം**

I. അന്തിമ ഘട്ട ശ്വാസകോശ രോഗം, വിട്ടുമാറാത്ത റെസ്പിരേറ്ററി പരാജയത്തിന് കാരണമാകുന്നു, ഇനിപ്പറയുന്നവയെല്ലാം കൊണ്ട് സ്ഥിരീകരിക്കുകയും തെളിയിക്കുകയും വേണം:

I. സ്ഥിരമായി 1 ലിറ്ററിൽ താഴെയായ എഫ്ഇവി1 ടെസ്റ്റ് ഫലങ്ങൾ 3 മാസങ്ങൾ ഇടവിട്ട് 3 തവണ അളക്കുന്നത്; ഒപ്പം

ii. ഹൈപ്പോക്സീമിയക്ക് തുടർച്ചയായ സ്ഥിരമായ സപ്ലിമെന്ററി ഓക്സിജൻ തെറാപ്പി ആവശ്യമാകുന്നത്; ഒപ്പം

iii. 55എംഎംഎച്ച്ജി അല്ലെങ്കിൽ അതിൽ താഴെയായ ഭാഗിക ഓക്സിജൻ മർദ്ദം ഉള്ള ആർട്ടീരിയൽ ബ്ലഡ് ഗ്യാസ് അനാലിസിസ് (പിഎO2 <55 എംഎംഎച്ച്ജി ); ഒപ്പം

iv. വിശ്രമിക്കുമ്പോൾ ശ്വാസതടസ്സം.

**11. അന്തിമഘട്ട കരൾ പരാജയം**

I. ഇനി പറയുന്ന മൂന്നിനും വഴിയൊരുക്കുന്ന കരൾ പ്രവർത്തനത്തിന്റെ ശാശ്വതവും പൂർവസ്ഥിതിയിൽ ആക്കാനാകാത്തതുമായ പരാജയം:

I. സ്ഥിരമായ മഞ്ഞപ്പിത്തം; ഒപ്പം

ii. അസൈറ്റീസ്; ഒപ്പം

iii. ഹെപ്പാറ്റിക് എൻസെഫലോപ്പതി

iv. മയക്കുമരുന്ന് അറല്ലങ്കിൽ മദ്യം ദുരുപയോഗം ചെയ്തതിന്റെ ഫലമായുള്ള കരൾ പരാജയം ഒഴിവാക്കിയിരിക്കുന്നു.

## 12. നിർദ്ദിഷ്ട തീവ്രതയിലുള്ള കോമ

I. ബാഹ്യ ഉത്തേജകങ്ങളോ ആന്തരിക ആവശ്യങ്ങളോടോ പ്രതിപ്രവർത്തനമോ പ്രതികരണമോ ഇല്ലാത്ത അബോധാവസ്ഥ. ഈ രോഗനിർണയം ഇനിപ്പറയുന്ന എല്ലാ തെളിവുകൾ കൊണ്ടും പിന്തുണയ്ക്കണം:

i. കുറഞ്ഞത് 96 മണിക്കൂറെങ്കിലും തുടർച്ചയായി ബാഹ്യ ഉത്തേജകങ്ങളോട് പ്രതികരണമില്ല;

ii. ജീവൻ നിലനിർത്താൻ ലൈഫ് സപ്പോർട്ട് നടപടികൾ ആവശ്യമാണ്; ഒപ്പം

iii. സ്ഥിരമായ ന്യൂറോളജിക്കൽ വൈകല്യം, ഇത് കോമയിലായ ശേഷം 30 ദിവസമെങ്കിലും വിലയിരുത്തണം.

ഈ അവസ്ഥഒരു സ്പെഷ്യലിസ്റ്റ് മെഡിക്കൽ പ്രാക്ടീഷണർ സ്ഥിരീകരിക്കേണ്ടതുണ്ട്. മദ്യം അല്ലെങ്കിൽ മയക്കുമരുന്ന് ദുരുപയോഗം കൊണ്ട് നേരിട്ട് ഉണ്ടാകുന്ന കോമ ഒഴിവാക്കപ്പെട്ടിരിക്കുന്നു.

## 13. മൂന്നാം ഡിഗ്രി പൊള്ളലുകൾ

I. ശരീരത്തിന്റെ ഉപരിതല വിസ്തീർണത്തിന്റെ 20% എങ്കിലും വ്യാപിച്ച മൂന്നാം ഡിഗ്രി പൊള്ളലുകൾ ഏറ്റിരിക്കണം. ശരീരത്തിന്റെ ഉപരിതല വിസ്തീർണത്തിന്റെ 20% വ്യാപിച്ചത് സ്റ്റാൻഡേർഡ്, ക്ലിനിക്കലി അംഗീകരിച്ച, ശരീര ഉപരിതല വിസ്തീർണ ചാർട്ടുകൾ ഉപയോഗിച്ച് സ്ഥിരീകരിക്കണം.

## 14. സുപ്രധാന അവയവം / അസ്ഥിമജ്ജ മാറ്റിവയ്ക്കൽ

I. ഇനി പറയുന്ന ഒരു ട്രാൻസ്പ്ലാൻറിന് വിധേയമായത്:

I. ഇനിപ്പറയുന്ന മനുഷ്യാവയവങ്ങളിൽ ഒന്ന്: ഹൃദയം, ശ്വാസകോശം, കരൾ, വൃക്ക, പാൻക്രിയാസ്, ബന്ധപ്പെട്ട അവയവത്തിന്റെ പൂർവസ്ഥിതിയിലാക്കാൻ കഴിയാത്ത അന്തിമ ഘട്ട പരാജയത്തിന്റെ ഫലമായി ഉണ്ടായത്, അല്ലെങ്കിൽ

ii. ഹെമറ്റോപോയിറ്റിക് സ്റ്റെം സെല്ലുകൾ ഉപയോഗിച്ചുള്ള മനുഷ്യ അസ്ഥിമജ്ജ. ട്രാൻസ്പ്ലാൻറ് നിർവഹിക്കേണ്ടത് ഒരു സ്പെഷ്യലിസ്റ്റ് മെഡിക്കൽ പ്രാക്ടീഷണർ സ്ഥിരീകരിക്കേണ്ടതുണ്ട്.

II. ഇനിപ്പറയുന്നവ ഒഴിവാക്കിയിരിക്കുന്നു:

I. മറ്റ് സ്റ്റെം സെൽ ട്രാൻസ്പ്ലാൻറുകൾ

ii. ലാംഗർഹാനുകളുടെ ഐലെറ്റുകൾ മാത്രം ട്രാൻസ്പ്ലാൻറ് ചെയ്തത്

## 15. സ്ഥിരമായ ലക്ഷണങ്ങളുള്ള മൾട്ടിപ്പിൾ സ്ക്ലിറോസിസ്

I. നിശ്ചിതമായ മൾട്ടിപ്പിൾ സ്ക്ലിറോസിസിന്റെ വ്യക്തമായ രോഗനിർണയം ഇനിപ്പറയുന്നവയെല്ലാം കൊണ്ട് സ്ഥിരീകരിക്കുകയും തെളിയിക്കുകയും വേണം:

I. മൾട്ടിപ്പിൾ സ്ക്ലിറോസിസ് ആണെന്ന് സംശയരഹിതമായി സ്ഥിരീകരിക്കുന്ന സവിശേഷ എംആർഐ കണ്ടെത്തലുകൾ അടക്കമുള്ള ഇൻവെസ്റ്റിഗേഷനുകൾ

ii. മോട്ടോർ അറല്ലങ്കിൽ സെൻസറി പ്രവർത്തനത്തിൽ നിലവിൽ ക്ലിനിക്കൽ വൈകല്യം ഉണ്ടായിരിക്കണം, അത് കുറഞ്ഞത് 6 മാസമെങ്കിലും തുടർച്ചയായി നിലനിന്നിരിക്കണം.

iii. എസ്എൽഇ പോലുള്ള ന്യൂറോളജിക്കൽ ക്ഷതത്തിന്റെ മറ്റ് കാരണങ്ങൾ ഒഴിവാക്കപ്പെട്ടിരിക്കുന്നു.

## 16. ഫുൾമിനന്റ് ഹെപ്പറ്റൈറ്റിസ്

ഹെപ്പറ്റൈറ്റിസ് വൈറസ് മൂലമുണ്ടാകുന്ന കരളിന്റെ സബ്-മാസീവ് മുതൽ മാസീവ് വരെയുള്ള നെക്രോസിസ്, അത് വളരെ പെട്ടെന്ന് കരൾ പരാജയത്തിലേക്ക് നയിക്കും.

ഈ രോഗനിർണയം ഇനിപ്പറയുന്നവയെല്ലാം കൊണ്ട് പിന്തുണയ്ക്കണം:

I. അതിവേഗം കരളിന്റെ വലിപ്പം കുറയുന്നു;

II. മുഴുവൻ ലോബ്യൂളുകളും ഉൾപ്പെടുന്ന നെക്രോസിസ്, കൊളാപ്സ്ഡ് റെറ്റിക്യുലാർ ചട്ടക്കൂട് മാത്രം ശേഷിക്കുന്നു;

III. കരൾ പ്രവർത്തന പരിശോധനകളിൽ ദ്രുതഗതിയിലുള്ള അപചയം;

IV. തീവ്രമായ മഞ്ഞപ്പിത്തം; ഒപ്പം

V. ഹെപ്പാറ്റിക് എൻസെഫലോപ്പതി.

## 17. സ്ഥിരമായ ലക്ഷണങ്ങൾ സഹിതമുള്ള മോട്ടോർ ന്യൂറോൺ രോഗം

I. സ്പൈനൽ മസ്കുലർ അട്രോഫി, പ്രോഗ്രസീവ് ബൾബർ പാൾസി, അമിയോട്രോഫിക് ലാറ്ററൽ സ്ക്ലിറോസിസ് അല്ലെങ്കിൽ പ്രൈമറി ലാറ്ററൽ സ്ക്ലിറോസിസ് എന്നിങ്ങനെ ഒരു സ്പെഷ്യലിസ്റ്റ് മെഡിക്കൽ പ്രാക്ടീഷണർ നിർണയിച്ച മോട്ടോർ ന്യൂറോൺ രോഗം. കോർട്ടികോസ്പൈനൽ ടാക്റ്റുകളുടെയും ആൻറീരിയർ ഹോൺ കോശങ്ങളുടെയും അല്ലെങ്കിൽ ബൾബർ എഫെറന്റ് ന്യൂറോണുകളുടെയും പുരോഗമിക്കുന്ന അപചയം ഉണ്ടായിരിക്കണം. കുറഞ്ഞത് 3 മാസമെങ്കിലും തുടർച്ചയായി നിലനിൽക്കുന്ന മോട്ടോർ അപര്യാപ്തതയുടെ വസ്തുനിഷ്ഠമായ തെളിവുകൾ സഹിതം നിലവിലുള്ളതും നിർണായകവും സ്ഥിരവുമായ ഫംഗ്ഷണൽ ന്യൂറോളജിക്കൽ വൈകല്യം ഉണ്ടായിരിക്കണം.

## 19. പ്രൈമറി പൾമൊണറി ഹൈപ്പർടെൻഷൻ

I. വലത് വെൻട്രിക്കുലർ വലുതാകുന്നതിന്റെയും കാർഡിയാക് ക്യൂട്ടറൈസേഷനിൽ ശ്വാസകോശ ധമനിയുടെ മർദ്ദം 30 മില്ലീമീറ്ററിന് മുകളിലുള്ളതിന്റെയും തെളിവുകൾ സഹിതം ഒരു കാർഡിയോളജിസ്റ്റോ അല്ലെങ്കിൽ റെസ്പിറേറ്ററി മെഡിസിൻ സ്പെഷ്യലിസ്റ്റോ പ്രൈമറി (ഇഡിയൊപതിക്) പൾമൊണറി ഹൈപ്പർടെൻഷൻ സംശയരഹിതമായി രോഗനിർണയം നടത്തണം. ന്യൂയോർക്ക് ഹാർട്ട് അസോസിയേഷൻ ക്ലാസിഫിക്കേഷൻ ഓഫ് കാർഡിയാക് ഇംപയേർമെന്റിന്റെ കുറഞ്ഞത് ക്ലാസ് കഢ ഡിഗ്രി വരെയുള്ള സ്ഥിരമായതും പൂർവസ്ഥിതിയിൽ ആക്കാൻ കഴിയാത്തതുമായ ശാരീരിക വൈകല്യം ഉണ്ടായിരിക്കണം.

II. ഇനി പറയും വിധമാണ് കാർഡിയാക് ഇംപയേർമെന്റിന്റെ എൻവൈഎച്ച്എ ക്ലാസിഫിക്കേഷൻ:

i. ക്ലാസ് കകക: ശാരീരിക പ്രവർത്തനങ്ങളുടെ രേഖപ്പെടുത്തിയ പരിമിതി. വിശ്രമവേളയിൽ കംഫർട്ട്

ആണെങ്കിലും സാധാരണയിൽ കുറഞ്ഞ പ്രവർത്തനങ്ങളിൽ ലക്ഷണങ്ങൾക്ക് കാരണമാകുന്നു.

ii. ക്ലാസ് കഢ: അസ്വസ്ഥതയില്ലാതെ യാതൊരു ശാരീരിക പ്രവർത്തനങ്ങളിലും ഏർപ്പെടാൻ കഴിയില്ല. വിശ്രമാവസ്ഥയിലും രോഗലക്ഷണങ്ങൾ ഉണ്ടാകാം.

III. ശ്വാസകോശ രോഗങ്ങൾ, ക്രോണിക് ഹൈപ്പോവെൻറിലേഷൻ, പൾമൊണറി ത്രോംബോഎംബോളിക് രോഗം, ഡ്രഗ്സും ടോക ്സിനുകളും, ഹൃദയത്തിന്റെ ഇടതുവശത്ത് രോഗങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പൾമൊണറി ഹൈപ്പർടെൻഷൻ ഏതെങ്കിലും ദ്വിതീയമായ കാരണങ്ങൾ പ്രത്യേകമായി ഒഴിവാക്കിപ്പെട്ടിരിക്കുന്നു.

## 19. ടെർമിനൽ രോഗം

12 മാസത്തിനുള്ളിൽ ഇൻഷുർ ചെയ്ത വ്യക്തിയുടെ മരണത്തിന് കാരണമാകുമെന്ന് പ്രതീക്ഷിക്കുന്ന ഒരു രോഗത്തിന്റെ തീർച്ചപ്പെടുത്തിയ രോഗനിർണയം. ഈ രോഗനിർണയം ഒരു സ്പെഷ്യലിസ്റ്റ് പിന്തുണയ്ക്കുകയും കമ്പനിയുടെ നിയുക്ത ഡോക്ടർ സ്ഥിരീകരിക്കുകയും വേണം.

## 20. ബാക്ടീരിയൽ മെനിഞ്ചൈറ്റിസ്

മസ്തിഷ്കത്തിന്റെയോ സുഷുമ്നാ നാഡിയുടെയോ സ്തരങ്ങളിൽ തീവ്രമായ ഇൻഫ്ലമേഷന് വഴിയൊരുക്കുന്ന ബാക്ടീരിയൽ അണുബാധയുടെ ഫലമായി നിർണായകമായതും പൂർവസ്ഥിതിയിൽ ആക്കാൻ കഴിയാത്തതും സ്ഥിരവുമായ ന്യൂറോളജിക്കൽ വൈകല്യം. ഈ ന്യൂറോളജിക്കൽ വൈകല്യം കുറഞ്ഞത് 6 ആഴ്ചയെങ്കിലും നിലനിൽക്കണം. ഇനി പറയുന്നവ കൊണ്ട് ഈ രോഗനിർണയം സ്ഥിരീകരിക്കണം:

I. ലംബാർ പഞ്ചറിലൂടെ സെറിബ്രോസ്പൈനൽ ദ്രാവകത്തിൽ ബാക്ടീരിയ അണുബാധയുടെ സാന്നിധ്യം; ഒപ്പം

II. ഒരു കൺസൾട്ടന്റ് ന്യൂറോളജിസ്റ്റ്.

## 18. പേഴ്സണൽ ആക്സിഡൻറ്:

നിങ്ങൾക്ക് അല്ലെങ്കിൽ നിങ്ങളുടെ നോമിനിക്ക്/നിയമപരമായ അവകാശിക്ക്, ഏതാണോ ഉചിതമായത് അത് പ്രകാരം, ഇൻഷുർ ചെയ്ത ഏതെങ്കിലും ഇവന്റ് സംഭവിക്കുകയും അതിലൂടെ നിങ്ങൾക്ക് ഒരു പരിക്ക് ഉണ്ടാകുകയും ചെയ്താൽ, പ്രത്യേകമായി ഇവിടെ വിവരിച്ചിരിക്കുന്നതു പോലെ, പോളിസി വർഷത്തിൽ വാർഷിക സം ഇൻഷ്വേഡിന്റെ പരമാവധി 50 ലക്ഷം രൂപയ്ക്ക് വിധേയമായി ഞങ്ങൾ നിങ്ങൾക്ക് നൽകും. ആദ്യ തവണ വിതരണം ചെയ്യുന്ന കാലയളവിൽ പരമാവധി 65 വയസ്സ് വരെ പ്രായമുള്ള മുതിർന്ന അംഗങ്ങൾക്ക് മാത്രമേ ഈ കവർ ലഭ്യമാകൂ.

### a. അപകട മരണം

ഒരു അപകടം / പരിക്ക് മൂലം ഇൻഷ്വേഡിന് / ഇൻഷുർ ചെയ്ത വ്യക്തിക്ക് മരണം സംഭവിക്കുകയും അത്തരം അപകടം / പരിക്ക് സംഭവിച്ചത് പോളിസി കാലയളവിൽ അല്ലെങ്കിൽ അത്തരം അപകടം / പരിക്ക് സംഭവിച്ച തീയതിയിൽ നിന്ന് പന്ത്രണ്ട് മാസത്തിനുള്ളിലാണ് മരണം സംഭവിച്ചതുമെങ്കിൽ, ഇൻഷ്വേഡിന് / ഇൻഷുർ ചെയ്ത വ്യക്തിക്ക് 100% കവറേജ് തുക ഞങ്ങൾ നൽകും.

### b. സ്ഥിരമായ സമ്പൂർണ വൈകല്യം

ഒരു അപകടം/പരിക്ക് മൂലം ഇൻഷ്വേഡിന് / ഇൻഷുർ ചെയ്ത വ്യക്തിക്ക് സ്ഥിരമായ സമ്പൂർണ വൈകല്യം സംഭവിക്കുകയും അത്തരം അപകടം/പരിക്ക് സംഭവിച്ചത് പോളിസി കാലയളവിൽ അല്ലെങ്കിൽ അത്തരം അപകടം/പരിക്ക് സംഭവിച്ച തീയതിയിൽ നിന്ന് പന്ത്രണ്ട് മാസത്തിനുള്ളിലാണ് അത് സംഭവിച്ചതുമെങ്കിൽ, ഇൻഷുർ ചെയ്ത വ്യക്തിക്ക് താഴെ വിവരിച്ചിരിക്കുന്ന പ്രകാരം കവറേജ് തുക വരെ ഞങ്ങൾ നൽകും. സം ഇൻഷ്വേഡിന്റെ പേഔട്ട് താഴെയുള്ള പട്ടിക പ്രകാരമായിരിക്കും:

| ക്രമ നം. | ഇൻഷ്വേഡ് ഇവൻറുകൾ | പേയബിൾ ആയ തുക = പോളിസി ഷെഡ്യൂളിൽ വ്യക്തമാക്കിയ സം ഇൻഷ്വേഡിന്റെ % |
|---|---|---|
| I | രണ്ട് കണ്ണുകളുടേയും പൂർണവും പൂർവസ്ഥിതിയിൽ ആക്കാൻ കഴിയാത്തതുമായ കാഴ്ച നഷ്ടം അല്ലെങ്കിൽ കൈകളും കാലുകളും ശരീരത്തിൽ നിന്ന് പൂർണമായും വേർപെട്ടതു മൂലമുള്ള യഥാർത്ഥ നഷ്ടം, അല്ലെങ്കിൽ ഒരു കൈയും ഒരു കാലും മുഴുവനായും, അല്ലെങ്കിൽ ഒരു കണ്ണിൻറെ മൊത്തത്തിലും പൂർവസ്ഥിതിയിൽ ആക്കാൻ കഴിയാത്തതുമായ കാഴ്ച നഷ്ടം, ഒരു കൈ മുഴുവനായോ ഒരു കാൽ മുഴുവനായോ ശരീരത്തിൽ നിന്ന് വേർപെടൽ | 100% |
| ii | സമ്പൂർണവും പൂർവസ്ഥിതിയിൽ ആക്കാൻ കഴിയാത്തതുമായ നഷ്ടം<br>(a) രണ്ട് കൈകളുടെ അറല്ലങ്കിൽ രണ്ട് കാലുകളുടെ ഉപയോഗം<br>(b) ഒരു കൈയും ഒരു കാലും<br>© ഒരു കണ്ണിന്റെ കാഴ്ചയും ഒരു കൈ അല്ലെങ്കിൽ ഒരു കാലിന്റെ ഉപയോഗവും | 100% |
| iii | ഒരു കണ്ണിന്റെ പൂർണവും പൂർവസ്ഥിതിയിൽ ആക്കാൻ കഴിയാത്തതുമായ കാഴ്ച നഷ്ടം അല്ലെങ്കിൽ ഒരു കൈ മുഴുവൻ അല്ലെങ്കിൽ ഒരു കാൽ മുഴുവൻ ശാരീരികമായി വേർപെട്ടതി– ലൂടെയുള്ള യഥാർത്ഥ നഷ്ടം | 50% |
| iv | ശരീരത്തിൽ നിന്ന് വേർപെടാതെ ഒരു കൈ മുഴുവനായോ ഒരു കാൽ മുഴുവനായോ ഉപയോഗിക്കുന്നതിലെ പൂർണവും പൂർവസ്ഥിതിയിൽ ആക്കാൻ കഴിയാത്തതുമായ നഷ്ടം | 50% |
| v | പാരാപ്ലീജിയ അല്ലെങ്കിൽ ക്വാഡ്രിപ്ലീജിയ അല്ലെങ്കിൽ ഹെമിപ്ലീജിയ | 100% |

ശ്രദ്ധിക്കുക: മുകളിലുള്ള പട്ടികയിലെ ക്രമ നം. ക മുതൽ കഢ വരെയുള്ള ഉദ്ദേശ്യങ്ങൾക്കായി, ഒരു കൈയോ കാലോ ശാരീരികമായി വേർപെടുന്നത് എന്നതിനർത്ഥം, കൈത്തണ്ടയ്ക്കോ അതിനു മുകളിലോ വച്ച് കൈയും കണങ്കാലിനോ അതിന് മുകളിലോ വച്ച് പാദവും വേർപെടുന്നത് എന്നാണ്.

ഈ ആനുകൂല്യത്തിന്റെ ഉദ്ദേശ്യങ്ങൾക്കു വേണ്ടി മാത്രം:

(I) 'ഹെമിപ്ലീജിയ' എന്നതിനർത്ഥം ശരീരത്തിന്റെ ഒരേ വശത്തുള്ള കൈ, കാലുകൾ, ദേഹം എന്നിവയുടെ പൂർണവും പൂർവസ്ഥിതിയിൽ ആക്കാൻ കഴിയാത്തതുമായ പക്ഷാഘാതം എന്നാണ്;

(II) 'പാരാപ്ലീജിയ' എന്നതിനർത്ഥം രണ്ട് കാലുകളും അടക്കം ശരീരത്തിന്റെ താഴത്തെ പകുതി (അരയ്ക്ക് താഴെ) മുഴുവനായും പൂർണവും പൂർവസ്ഥിതിയിൽ ആക്കാൻ കഴിയാത്തതുമായ പക്ഷാഘാതം എന്നാണ്;

(III) 'ക്വാഡ്രിപ്ലീജിയ' എന്നതിനർത്ഥം കൈകാലുകൾ നാലും പൂർണവും പൂർവസ്ഥിതിയിൽ ആക്കാൻ കഴിയാത്തതുമായ പക്ഷാഘാതം എന്നാണ്.

**C. സ്ഥിരമായ ഭാഗിക വൈകല്യം**

ഒരു അപകടം/പരിക്ക് മൂലം ഇൻഷ്വേഡിന്/ഇൻഷുർ ചെയ്ത വ്യക്തിക്ക് സ്ഥിരമായ ഭാഗിക വൈകല്യം സംഭവിക്കുകയും അത്തരം അപകടം/പരിക്ക് സംഭവിച്ചത് പോളിസി കാലയളവിൽ അല്ലെങ്കിൽ അത്തരം അപകടം/പരിക്ക് സംഭവിച്ച തീയതിയിൽ നിന്ന് പന്ത്രണ്ട് കലണ്ടർ മാസത്തിനുള്ളിലാണ് അത് സംഭവിച്ചതുമെങ്കിൽ, ഇൻഷുർ ചെയ്ത വ്യക്തിക്ക് താഴെ വിവരിച്ചിരിക്കുന്ന പ്രകാരം കവറേജ് തുക വരെ ഞങ്ങൾ നൽകും. സം ഇൻഷ്വേഡിന്റെ പേഔട്ട് താഴെയുള്ള പട്ടിക പ്രകാരമായിരിക്കും:

| ശ്രമ നം. | ഇൻഷ്വേഡ് ഇവൻറുകൾ | പേയബിൾ ആയ തുക = പോളിസി ഷെഡ്യൂളിൽ വ്യക്തമാക്കിയ സം ഇൻഷ്വേഡിന്റെ % |
|---|---|---|
| i | കേൾവിയുടെ മൊത്തത്തിലും പൂർവസ്ഥിതിയിൽ ആക്കാൻ കഴിയാത്തതുമായ നഷ്ടം: – | |
| | a) രണ്ട് ചെവികളും | 75% |
| | b) ഒരു ചെവി | 30% |
| ii | കാൽവിരലുകളുടെ നഷ്ടം | |
| | a) എല്ലാം | 20% |
| | b) കാൽ പെരുവിരലുകളുടെ രണ്ടു ഫലാഞ്ചുകളും | 5% |
| | c) ഒരു കാൽപെരുവിരലിന്റെ രണ്ടു ഫലാഞ്ചുകളും | 2% |
| | d) പെരുവിരൽ ഒഴികെയുള്ള മറ്റ് കാൽവിരലുകളുടെ രണ്ടു ഫലാഞ്ചുകളും | 1% |
| iii | ഒരു കൈയിലെടെ നാല് വിരലുകളും പെരുവിരലും നഷ്ടമാകൽ | 40% |
| iv | ഒരു കൈയിലെടെ നാല് വിരലുകൾ നഷ്ടമാകൽ | 35% |
| v | പെരുവിരൽ നഷ്ടമാകൽ | |
| | a) രണ്ടു ഫലാഞ്ചുകളും | 25% |
| | b) ഒരു ഫാലാൻക്സ് | 10% |
| vi | ചൂണ്ടു വിരൽ നഷ്ടമാകൽ | |
| | a) മൂന്ന് ഫലാഞ്ചുകൾ | 10% |
| | b) രണ്ട് ഫലാഞ്ചുകൾ | 8% |
| | c) ഒരു ഫാലാൻക്സ് | 4% |
| vii | നടുവിരൽ നഷ്ടമാകൽ | |
| | a) മൂന്ന് ഫലാഞ്ചുകൾ | 6% |
| | b) രണ്ട് ഫലാഞ്ചുകൾ | 4% |
| | c) ഒരു ഫാലാൻക്സ് | 2% |
| viii | മോതിരവിരൽ നഷ്ടമാകൽ | |
| | a) മൂന്ന് ഫലാഞ്ചുകൾ | 5% |
| | b) രണ്ട് ഫലാഞ്ചുകൾ | 3% |
| | c) ഒരു ഫാലാൻക്സ് | 2% |
| ix | ചെറുവിരൽ നഷ്ടമാകൽ | |
| | a) മൂന്ന് ഫലാഞ്ചുകൾ | 4% |
| | b) രണ്ട് ഫലാഞ്ചുകൾ | 3% |
| | c) ഒരു ഫാലാൻക്സ് | 2% |
| x | മെറ്റാകാർപലുകൾ നഷ്ടമാകൽ | |
| | a) ഒന്നാമത്തെ അല്ലെങ്കിൽ രണ്ടാമത്തെ | 3% |
| | b) മൂന്നാമത്തെ, നാലാമത്തെ അല്ലെങ്കിൽ അഞ്ചാമത്തെ | 2% |
| xi | സ്ഥിരമായ ഭാഗിക വൈകല്യം ക്രമ നം. ക മുതൽ ത വരെ ഉള്ളവയ്ക്ക് കീഴിൽ നൽകിയിട്ടുള്ളവ അല്ലാത്തവ | കമ്പനിയുടെ നെറ്റ് വർക്ക് ഹോസ്പിറ്റൽ നടത്തിയ മെഡിക്കൽ മൂല്യനിർണയത്തിന് അനുസൃതമായി നിർണയിച്ചിട്ടുള്ള സം ഇൻഷ്വേഡിന്റെ അത്തരം %, ക്രമ നം. തനു കീഴിൽ ഇൻഷുർ ചെയ്യപ്പെട്ടിട്ടുള്ള ഇവന്റിന് പ്രായത്തിൻറെ % സം ഇൻഷ്വേഡിന്റെ 50% കവിയാൻ പാടില്ല. |

## 19. വളണ്ടറി കോ–പേയ്മെന്റ്

ഇൻഷുർ ചെയ്ത വ്യക്തിക്ക് വളണ്ടറി കോ–പേയ്മെന്റ് തിരഞ്ഞെടുക്കാനും പ്രീമിയത്തിൽ തുടർന്നുള്ള കിഴിവ് നേടാനും അവസരമുണ്ട്. പോളിസി ഷെഡ്യൂളിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ വളണ്ടറി കോ–പേയ്മെന്റ് തിരഞ്ഞെടുക്കുകയാണെങ്കിൽ, ഓരോ ക്ലെയിം തുകയുടെയും അനുവദനീയമായ ക്ലെയിം തുകയുടെ നിശ്ചിത കോ–പേയ്മെന്റ് ശതമാനം വഹിക്കാൻ ഇൻഷുർ ചെയ്ത വ്യക്തി ബാധ്യസ്ഥരായിരിക്കും.

I. ഒരിക്കൽ തിരഞ്ഞെടുത്ത വളണ്ടറി കോ—പേയ്മെന്റ് ഇടയ്ക്ക് ഭേദഗതി ചെയ്യാനാവില്ല. അണ്ടർ റൈറ്റിങ്ങിന് വിധേയമായി പുതുക്കുന്ന സമയത്ത് മാത്രമേ കോ—കോ—പേയ്മെന്റ് ഭേദഗതി ചെയ്യാൻ കഴിയൂ.

ii. വളണ്ടറി കോ—പേയ്മെന്റ് ഇൻഷുർ ചെയ്ത വ്യക്തി(കൾ) തിരഞ്ഞെടുത്താൽ, വെൽനസ് പ്രോഗ്രാം ഒഴികെയുള്ള പോളിസിക്ക് കീഴിലുള്ള എല്ലാ ബേസിക് കവറിനും അത് ബാധകമായിരിക്കും.

iii. ഓപ്ഷണൽ കവർ – ഇൻഫിനിറ്റ് കെയർ, ഓപ്ഷണൽ കവർ – വേൾഡ് വൈഡ് കവർ ഒഴികെയുള്ള ആഡ് ഓണുകൾക്ക്/ ഓപ്ഷണൽ കവറുകൾക്ക് വളണ്ടറി കോ—പേയ്മെന്റ് ബാധകമായിരിക്കില്ല.

iv. വളണ്ടറി ഡിഡക്ടബിൾ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ വളണ്ടറി കോ—പേയ്മെന്റ് തിരഞ്ഞെടുക്കാൻ കഴിയില്ല

## 20. വളണ്ടറി ഡിഡക്ടബിൾ

ഇൻഷുർ ചെയ്ത വ്യക്തിക്ക് വളണ്ടറി ഡിഡക്ടബിൾ തിരഞ്ഞെടുക്കാനും പ്രീമിയത്തിൽ തുടർന്നുള്ള കിഴിവ് നേടാനും അവസരമുണ്ട്. പോളിസി ഷെഡ്യൂളിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ വളണ്ടറി ഡിഡക്ടബിൾ നിശ്ചിത ഡിഡക്ടബിൾ തുക വഹിക്കാൻ ഇൻഷുർ ചെയ്ത വ്യക്തി ബാധ്യസ്ഥരായിരിക്കും.

i. ബേസ് കവറിന് കീഴിൽ വരുന്ന പോളിസി വർഷത്തിലെ എല്ലാ ഹോസ്പിറ്റലൈസേഷൻ ചെലവുകൾക്കും വളണ്ടറി ഡിഡക്ടബിൾ സഞ്ചിത അടിസ്ഥാനത്തിൽ ബാധകമായിരിക്കും

ii. വ്യക്തിഗത പോളിസിയുടെ കാര്യത്തിൽ വ്യക്തിഗത അടിസ്ഥാനത്തിലും ഫ്ലോട്ടർ പോളിസിയുടെ കാര്യത്തിൽ ഫ്ളോട്ടർ അടിസ്ഥാനത്തിലും ഈ ഡിഡക്ടബിൾ ബാധകമായിരിക്കും

iii. വളണ്ടറി ഡിഡക്ടബിൾ ഒരിക്കൽ തിരഞ്ഞെടുത്താൽ ഇടയിൽ അത് ഭേദഗതി ചെയ്യാനാവില്ല. റിന്യൂവൽ സമയത്ത് മാത്രമേ അണ്ടർ റൈറ്റിങ്ങിന് വിധേയമായി ഡിഡക്ടബിളിൽ ഭേദഗതി ചെയ്യാൻ കഴിയൂ.

iv. ഇൻഷുർ ചെയ്ത വ്യക്തി(കൾ) വളണ്ടറി ഡിഡക്ടബിൾ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ വെൽനസ് പ്രോഗ്രാം ഒഴികെ ഈ പോളിസിക്ക് കീഴിലുള്ള എല്ലാ ബേസ് കവറുകൾക്കും അത് ബാധകമായിരിക്കും.

v. വളണ്ടറി കോ—പേയ്മെന്റ് തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ, വളണ്ടറി ഡിഡക്ടബിൾ തിരഞ്ഞെടുക്കാൻ കഴിയില്ല

## 21. ആശ്രിതരുടെ അക്കോമഡേഷൻ ആനുകൂല്യം

പോളിസി കാലയളവിൽ ഇൻഷുർ ചെയ്ത വ്യക്തിക്ക് ഒരു അസുഖം വരികയോ അപകടത്തിൽ പരിക്കേൽക്കുകയോ ചെയ്യുകയും, ഇൻഷുർ ചെയ്ത വ്യക്തിയെ പൂർണമായും ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടി വരികയുമാണെങ്കിൽ, നിങ്ങളുടെ ഹോസ്പിറ്റലൈസേഷന്റെ തുടർച്ചയായതും പൂർത്തിയാക്കിയതുമായ ഓരോ ദിവസവും, പരമാവധി തുടർച്ചയായി 10 ദിവസം വരെ, ആശുപത്രിയിലെ ആശ്രിതരായ വ്യക്തിക്ക് താമസിക്കാൻ പ്രതിദിനം ഞങ്ങൾ 1,000 രൂപ വരെ നൽകും. ഈ ഓപ്ഷണൽ കവറിന്റെ ഉദ്ദേശ്യത്തിനായി, ആശ്രിതർ എന്നതിനർത്ഥം നിർവചിച്ചിരിക്കുന്ന പ്രകാരമുള്ള തൊട്ടടുത്ത കുടുംബാംഗങ്ങൾ എന്നാണ്.

ഇനി പറയുന്നവയ്ക്ക് വിധേയമായി:

a) ഇൻഷുർ ചെയ്ത വ്യക്തിയുടെ അതേ അപകടം/അസുഖം എന്നിവയുമായി ബന്ധപ്പെട്ടുള്ള ഹോസ്പിറ്റലൈസേഷൻ ചെലവുകൾക്ക് കീഴിലുള്ള ക്ലെയിം ഞങ്ങൾ അംഗീകരിച്ചുവെങ്കിൽ.

b) പ്രസ്തുത ഹോസ്പിറ്റലൈസേഷൻ മെഡിക്കൽ ആയി ആവശ്യമായ ചികിത്സയും, അത് ചികിത്സിക്കുന്ന മെഡിക്കൽ പ്രാക്ടീഷണറുടെ രേഖാമൂലമുള്ള ഉപദേശപ്രകാരം ആരംഭിക്കുകയും തുടരുകയും ചെയ്യുന്നുവെങ്കിൽ.

c) ഇൻഷുർ ചെയ്ത അംഗത്തിന് ആശുപത്രിയിൽ കുറഞ്ഞത് 3 ദിവസം തുടർച്ചയായി, പരമാവധി 10 ദിവസം വരെ ഹോസ്പിറ്റലൈസേഷൻ ആവശ്യമാണെന്ന് മെഡിക്കൽ പ്രാക്ടീഷണർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിൽ.

d) ഞങ്ങൾ ഒരു തൊട്ടടുത്ത കുടുംബാംഗത്തിനു വേണ്ടി മാത്രമേ പണം നൽകൂ.

## 22. ഡ്യൂറബിൾ മെഡിക്കൽ എക്വിപ്മെൻറ് കവർ

പോളിസി വർഷത്തിൽ, പട്ടികപ്പെടുത്തിയിരിക്കുന്ന ഏതെങ്കിലും ഡ്യൂറബിൾ മെഡിക്കൽ ഉപകരണങ്ങൾ വാടകയ്ക്കെടുക്കുന്നതിനോ വാങ്ങുന്നതിനോ വേണ്ടി ഇൻഷുർ ചെയ്ത വ്യക്തി നടത്തുന്ന ചെലവുകൾ, ഹോസ്പിറ്റലൈസേഷൻ ക്ലെയിം സ്വീകാര്യമായ അതേ രോഗാവസ്ഥയ്ക്കു വേണ്ടി പോസ്റ്റ് ഹോസ്പിറ്റലൈസേഷനിൽ ചികിത്സിക്കുന്ന മെഡിക്കൽ പ്രാക്ടീഷണർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ മാത്രം ഞങ്ങൾ കവർ ചെയ്യും.

**വ്യവസ്ഥകൾ:**

I. പേയബിൾ ആയ ക്ലെയിം വാർഷിക സം ഇൻഷ്വേഡ് വരെ (മൊത്തത്തിലുള്ള അടിസ്ഥാന വാർഷിക സം ഇൻഷ്വേഡിനുള്ളിൽ), പരമാവധി 5 ലക്ഷം രൂപ വരെ നൽകും.

ii. ഇൻഷുർ ചെയ്ത വ്യക്തിയുടെ അതേ അപകടം/അസുഖം എന്നിവയുമായി ബന്ധപ്പെട്ട് ഹോസ്പിറ്റലൈസേഷൻ ചെലവുകൾക്ക് (ഇൻ—പേഷ്യന്റ് ചികിത്സ / ഡേകെയർ നടപടിക്രമങ്ങൾ / ചികിത്സ/ഇൻ—പേഷ്യന്റ് ആയുഷ് ഹോസ്പിറ്റലൈസേഷൻ) കീഴിലുള്ള ക്ലെയിം ഞങ്ങൾ സ്വീകരിക്കും.

iii. ഹോസ്പിറ്റലൈസേഷൻ സമയത്തോ ഇൻഷുർ ചെയ്ത വ്യക്തിയെ ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ചെയ്തതിനു ശേഷം 30 ദിവസത്തിനുള്ളിലോ ഒരു അംഗീകൃത മെഡിക്കൽ പ്രാക്ടീഷണർ ഡ്യൂറബിൾ മെഡിക്കൽ ഉപകരണത്തിന്റെ ആവശ്യകത നിർദ്ദേശിക്കേണ്ടതുണ്ട്.

iv. മെഡിക്കൽ ശുപാർശയുടെ 30 ദിവസത്തിനുള്ളിൽ ഇത്തരം വാങ്ങൽ നടത്തിയിരിക്കണം.

**ഈ ഓപ്ഷണൽ കവറിനു കീഴിൽ കവർ ചെയ്യുന്ന ഡ്യൂറബിൾ മെഡിക്കൽ ഉപകരണങ്ങളുടെ പട്ടിക**

1. സിപിഎപി മെഷീൻ
2. വെന്റിലേറ്റർ
3. വീൽചെയർ
4. പ്രോസ്തെറ്റിക് ഉപകരണം



**ഐആർഡിഎ രജി. നമ്പർ 115**
**തപാൽ വിലാസം:**
601/602, 6ആം നില, ഇൻറർഫേസ് ബിൽഡിംഗ് നമ്പർ. 16, ന്യൂ ലിങ്ക് റോഡ്, മലാഡ് (വെസ്റ്റ്), മുംബൈ – 400 064

**UIN:** ICIHLIP25047V032425
**CIN:** L67200MH2000PLC129408
**രജിസ്ട്രേഡ് ഓഫീസ് വിലാസം:**
ഐസിഐസിഐ ലൊംബാർഡ് ഹൗസ്, 414, പി ബാലു മാർഗ്, ഓഫ് വീർ സവർക്കർ റോഡ്, സിദ്ധി വിനായക് ക്ഷേത്രത്തിന് സമീപം, പ്രഭാദേവി, മുംബൈ – 400 025

**പോളിസിയുടെ നിബന്ധനകളും വ്യവസ്ഥകളും**
**ടോൾ ഫ്രീ നമ്പർ.:** 1800 2666
**ഇതര നം.** : 86552 22666 (Chargeable)
**വെബ്സൈറ്റ്.** : www.icicilombard.com
**ഇ–മെയിൽ.** : customersupport@icicilombard.com

5. സക്ഷൻ മെഷീൻ

6. കമോഡ് കസേരകൾ

7. ഇൻഫ്യൂഷൻ പമ്പ്

8. മുട്ട് മാറ്റിവയ്ക്കൽ ആണെങ്കിൽ കണ്ടിന്യൂസ് പാസീവ് മോഷൻ ഡിവൈസുകൾ

9. ഓക്സിജൻ കോൺസൺട്രേറ്റർ

**23. ടെലി കൺസൾട്ടേഷൻ(കൾ):**

പതിവ് ആരോഗ്യ പ്രശ്നങ്ങൾക്ക് ഒരു അർഹതയുള്ള മെഡിക്കൽ പ്രാക്ടീഷണർ അല്ലെങ്കിൽ ഹെൽത്ത് കെയർ പ്രൊഫഷണൽ മുഖേനയുള്ള കൺസൾട്ടേഷനുകളും ശുപാർശകളും ഞങ്ങൾ ക്രമീകരിക്കും. ഈ ഓപ്ഷണൽ കവറിന്റെ ആവശ്യത്തിനായി, ടെലി കൺസൾട്ടേഷൻ എന്നത് ഓഡിയോ, വീഡിയോ, ഓൺലൈൻ പോർട്ടൽ, ചാറ്റ് അല്ലെങ്കിൽ മൊബൈൽ ആപ്ലിക്കേഷൻ പോലുള്ള വിവിധ ആശയവിനിമയ രീതികളിലൂടെ അർഹതയുള്ള ഒരു മെഡിക്കൽ പ്രാക്ടീഷണർ അല്ലെങ്കിൽ ഹെൽത്ത് കെയർ പ്രൊഫഷണൽ നൽകുന്ന കൺസൾട്ടേഷൻ എന്നാണ് അർത്ഥമാക്കുന്നത്. ഇതേ കുറിച്ചുള്ള കൂടുതൽ വിശദാംശങ്ങൾക്ക് ദയവായി ഞങ്ങളുടെ മൊബൈൽ ആപ്ലിക്കേഷൻ കാണുക. ഒരു പോളിസി വർഷത്തിൽ നിങ്ങൾക്ക് ലഭ്യമാക്കാവുന്ന ടെലി കൺസൾട്ടേഷനുകളുടെ എണ്ണത്തിന് പരമാവധി പരിധി ഇല്ല.

ഈ കവറിനു കീഴിൽ നൽകുന്ന സേവനങ്ങൾ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായും താഴെ നിർദ്ദേശിച്ചിരിക്കുന്ന രീതിയിലും ലഭ്യമാക്കും:

i. ടെലി കൺസൾട്ടേഷൻ(കൾ) ഞങ്ങളുടെ മൊബൈൽ ആപ്ലിക്കേഷൻ വഴി മാത്രമേ ലഭ്യമാക്കാൻ കഴിയൂ

ii. ഓരോ സംഭവങ്ങളുടെയും അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ, നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മെഡിക്കൽ പ്രാക്ടീഷണർ ഓവർ ദി കൗണ്ടർ മരുന്നുകൾ നിർദ്ദേശിച്ചേക്കാം/ശുപാർശ ചെയ്തേക്കാം/കുറിച്ചു നൽകിയേക്കാം. എന്നിരുന്നാലും, ഈ ആനുകൂല്യത്തിന് കീഴിലുള്ള സേവനങ്ങൾ മെഡിക്കൽ ഉപദേശമായി മാറ്റാനോ കൂടാതെ/അല്ലെങ്കിൽ ഇൻഷുർ ചെയ്ത വ്യക്തിയുടെ സ്വതന്ത്ര മെഡിക്കൽ പ്രാക്ടീഷണറുമായുള്ള/ ഹെൽത്ത്കെയർ പ്രൊഫഷണലുമായുള്ള സന്ദർശനത്തിന്/കൺസൾട്ടേഷന് പകരമാക്കുകയോ അരുത്*.

iii. ഒരു പോളിസി വർഷത്തിൽ ഇൻഷ്വർ ചെയ്ത വ്യക്തി(കൾ)ക്ക് ലഭ്യമാക്കാവുന്ന ടെലി കൺസൾട്ടേഷനുകളുടെ എണ്ണത്തിന് പരമാവധി പരിധിയൊന്നും ഉണ്ടായിരിക്കില്ല.

iv. ഈ സേവനം ദിവസത്തിൽ 24 മണിക്കൂറും വർഷത്തിൽ 365 ദിവസവും ലഭ്യമായിരിക്കും.

v. ആവശ്യമെങ്കിൽ ഞങ്ങൾ/മെഡിക്കൽ പ്രാക്ടീഷണർ/ഹെൽത്ത് കെയർ പ്രൊഫഷണൽ ഇൻഷുർ ചെയ്ത വ്യക്തിയെ മറ്റൊരു സ്പെഷ്യലിസ്റ്റിന് അല്ലെങ്കിൽ ഒരു ജനറൽ ഫിസിഷ്യന് (ഞങ്ങളുടെ എംപാനൽഡ് നെറ്റ്വർക്കിന് പുറത്തുള്ള) റഫർ ചെയ്തേക്കാം, അത്തരം സ്പെഷ്യലിസ്റ്റിന്റെ അല്ലെങ്കിൽ ഒരു ജനറൽ ഫിസിഷ്യന്റെ ചാർജുകൾ ഇൻഷുർ ചെയ്ത വ്യക്തി വഹിക്കേണ്ടിവരും.

vi. ഈ കവറിനു കീഴിൽ നൽകിയിരിക്കുന്ന വിവരങ്ങളിലെ പൊരുത്തക്കേടുകൾക്ക് ഞങ്ങൾക്ക് ബാധ്യത ഉണ്ടായിരിക്കില്ല.

vii. ഈ കവറിനു കീഴിലുള്ള സേവനങ്ങൾ തിരഞ്ഞെടുക്കുന്നത് ഇൻഷുർ ചെയ്ത വ്യക്തിയുടെ സ്വന്തം വിവേചനാധികാരത്തിലും സ്വന്തം ഉത്തരവാദിത്തത്തിലുമായിരിക്കും.

*ഇൻഷുർ ചെയ്ത വ്യക്തിയുടെ വ്യക്തിഗത സാഹചര്യങ്ങളെ വ്യാഖ്യാനിക്കുകയും പ്രയോഗത്തിലാക്കുകയും ചെയ്യുമ്പോൾ പ്രൊപ്പോസർ ഒരു ആരോഗ്യ പരിചരണ പ്രൊഫഷണലിൽ നിന്ന് സഹായം തേടണം. ഇൻഷുർ ചെയ്ത വ്യക്തിക്ക് സ്വന്തം ആരോഗ്യത്തെക്കുറിച്ച് എന്തെങ്കിലും ആശങ്കകളുണ്ടെങ്കിൽ, അവർക്ക് അവരുടെ ജനറൽ പ്രാക്ടീഷണറുമായി ബന്ധപ്പെടാവുന്നതാണ്. മെഡിക്കൽ പ്രാക്ടീഷണർ/ഹെൽത്ത്കെയർ പ്രൊഫഷണൽ നടത്തിയ ഏതെങ്കിലും അഭിപ്രായം, ഉപദേശം, പ്രിസ്ക്രിപ്ഷൻ, യഥാർത്ഥ അല്ലെങ്കിൽ ആരോപിക്കപ്പെടുന്ന പിശകുകൾ, ഒഴിവാക്കലുകൾ, പ്രാതിനിധ്യങ്ങൾ എന്നിവയിൽ നിന്നോ അതുമായി ബന്ധപ്പെട്ടോ ഉണ്ടാകുന്ന ഏതെങ്കിലും നഷ്ടത്തിനോ കേടുപാടുകക്കോ ഞങ്ങൾ ഉത്തരവാദികളായിരിക്കില്ല.

**24. കാത്തിരിപ്പ് കാലയളവ് കുറയ്ക്കൽ ഓപ്ഷൻ (ജമ്പ്സ്റ്റാർട്ടിന് കീഴിൽ ലിസ്റ്റുചെയ്തിരിക്കുന്നവയ്ക്ക് പുറമേയുള്ളവ)**

ഇൻഷുർ ചെയ്ത വ്യക്തി ഈ ഓപ്ഷണൽ കവർ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ, ഒഴിവാക്കൽ–മുൻകാല രോഗങ്ങൾ (കോഡ്– എക്സ്ക്ലൂ01) എന്നതിനു കീഴിൽ പ്രഖ്യാപിച്ചതും അംഗീകരിച്ചതുമായ ഏതെങ്കിലും നിലവിലുള്ള രോഗങ്ങൾക്ക് ബാധകമായ കാത്തിരിപ്പ് കാലയളവ് 36 മാസത്തിൽ നിന്ന് 24 മാസം അല്ലെങ്കിൽ 12 മാസം ആയി കുറയ്ക്കും. പോളിസി ആരംഭിക്കുമ്പോഴും പോളിസി ആരംഭിക്കുന്ന സമയത്ത് തിരഞ്ഞെടുത്ത വാർഷിക സം ഇൻഷ്വേഡിനും മാത്രമേ ഈ കവർ ലഭ്യമാകൂ. ഓപ്ഷണൽ കവർ – വേൾഡ് വൈഡ് കവറിന് കീഴിൽ നടത്തുന്ന ക്ലെയിമുകൾക്ക് കുറയ്ക്കപ്പെട്ട കാത്തിരിപ്പ് കാലയളവ് ബാധകമാകില്ല. ഒരിക്കൽ തിരഞ്ഞെടുത്താൽ, തുടർച്ചയായ 3 പോളിസി വർഷങ്ങളിലേക്ക് ഈ ഓപ്ഷണൽ കവർ തിരഞ്ഞെടുക്കേണ്ടതുണ്ട്.

**2.5 മെറ്റേണിറ്റി കാത്തിരിപ്പ് കാലയളവ് കുറയ്ക്കൽ ഓപ്ഷൻ**

നിങ്ങൾ ഈ ഓപ്ഷണൽ കവർ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ, ആഡ് ഓണുകൾ/ഓപ്ഷണൽ കവർ 5–ന് കീഴിൽ ബാധകമായ കാത്തിരിപ്പ് കാലയളവ്. മെറ്റേണിറ്റി ആനുകൂല്യം 24 മാസത്തിൽ നിന്ന് 12 മാസമായി കുറയ്ക്കും. ഓപ്ഷണൽ കവർ 5 തിരഞ്ഞെടുക്കുന്ന സമയത്ത് മാത്രമേ ഈ കവർ ലഭ്യമാകൂ. മെറ്റേണിറ്റി ആനുകൂല്യം ലഭ്യമാകുന്നത് തിരഞ്ഞെടുക്കുന്ന സമയത്ത് തിരഞ്ഞെടുത്ത വാർഷിക സം ഇൻഷ്വേഡിന് മാത്രമായിരിക്കും. ആഡ് ഓണുകൾക്ക്/ ഓപ്ഷണൽ കവർ 5–ന് കീഴിൽ സൂചിപ്പിച്ചിരിക്കുന്ന എല്ലാ രോഗാവവസ്ഥകൾക്കും. ഈ കവറിന് മെറ്റേണിറ്റി ആനുകൂല്യം ബാധകമായിരിക്കും. ഒരിക്കൽ തിരഞ്ഞെടുത്താൽ, തുടർച്ചയായ 2 പോളിസി വർഷങ്ങളിൽ ഈ ഓപ്ഷണൽ കവർ തിരഞ്ഞെടുക്കേണ്ടതുണ്ട്.

**26. നിശ്ചിത രോഗ കാത്തിരിപ്പ് കാലയളവ് കുറയ്ക്കൽ ഓപ്ഷൻ**

നിങ്ങൾ ഈ ഓപ്ഷണൽ കവർ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ, ഒഴിവാക്കൽ–**നിശ്ചിത രോഗ/നടപടിക്രമ കാത്തിരിപ്പ് കാലയളവ് (കോഡ്– എക്സ്ക്ലൂ02)** പ്രകാരം ബാധകമായ കാത്തിരിപ്പ് കാലയളവ് 24 മാസത്തിൽ നിന്ന് 12 മാസമായി കുറയ്ക്കും. പോളിസി ആരംഭിക്കുമ്പോഴും പോളിസി ആരംഭിക്കുന്ന സമയത്ത് തിരഞ്ഞെടുത്ത വാർഷിക സം ഇൻഷ്വേഡിനും മാത്രമായിരിക്കും ഈ കവർ ലഭ്യമാകുന്നത്.

ഓപ്ഷണൽ കവർ 9–ന് കീഴിൽ നിർവഹിക്കുന്ന ക്ലെയിമുകൾക്ക് കുറയ്ക്കപ്പെട്ട കാത്തിരിപ്പ് കാലയളവ് ബാധകമായിരിക്കില്ല. വേൾഡ് വൈഡ് കവർ. ഒരിക്കൽ തിരഞ്ഞെടുത്താൽ, തുടർച്ചയായ 2 പോളിസി വർഷങ്ങളിൽ ഈ ഓപ്ഷണൽ കവർ തിരഞ്ഞെടുക്കേണ്ടതുണ്ട്.

**27. വേൾഡ് വൈഡ് കവർ കാത്തിരിപ്പ് കാലയളവ് കുറയ്ക്കൽ ഓപ്ഷൻ**

ഇൻഷുർ ചെയ്ത വ്യക്തി ഈ ഓപ്ഷണൽ കവർ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ, ആഡ് ഓണുകൾ/ഓപ്ഷണൽ കവർ – വേൾഡ് വൈഡ് കവറിനു കീഴിൽ ബാധകമായ കാത്തിരിപ്പ് കാലയളവ് 24 മാസത്തിൽ നിന്ന് 12 മാസമായി കുറയ്ക്കും. ഓപ്ഷണൽ കവർ – വേൾഡ് വൈഡ് കവർ തിരഞ്ഞെടുക്കുന്ന സമയത്തും തിരഞ്ഞെടുക്കുന്ന സമയത്ത് തിരഞ്ഞെടുത്ത വാർഷിക സം ഇൻഷ്വേഡിനും മാത്രമേ ഈ കവർ ലഭ്യമാകൂ. ആഡ് ഓണുകൾ/ഓപ്ഷണൽ കവർ – വേൾഡ് വൈഡ് കവറിനു കീഴിൽ സൂചിപ്പിച്ചിരിക്കുന്ന എല്ലാ വ്യവസ്ഥകളും ഈ കവറിന് ബാധകമായിരിക്കും. ഒരിക്കൽ തിരഞ്ഞെടുത്താൽ, തുടർച്ചയായ 2 പോളിസി വർഷങ്ങളിലേക്ക് ഈ ഓപ്ഷണൽ കവർ തിരഞ്ഞെടുക്കേണ്ടതുണ്ട്.

**28. റൂം മോഡിഫയർ**

ഇൻഷുർ ചെയ്ത വ്യക്തി ഈ ഓപ്ഷണൽ കവർ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ, ഇൻഷുർ ചെയ്ത വ്യക്തിക്ക് ഇനി പറയുന്ന ഓപ്ഷൻ ഉണ്ടായിരിക്കും:

A. റൂം വാടകയ്ക്ക് നിയന്ത്രണങ്ങൾ ഒന്നുമില്ലാതെ ഏതെങ്കിലും റൂം വിഭാഗത്തിലേക്ക് അർഹത ഭേദഗതി ചെയ്യുന്നതിന് അല്ലെങ്കിൽ

B. റൂം വാടകയ്ക്കുള്ള അർഹത ട്വിൻ ഷെയറിംഗ് റൂമിലേക്ക് ഭേദഗതി ചെയ്യാൻ അല്ലെങ്കിൽ

C. റൂം വാടകയ്ക്കുള്ള അർഹത സാധാരണ മുറിക്ക് വാർഷിക സം ഇൻഷ്വേഡിന്റെ 1%, ഐസിയുവിന് വാർഷിക സം ഇൻഷ്വേഡിന്റെ 2% എന്നിങ്ങനെയുള്ള റൂം വാടകയുടെ പരിധിയിൽ മാറ്റം വരുത്താൻ.

ഇനിപ്പറയുന്നവയ്ക്ക് വിധേയമായി എല്ലാ വാർഷിക സം ഇൻഷ്വേഡ് ഓപ്ഷനുകളിലും ഈ കവർ ലഭ്യമാണ്:

I. ഈ പോളിസിയുടെ പോളിസി ഷെഡ്യൂളിൽ/ഉൽപ്പന്ന ആനുകൂല്യ പട്ടികയിൽ വ്യക്തമാക്കിയിരിക്കുന്നതിനേക്കാൾ ഉയർന്ന ഒരു റൂം വിഭാഗത്തിൽ/പരിധിയിലാണ് ഇൻഷുർ ചെയ്ത വ്യക്തിയെ അഡ്മിറ്റ് ചെയ്തിരിക്കുന്നതെങ്കിൽ, അർഹതപ്പെട്ട റൂം വിഭാഗത്തിലെ മുറി വാടകയും യഥാർത്ഥത്തിൽ എടുത്തിരിക്കുന്ന മുറി വാടകയും തമ്മിലുള്ള വ്യത്യാസത്തിന്റെ അനുപാതത്തിൽ ഇൻഷുർ ചെയ്ത വ്യക്തി മൊത്തം അനുബന്ധ മെഡിക്കൽ ചെലവുകളുടെ (സർചാർജുകളും നികുതികളും അടക്കം) ഒരു റേറ്റ് ചെയ്യാവുന്ന അനുപാതം വഹിക്കേണ്ടതുണ്ട്.

a. ഈ കവറിന്റെ ആവശ്യത്തിനായി, 'അനുബന്ധ മെഡിക്കൽ ചെലവുകളിൽ' റൂം വാടക, നഴ്സിംഗ് ചാർജുകൾ, ഓപ്പറേഷൻ തിയറ്റർ ചാർജുകൾ, ഇൻഷുർ ചെയ്ത വ്യക്തിയെ പ്രവേശിപ്പിച്ച അതേ ഹോസ്പിറ്റലിലെ തന്നെ സർജൻ/അനസ്തറ്റിസ്റ്റ്/ സ്പെഷ്യലിസ്റ്റ് അടക്കമുള്ള മെഡിക്കൽ പ്രാക്ടീഷണറുടെ ഫീസ് എന്നിവ ഉൾപ്പെടും. ഫാർമസിയുടെയും ഉപഭോഗവസ്തുക്കളുടെയും ചെലവ്, ഇംപ്ലാന്റുകളുടെ ചെലവ്, മെഡിക്കൽ ഉപകരണങ്ങൾ, ഡയഗ്നോസ്റ്റിക്സ് ചെലവ് എന്നിവ ഇതിൽ ഉൾപ്പെടില്ല.

b. ഐസിയു ചാർജുകൾക്ക് ആനുപാതികമായ ഡിഡക്ഷനുകൾ ബാധകമല്ല

c. ഡിഫറൻഷ്യൽ ബില്ലിംഗ് പാലിക്കാത്ത ആശുപത്രികൾ അല്ലെങ്കിൽ റൂം വിഭാഗം അടിസ്ഥാനമാക്കി ഡിഫറൻഷ്യൽ ബില്ലിംഗ് ചെലവുകൾ സ്വീകരിക്കാത്തവയ്ക്കും ആനുപാതികമായ ഡിഡക്ഷനുകൾ ബാധകമല്ല.

**29. നെറ്റ്‌വർക്ക് അഡ്വാൻറേജ്**

ഇൻഷുർ ചെയ്ത വ്യക്തി ഈ ഓപ്ഷണൽ കവർ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ, ഇനിപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഇൻഷുർ ചെയ്ത വ്യക്തിക്ക് ഓരോ പുതുക്കൽ പ്രീമിയത്തിലും (ആദ്യ വർഷത്തെ പ്രീമിയം അടക്കം) 10% കിഴിവിന് അർഹതയുണ്ടായിരിക്കും

I. ഇൻ–പേഷ്യന്റ് ട്രീറ്റ്മെന്റ്, ഡേകെയർ നടപടിക്രമങ്ങൾ/ ചികിത്സ, ഇൻ–പേഷ്യന്റ് ആയുഷ് ഹോസ്പിറ്റലൈസേഷൻ എന്നിവയ്ക്ക് കീഴിൽ ബാധകമായ ചികിത്സ, ഞങ്ങളുടെ www.icicilombard.com എന്ന വെബ്സൈറ്റിലും ഞങ്ങളുടെ മൊബൈൽ ആപ്ലിക്കേഷനിലും ലഭ്യമായ ''പ്രിഫേഡ് പ്രൊവൈഡർ നെറ്റ്‌വർക്ക്'' പട്ടികയ്ക്കു കീഴിൽ ലിസ്റ്റ് ചെയ്തിരിക്കുന്ന ഒരു ആശുപത്രിയിലാണ് എടുത്തതെങ്കിൽ.

ii. ''പ്രിഫേഡ് പ്രൊവൈഡർ നെറ്റ്‌വർക്ക്'' പട്ടികയിൽ ഉൾപ്പെടാത്ത ഒരു ആശുപത്രിയിൽ ചികിത്സ എടുക്കുന്ന സാഹചര്യത്തിൽ ഓരോ ക്ലെയിമിനും 20% കോ–പേയ്മെന്റ് ബാധകമായിരിക്കും.

**30. എൻആർഐ അഡ്വാൻറേജ് എൻആർഐക്കുള്ള കവർ**

ഈ കവർ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ, നോൺ റസിഡന്റ് ഇന്ത്യക്കാർക്ക്/ഇന്ത്യയിലെ വിദേശ പൗരന്മാർക്ക് ഞങ്ങൾ ബേസ് കവർ പ്രീമിയത്തിന്മേൽ 25% കിഴിവ് നൽകും. ഇൻഷുർ ചെയ്ത വ്യക്തി(കൾ) ഇനി പറയുന്നതിന് വിധേയമാണെങ്കിൽ–

I. പോളിസി വിതരണം ചെയ്യുമ്പോഴും തുടർന്നുള്ള റിന്യൂവലുകളിലും അവർ പോളിസി വർഷം മുഴുവനും വിദേശത്ത് താമസിക്കുന്ന പ്രവാസി ഇന്ത്യക്കാർ ആണെന്ന/ ഓവർസീസ് പൗരന്മാരാണെന്ന സത്യവാങ്മൂലം നൽകണം.

ii. കിഴിവ് തുടർന്നും ലഭിക്കുന്നതിന് ഓരോ റിന്യൂവൽ സമയത്തും വരുന്ന വർഷവും വിദേശത്ത് താമസിക്കുന്നതിന്റെ തെളിവ് നൽകണം

iii. ഇന്ത്യൻ പൗരത്വത്തിന് നിർബന്ധിതമായി മറ്റ് പ്രസക്തമായ തിരിച്ചറിയൽ തെളിവ് രേഖകൾ കൈവശം വയ്ക്കുകയും നൽകുകയും വേണം

iv. പ്രീമിയം/ക്ലെയിം പേയ്മെന്റിനു വേണ്ടി ഒരു ഇന്ത്യൻ ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കണം.

ഇൻഷുർ ചെയ്ത വ്യക്തി ഒരു റസിഡന്റ് ഇന്ത്യൻ/ഓവർസീസ് സിറ്റിസൺസ് ഓഫ് ഇന്ത്യ ആകുന്നത് അവസാനിപ്പിച്ചാൽ, റിന്യൂവൽ ചെയ്യുമ്പോൾ തുടർന്നും കിഴിവൊന്നും ബാധകമായിരിക്കില്ല. വേൾഡ് വൈഡ് കവർ നോൺ റെസിഡന്റ് ഇന്ത്യക്കാർക്ക്/ഇന്ത്യയിലെ വിദേശ പൗരന്മാർക്ക് ലഭിക്കില്ല. പോളിസി നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി എല്ലാ കാത്തിരിപ്പ് കാലയളവുകളും ഇൻഷുർ ചെയ്ത വ്യക്തിക്ക് ബാധകമായിരിക്കും

**31. സീനിയർ കെയർ വാല്യു ആഡഡ് സർവീസുകൾ (ക്യാഷ്**

**ലെസ് അടിസ്ഥാനത്തിൽ മാത്രം)**

a. 55 വയസ്സും അതിന് മുകളിലുമുള്ള എല്ലാ ഇൻഷ്വർ ചെയ്ത വ്യക്തികൾക്കും ഇനിപ്പറയുന്ന സേവനങ്ങൾ ലഭ്യമാകും. ഈ എല്ലാ സേവനങ്ങളും ഞങ്ങളുടെ മൂന്നാം കക്ഷി നെറ്റ്വർക്ക് പ്രൊവൈഡർമാർ / എംപാനൽഡ് സേവന ദാതാവ് മുഖേന ക്യാഷ്ലെസ് അടിസ്ഥാനത്തിൽ മാത്രമേ ആക്സസ് ചെയ്യാൻ കഴിയൂ. ഈ ഓപ്ഷണൽ കവറിനുള്ളിലെ ആനുകൂല്യങ്ങളും സേവനങ്ങളും തിരഞ്ഞെടുത്ത പ്ലാനിനും പോളിസി ഷെഡ്യൂളിൽ വ്യക്തമാക്കിയിട്ടുള്ളതിനും അനുസരിച്ച് ബാധകമായിരിക്കും. ഈ കവറിനു കീഴിലുള്ള സേവനങ്ങൾ തിരഞ്ഞെടുക്കുന്നത് ഇൻഷ്വർ ചെയ്ത വ്യക്തിയുടെ സ്വന്തം വിവേചനാധികാരത്തിലും സ്വന്തം ഉത്തരവാദിത്തത്തിലുമായിരിക്കും. വിവിധ കവറുകൾക്കു കീഴിലുള്ള സേവനങ്ങൾ മൂന്നാം കക്ഷി നെറ്റ്വർക്ക് പ്രൊവൈഡർമാർ / എംപാനൽഡ് സേവന ദാതാക്കൾ വഴിയായിരിക്കും നൽകുക.

b മൂന്നാം കക്ഷി നെറ്റ്വർക്ക് പ്രൊവൈഡർമാർ/ എംപാനൽഡ് സേവന ദാതാക്കൾ നടത്തിയ ഏതെങ്കിലും അഭിപ്രായം, ഉപദേശം, പ്രിസ്ക്രിപ്ഷൻ, യഥാർത്ഥ അല്ലെങ്കിൽ ആരോപിക്കപ്പെടുന്ന പിശകുകൾ, ഒഴിവാക്കലുകൾ, പ്രാതിനിധ്യങ്ങൾ എന്നിവയിൽ നിന്നോ അതുമായി ബന്ധപ്പെട്ടോ ഉണ്ടാകുന്ന ഏതെങ്കിലും നഷ്ടത്തിനോ നാശത്തിനോ ഞങ്ങൾ ഉത്തരവാദികളായിരിക്കില്ല.

c. ഈ കവറിനു കീഴിലുള്ള സേവനങ്ങൾ തിരഞ്ഞെടുക്കുന്നത് ഉപഭോക്താവിന്റെ സ്വന്തം വിവേചനാധികാരത്തിലും സ്വന്തം ഉത്തരവാദിത്തത്തിലുമായിരിക്കും ഇൻഷ്വർ ചെയ്ത വ്യക്തിയുടെ വ്യക്തിഗത സാഹചര്യങ്ങളെ വ്യാഖ്യാനിക്കുകയും അത് അവരിൽ പ്രയോഗിക്കുകയും ചെയ്യുമ്പോൾ ഇൻഷ്വർ ചെയ്ത വ്യക്തി ഒരു ആരോഗ്യ പരിചരണ പ്രൊഫഷണലിൽ നിന്ന് സഹായം തേടണം. ഇൻഷ്വർ ചെയ്ത വ്യക്തിക്ക് അദ്ദേഹത്തിന്റെ/അവരുടെ ആരോഗ്യത്തെക്കുറിച്ച് എന്തെങ്കിലും ആശങ്കകളുണ്ടെങ്കിൽ, അദ്ദേഹത്തിന്/അവർക്ക് സ്വന്തം ജനറൽ പ്രാക്ടീഷണറെ സമീപിക്കാവുന്നതാണ്. ഈ ആഡ് ഓണിന് കീഴിലുള്ള കവറേജ്/സേവനങ്ങൾ പോളിസി നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും

| ശ്രമ നം. | സേവനം/ആനുകൂല്യം | പ്ലാൻ എ | പ്ലാൻ ബി | പ്ലാൻ സി | പ്ലാൻ ഡി |
|---|---|---|---|---|---|
| 1 | മൊബൈൽ ആപ്പ് ആക്സസ്:<br>അംഗങ്ങളുടെ ക്ലിനിക്കലും നോൺ–ക്ലിനിക്കലുമായ മെഡിക്കൽ ആവശ്യങ്ങൾ മാനേജ് ചെയ്യുന്നതിനായി പ്രത്യേകം രൂപകൽപന ചെയ്ത മൊബൈൽ ആപ്പിലേക്കുള്ള ആക്സസ്. ഈ ആപ്പ് ഞങ്ങളുടെ എംപാനൽഡ് സേവന ദാതാവാണ് മാനേജ് ചെയ്യുന്നത്. | ലഭ്യം | ലഭ്യം | ലഭ്യം | ലഭ്യം |
| 2 | പ്രായമേറിയവർക്കുള്ള ഹെൽത്ത് ക്യാമ്പുകളിലേക്കുള്ള ആക്സസ്:<br>അംഗങ്ങളുടെ മാനസികവും സൈക്കോളജിക്കലുമായ ക്ഷേമത്തിനായി ഞങ്ങളുടെ എംപാനൽഡ് സേവന ദാതാവ് സംഘടിപ്പിക്കുന്നത്. (പങ്കെടുക്കുന്നതിനുള്ള ചെലവ് ഇൻഷ്വർ ചെയ്ത വ്യക്തി വഹിക്കണം) | ലഭ്യം | ലഭ്യം | ലഭ്യം | ലഭ്യം |
| 3 | ക്ലിനിക്കലും നോൺ ക്ലിനിക്കലുമായ മെഡിക്കൽ ആവശ്യങ്ങൾക്കായി വ്യക്തിഗത സ്പെഷ്യലൈസ്ഡ് ജെറിയാട്രിക് ടെലിഫോണിക് സഹായം | ഒരിക്കൽ/ 2 മാസം | ഒരിക്കൽ/ 2 മാസം | ഒരിക്കൽ/ മാസം | ഒരിക്കൽ/ മാസം |
| 4 | സഹായിയുടെ സേവനം: മെഡിസിൻ ഡെലിവറി, ലാബ് ടെസ്റ്റുകൾ, ഹോസ്പിറ്റൽ സന്ദർശനങ്ങൾ, യാത്രാ ബുക്കിംഗ്, സാങ്കേതിക സഹായം എന്നിവ അടക്കം ഉള്ളവയാണെങ്കിലും എന്നാൽ അവയിൽ മാത്രം പരിമിതപ്പെടുത്താതെയുള്ള ദൈനംദിന ആവശ്യങ്ങളുടെ സഹായത്തിനായി ഞങ്ങളുടെ എംപാനൽഡ് സേവന ദാതാവിന്റെ(കളുടെ) ഓൺലൈൻ ഹെൽപ്പ്ഡെസ്കിലേക്കുള്ള ആക്സസ് | ലഭ്യം | ലഭ്യം | ലഭ്യം | ലഭ്യം |
| 5 | സ്പെഷ്യലൈസ്ഡ് ജെറിയാട്രിക് ഹെൽത്ത് സർവീസുകളിന്മേൽ കിഴിവ്: ഞങ്ങളുടെ എംപാനൽഡ് സേവന ദാതാക്കളുടെ പ്ലാറ്റ്ഫോമിലൂടെ ഇനിപ്പറയുന്ന സേവനങ്ങൾ ലഭ്യമാക്കുമ്പോൾ:<br>1. ഹോം ഹെൽത്ത് കെയർ സേവനങ്ങളുടെ (നഴ്സുമാരും അറ്റൻഡന്റുമാരും) ആദ്യ 30 ദിവസങ്ങളിൽ 10% വരെ കിഴിവ്<br>2. മരുന്നുകളുടെ ഓർഡറുകൾക്ക് 20% വരെ കിഴിവ് (മരുന്നുകളുടെ വിലയിന്മേൽ 20%<br>3. ഫിസിയോതെറാപ്പി സെഷനുകളിന്മേൽ 10% വരെ കിഴിവ് | ലഭ്യം | ലഭ്യം | ലഭ്യം | ലഭ്യം |

| ശ്രമ നം. | സേവനം/ആനുകൂല്യം | പ്ലാൻ എ | പ്ലാൻ ബി | പ്ലാൻ സി | പ്ലാൻ ഡി |
|---|---|---|---|---|---|
| 4.<br>5. | ഡയഗ്നോസ്റ്റിക് സേവനങ്ങളിന്മേൽ 35% വരെ കിഴിവ്<br>മെഡിക്കൽ ഉപകരണങ്ങളിന്മേൽ 20% വരെ കിഴിവ് (വാക്കിംഗ് സ്റ്റിക്ക്, വീൽചെയർ, ബിപി മെഷീൻ, ഷുഗർ ടെസ്റ്റിംഗ്,) | | | | |
| 6 | ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡുകൾ: ഞങ്ങളുടെ എംപാനൽഡ് സേവന ദാതാവ് (വയോജന പരിചരണത്തിൽ സ്പെഷ്യലൈസ് ചെയ്തവർ) അവരുടെ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ഹെൽത്ത് പ്രൊഫൈലും (വ്യക്തിഗത ഡോക്ടർമാർ, ആശുപത്രി രജിസ്ട്രേഷനുകൾ, ഹെൽത്ത് ഇൻഷുറൻസ് എന്നിവയെക്കുറിച്ചുള്ള വിശദാംശങ്ങൾ) ഡിജിറ്റൽ ഹെൽത്ത് റെക്കോർഡുകളും (എല്ലാ ഡയഗ്നോസ്റ്റിക്സും ലാബ് റിപ്പോർട്ടുകളും ജീവധാരാ ലക്ഷണങ്ങളും ഓൺലൈനിൽ സൂക്ഷിക്കൽ) രൂപീകരിക്കുന്നതിന് സഹായിക്കും. | ലഭ്യം | ലഭ്യം | ലഭ്യം | ലഭ്യം |
| 7 | മറ്റ് സേവനങ്ങൾ: ഞങ്ങളുടെ എംപാനൽഡ് സേവന ദാതാവ് മുഖേന ഇനിപ്പറയുന്ന സേവനങ്ങൾ ലഭ്യമാക്കാം (വയോജന പരിചരണത്തിൽ സ്പെഷ്യലൈസ് ചെയ്തവർ). ഇൻഷുർ ചെയ്ത വ്യക്തി വഹിക്കേണ്ട സേവനങ്ങളുടെ ചിലവ്.<br>1. വീട്ടിലേക്കുള്ള ഡോക്ടറുടെ സന്ദർശനം<br>2. സൈക്കോളജിക്കൽ കൗൺസിലിംഗ്പ്രമേഹം,<br>3. ഹൈപ്പർടെൻഷൻ, പൊണ്ണത്തടി, ആർത്രൈറ്റിസ്, ഹൈപ്പർലിപിഡീമിയ എന്നിങ്ങനെയുള്ള മെഡിക്കൽ അവസ്ഥകൾക്കു വേണ്ടി ഭക്ഷണക്രമം, വ്യായാമം, വായിക്കാനുള്ള വസ്തുക്കൾ എന്നിവയിലൂടെ ജീവിതശൈലി മാനേജ്മെന്റ് പ്രോഗ്രാമിന് സൗകര്യം ഒരുക്കും. | ആക്സസ് മാത്രം | ആക്സസ് മാത്രം | ആക്സസ് മാത്രം (5% വരെ കിഴിവ്) ഈ വിഭാഗത്തിന് കീഴിലുള്ള ലൈഫ്സ്റ്റൈൽ മാനേജ്മെന്റ് പ്രോഗ്രാമിന്: ആക്സസ് മാത്രം | ആക്സസ് മാത്രം (5% വരെ കിഴിവ്) ഈ വിഭാഗത്തിന് കീഴിലുള്ള ലൈഫ്സ്റ്റൈൽ മാനേജ്മെന്റ് പ്രോഗ്രാമിന്: ആക്സസ് മാത്രം (5% വരെ കിഴിവ്) |
| 8 | ഓഫ്ലൈൻ ഇവന്റുകളിലേക്കുള്ള ആക്സസ്: അംഗങ്ങളുടെ മാനസികവും സൈക്കോളജിക്കലുമായ ക്ഷേമത്തിനായി ഞങ്ങളുടെ എംപാനൽഡ് സേവന ദാതാവ് സംഘടിപ്പിക്കുന്നതോ ഒരുക്കുന്നതോ ആയ ഓഫ്ലൈൻ ആരോഗ്യ എൻഗേജ്മെൻറ് ഇവന്റുകളിൽ പങ്കെടുക്കുന്നതിനുള്ള ആക്സസ്.<br>(പങ്കെടുക്കുന്നതിനുള്ള ചെലവ് ഇൻഷുർ ചെയ്ത വ്യക്തി വഹിക്കണം) | ബാധകമല്ല | ബാധകമല്ല | ലഭ്യം | ലഭ്യം |
| 9 | സുരക്ഷാ മാർഗനിർദ്ദേശം: വീട് സുരക്ഷിതമായ ഇടമാക്കുക, വീഴാനുള്ള അപകടസാധ്യത കുറയ്ക്കുക തുടങ്ങിയ സുരക്ഷാ വശങ്ങളെക്കുറിച്ച് വയോജന പരിചരണത്തിൽ വൈദഗ്ധ്യം നേടിയ വിദഗ്ധർ ഓൺലൈനിലൂടെ അനുയോജ്യമായ മാർഗനിർദ്ദേശം നൽകും. | ആക്സസ് മാത്രം | ആക്സസ് മാത്രം | ലഭ്യം | ലഭ്യം |
| 10 | മാനസികവും ശാരീരികവുമായ ക്ഷേമത്തിനായി ഓരോരുത്തർക്കും വേണ്ടി പ്രത്യേകമായി ഒരുക്കിയ ഇവന്റിലേക്കുള്ള ആക്സസ് – ഞങ്ങളുടെ എംപാനൽഡ് സേവന ദാതാവ് പ്രായമേറിയവർക്കായി പ്രത്യേകം ക്യൂറേറ്റ് ചെയ്തവ. (ഇവന്റ് പ്ലാനിംഗ് ചെലവ് ഇൻഷുർ ചെയ്ത വ്യക്തി വഹിക്കണം | ബാധകമല്ല | ബാധകമല്ല | ലഭ്യം | ലഭ്യം |
| 11 | സ്പെഷ്യലൈസ്ഡ് ജെറിയാട്രിക് വെർച്വൽ പ്രിവന്റീവ് ഹെൽത്ത് റിസ്ക് പ്രൊഫൈലിംഗ്: വ്യക്തിഗതമായ ശുപാർശകൾ നൽകാൻ പ്രതിരോധാത്മക ആരോഗ്യ അപകടസാധ്യതാ പ്രൊഫൈലിംഗ് തയാറാക്കുന്നതിനു വേണ്ടി, പ്രായമാമേറിയവർക്കു വേണ്ടി പ്രത്യേകം ഒരുക്കുന്നത്. | ആക്സസ് മാത്രം | ആക്സസ് മാത്രം | ലഭ്യം | ലഭ്യം |

| ക്രമ നം. | സേവനം/ആനുകൂല്യം | പ്ലാൻ എ | പ്ലാൻ ബി | പ്ലാൻ സി | പ്ലാൻ ഡി |
|---|---|---|---|---|---|
| 12 | വെർച്വൽ മെഡിക്കൽ രണ്ടാം ഇ–അഭിപ്രായം: രോഗനിർണയം അല്ലെങ്കിൽ ചികിത്സാ പദ്ധതികൾ അവലോകനം ചെയ്യാൻ വെർച്വൽ പ്ലാറ്റ്ഫോമുകളിലൂടെ സ്പെഷ്യലൈസ്ഡ് ജെറിയാട്രിക് വിദഗ്ധർ മെഡിക്കൽ ഉപദേശം നൽകും | ആക്സസ് മാത്രം | ആക്സസ് മാത്രം | ആക്സസ് മാത്രം (5% വരെ കിഴിവ്) | ആക്സസ് മാത്രം (10% വരെ കിഴിവ്) |
| 13 | സ്പെഷ്യലൈസ്ഡ് ജെറിയാട്രിക് അറ്റൻഡന്റ് ശെയർ: ഹോസ്പിറ്റലൈസേഷനു ശേഷം ഡോക്ടർ ഹോം കെയറിന് വീട്ടിൽ അറ്റൻഡന്റ് പരിചരണം ആവശ്യമാണെന്ന് ശുപാർശ ചെയ്തിട്ടുണ്ടെങ്കിൽ മാത്രം | ആക്സസ് മാത്രം | ആക്സസ് മാത്രം | ആക്സസ് മാത്രം | പ്രതിവർഷം 4 സെഷനുകൾ |
| 15 | ഹോം ഫ്യൂമിഗേഷൻ | ആക്സസ് മാത്രം | ആക്സസ് മാത്രം | ആക്സസ് മാത്രം (5% വരെ കിഴിവ്) | ലഭ്യം |

ശ്രദ്ധിക്കുക: – മുകളിലെ പട്ടികയിലെ ''ബാധകമല്ല'' എന്നത് തന്നിരിക്കുന്ന പദ്ധതിയിൽ ഉൾപ്പെടാത്ത അതാത് അസിസ്റ്റൻസ് സേവനത്തെ സൂചിപ്പിക്കുന്നു.
–മുകളിലെ പട്ടികയിലെ ''ആക്സസ് മാത്രം'' എന്നത് ഉപഭോക്താവിന് അതത് പ്ലാനിന് കീഴിലുള്ള സേവനങ്ങൾ ഓരോ ഉപയോഗത്തിനും പണം നൽകിയുള്ള അടിസ്ഥാനത്തിൽ ലഭിക്കും എന്ന് സൂചിപ്പിക്കുന്നു.

e. **ഒഴിവാക്കലുകൾ:**

I. **സ്റ്റാൻഡേർഡ് എക്സ്ക്ലൂഷൻ**

1. **നിലവിലുള്ള രോഗങ്ങൾ – കോഡ്– എക്സ്ക്ലൂ01**

a. ഇൻഷുററുമായി ആദ്യ പോളിസി ആരംഭിച്ച തീയതിക്ക് ശേഷം 36 മാസത്തെ തുടർച്ചയായ കവറേജ് കാലയളവ് കഴിയുന്നതു വരെ, ഒരു നിലവിലുള്ള രോഗത്തിന്റെ (പിഇഡി) ചികിത്സയുമായി ബന്ധപ്പെട്ട ചെലവുകളും അതിന്റെ നേരിട്ടുള്ള സങ്കീർണതകളും ഒഴിവാക്കപ്പെടും.

b. സം ഇൻഷ്വേഡ് വർധിപ്പിക്കുന്ന സാഹചര്യത്തിൽ, സം ഇൻഷ്വേഡിന്റെ വർധനവിന്റെ പരിധിയിലേക്ക് ഒഴിവാക്കൽ വീണ്ടും ബാധകമാകും.

c. പ്രസക്തമായ റെഗുലേറ്ററി കുറിപ്പുകളുടെ പ്രിസ്ക്രിപ്ഷനുകളുടെ പോർട്ടബിലിറ്റി/മൈഗ്രേഷൻ മാനദണ്ഡങ്ങൾക്കു കീഴിൽ നിർവചിച്ചിരിക്കുന്നതു പ്രകാരം ഇൻഷ്വർ ചെയ്ത വ്യക്തി ഒരു ഇടവേളയും കൂടാതെ തുടർച്ചയായി കവർ നേടിയിട്ടുണ്ടെങ്കിൽ, അതിനുള്ള കാത്തിരിപ്പ് കാലയളവ് മുൻകൂർ കവറേജിന്റെ പരിധിയിലേക്ക് കുറയ്ക്കും.

d. നിലവിലുള്ള ഏതെങ്കിലും രോഗത്തിനുള്ള ഈ പോളിസിയുടെ കീഴിലുള്ള കവറേജ് 36 മാസം കാലയളവ് കഴിഞ്ഞ ശേഷം അപേക്ഷാസമയത്ത് പ്രഖ്യാപിക്കുന്നതിനും ഇൻഷുറർ അംഗീകരിക്കുന്നതിനും വിധേയമായിരിക്കും.

2. **നിർദ്ദിഷ്ട രോഗത്തിന്റെ/നടപടിയുടെ കാത്തിരിപ്പ് കാലയളവ്/നിശ്ചിത കാത്തിരിപ്പ് കാലയളവ്– കോഡ്– എക്സ്ക്ലൂ02**

a. പട്ടികപ്പെടുത്തിയിരിക്കുന്ന രോഗാവസ്ഥകൾ, ശസ്ത്രക്രിയകൾ/ചികിത്സകൾ എന്നിവയുടെ ചികിത്സയുമായി ബന്ധപ്പെട്ട ചെലവുകൾ ഞങ്ങളുമായുള്ള ആദ്യ പോളിസി ആരംഭിച്ച തീയതിക്ക് ശേഷം 24 മാസത്തെ തുടർച്ചയായ കവറേജ് കാലയളവ് അവസാനിക്കുന്നത് വരെ ഒഴിവാക്കപ്പെടും. ഒരു അപകടം മൂലം ഉണ്ടാകുന്ന ക്ലെയിമുകൾക്ക് ഈ ഒഴിവാക്കൽ ബാധകമായിരിക്കില്ല.

b. സം ഇൻഷ്വേഡ് വർധിപ്പിക്കുന്ന സാഹചര്യത്തിൽ, സം ഇൻഷ്വേഡിന്റെ വർധനവിന്റെ പരിധിയിലേക്ക് ഒഴിവാക്കൽ വീണ്ടും ബാധകമാകും.

c. നിർദിഷ്ട രോഗങ്ങൾ/നടപടികൾ ഏതെങ്കിലും നിലവിലുള്ള രോഗങ്ങൾക്കു വേണ്ടി വ്യക്തമാക്കിയ കാത്തിരിപ്പ് കാലയളവിന് കീഴിലാണെങ്കിൽ, രണ്ട് കാത്തിരിപ്പ് കാലയളവുകളിൽ ഏറ്റവും ദൈർഘ്യമേറിയത് ബാധകമാകും.

d. പോളിസിക്ക് ശേഷം പിടിപെട്ടതും അല്ലെങ്കിൽ പ്രഖ്യാപിക്കുകയും ഒരു നിശ്ചിത ഒഴിവാക്കൽ ഇല്ലാതെ സ്വീകരിക്കുകയും ചെയ്തവയും ആണെങ്കിലും പട്ടികപ്പെടുത്തിയ രോഗാവസ്ഥകൾക്കുള്ള കാത്തിരിപ്പ് കാലയളവ് ബാധകമാകും.

e ഐആർഡിഎഐ വ്യവസ്ഥ ചെയ്ത പോർട്ടബിലി–റ്റിയുമായി ബന്ധപ്പെട്ട ബാധകമായ മാനദണ്ഡങ്ങൾക്ക് കീഴിൽ നിർവചിച്ചിരിക്കുന്ന പ്രകാരം ഇൻഷുർ ചെയ്ത വ്യക്തി ഒരു ഇടവേളയും കൂടാതെ തുടർച്ചയായി കവർ ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ, അതിനുള്ള കാത്തിരിപ്പ് കാലയളവ് മുൻ കവറേജിന്റെ പരിധിയിലേക്ക് കുറയ്ക്കും.

f നിർദ്ദിഷ്ട രോഗങ്ങളുടെ/നടപടികളുടെ പട്ടിക–

1. ഏതെങ്കിലും തരത്തിലുള്ള ഗ്യാസ്ട്രിക് അല്ലെങ്കിൽ ഡുവോഡിനൽ അൾസറുകൾ
2. ബെനിൻ പ്രോസ്റ്റാറ്റിക് ഹൈപ്പർട്രോഫി
3. എല്ലാത്തരം സൈനസുകളും
4. ഹെമറോയ്ഡുകൾ
5. പ്രവർത്തനതകരാറിലായ ഗർഭാശയ രക്തസ്രാവം
6. എൻഡോമെട്രിയോസിസ്

7. മൂത്രാശയ പിത്താശയ കല്ലുകൾ
8. ചെവികൾ/ടോൺസിലുകൾ/അഡിനോയിഡുകൾ/ പരനേസൽ സൈനസുകൾ എന്നിവയിലെ ശസ്ത്രക്രിയ
9. തിമിരം
10. എല്ലാ തരത്തിലുമുള്ള ഹെർണിയയും ഹൈഡ്രോസെലും
11. മലദ്വാരത്തിലെ ഫിസ്റ്റുല
12. മലദ്വാരത്തിലെ ഫിഷർ
13. ഫൈബ്രോമിയോമ
14. ഹിസ്റ്റെറെക്ടമി
15. ഏതെങ്കിലും ചർമ്മരോഗങ്ങൾക്കുള്ള ശസ്ത്രക്രിയ
16. മാരകമായത് ഒഴികെയുള്ള എല്ലാ ആന്തരികമോ ബാഹ്യമോ ആയ ട്യൂമറുകൾ/ സിസ്റ്റുകൾ/നോഡ്യൂളുകൾ/പോളിപ്സ് എന്നിവയ്ക്കുള്ള ശസ്ത്രക്രിയ
17. ചിരസ്ഥായിയായ വൃക്കസം പരാജയത്തിന് ആവശ്യമായ ഡയാലിസിസ്.
18. പോളിസി റിസ്ക് ഇൻസെപ്ഷൻ തീയതിക്ക് ശേഷം സംഭവിച്ച അപകടം കൊണ്ട് ആവശ്യമായി വരുന്നതല്ലാത്ത ജോയിന്റ് റീപ്ലേസ്മെന്റ് സർജറികൾ.
19. ഡിലേറ്റേഷനും ക്യൂറേറ്റേജും
20. വെരിക്കോസ് വെയിൻ, വെരിക്കോസ് അൾസർ
21. നോൺ–ഇൻഫെക്റ്റീവ് ആർത്രൈറ്റിസ്, മറ്റ് രൂപത്തിലുള്ള ആർത്രൈറ്റിസ്
22. ഗൗട്ട്, റുമാറ്റിസം
23. അപകടം കൊണ്ട് ഉണ്ടായതല്ലാത്ത സ്പോണ്ടിലൈറ്റിസ്/ സ്പോണ്ടിലോസിസ് ഉൾപ്പെടെയുള്ള പ്രോലാപ്സ് ഇൻറർ വെർട്ടിബ്രൽ ഡിസ്ക്, നട്ടെല്ല് എന്നിവയുടെ രോഗങ്ങൾ

**3.**

a. ആദ്യ പോളിസി ആരംഭിക്കുന്ന തീയതി മുതൽ 90 ദിവസങ്ങൾ–ക്കുള്ളിൽ ഇനിപ്പറയുന്ന അസുഖത്തിന്റെ ചികിത്സയുമായി ബന്ധപ്പെട്ട ചെലവുകൾ നിലവിലില്ലാത്തതും അണ്ടർ റൈറ്റിംഗ് സമയത്ത് വെളിപ്പെടുത്തിയിട്ടില്ലാത്തവയുമാണെങ്കിൽ അവ ഒഴിവാക്കപ്പെടും.

   I. ഹൈപ്പർടെൻഷൻ
   ii. പ്രമേഹം
   iii. കാർഡിയാക് കണ്ടീഷനുകൾ

b. എന്നിരുന്നാലും, ഇൻഷുർ ചെയ്ത വ്യക്തിക്ക് പന്ത്രണ്ട് മാസത്തിലധികം തുടർച്ചയായ കവറേജ് ഉണ്ടെങ്കിൽ ഈ ഒഴിവാക്കൽ ബാധകമാകില്ല
പിൽക്കാലത്ത് സം ഇൻഷ്വേഡ് ഉയർത്തുന്നത് അനുവദിക്കുന്ന സാഹചര്യത്തിൽ, റഫർ ചെയ്ത കാത്തിരിപ്പ് കാലയളവ് വർധിപ്പിച്ച സം ഇൻഷ്വേഡിന് ബാധകമാക്കും.

**4. 30 ദിവസത്തെ കാത്തിരിപ്പ് കാലയളവ്– കോഡ്– എക്സ്ക്ലൂ03**

a. ആദ്യ പോളിസി ആരംഭിക്കുന്ന തീയതി മുതൽ 30 ദിവസത്തിനുള്ളിൽ ഏതെങ്കിലും അസുഖത്തിന്റെ ചികിത്സയുമായി ബന്ധപ്പെട്ട ചെലവുകൾ, ഒരു അപകടം മൂലമുണ്ടാകുന്ന ക്ലെയിമുകൾ ഒഴികെ, അവ കവർ ചെയ്തിട്ടുണ്ടെങ്കിൽ, ഒഴിവാക്കപ്പെടും.

b. എന്നിരുന്നാലും, ഇൻഷുർ ചെയ്ത വ്യക്തിക്ക് പന്ത്രണ്ട് മാസത്തിലധികം തുടർച്ചയായ കവറേജ് ഉണ്ടെങ്കിൽ ഈ ഒഴിവാക്കൽ ബാധകമാകില്ല.

c. പിൽക്കാലത്ത് സം ഇൻഷ്വേഡ് ഉയർത്തുന്നത് അനുവദിക്കുന്ന സാഹചര്യത്തിൽ, റഫർ ചെയ്ത കാത്തിരിപ്പ് കാലയളവ് വർധിപ്പിച്ച സം ഇൻഷ്വേഡിന് ബാധകമാക്കും.

**5. ഇൻവെസ്റ്റിഗേഷൻ - ഇവാല്യുവേഷൻ – കോഡ് എക്സ്ക്ലൂ04**

a. പ്രാഥമികമായി ഡയഗ്നോസ്റ്റിക്സിനും വിലയിരുത്തലിനുമായി മാത്രമുള്ള ഏതെങ്കിലും അഡ്മിഷനുമായി ബന്ധപ്പെട്ട ചെലവുകൾ ഒഴിവാക്കിയിരിക്കുന്നു

b. നിലവിലെ രോഗനിർണയവും ചികിത്സയുമായി ബന്ധമില്ലാത്തതോ ആകസ്മികമല്ലാത്തതോ ആയ രോഗനിർണയ ചെലവുകൾ ഒഴിവാക്കിയിരിക്കുന്നു.

**6. റെസ്റ്റ് ക്യൂർ, റീഹാബിലിറ്റേഷൻ, റെസ്പൈറ്റ് കെയർ– കോഡ്– എക്സ്ക്ലൂ05**

a. ഏതെങ്കിലും അഡ്മിഷനുമായി ബന്ധപ്പെട്ട ചെലവുകൾ, ചികിത്സ സ്വീകരിക്കാനല്ലാതെ പ്രാഥമികമായും നിർബന്ധിതമായ കിടപ്പു വിശ്രമത്തിനായുള്ളത്. ഇതിൽ ഇനി പറയുന്നവയും ഉൾപ്പെടുന്നു:

   I. ഒന്നുകിൽ വിദഗ്ധ നഴ്സുമാരുടെ അല്ലെങ്കിൽ അസിസ്റ്റന്റ്മാരുടെ അല്ലെങ്കിൽ അവിദഗ്ധ വ്യക്തികളുടെ സഹായത്തോടെ കുളിക്കൽ, വസ്ത്രം ധരിക്കൽ, ചുറ്റും സഞ്ചരിക്കൽ തുടങ്ങിയ ദൈനംദിന ജീവിത പ്രവർത്തനങ്ങൾക്കുള്ള വ്യക്തിഗത പരിചരണത്തിനായി വീട്ടിലോ നഴ്സിംഗ് സൗകര്യത്തിലോ ഉള്ള കസ്റ്റോഡിയൽ കെയർ.

   ii. മാരകരോഗമുള്ള ആളുകളുടെ ശാരീരികവും സാമൂഹികവും വൈകാരികവും ആത്മീയവുമായ ആവശ്യങ്ങൾ പരിഹരിക്കുന്നതിന് വേണ്ടിയുള്ള ഏത് സേവനവും.

**7. പൊണ്ണത്തടി/ശരീരഭാര നിയന്ത്രണം: കോഡ് എക്സ്ക്ലൂ06**

താഴെ പറയുന്ന എല്ലാ വ്യവസ്ഥകളും പാലിക്കാത്ത പൊണ്ണത്തടിയുടെ ശസ്ത്രക്രിയാ ചികിത്സയുമായി ബന്ധപ്പെട്ട ചെലവുകൾ:

1. ഡോക്ടറുടെ നിർദേശപ്രകാരമാണ് ശസ്ത്രക്രിയ നിർവഹി–ച്ചതെങ്കിൽ
2. ക്ലിനിക്കൽ പ്രോട്ടോക്കോളുകൾ പിന്തുണച്ചു കൊണ്ടുള്ള ശസ്ത്രക്രിയ/നടപടികൾ
3. അംഗത്തിന് 18 വയസ്സോ അതിൽ കൂടുതലോ പ്രായമുണ്ടാ–യിരിക്കണം

4. ബോഡി മാസ് ഇൻഡക്സ് (ബിഎംഐ);

a. 40–നേക്കാൾ ഉയർന്നത് അറല്ലങ്കിൽ തുല്യമായത് അല്ലെങ്കിൽ

b. ശരീര ഭാരം കുറയ്ക്കുന്നതിനുള്ള ഇൻവേസീവ് രീതികളുടെ പരാജയത്തെത്തുടർന്ന് ഇനിപ്പറയുന്ന ഏതെങ്കിലും ഗുരുതരമായ കോ–മോർബിഡിറ്റികൾ സഹിതം 35–നേക്കാൾ ഉയർന്നതോ തുല്യമായതോ:

   i. പൊണ്ണത്തടിയുമായി ബന്ധപ്പെട്ട കാർഡിയോമയോപ്പതി

   ii. കൊറോണറി ഹൃദ്രോഗം

   iii. ഗുരുതരമായ സ്ലീപ്പ് അപ്നിയ

   iv. നിയന്ത്രണവിധേയമല്ലാത്ത ടൈപ്പ് 2 പ്രമേഹം

8. **ലിംഗമാറ്റ ചികിത്സകൾ: കോഡ് എക്സ്ക്ലൂ07**
ശരീരത്തിന്റെ സവിശേഷതകൾ എതിർലിംഗത്തിലുള്ളവരിലേക്ക് മാറ്റുന്നതിനുള്ള ശസ്ത്രക്രിയാ മാനേജ്മെന്റ് അടക്കം ഏത് ചികിത്സയുമായും ബന്ധപ്പെട്ട ചെലവുകൾ.

9. കോസ്മെറ്റിക് അല്ലെങ്കിൽ പ്ലാസ്റ്റിക് സർജറി: കോഡ് എക്സ്ക്ലൂ08
ഒരു അപകടം, പൊള്ളൽ (കൾ) അറല്ലങ്കിൽ ക്യാൻസർ അല്ലെങ്കിൽ ഇൻഷുർ ചെയ്ത വ്യക്തിക്ക് പ്രത്യക്ഷവും അടിയന്തരവുമായ ഒരു ആരോഗ്യ അപകട സാധ്യത നീക്കം ചെയ്യാൻ മെഡിക്കലി ആവശ്യമായ ചികിത്സയുടെ ഭാഗമായ റീകൺസ്ട്രക്ഷന് അല്ലാത്ത പക്ഷമുള്ള കോസ്മെറ്റിക് അല്ലെങ്കിൽ പ്ലാസ്റ്റിക് സർജറി അല്ലെങ്കിൽ രൂപം മാറ്റുന്നതിനുള്ള ഏതെങ്കിലും ചികിത്സയ്ക്കുള്ള ചെലവുകൾ. ഇത് ഒരു മെഡിക്കൽ ആവശ്യകതയായി പരിഗണിക്കാൻ, രോഗിയെ പരിചരിക്കുന്ന മെഡിക്കൽ പ്രാക്ടീഷണർ സാക്ഷ്യപ്പെടുത്തിയിരിക്കണം.

10. അപകടകരമായ അറല്ലങ്കിൽ സാഹസികമായ കായിക വിനോദങ്ങൾ: കോഡ് എക്സ്ക്ലൂ09
പാരാ–ജമ്പിംഗ്, റോക്ക് ക്ലൈംബിംഗ്, പർവതാരോഹണം, റാഫ്റ്റിംഗ്, മോട്ടോർ റേസിംഗ്, കുതിരപ്പന്തയം അല്ലെങ്കിൽ സ്കൂബ ഡൈവിംഗ്, ഹാൻഡ് ഗ്ലൈഡിംഗ്, സ്കൈ ഡൈവിംഗ്, ആഴക്കടൽ ഡൈവിംഗ് എന്നിവ അടക്കമുള്ളവയാണെങ്കിൽ എന്നാൽ അവയിൽ മാത്രം പരിമിതപ്പെടുത്താത്ത, അപകടകരമായ അല്ലെങ്കിൽ സാഹസികമായ കായിക ഇനങ്ങളിൽ പ്രൊഫഷണലായി പങ്കെടുക്കുന്നതിനാൽ ആവശ്യമായ ചികിത്സയുമായി ബന്ധപ്പെട്ട ചെലവുകൾ.

11. **നിയമലംഘനം: കോഡ് എക്സ്ക്ലൂ10**
ക്രിമിനൽ ഉദ്ദേശ്യത്തോടെ നിയമ ലംഘനം നടത്തിയതിനാലോ അല്ലെങ്കിൽ ശ്രമിച്ചതിനാലോ ഇൻഷുർ ചെയ്ത വ്യക്തിക്ക് നേരിട്ട് ഉണ്ടാകുന്ന ചികിത്സയ്ക്കുള്ള ചെലവുകൾ.

12 **ഒഴിവാക്കപ്പെട്ട ദാതാക്കൾ: കോഡ് എക്സ്ക്ലൂ11**
ഇൻഷുറർ പ്രത്യേകമായി ഒഴിവാക്കിയിട്ടുള്ളതും അവരുടെ വെബ് സൈറ്റിൽ വെളിപ്പെടുത്തിയിട്ടുള്ളതും / പോളിസി ഉടമകളെ അറിയിച്ചിട്ടുള്ളതുമായ ഏതെങ്കിലും ആശുപത്രി അല്ലെങ്കിൽ ഏതെങ്കിലും മെഡിക്കൽ പ്രാക്ടീഷണർ അല്ലെങ്കിൽ മറ്റേതെങ്കിലും ദാതാവ് നൽകുന്ന ചികിത്സയ്ക്കുള്ള ചെലവുകൾ സ്വീകാര്യമല്ല. എന്നിരുന്നാലും, ജീവന് ഭീഷണിയാകുന്ന സാഹചര്യങ്ങളിൽ അല്ലെങ്കിൽ ഒരു അപകടത്തെ തുടർന്ന്, സ്റ്റെബിലൈസേഷൻ ഘട്ടം വരെയുള്ള ചെലവുകൾ നൽകുമെങ്കിലും, പൂർണമായ ക്ലെയിം നൽകില്ല.
(ഒഴിവാക്കപ്പെട്ട ദാതാക്കളുടെ/ഡീലിസ്റ്റ് ചെയ്യപ്പെട്ട ആശുപത്രികളുടെ പട്ടിക ശശശ.ധധധധധഫമബാടറഡ.ഡമബ എന്ന ഞങ്ങളുടെ വെബ്സൈറ്റിൽ ലഭ്യമാണ്, അത് സമയബന്ധിതമായി അപ്ഡേറ്റ് ചെയ്യുകയും ചെയ്യും)

13. **മദ്യപാനം, മയക്കുമരുന്ന് അല്ലെങ്കിൽ ലഹരിവസ്തുക്കളുടെ ദുരുപയോഗം അല്ലെങ്കിൽ ഏതെങ്കിലും ആസക്തിയുള്ള രോവസ്ഥയ്ക്കും അതിന്റെ അനന്തരഫലങ്ങൾക്കുമുള്ള ചികിത്സ. കോഡ് എക്സ്ക്ലൂ12**

14. ഹീത്ത് ഹൈഡ്രോസ്, നേച്ചർ ക്യൂർ ക്ലിനിക്കുകൾ, സ്പാകൾ അല്ലെങ്കിൽ സമാനമായ സ്ഥാപനങ്ങൾ അല്ലെങ്കിൽ നഴ്സിങ് ഹോം ആയി രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ കിടക്കകൾ എന്നിവിടങ്ങളിൽ അല്ലെങ്കിൽ ഗാർഹിക കാരണങ്ങളാൽ പൂർണമായോ ഭാഗികമായോ അഡ്മിഷൻ ക്രമീകരിച്ചിരിക്കുന്ന സ്ഥലങ്ങളിൽ നിന്ന് ലഭിക്കുന്ന ചികിത്സകൾ. **കോഡ്–എക്സ്ക്ലൂ13**

15. ഹോസ്പിറ്റലൈസേഷൻ ക്ലെയിമിന്റെ അല്ലെങ്കിൽ ഡേ കെയർ നടപടിക്രമത്തിന്റെ ഭാഗമായി ഒരു മെഡിക്കൽ പ്രാക്ടീഷണർ നിർദ്ദേശിക്കാത്ത പക്ഷമുള്ള, വിറ്റാമിനുകളും ധാതുക്കളും ഓർഗാനിക് പദാർത്ഥങ്ങളും അടക്കം എന്നാൽ അവയിൽ മാത്രം പരിമിതപ്പെടുത്താതെ, കുറിപ്പടി ഇല്ലാതെ വാങ്ങാൻ കഴിയുന്ന ഡയറ്ററി സപ്ലിമെന്റുകളും പദാർത്ഥങ്ങളും. **കോഡ് – എക്സ്ക്ലൂ14**

16. **റിഫ്രാക്റ്റീവ് പിശക്: കോഡ്– എക്സ്ക്ലൂ15**
7–ൽ താഴെയുള്ള റിഫ്രാക്റ്റീവ് പിശക് കാരണം കണ്ണിന്റെ കാഴ്ച ശരിയാക്കുന്നതിനുള്ള ചികിത്സയുമായി ബന്ധപ്പെട്ട ചെലവുകൾ. 5 ഡയോപ്റ്ററുകൾ.

17. **തെളിയിക്കപ്പെടാത്ത ചികിത്സകൾ: കോഡ്– എക്സ്ക്ലൂ16**
തെളിയിക്കപ്പെടാത്ത ഏതെങ്കിലും ചികിത്സ, സേവനങ്ങൾ, സപ്ലൈകൾ എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾ. തെളിയിക്കപ്പെടാത്ത ചികിത്സകൾ എന്നത് അവയുടെ ഫലപ്രാപ്തി പിന്തുണയ്ക്കുന്നതിന് നിർണായകമായ മെഡിക്കൽ ഡോക്യുമെന്റേഷൻ ഇല്ലാത്ത ചികിത്സകൾ, നടപടിക്രമങ്ങൾ അല്ലെങ്കിൽ സപ്ലൈകൾ എന്നാണ് അർത്ഥം.

18. **സ്റ്റെറിലിറ്റിയും ഇൻഫെർട്ടിലിറ്റിയും: കോഡ്– എക്സ്ക്ലൂ17**
സ്റ്റെറിലിറ്റിയും ഇൻഫെർട്ടിലിറ്റിയുമായി ബന്ധപ്പെട്ട ചെലവുകൾ. ഇനി പറയുന്നവ അടക്കമുള്ളവയാണ് ഇത്:

a. a. ഏത് തരത്തിലുമുള്ള ഗർഭനിരോധന മാർഗം, വന്ധ്യംകരണം

b. കൃത്രിമ ബീജസങ്കലനവും ഐവിഎഫ്, സെഡ്ഐഎഫ്ടി, ജിഐഎഫ്ടി, ഐസിഎസ്ഐ പോലുള്ള അഡ്വാൻസ്ഡ് പ്രത്യുൽപാദന സാങ്കേതികവിദ്യകളും അടക്കമുള്ള അസിസ്റ്റഡ് പ്രത്യുൽപാദന സേവനങ്ങൾ

c. ജെസ്റ്റേഷണൽ സറോഗസി

d. സ്റ്റെറിലൈസേഷൻ പൂർവസ്ഥിതിയിലാക്കൽ

മുകളിൽ ഒഴിവാക്കൽ ഭാഗം ബി. കൃത്രിമ ബീജസങ്കലനവും ഐവിഎഫ്, സെഡ്ഐഎഫ്ടി, ജിഐഎഫ്ടി, ഐസിഎസ്ഐ പോലുള്ള അഡ്വാൻസ്ഡ് പ്രത്യുത്പാദന സാങ്കേതികവിദ്യകളും അടക്കമുള്ള അസിസ്റ്റഡ് പ്രത്യുൽപ്പാദന സേവനങ്ങൾക്ക് ബാധകമല്ല. അല്ലാത്ത പക്ഷം ഇവ ബേസിക് കവർ 14–ന് കീഴിൽ 'ഓസൈറ്റ്

ദാതാവിനുള്ള ഇൻ പേഷ്യൻറ് ഹോസ്പിറ്റലൈസേഷന്' സ്വീകാര്യമായിരിക്കുന്നവയും അത് ഓസൈറ്റ് റിട്രീവൽ പ്രക്രിയ മൂലം ഉണ്ടാകുന്ന സങ്കീർണതകൾക്ക് ഓസൈറ്റ് ദാതാവിൻറെ ഹോസ്പിറ്റലൈസേഷനുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന മെഡിക്കൽ ചെലവുകളുമാണ്.

മുകളിലെ ഒഴിവാക്കൽ ഭാഗം സി. അടിസ്ഥാന കവർ 13 പ്രകാരം അല്ലാത്ത പക്ഷം സ്വീകാര്യമായ ക്ലെയിമുകൾക്ക് ജെസ്റ്റേഷണൽ സറോഗസി ബാധകമല്ല. ഗർഭധാരണം മൂലവും പ്രസവാനന്തര പ്രസവ സങ്കീർണതകൾ മൂലവും ഉണ്ടാകുന്ന സങ്കീർണതകൾക്കായി സറോഗേറ്റ് അമ്മയെ ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നതുമായി ബന്ധപ്പെട്ടുള്ള മെഡിക്കൽ ചെലവുമായി ബന്ധപ്പെട്ട 'സറോഗേറ്റ് അമ്മയുടെ ഇൻ പേഷ്യന്റ് ഹോസ്പിറ്റലൈസേഷൻ'

**18. മെറ്റേണിറ്റി: കോഡ് എക്സ്ക്ലൂ18**

I. എക്ടോപിക് ഗർഭധാരണം ഒഴികെയുള്ള പ്രസവത്തിനുള്ള (സങ്കീർണ്ണമായ പ്രസവങ്ങളും ആശുപത്രിയിൽ പ്രവേശിപ്പിക്കുമ്പോൾ ഉണ്ടാകുന്ന സിസേറിയനും അടക്കം) ചികിത്സാ ചെലവുകൾ.

ii. പോളിസി കാലയളവിൽ ഗർഭം അലസിപ്പോയതിനും (അപകടം മൂലമല്ലാതെ) നിയമാനുസൃതവും വൈദ്യശാസ്ത്രപരമായും ഗർഭം അലസിപ്പിക്കുന്നതിനുമുള്ള ചെലവുകൾ.

ഓപ്ഷണൽ കവർ 5 മെറ്റേണിറ്റി ബെനിഫിറ്റ് തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ ഈ ഒഴിവാക്കൽ ബാധകമാകില്ല

**ii. നിർദ്ദിഷ്ട ഒഴിവാക്കലുകൾ (മുകളിൽ സ്റ്റാൻഡേർഡ് ഒഴിവാക്കലുകൾ ശ. എന്നതിനു കീഴിൽ വ്യക്തമാക്കിയവയ്ക്കു പുറമേയുള്ള ഒഴിവാക്കലുകൾ)**

20. യുദ്ധവും (പ്രഖ്യാപിതവും അല്ലാത്തതും) യുദ്ധസമാന സംഭവങ്ങൾ അല്ലെങ്കിൽ അധിനിവേശം, വിദേശ ശത്രുക്കളുടെ പ്രവൃത്തികൾ, യുദ്ധ പ്രവർത്തികൾ, ആഭ്യന്തരയുദ്ധം, കലാപം, വിപ്ലവങ്ങൾ, പ്രക്ഷോഭങ്ങൾ, ലഹള, സൈനിക അല്ലെങ്കിൽ അധികാരം അട്ടിമറി, പിടിച്ചടുക്കൽ, ബന്ദിയാക്കൽ, അറസ്റ്റ്, നിയന്ത്രണങ്ങൾ, എല്ലാത്തരം തടങ്കലുകളും.

21. നഷ്ടം, ക്ലെയിം അല്ലെങ്കിൽ ചെലവ് എന്നിവയ്ക്ക് ഒരേസമയം അല്ലെങ്കിൽ മറ്റേതെങ്കിലും ക്രമത്തിൽ വഴിയൊരുക്കുന്ന ആണവ, രാസ അല്ലെങ്കിൽ ജൈവ ആക്രമണം അല്ലെങ്കിൽ ആയുധങ്ങൾ അല്ലെങ്കിൽ മറ്റേതെങ്കിലും കാരണത്തിൽ നിന്നോ അല്ലെങ്കിൽ പ്രസ്തുത സംഭവത്തിൽ നിന്നോ കാരണമായതോ അതിൻറെ ഫലമായി ഉണ്ടായതോ. ഈ ഒഴിവാക്കലിന്റെ ഉദ്ദേശ്യത്തിനായി:

a. ന്യൂക്ലിയർ ആക്രമണം അല്ലെങ്കിൽ ആയുധങ്ങൾ എന്നതിനർത്ഥം ഏതെങ്കിലും രോഗത്തിന്, വൈകല്യത്തിന് അല്ലെങ്കിൽ മരണത്തിന് കാരണമാകാൻ ശേഷിയുള്ള വിധം ആണവായുധത്തിന്റെയോ ഉപകരണത്തിന്റെയോ മാലിന്യത്തിന്റെയോ ഉപയോഗം അല്ലെങ്കിൽ ആണവ ഇന്ധനത്തിന്റെ ജ്വലനം അല്ലെങ്കിൽ പുറന്തള്ളൽ, ചോർച്ച, ഡിസ്പേഴ്സൽ, റിലീസ് അല്ലെങ്കിൽ ഫിസിലിന്റെ എസ്കേപ്പ്/ റേഡിയോആക്ടിവിറ്റിയുടെ തലത്തിൽ ഉള്ള ഫ്യൂഷൻ വസ്തുവിൻറെ പുറന്തള്ളൽ എന്നിവയാണ്.

b. രാസ ആക്രമണം അല്ലെങ്കിൽ ആയുധങ്ങൾ എന്നതിനർത്ഥം ഖരമോ ദ്രാവകമോ വാതകമോ ആയ ഏതെങ്കിലും രാസ സംയുക്തത്തിന്റെ എമിഷൻ, ഡിസ്ചാർജ്, ഡിസ്പേഴ്സൽ, റിലീസ് അല്ലെങ്കിൽ ചോർച്ച എന്നാണ്, അത് സന്ദർഭത്തിന് അനുയോജ്യമായി വിതരണം ചെയ്യുമ്പോൾ, ഏതെങ്കിലും രോഗത്തിന്, വൈകല്യത്തിന്, മരണത്തിന് കാരണമാകാൻ പ്രാപ്തമായവ ആയിരിക്കും.

c. ജൈവ ആക്രമണം അല്ലെങ്കിൽ ആയുധങ്ങൾ എന്നതിനർത്ഥം ഏതെങ്കിലും രോഗത്തിന് കാരണമാകുന്ന, വൈകല്യമോ മരണമോ ഉണ്ടാക്കാൻ പ്രാപ്തമായ, ജൈവപരമായി ഉൽപ്പാദിപ്പിക്കുന്ന വിഷവസ്തുക്കളെ (ജനിതകമാറ്റം വരുത്തിയ ജീവികളും രാസപരമായി സംശ്ലേഷണം ചെയ്ത വിഷവസ്തുക്കളും അടക്കം) ഏതെങ്കിലും രോഗകാരകം (രോഗം ഉൽപ്പാദിപ്പിക്കുന്ന) സൂക്ഷ്മജീവികളുടെ എമിഷൻ, ഡിസ്ചാർജ്, ഡിസ്പേഴ്സൽ, റിലീസ് അല്ലെങ്കിൽ ചോർച്ച എന്നാണ്.

22. ഔട്ട് പേഷ്യന്റ് ചികിത്സയ്ക്ക് വേണ്ടി വരുന്ന ഏത് ചിലവുകളും. ഓപ്ഷണൽ കവർ 8 ആയിരിക്കുന്ന പക്ഷം ഈ ഒഴിവാക്കൽ ബാധകമാകില്ല. ബീഫിറ്റ് തിരഞ്ഞെടുത്തിരിക്കുന്നു

23. കൃത്രിമാവയവം, കറക്റ്റീവ് ഡിവൈസുകൾ, വീൽചെയറുകൾ, ക്രച്ചുകൾ എന്നിങ്ങനെയുള്ള ഏതെങ്കിലും തരത്തിലുള്ള എക്സ്റ്റേണൽ ഡ്യൂറബിൾ മെഡിക്കൽ ഉപകരണങ്ങൾ, സ്ലീപ് അപ്നിയ സിൻഡ്രോം ചികിത്സയിൽ ഉപയോഗിക്കുന്ന ഉപകരണങ്ങൾ, അല്ലെങ്കിൽ കോക്ലിയർ ഇംപ്ലാന്റിന്റെ (അപകടം മൂലമോ ഇൻട്രാ ഓപ്പറേറ്റീവിലിയോ ആവശ്യമായി വരാത്ത പക്ഷം) ചിലവുകൾ എന്നിവ.

24. ഇൻഷുർ ചെയ്ത വ്യക്തിക്ക് ഒരു അപകടത്തെത്തുടർന്ന് ആശുപത്രിയിലായിരിക്കുമ്പോൾ ആവശ്യമായി വരുന്നത് ഒഴികെ, സ്വാഭാവിക പല്ലുകൾ, മോണ എന്നിവയുമായി ബന്ധപ്പെട്ട രോഗം, ഡിസോർഡർ, രോഗാവസ്ഥകൾ എന്നിവയുമായി ബന്ധപ്പെട്ട ചികിത്സ, നടപടിക്രമങ്ങൾ, പ്രതിരോധം, രോഗനിർണയം, റീസ്റ്റോറേറ്റീവ്,കോസ്മെറ്റിക് സേവനങ്ങൾ

25. ഇന്ത്യയുടെ ഭൗമ പരിധിക്ക് പുറത്തു നിന്ന് സ്വീകരിച്ച ചികിത്സ ഓപ്ഷണൽ കവർ 9 ആണെങ്കിൽ ഈ ഒഴിവാക്കൽ ബാധകമായിരിക്കില്ല. വേൾഡ് വൈഡ് കവർ തിരഞ്ഞെടുത്തിരിക്കുന്നു

26. പേഴ്സണൽ കംഫർട്ട്, കോസ്മെറ്റിക്സ്, കൺവീനിയൻസ്, ഹൈജീൻ എന്നിവയുമായി ബന്ധപ്പെട്ട വസ്തുക്കളും സേവനവും

27. അക്യുപ്രഷർ, അക്യുപങ്ചർ, മാഗ്നറ്റിക്, മറ്റ് തെറാപ്പികൾ.

28. ഒരു അസുഖത്തിന്റെ ചികിത്സയ്ക്ക് ആവശ്യമാകാത്ത പക്ഷമുള്ള അല്ലെങ്കിൽ ഒരു അപകടം മൂലം അനിവാര്യമാകാത്ത പക്ഷമുള്ള സുന്നത്ത്.

29. രതിജന്യരോഗങ്ങൾക്കോ എച്ച്ഐവി ഒഴികെയുള്ള ഏതെങ്കിലും ലൈംഗികരോഗങ്ങൾക്കോ വേണ്ടിയുള്ള ചെലവുകൾ.

30. ബാഹ്യ ജനന വൈകല്യങ്ങൾ, ബാഹ്യ ജന്മ രോഗങ്ങൾ അല്ലെങ്കിൽ വൈകല്യങ്ങൾ അല്ലെങ്കിൽ അപാകതകൾ എന്നിവയുമായി ബന്ധപ്പെട്ട സ്ക്രീനിംഗ്, കൗൺസിലിംഗ് അല്ലെങ്കിൽ ചികിത്സ

31. മനപ്പൂർവം സ്വയം പരിക്കേൽപ്പിക്കൽ (ആത്മഹത്യാ ശ്രമത്തിൽ നിന്നോ മറ്റേതെങ്കിലും രീതിയിലോ)

32. പ്രത്യേക വ്യവസ്ഥകൾക്ക് കീഴിൽ പോളിസി ഷെഡ്യൂളിൽ പ്രത്യേകമായി ഒഴിവാക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും രോഗം/അസുഖം/പരിക്ക്/രോഗാവസ്ഥ അല്ലെങ്കിൽ ചികിത്സ അല്ലെങ്കിൽ സേവനം

**f. പൊതുവായ നിബന്ധനകളും വ്യവസ്ഥകളും:**

**i. സ്റ്റാൻഡേർഡ് പൊതുവായ നിബന്ധനകളും ക്ലോസുകളും**

**1. വിവരങ്ങൾ വെളിപ്പെടുത്തൽ:**

പോളിസി ഉടമ തെറ്റായി പ്രാതിനിധ്യം ചെയ്യുകയോ തെറ്റായി വ്യാഖ്യാനം ചെയ്യുകയോ ഏതെങ്കിലും മെറ്റീരിയൽ വസ്തുതകൾ വെളിപ്പെടുത്താതിരിക്കുകയോ ചെയ്താൽ പോളിസി അസാധുവാകുകയും അടച്ച എല്ലാ പ്രീമിയവും കമ്പനി കണ്ടുകെട്ടുകയും ചെയ്യും.

വിശദീകരണം: ഈ പോളിസിയുടെ ഉദ്ദേശ്യത്തിൽ, 'മെറ്റീരിയൽ വസ്തുതകൾ' എന്നതിനർത്ഥം, റിസ്ക് അണ്ടർറൈറ്റിംഗിൻറെ പശ്ചാത്തലത്തിൽ കാര്യങ്ങൾ ബോധ്യപ്പെട്ട് തീരുമാനം എടുക്കുന്നതിന് പ്രാപ്തമാക്കാൻ പ്രൊപ്പോസൽ ഫോമിലും മറ്റ് ബന്ധപ്പെട്ട രേഖകളിലും കമ്പനി ആവശ്യപ്പെടുന്ന എല്ലാ പ്രസക്തമായ വിവരങ്ങളും എന്നാണ്)

**2. ബാധ്യതാ അംഗീകരിക്കുന്നതിനുള്ള മുൻ ഉപാധി:**

പോളിസിക്ക് കീഴിൽ ഉന്നയിക്കുന്ന ക്ലെയിം(കൾ)ക്കുള്ള ഏത് പേയ്മെന്റിനും, ഇൻഷുർ ചെയ്ത വ്യക്തി പോളിസിയുടെ നിബന്ധനകളും വ്യവസ്ഥകളും പൂർത്തീകരിക്കണം.

**3. ക്ലെയിം തീർപ്പാക്കൽ (പിഴ പലിശയ്ക്കുള്ള വ്യവസ്ഥ)**

I. ക്ലെയിം ഫോമിനൊപ്പം ക്ലെയിം സ്വീകരിച്ച തീയതിയിൽ നിന്ന് 15 ദിവസത്തിനുള്ളിൽ കമ്പനി ഒരു ക്ലെയിം തീർപ്പാക്കുകയോ നിരസിക്കുകയോ ചെയ്തേക്കാം, ഏതാണോ ഉചിതം അതിന് അനുസൃതമായി.

ii. ക്ലെയിം പേയ്മെൻറിൽ കാലതാമസമുണ്ടാകുന്ന പക്ഷം, ആവശ്യമായ അവസാന രേഖ ലഭിച്ച തീയതി മുതൽ ക്ലെയിം പേയ്മെന്റ് തീയതി വരെ ബാങ്ക് നിരക്കിനേക്കാൾ 2% നിരക്കിൽ പോളിസി ഉടമയ്ക്ക് പലിശ നൽകാൻ കമ്പനി ബാധ്യസ്ഥരായിരിക്കും.

iii. എന്നിരുന്നാലും, ഒരു ക്ലെയിമിന്റെ ചുറ്റുപാടുകൾ കമ്പനിയുടെ അഭിപ്രായത്തിൽ അന്വേഷണം ആവശ്യപ്പെടുന്ന സാഹചര്യത്തിൽ, അത് ആവശ്യമായ രേഖ ലഭിച്ച തീയതി മുതൽ ഏത് സാഹചര്യത്തിലും 30 ദിവസം കഴിയുന്നതിനു മുമ്പ്, അത്തരം അന്വേഷണം കഴിയുന്നതും വേഗം ആരംഭിക്കുകയും പൂർത്തിയാക്കുകയും ചെയ്യും. അത്തരം സന്ദർഭങ്ങളിൽ, ആവശ്യമായ അവസാന രേഖ ലഭിച്ച തീയതി മുതൽ 45 ദിവസത്തിനുള്ളിൽ കമ്പനി ക്ലെയിം തീർപ്പാക്കുകയോ നിരസിക്കുകയോ ചെയ്യും.

iv. നിർദ്ദിഷ്ട 45 ദിവസത്തിൽ കൂടുതൽ കാലതാമസമുണ്ടായാൽ, ആവശ്യമായ അവസാന രേഖ ലഭിച്ച തീയതി മുതൽ ക്ലെയിം പേയ്മെൻറ് തീയതി വരെ ബാങ്ക് നിരക്കിനേക്കാൾ2% ഉയർന്ന നിരക്കിൽ പോളിസി ഉടമയ്ക്ക് പലിശ നൽകാൻ കമ്പനി ബാധ്യസ്ഥരായിരിക്കും.

(വിശദീകരണം: 'ബാങ്ക് നിരക്ക്' എന്നതിനർത്ഥം ക്ലെയിം കുടിശ്ശികയായ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർബിഐ) നിശ്ചയിച്ച നിരക്ക് എന്നാണ്)

**4. വഞ്ചന:**

ഇൻഷുർ ചെയ്ത വ്യക്തി നടത്തുന്ന ഏതെങ്കിലും ക്ലെയിം ഏതെങ്കിലും തരത്തിൽ വഞ്ചനാപരമാണെങ്കിൽ, അല്ലെങ്കിൽ ഏതെങ്കിലും തെറ്റായ പ്രസ്താവന അല്ലെങ്കിൽ പ്രഖ്യാപനം നടത്തിയിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ അതിനെ പിന്തുണയ്ക്കാൻ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ, അല്ലെങ്കിൽ ഈ പോളിസിക്കു കീഴിൽ ഏതെങ്കിലും ആനുകൂല്യം ലഭിക്കാൻ ഇൻഷുർ ചെയ്ത വ്യക്തി അല്ലെങ്കിൽ അദ്ദേഹത്തിനു വേണ്ടി/അവർക്കു വേണ്ടി മറ്റാരെങ്കിലും ഏതെങ്കിലും വഞ്ചനാപരമായ മാർഗങ്ങൾ അല്ലെങ്കിൽ തന്ത്രങ്ങൾ ഉപയോഗിക്കുകയാണെങ്കിൽ, ഈ പോളിസി പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും അടച്ച പ്രീമിയവും കണ്ടുകെട്ടും.

ഈ പോളിസിക്ക് കീഴിലുള്ള ക്ലെയിമുകൾക്ക് ഇതിനോടകം ഏതെങ്കിലും തുക നൽകിയിരിക്കുകയും, എന്നാൽ പിന്നീട് വഞ്ചനാപരം എന്ന് കണ്ടെത്തുകയും ചെയ്താൽ, പ്രസ്തുത ക്ലെയിം നടത്തിയതും ഇൻഷുറർക്ക് അത്തരം തിരിച്ചടയ്ക്കലിന് സംയുക്തമായും ഒറ്റയ്ക്കും ബാധ്യസ്ഥരുമായ എല്ലാ സ്വീകർത്താക്കളും/പോളിസി ഉടമകയും(കളും) അവ തിരിച്ചടയ്ക്കണം.

ഈ വ്യവസ്ഥയുടെ ഉദ്ദേശ്യത്തിനായി, 'വഞ്ചന' എന്ന പദത്തിന് അർത്ഥം, ഇൻഷുർ ചെയ്ത വ്യക്തി അല്ലെങ്കിൽ അദ്ദേഹത്തിൻറെ ഏജന്റ് അല്ലെങ്കിൽ ആശുപത്രി/ഡോക്ടർ/ഇൻഷുർ ചെയ്ത വ്യക്തിക്ക് വേണ്ടി പ്രവർത്തിക്കുന്ന മറ്റേതെങ്കിലും കക്ഷി, ഇൻഷുററെ കബളിപ്പിക്കാനോ ഇൻഷുറൻസ് പോളിസി വിതരണം ചെയ്യാൻ ഇൻഷുററെ പ്രേരിപ്പിക്കാനോ വേണ്ടി ചെയ്യുന്ന ഇനിപ്പറയുന്ന ഏത് പ്രവൃത്തിയും എന്നാണ്:

a നിർദ്ദേശം, സത്യമല്ലാത്തതും ഇൻഷുർ ചെയ്ത വ്യക്തി സത്യമാണെന്ന് വിശ്വസിക്കാത്തതുമായ വസ്തുതകൾ;

b വസ്തുതയെക്കുറിച്ച് അറിവോ വിശ്വാസമോ ഉള്ള ഇൻഷുർ ചെയ്ത വ്യക്തി ഒരു വസ്തുത സജീവമായി മറയ്ക്കൽ;

c. വഞ്ചനയ്ക്ക് അനുയോജ്യമായ മറ്റേതെങ്കിലും പ്രവൃത്തി; ഒപ്പം

d. നിയമം പ്രത്യേകമായി വഞ്ചനാപരം എന്ന പ്രഖ്യാപിച്ച അത്തരത്തിലുള്ള ഏതെങ്കിലും പ്രവൃത്തി അല്ലെങ്കിൽ ഒഴിവാക്കൽ തെറ്റായ പ്രസ്താവന ഇൻഷുർ ചെയ്ത വ്യക്തിക്ക്/ഗുണഭോക്താവിന് തന്റെ തൻറെ ഉത്തമ അറിവിൽ ശരിയാണെന്നും വസ്തുത ഒളിപ്പിക്കാൻ ബോധപൂർവമായ ഉദ്ദേശ്യമൊന്നും ഉണ്ടായിരുന്നില്ലെന്നും അല്ലെങ്കിൽ മെറ്റീരിയൽ വസ്തുതയുടെ അത്തരം തെറ്റായ പ്രസ്താവനയോ ഒളിപ്പിക്കലോ ഇൻഷുററുടെ അറിവിൽ ഇല്ലെന്നും തെളിയിക്കാൻ കഴിഞ്ഞാൽ, കമ്പനി വഞ്ചനയുടെ അടിസ്ഥാനത്തിൽ ക്ലെയിം നിരസിക്കുകയോ

കൂടാതെ/അല്ലെങ്കിൽ പോളിസി ആനുകൂല്യങ്ങൾ കണ്ടുകെട്ടുകയോ ചെയ്യില്ല.

5. **ഒന്നിലധികം പോളിസികൾ:**
ചികിത്സാ ചെലവുകൾ നേരിടാൻ ഒന്നോ അതിലധികമോ ഇൻഷുറർമാരിൽ നിന്ന് ഒരു കാലയളവിൽ ഒന്നിലധികം പോളിസികൾ ഇൻഷുർ ചെയ്ത വ്യക്തി എടുത്തിട്ടുണ്ടെങ്കിൽ, ഇൻഷുർ ചെയ്ത വ്യക്തിക്ക് അദ്ദേഹത്തിൻറെ/അവരുടെ ഏത് പോളിസിയുടെ കാര്യത്തിലായാലും ക്ലെയിം തീർപ്പാക്കാൻ അവകാശമുണ്ടായിരിക്കും. അത്തരം എല്ലാ സന്ദർഭങ്ങളിലും ഇൻഷുർ ചെയ്ത വ്യക്തി തിരഞ്ഞെടുക്കുന്ന ഇൻഷുറർ പ്രാഥമിക ഇൻഷുററായി പരിഗണിക്കപ്പെടും, കൂടാതെ അത്തരം ക്ലെയിം തിരഞ്ഞെടുക്കപ്പെട്ട പോളിസിയുടെ പരിധിക്കുള്ളിലും നിബന്ധനകൾക്കനുസരിച്ചും ഉള്ളിടത്തോളം കാലം അവ തീർപ്പാക്കാൻ ബാധ്യസ്ഥരുമായിരിക്കും.

6. **ഫ്രീ ലുക്ക് കാലയളവ്:**
ഒരു വർഷത്തിൽ താഴെ കാലയളവ് ഉള്ള പുതിയ വ്യക്തിഗത ഹെൽത്ത് ഇൻഷുറൻസ് പോളിസികൾ എടുത്ത ഇൻഷുർ ചെയ്ത ഓരോ വ്യക്തിക്കും, പോളിസിയുടെ നിബന്ധനകളും വ്യവസ്ഥകളും അവലോകനം ചെയ്യുന്നതിനായി പോളിസി ഡോക്യുമെന്റ് ലഭിച്ച തീയതി മുതൽ, അത് ഇലക്ട്രോണിക് വഴിയായാലും അല്ലാത്തതായാലും, 30 ദിവസത്തെ ഫ്രീ ലുക്ക് കാലയളവ് നൽകും. ഇൻഷുർ ചെയ്ത വ്യക്തി ഫ്രീ ലുക്ക് കാലയളവിനുള്ളിൽ പോളിസി റദ്ദാക്കുകയാണെങ്കിൽ, കവറിന്റെ കാലയളവിലേക്കുള്ള ആനുപാതികമായ റിസ്ക് പ്രീമിയവും കൂടാതെ ഇൻഷുർ ചെയ്ത വ്യക്തിയുടെ മെഡിക്കൽ പരിശോധനയ്ക്കും സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലും കമ്പനിക്ക് എന്തെങ്കിലും ചിലവുകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അവയും കിഴിക്കുന്നതിന് വിധേയമായി ഇൻഷുർ ചെയ്ത വ്യക്തിക്ക് അടച്ച പ്രീമിയത്തിന്റെ റീഫണ്ടിന് അർഹതയുണ്ടായിരിക്കും.

7. **റദ്ദാക്കൽ**

a. 7 ദിവസത്തെ രേഖാമൂലമുള്ള അറിയിപ്പ് നൽകി പോളിസി ഉടമയ്ക്ക് ഈ പോളിസി റദ്ദാക്കാം, അത്തരമൊരു സാഹചര്യത്തിൽ കമ്പനി:-

   I. പോളിസിയുടെ കാലയളവ് ഒരു വർഷം വരെ ആയിരിക്കുകയും പോളിസി കാലയളവിൽ ക്ലെയിം (കൾ) നടത്തിയിട്ടുമില്ലെങ്കിൽ, കാലാവധി കഴിയാത്ത പോളിസി കാലയളവിനുള്ള ആനുപാതിക പ്രീമിയം റീഫണ്ട് ചെയ്യും.

   ii. 1 വർഷത്തിൽ അധികം കാലയളവുള്ള പോളിസികളുടെ കാര്യത്തിൽ, അത്തരം പോളിസി വർഷങ്ങളിലെ റിസ്ക് കവറേജ് ആരംഭിക്കാതിരിക്കുകയാണെങ്കിൽ, കാലാവധി കഴിയാത്ത പോളിസി കാലയളവിലെ പ്രീമിയം റീഫണ്ട് ചെയ്യും.

ശ്രദ്ധിക്കുക: മുകളിൽ സൂചിപ്പിച്ച റീഫണ്ട് ക്ലോസ് ഫ്രീ ലുക്ക് കാലയളവുള്ള പോളിസികൾക്ക് ബാധകമല്ല; ഫ്രീ ലുക്ക് കാലയളവിലെ റദ്ദാക്കലുകൾക്കുള്ള പ്രീമിയം റീഫണ്ട് ഫ്രീ ലുക്ക് ക്ലോസ് പ്രകാരം നൽകും.

ഇവിടെ പറഞ്ഞിരിക്കുന്നത് എന്തു തന്നെ ആയാലും, ഏതെങ്കിലും ക്ലെയിം അംഗീകരിക്കുകയോ ഫയൽ ചെയ്യുകയോ അല്ലെങ്കിൽ പോളിസിക്ക് കീഴിൽ ഇൻഷുർ ചെയ്ത വ്യക്തി എന്തെങ്കിലും ആനുകൂല്യം ലഭ്യമാക്കുകയോ ചെയ്താൽ, റദ്ദാക്കലുമായി ബന്ധപ്പെട്ട് പ്രീമിയം റീഫണ്ട് ചെയ്യുന്നതല്ല.

b. 7 ദിവസത്തെ രേഖാമൂലമുള്ള അറിയിപ്പ് നൽകിക്കൊണ്ട് ഇൻഷുർ ചെയ്ത വ്യക്തിയുടെ തെളിയിക്കപ്പെട്ട വഞ്ചന, മെറ്റീരിയൽ വസ്തുതകൾ വെളിപ്പെടുത്താത്ത തെറ്റായ പ്രാതിനിധ്യം എന്നിവയുടെ അടിസ്ഥാനത്തിൽ കമ്പനിക്ക് ഏതു സമയത്തും പോളിസി റദ്ദാക്കാം. തെറ്റായ പ്രാതിനിധ്യം, മെറ്റീരിയൽ വസ്തുതകൾ വെളിപ്പെടുത്താതിരിക്കൽ അല്ലെങ്കിൽ തെളിയിക്കപ്പെട്ട വഞ്ചന എന്നിവയുടെ അടിസ്ഥാനത്തിൽ റദ്ദാക്കിയാൽ പ്രീമിയം റീഫണ്ട് ചെയ്യില്ല.

8. **പോളിസി റിന്യൂവൽ:**
തെളിയിക്കപ്പെട്ട വഞ്ചന ഒഴികെയുള്ള സാഹചര്യത്തിൽ പോളിസി സാധാരണ പോലെ തന്നെ പുതുക്കാവുന്നതാണ്, ഇൻഷുർ ചെയ്ത വ്യക്തിയുടെ തെറ്റായ പ്രാതിനിധ്യം, പോളിസി പിൻവലിക്കൽ കൂടാതെ മൊറട്ടോറിയം വ്യവസ്ഥകൾ എന്നിവയ്ക്ക് വിധേയമായി :

i. മുൻ പോളിസി വർഷങ്ങളിൽ ഇൻഷുർ ചെയ്ത വ്യക്തി ഒരു ക്ലെയിം അല്ലെങ്കിൽ ക്ലെയിമുകൾ ഉന്നയിച്ചു എന്നതിന്റെ പേരിൽ പുതുക്കൽ നിഷേധിക്കപ്പെടില്ല.

ii. പോളിസി കാലയളവ് അവസാനിക്കുന്നതിന് മുമ്പ് ആവശ്യമായ പ്രീമിയം സഹിതം പുതുക്കുന്നതിനുള്ള അഭ്യർത്ഥന കമ്പനിക്ക് ലഭിക്കണം.

iii. പോളിസി കാലയളവിന്റെ അവസാനത്തിൽ, പോളിസി ടെർമിനേറ്റ് ചെയ്യാനും പോളിസി തടസ്സപ്പെടാതെ ആനുകൂല്യങ്ങളുടെ തുടർച്ച നിലനിർത്താൻ 30 ദിവസത്തെ ഗ്രേസ് പിരീഡിനുള്ളിൽ പുതുക്കാനും കഴിയും. ഗ്രേസ് കാലയളവിൽ കവറേജ് ലഭ്യമാകില്ല.

iv. വ്യക്തിഗത ഉൽപന്നങ്ങൾക്ക്, പുതുക്കൽ പ്രീമിയത്തിന്മേലുള്ള ലോഡിംഗുകൾ പോർട്ട്ഫോളിയോയിലായിരിക്കും അല്ലാതെ ഏതെങ്കിലും വ്യക്തിഗത പോളിസി ക്ലെയിം അനുഭവം അടിസ്ഥാനമാക്കിയുള്ളതായിരിക്കില്ല. എന്നിരുന്നാലും, മികച്ച ക്ലെയിം അനുഭവത്തിനായി വ്യക്തിഗത പോളിസി ഉടമകൾക്ക് പ്രീമിയത്തിൽ കമ്പനി കിഴിവ് നൽകിയേക്കാം.

v. ii. വാഗ്ദാനം ചെയ്ത സം ഇൻഷ്വേഡിൽ മാറ്റമില്ലെങ്കിൽ പുതുക്കൽ ഘട്ടത്തിൽ പുതിയ അണ്ടർ റൈറ്റിംഗ് ബാധകമായിരിക്കില്ല. എന്നാൽ, റിസ്ക് പ്രൊഫൈലിൽ പുരോഗതിയുണ്ടായിരിക്കുന്ന പക്ഷം, പുതുക്കുന്ന ഘട്ടത്തിൽ ലോഡിംഗുകൾ നീക്കം ചെയ്യുന്നതിനായി കമ്പനി അവ തിരിച്ചറിയാൻ ശ്രമിച്ചേക്കാം.

9. **തവണകളായി പ്രീമിയം അടയ്ക്കൽ:**
ഇൻഷുർ ചെയ്ത വ്യക്തി, നിങ്ങളുടെ പോളിസി ഷെഡ്യൂളിൽ/ ഇൻഷുറൻസ് സർട്ടിഫിക്കറ്റിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ തവണകളായി, അതായത് അർധവാർഷികമായോ ത്രൈമാസികമായോ പ്രതിമാസമായോ പ്രീമിയം അടയ്ക്കാൻ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ, ഇനിപ്പറയുന്ന വ്യവസ്ഥകൾ ബാധകമായിരിക്കും (പോളിസിയിൽ മറ്റെവിടെയെങ്കിലും നിബന്ധനകൾക്ക് വിരുദ്ധമായ വ്യവസ്ഥകൾ ഉണ്ടായിരുന്നാൽ

പോലും)

i. എല്ലാത്തരം ഇൻഷുറൻസ് പോളിസികൾക്കും, മാസം തോറുമാണ് പ്രീമിയം അടയ്ക്കേണ്ടതെങ്കിൽ ഗ്രേസ് കാലയളവ് പതിനഞ്ച് ദിവസവും, മറ്റെല്ലാ രീതികളിലും മുപ്പത് ദിവസവുമായിരിക്കും, പോളിസി കാലയളവിൽ പ്രീമിയം തവണകളായി അടയ്ക്കുന്ന പക്ഷം, ഇൻഷുറർമാർ ഗ്രേസ് കാലയളവിൽ കവറേജ് വാഗ്ദാനം ചെയ്യുന്നതിന് വിധേയമായി.

ii. നിശ്ചിത ഗ്രേസ് കാലയളവിനുള്ളിൽ പ്രീമിയം അടയ്ക്കുന്ന പക്ഷം, ഇൻഷുർ ചെയ്ത വ്യക്തിക്ക് 'കാത്തിരിപ്പ് കാലയളവുകൾ', നിർദ്ദിഷ്ട രോഗം/നടപടിക്രമങ്ങൾ കാത്തിരിപ്പ് കാലയളവ്/നിർദ്ദിഷ്ട കാത്തിരിപ്പ് കാലയളവുകൾ എന്നിവയുമായി ബന്ധപ്പെട്ട് കൂട്ടിച്ചേർത്ത തുടർച്ചയായ ആനുകൂല്യം ലഭിക്കും.

iii. കുടിശ്ശിക തീയതിയിൽ തവണ പ്രീമിയം അടച്ചില്ലെങ്കിൽ പലിശ ഈടാക്കില്ല.

iv. ഗ്രേസ് കാലയളവിനുള്ളിൽ തവണ പ്രീമിയം ലഭിക്കാത്ത പക്ഷം, പോളിസി റദ്ദാക്കപ്പെടും

v. ഒരു ക്ലെയിം ഉന്നയിക്കുന്ന പക്ഷം, തുടർന്നുള്ള എല്ലാ പ്രീമിയം തവണകളും ഉടനടി കുടിശ്ശികയാവുകയും അടയ്ക്കേണ്ടതായി തീരുകയും ചെയ്യും.

vi. പോളിസിക്ക് കീഴിൽ നൽകേണ്ട ക്ലെയിം തുകയിൽ നിന്ന് കുടിശ്ശികയായ എല്ലാ തവണകളും തിരിച്ചുപിടിക്കാനും കിഴിക്കാനും കമ്പനിക്ക് അവകാശമുണ്ടായിരിക്കും.

## 10. പോർട്ടബിലിറ്റി:

a. ഒരു ഇൻഷുററിൽ നിന്ന് മറ്റൊന്നിലേക്ക് തങ്ങളുടെ പോളിസികൾ പോർട്ട് ചെയ്യാൻ ഇൻഷുർ ചെയ്ത വ്യക്തിക്ക് തീരുമാനിക്കാം. ഒരു ഇൻഷുറർ അദ്ദേഹത്തിന്റെ/അവരുടെ പോളിസി മറ്റൊരു ഇൻഷുറർക്ക് പോർട്ട് ചെയ്യാൻ ആഗ്രഹിക്കുന്നുവെങ്കിൽ ആ പോളിസി മുഴുവനായും കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കുമൊപ്പം, അങ്ങനെ ഉണ്ടായിരിക്കുന്ന പക്ഷം, പോർട്ട് ചെയ്യാൻ റിന്യൂവൽ ചെയ്യേണ്ട തീയതിക്ക് കുറഞ്ഞത് 30 ദിവസം മുമ്പും എന്നാൽ 60 ദിവസം കഴിയാത്ത രീതിയിലും അപ്രകാരം ചെയ്യേണ്ടതാണ്.

b. കമ്പനിയുടെ അണ്ടർ റൈറ്റിംഗ് പോളിസിക്ക് വിധേയമായി, നേടിയ ക്രെഡിറ്റുകൾ സം ഇൻഷ്വേഡിൻറെ പരിധി വരെയും മുൻ പോളിസിയിൽ ലഭ്യമായ ആനുകൂല്യങ്ങൾ സഹിതവും ട്രാൻസ്ഫർ ചെയ്യാൻ ഇൻഷുർ ചെയ്ത വ്യക്തിക്ക് അർഹതയുണ്ടായിരിക്കും.

c. നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ നിലവിലുള്ള ഇൻഷുററിൽ നിന്ന് വിവരങ്ങൾ ലഭിച്ചതിന് ശേഷം കമ്പനി പ്രൊപ്പോസലിന്മേൽ തീരുമാനം എടുക്കുകയും ആശയവിനിമയം നടത്തുകയും ചെയ്യും.

d. വർധിപ്പിച്ച സം ഇൻഷ്വേഡിന് ഈ ആനുകൂല്യം ബാധകമായിരിക്കില്ല.

## 11. മൈഗ്രേഷൻ

കമ്പനിയുമായി ഈ പോളിസി മൈഗ്രേഷൻ ചെയ്യുന്ന സാഹചര്യത്തിൽ, ഇൻഷുർ ചെയ്ത വ്യക്തിക്ക് ലഭിച്ച ക്രെഡിറ്റുകൾ സം ഇൻഷ്വേഡിൻറെ പരിധിയി വരെ മുൻ പോളിസിയിൽ ലഭ്യമായ ആനുകൂല്യങ്ങൾ സഹിതം മൈഗ്രേറ്റ് ചെയ്ത പോളിസിയിലേക്ക് ട്രാൻസ്ഫർ ചെയ്യാൻ കഴിയും. ഇൻഷുർ ചെയ്ത വ്യക്തി 36 മാസം തുടർച്ചയായി കവർ നേടാത്ത പക്ഷം, മൈഗ്രേഷൻ ചെയ്യുകയാണെങ്കിൽ കമ്പനിക്ക് പ്രസ്തുത പ്രൊപ്പോസൽ അണ്ടർറൈറ്റ് ചെയ്യാവുന്നതാണ്.

## 12. പോളിസി പിൻവലിക്കൽ

I. ഭാവിയിൽ ഈ ഉൽപ്പന്നം പിൻവലിച്ചേക്കാൻ സാധ്യതയുള്ളതിനാൽ, പോളിസി കാലാവധി കഴിയുന്നതിന് ഏകദേശം 90 ദിവസം മുമ്പ് കമ്പനി ഇൻഷുർ ചെയ്ത വ്യക്തിയെ അക്കാര്യം അറിയിക്കും.

ii. ലോയൽറ്റി ബോണസ്, റെഗുലേറ്ററി പ്രിസ്ക്രിപ്ഷൻ പ്രകാരമുള്ള കാത്തിരിപ്പ് കാലയളവ് ഒഴിവാക്കൽ തുടങ്ങിയ എല്ലാ തുടർ ആനുകൂല്യങ്ങളും സഹിതം റിന്യൂവൽ സമയത്ത് കമ്പനിയിൽ ലഭ്യമായ സമാനമായ ഹെൽത്ത് ഇൻഷുറൻസ് ഉൽപ്പന്നത്തിലേക്ക് മൈഗ്രേറ്റ് ചെയ്യാനുള്ള ഓപ്ഷൻ ഇൻഷുർ ചെയ്ത വ്യക്തിക്ക് ഉണ്ടായിരിക്കും.

## 13. മൊറട്ടോറിയം കാലയളവ്

ഹെൽത്ത് ഇൻഷുറൻസ് പോളിസിയിൽ തുടർച്ചയായ അറുപത് മാസത്തെ കവറേജ് (പോർട്ടബിലിറ്റിയും മൈഗ്രേഷനും അടക്കം) പൂർത്തിയാക്കിയ ശേഷം, തെളിയിക്കപ്പെട്ട വഞ്ചനയുടെ അടിസ്ഥാനത്തിലല്ലാതെ, വെളിപ്പെടുത്താത്തതിന്റെയോ തെറ്റായി പ്രതിനിധാനം ചെയ്യുന്നതിന്റെയോ അടിസ്ഥാനത്തിൽ ഒരു പോളിസിക്കു വേണ്ടിയോ ക്ലെയിമിനു വേണ്ടിയോ കമ്പനിക്ക് വാദിക്കാൻ കഴിയില്ല. തുടർച്ചയായ അറുപത് മാസത്തെ ഈ കാലയളവിനെ മൊറട്ടോറിയം കാലയളവ് എന്നാണ് വിളിക്കുന്നത്. ആദ്യ പോളിസിയുടെ സം ഇൻഷ്വേഡിന് മൊറട്ടോറിയം ബാധകമായിരിക്കും. സം ഇൻഷ്വേഡ് വർധിപ്പിക്കുന്ന സാഹചര്യത്തിൽ, വർദ്ധിപ്പിച്ച പരിധികളിന്മേൽ മാത്രം സം ഇൻഷ്വേഡ് വർധിപ്പിക്കുന്ന തീയതി മുതൽ തുടർച്ചയായ അറുപത് മാസങ്ങൾ പൂർത്തിയാക്കുന്നത് ബാധകമായിരിക്കും.

## 14. പ്രീമിയം നിരക്കുകൾ അടക്കം പോളിസിയുടെ നിബന്ധനകൾ പരിഷ്കരിക്കാനുള്ള സാധ്യത

പ്രീമിയം നിരക്കുകൾ അടക്കം പോളിസിയുടെ നിബന്ധനകൾ കമ്പനി ഭേദഗതി ചെയ്യുകയോ പരിഷ്കരിക്കുകയോ ചെയ്യാം.

## 15. നോമിനേഷൻ:

പോളിസി ഉടമയ്ക്ക് മരണം സംഭവിക്കുകയാണെങ്കിൽ പോളിസിക്ക് കീഴിലുള്ള ക്ലെയിമുകൾ നൽകാൻ പോളിസി ഉടമ പോളിസിയുടെ ആരംഭത്തിൽ തന്നെ ഒരു നോമിനേഷൻ ഉൾപ്പെടുത്തേണ്ടതുണ്ട്. നോമിനേഷനിലെ ഏത് മാറ്റവും കമ്പനിയെ രേഖാമൂലം അറിയിക്കണം, പോളിസിയിൽ ഒരു എൻഡോഴ്സ്മെൻറ് നൽകുമ്പോൾ മാത്രമേ അത്തരം മാറ്റം പ്രാബല്യത്തിൽ വരികയുള്ളൂ. പോളിസി ഉടമ മരണപ്പെട്ടാൽ, കമ്പനി നോമിനിക്ക് (പോളിസി ഷെഡ്യൂളിൽ / പോളിസി സർട്ടിഫിക്കറ്റിൽ / എൻഡോഴ്സ്മെന്റിൽ (ഉണ്ടെങ്കിൽ) പേര് നൽകിയിരിക്കുന്ന പ്രകാരം) പണം നൽകുകയും കൂടാതെ നിലനിൽക്കുന്ന നോമിനി ഇല്ലാത്ത പക്ഷം, പോളിസി ഉടമയുടെ നിയമപരമായ അവകാശികൾക്കും നിയമപരമായ

പ്രതിനിധികൾക്കും നൽകുന്ന തുക പോളിസിക്ക് കീഴിലുള്ള ബാധ്യതയുടെ പൂർണവും അന്തിമവുമായ ഡിസ്ചാർജ് ആയി കണക്കാക്കും.

**16. പരാതി പരിഹാര നടപടിക്രമം**

എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ഇൻഷുർ ചെയ്ത വ്യക്തിക്ക് ഇനി പറയുന്ന മാർഗങ്ങളിലൂടെ കമ്പനിയുമായി ബന്ധപ്പെടാവുന്നതാണ്

വെബ്സൈറ്റ്: www.icicilombard.com

ടോൾഫ്രീ നമ്പർ: 1800 2666

ഇറമയിൽ: customersupport@icicilombard.com

ഐസിഐസിഐ ലൊംബാർഡ് ജനറൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് ഗ്രൗണ്ട് ഫ്ളോർ– ഇന്റർഫേസ് 11, ആറാം നില– ഇന്റർഫേസ് 16, ഓഫീസ് നമ്പർ 601 - 602, ന്യൂ ലിങ്കിംഗ് റോഡ്, മലാഡ് (വെസ്റ്റ്), മുംബൈ – 400064

മുതിർന്ന പൗരന്മാരുടെ പരാതികൾ എളുപ്പത്തിലും വേഗത്തിലും പരിഹരിക്കാൻ ഇന്ററാക്ടീവ് വോയ്സ് റെസ്പോൺസ് (ഐവിആർ) സൗകര്യം ഒരുക്കിയിട്ടുണ്ട്.

ഇൻഷുർ ചെയ്ത വ്യക്തിക്ക് പരാതിയുടെ വിശദാംശങ്ങൾ സഹിതം കമ്പനിയുടെ ഏത് ശാഖകളിലെയും പരാതി സെല്ലിനെ സമീപിക്കാവുന്നതാണ്. ബ്രാഞ്ച് വിശദാംശങ്ങൾക്ക്, ദയവായി സന്ദർശിക്കുക https://www.icicilombard.com/docs/default-source/policy-wordings-product-brochure/final-gro-mapping.pdf.

പരാതി പരിഹാരത്തിൽ ഇൻഷുർ ചെയ്ത വ്യക്തി തൃപ്തരല്ലെങ്കിൽ, ഇൻഷുർ ചെയ്ത വ്യക്തിക്ക് താഴെയുള്ള ലിങ്കിൽ നൽകിയിരിക്കുന്ന വിശദാംശങ്ങളിൽ പരാതി ഓഫീസറെ ബന്ധപ്പെടാം: https://www.icicilombard.com/grievanceredressal.com

പരാതി പരിഹാരത്തിൽ ഇൻഷുർ ചെയ്ത വ്യക്തി തൃപ്തരല്ലെങ്കിൽ, ഇൻഷുർ ചെയ്ത വ്യക്തിക്ക് ബീമ ഭരോസ പോർട്ടൽ വഴി ഇൻഷുറൻസ് റെഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിറ്റി ഓഫ് ഇന്ത്യയെയും (ഐആർഡിഎഐ) സമീപിക്കാം – https://bimabharosa irdai.gov.in/ അല്ലെങ്കിൽ ഐആർഡിഎഐ ഗ്രീവൻസ് കോൾ സെന്ററിനെ (ഐജിസിസി) അവരുടെ 1800 4254 732 / 155255 എന്നീ ടോൾ ഫ്രീ നമ്പറുകളിൽ ബന്ധപ്പെടാം.

ഇൻഷ്വർ ചെയ്ത വ്യക്തിക്ക് പരാതി പരിഹാരത്തിനായി നിക്ഷിപ്ത നിയമ അധികാരപരിധിക്ക് വിധേയമായി ഇൻഷുറൻസ് ഓംബുഡ്സ്മാനെയും സമീപിക്കാവുന്നതാണ്. ഇൻഷുറൻസ് ഓംബുഡ്സ്മാൻ ഓഫീസുകളുടെ വിശദാംശങ്ങൾ ഐആർഡിഎ വെബ്സൈറ്റിൽ ലഭ്യമാണ്: വെബ്സൈറ്റ്: www.irdai.gov.in, അല്ലെങ്കിൽ കമ്പനിയുടെ വെബ്സൈറ്റ് www.icicilombard.com അല്ലെങ്കിൽ https://www.cioins.co.in/Ombudsman.

**ഇൻഷുറൻസ് ഓംബുഡ്സ്മാൻമാരുടെ പട്ടിക**

ഇൻഷുറൻസ് ഓംബുഡ്സ്മാൻ ഓഫീസുകളെ ബന്ധപ്പെടാനുള്ള വിശദാംശങ്ങൾ ഈ പോളിസിയുടെ അനുബന്ധം ക ആയി സൂചിപ്പിച്ചിരിക്കുന്നു. ഈ വിശദാംശങ്ങൾ https://www.cioins.co.in/ombudsman എന്ന സൈറ്റിലും കാണാം.

**17. സമ്പൂർണമായ ഡിസ്ചാർജ്**

പോളിസിക്ക് കീഴിലുള്ള ഏതെങ്കിലും ആനുകൂല്യത്തിന്, പോളിസി ഉടമയ്ക്കോ ഇൻഷുർ ചെയ്ത വ്യക്തിക്കോ അദ്ദേഹത്തിന്റെ/അവരുടെ നോമിനികൾക്കോ അദ്ദേഹത്തിന്റെ/അവരുടെ നിയമപരമായ പ്രതിനിധിക്കോ അസൈനിക്കോ ഹോസ്പിറ്റലിനോ ഉള്ള ഏതെങ്കിലും പേയ്മെന്റ്, നിശ്ചിത ക്ലെയിമിനു വേണ്ടിയുള്ള കമ്പനിയുടെ ക്ലെയിം പേയ്മെന്റിന്റെ സാധുവായ ഡിസ്ചാർജ് ആയിരിക്കും. നിശ്ചിത നിബന്ധനകളും ക്ലോസുകളും (മുകളിൽ എഫ്.ഐ–നു കീഴിൽ സൂചിപ്പിച്ചയ്ക്ക് പുറമേയുള്ള നിബന്ധനകളും മറ്റ് വ്യവസ്ഥകളും)

**ii. നിശ്ചിത നിബന്ധനകളും ക്ലോസുകളും (മുകളിൽ എഫ്.ഐ–നു കീഴിൽ സൂചിപ്പിച്ചയ്ക്ക് പുറമേയുള്ള നിബന്ധനകളും മറ്റ് വ്യവസ്ഥകളും)**

**18. സോൺ അടിസ്ഥാനമാക്കിയുള്ള പ്രീമിയം**

പ്രീമിയം കംപ്യൂട്ടേഷന്റെ ആവശ്യത്തിനായി, രാജ്യത്തെ 4 സോണുകളായി തിരിച്ചിരിക്കുന്നു.

| സോൺ | സംസ്ഥാനം/ജില്ല |
|---|---|
| സോൺ എ | ഡൽഹി, മുംബൈ (താനെ ജില്ല, നവി മുംബൈ ഉൾപ്പെടെ), ഗുരുഗ്രാം ജില്ല, കർണാൽ ജില്ല, സോനിപത് ജില്ല, റോഹ്തക് ജില്ല, ഭിവാനി ജില്ല, ചക്രി ദാദ്രി ജില്ല, മഹേന്ദ്രഗഢ് ജില്ല, ദാമൻ - ദിയു, ദാദ്ര നാഗർ, അഹമ്മദാബാദ്, സൂറത്ത്, നോയിഡ സിറ്റി, ഘാസിയാബാദ് ജില്ല, ഹാപൂർ ജില്ല, മീററ്റ് ജില്ല, മുസാഫർനഗർ ജില്ല, ഷാമലി ജില്ല |
| സോൺ ബി | പൂനെ, കൊൽക്കത്ത, തെലങ്കാന (ഹൈദരാബാദ് അടക്കം), മധ്യപ്രദേശ്, ഗോവ, ഗുജറാത്ത് (അഹമ്മദാബാദ്, സൂറത്ത് ഒഴികെ), ബാംഗ്ലൂർ, ചെന്നൈ, ആന്ധ്രാപ്രദേശ്, ഛത്തീസ്ഗഢ്, പോണ്ടിച്ചേരി, ഉത്തരാഖണ്ഡ് |
| സോൺ സി | ഇന്ത്യയുടെ മറ്റ് ഭാഗങ്ങൾ (പഞ്ചാബ്, രാജസ്ഥാൻ (എൻസിആർ മേഖല ഒഴികെ), ചണ്ഡീഗഢ്, ഹിമാചൽ പ്രദേശ്, ജമ്മു - കാശ്മീർ, ലഡാക്ക്, ലക്ഷദ്വീപ്, കേരളം, തമിഴ്നാട് (ചെന്നൈ, പോണ്ടിച്ചേരി ഒഴികെ), ഒഡീഷ, അരുണാചൽ പ്രദേശ്, അസം, മണിപ്പൂർ, മേഘാലയ, മിസോറാം, നാഗാലാൻഡ്, ത്രിപുര, സിക്കിം, ആൻഡമാൻ - നിക്കോബാർ, കർണാടകയുടെ ബാക്കി ഭാഗങ്ങൾ, പശ്ചിമ ബംഗാൾ (കൊൽക്കത്ത ഒഴികെ) ബീഹാർ, ഝാർഖണ്ഡ്, മഹാരാഷ്ട്ര (മുംബൈയും പൂനെയും ഒഴികെ), യുപി (എൻസിആർ മേഖല ഒഴികെ) |
| സോൺ സി | എൻസിആറിന്റെ ബാക്കി ഭാഗം (ആൽവാർ ജില്ല, ബാഗ്പത് ജില്ല, ഭരത്പൂർ ജില്ല, ബുലന്ദ്ഷഹർ ജില്ല, ഫരീദാബാദ് ജില്ല, ഗൗതം ബുദ്ധ നഗർ ജില്ല നോയിഡ ഒഴികെ, ഝജ്ജാർ ജില്ല, ജിന്ദ് ജില്ല, നുഹ് ജില്ല, പാനിപ്പത്ത് ജില്ല, രേവാരി ജില്ല, മേവാത് ജില്ല, പൽവാൽ ജില്ല) |

പ്രീമിയം നിങ്ങൾ താമസിക്കുന്ന നഗരത്തെയും പിൻകോഡിനെയും ആശ്രയിച്ചിരിക്കും. ഇതിൽ എന്തെങ്കിലും മാറ്റമുണ്ടായാൽ ദയവായി ഉടൻ അക്കാര്യം ഞങ്ങളെ അറിയിക്കുക. അങ്ങനെ ചെയ്യാത്ത പക്ഷം, നിങ്ങളുടെ ക്ലെയിം സ്വീകാര്യതയെ ബാധിച്ചേക്കാം. സോൺ അടിസ്ഥാനമാക്കിയുള്ള കോ–പേയ്മെന്റ് ബാധകമായിരിക്കില്ല.

**19. ഭൗതികമായ മാറ്റം:**

ഓരോ റിന്യൂവലിലും പ്രൊപ്പോസൽ ഫോമിലോ മെഡിക്കൽ പരിശോധനാ റിപ്പോർട്ടിലോ നടത്തിയ ഡിക്ലറേഷനുമായി ബന്ധപ്പെട്ട് അപകടസാധ്യതയിലെ എന്തെങ്കിലും ഭൗതികമായ മാറ്റത്തെക്കുറിച്ച് ഇൻഷുർ ചെയ്ത വ്യക്തി കമ്പനിയെ രേഖാമൂലം അറിയിക്കണം, ആവശ്യമെങ്കിൽ അതിനനുസൃതമായി കമ്പനിക്ക് കവറിൻറെ വ്യാപ്തിയും കൂടാതെ/അല്ലെങ്കിൽ പ്രീമിയവും ക്രമീകരിക്കും.

**20. സൂക്ഷിക്കേണ്ട രേഖകൾ**

ഇൻഷുർ ചെയ്ത വ്യക്തി പ്രസക്തമായ എല്ലാ മെഡിക്കൽ റെക്കോർഡുകളും അടങ്ങുന്ന കൃത്യമായ ഒരു റെക്കോർഡ് സൂക്ഷിക്കുകയും കമ്പനിയെയോ അതിന്റെ പ്രതിനിധികളെയോ അത്തരം രേഖകൾ പരിശോധിക്കാൻ അനുവദിക്കുകയും വേണം. പോളിസിക്ക് കീഴിലുള്ള ഏതെങ്കിലും ക്ലെയിം തീർപ്പാക്കാൻ കമ്പനി ആവശ്യപ്പെടുന്ന, ന്യായമായ സമയപരിധിക്കുള്ളിലും പോളിസിയിൽ വ്യക്തമാക്കിയ സമയപരിധിക്കുള്ളിലും പ്രൊപ്പോസർ അല്ലെങ്കിൽ ഇൻഷുർ ചെയ്ത വ്യക്തി അത്തരം വിവരങ്ങൾ നൽകണം.

**21. അറിയിപ്പും ആശയവിനിമയവും**

പോളിസിയുമായി ബന്ധപ്പെട്ട ഏതെങ്കിലും അറിയിപ്പ്, വിവരണം, നിർദ്ദേശം അല്ലെങ്കിൽ മറ്റേതെങ്കിലും ആശയവിനിമയം രേഖാമൂലം നൽകണം.

അത്തരം ആശയവിനിമയം ഷെഡ്യൂളിൽ വ്യക്തമാക്കിയിട്ടുള്ള കമ്പനിയുടെ വിലാസത്തിലേക്കോ പോളിസി മറ്റേതെങ്കിലും ഇലക്ട്രോണിക് മോഡുകൾ വഴിയോ അയക്കണം.

ഷെഡ്യൂളിൽ സൂചിപ്പിച്ചിരിക്കുന്ന വിലാസത്തിലോ മറ്റേതെങ്കിലും ഇലക്ട്രോണിക് മോഡ് വഴിയോ കമ്പനി ഇൻഷുർ ചെയ്ത വ്യക്തിയുമായി ആശയവിനിമയം നടത്തും.

**22. ടെറിട്ടോറിയൽ പരിധി**

ഓപ്ഷണൽ കവർ – വേൾഡ് വൈഡ് കവർ തിരഞ്ഞെടുത്തിട്ടില്ലെങ്കിൽ, ഈ ഇൻഷുറൻസിന്റെ ഉദ്ദേശ്യത്തിനായുള്ള എല്ലാ മെഡിക്കൽ ചികിത്സയും ഇന്ത്യയിൽ മാത്രം എടുക്കേണ്ടതാണ്.

**23. പോളിസിക്ക് കീഴിലുള്ള കവറേജിലെ ഓട്ടോമാറ്റിക് മാറ്റം**

ഇൻഷുർ ചെയ്ത വ്യക്തി(കൾ)ക്കുള്ള കവറേജ് ഇനി പറയുന്ന ചുറ്റുപാടിൽ ഓട്ടോമാറ്റിക് ആയി ടെർമിനേറ്റ് ചെയ്യും:

I. അദ്ദേഹം/അവർ (ഇൻഷുർ ചെയ്ത വ്യക്തി) മരണപ്പെടുകയാണെങ്കിൽ. എന്നിരുന്നാലും, പോളിസി കാലയളവിന്റെ അവസാനം വരെ ശേഷിക്കുന്ന ഇൻഷുർ ചെയ്ത വ്യക്തികൾക്കുള്ള കവർ തുടരും. ഇൻഷുർ ചെയ്ത മറ്റ് വ്യക്തികൾക്കും പോളിസി പുതുക്കാൻ അപേക്ഷിക്കാം. ഇൻഷുർ ചെയ്ത മറ്റ് വ്യക്തി പ്രായപൂർത്തിയാകാത്ത വ്യക്തിയാണെങ്കിൽ, അവന്റെ/അവളുടെ സ്വാഭാവിക രക്ഷിതാവ് അല്ലെങ്കിൽ കോടതി നിയമിച്ച രക്ഷിതാവ് മുഖേന മാത്രമേ പോളിസി പുതുക്കാൻ കഴിയുകയുള്ളൂ. അത്തരം വ്യക്തിയുമായി ബന്ധപ്പെട്ട എല്ലാ പ്രസക്തമായ വിവരങ്ങളും (ഇൻഷുർ ചെയ്ത വ്യക്തിയുമായുള്ള അവന്റെ/അവളുടെ ബന്ധം അടക്കം) അപേക്ഷയോടൊപ്പം കമ്പനിക്ക് സമർപ്പിക്കണം. ക്ലെയിം ഒന്നും ഉന്നയിക്കാതിരിക്കുകയും ഇൻഷുർ ചെയ്ത വ്യക്തിയുടെ മരണത്തെത്തുടർന്ന് ടെർമിനേറ്റ് ചെയ്യുകയുമാണെങ്കിൽ, പോളിസിയുടെ ബാക്കി കാലയളവിലേക്ക് മരണപ്പെട്ട ഇൻഷുർ ചെയ്ത വ്യക്തിയുടെ പ്രീമിയം പ്രോ–റാറ്റാ റീഫണ്ട് പ്രാബല്യത്തിലാകും.

a. പ്രസ്തുത പോളിസി വർഷത്തേക്ക് സം ഇൻഷ്വേഡും മറ്റേതെങ്കിലും അഡീഷണൽ സം ഇൻഷ്വേഡും (എന്തെങ്കിലും ഉണ്ടെങ്കിൽ) വിനിയോഗിച്ചു കഴിയുമ്പോൾ. എന്നിരുന്നാലും, പോളിസി

**24. ടെറിട്ടോറിയൽ നിയമ അധികാരപരിധി**

പോളിസിയിൽ അടങ്ങിയിരിക്കുന്ന നിബന്ധനകൾ, വ്യവസ്ഥകൾ, സാധുത, വാക്യഘടന, പരിധികൾ കൂടാതെ/അല്ലെങ്കിൽ ഒഴിവാക്കലുകൾ എന്നിവയുടെ വ്യാഖ്യാനത്തിന് കീഴിലോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ടതോ ആയ എല്ലാ തർക്കങ്ങളും അഭിപ്രായവ്യത്യാസങ്ങളും ഇന്ത്യൻ കോടതിയും ഇന്ത്യൻ നിയമവും അനുസരിച്ച് നിർണയിക്കും.

**25. ആർബിട്രേഷൻ**

പോളിസി നൽകേണ്ട പണത്തിന്റെ അളവിൽ എന്തെങ്കിലും തർക്കമോ അഭിപ്രായവ്യത്യാസമോ ഉണ്ടായാൽ, (അല്ലാത്ത പക്ഷം അംഗീകരിച്ച ബാധ്യത) അത്തരം അഭിപ്രായവ്യത്യാസം മറ്റെല്ലാ ചോദ്യങ്ങളിൽ നിന്നും സ്വതന്ത്രമായതും, ഇവിടെയുള്ള കക്ഷികൾ രേഖാമൂലം അതിനു വേണ്ടി മാത്രമായി നിയമിക്കുന്ന ഒരു ആർബിട്രേറ്ററുടെ തീരുമാനത്തിലേക്ക് റഫർ ചെയ്യപ്പെടുകയും അല്ലെങ്കിൽ ആർബിട്രേഷൻ അഭ്യർത്ഥിച്ച ഏതെങ്കിലും കക്ഷി മുപ്പതു ദിവസത്തിനുള്ളിൽ സിംഗിൾ ആർബിട്രേറ്റർ എന്നത് അംഗീകരിക്കുന്നില്ലെങ്കിൽ മൂന്ന് ആർബിട്രേറ്റർമാരുടെ ഒരു പാനലിലേക്ക് അത് റഫർ ചെയ്യുകയും, അതിൽ അടങ്ങിയിരിക്കുന്ന രണ്ട് ആർബിട്രേറ്റർമാരിൽ ഒരാൾ തർക്കം/അഭിപ്രായ വ്യത്യാസം ഉള്ള കക്ഷികൾ ഓരോരുത്തരും നിയമിച്ചതും, മൂന്നാമത്തെ ആർബിട്രേറ്റർ അത്തരം രണ്ട് ആർബിട്രേറ്റർമാർ നിയമിച്ചതും ആയിരിക്കും. ആർബിട്രേഷൻ 1996–ലെ ആർബിട്രേഷൻ ആൻഡ് കൺസിലിയേഷൻ ആക്ട്, 2015–ലെ ആർബിട്രേഷൻ ആൻഡ് കൺസിലിയേഷൻ ആക്റ്റ് (ഭേദഗതി) (2016ലെ നം. 3) കീഴിലും പ്രകാരവുമുള്ള പ്രൊവിഷനുകളിൽ നിർവഹിക്കും.

കമ്പനിക്ക് തർക്കം ഉണ്ടെങ്കിലോ അല്ലെങ്കിൽ പോളിസിക്ക് കീഴിലുള്ള അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട ബാധ്യത അംഗീകരിക്കുന്നില്ലെങ്കിലോ, ഇവിടെ മുമ്പ് നൽകിയതു പോലെ ഒരു അഭിപ്രായ വ്യത്യാസവും അല്ലെങ്കിൽ തർക്കവും ആർബിട്രേഷനിലേക്ക് കൊണ്ടു പോകാൻ താൽപര്യമില്ലെന്ന് ഇതിനാൽ വ്യക്തമായി സമ്മതിക്കുകയും മനസ്സിലാക്കുകയും ചെയ്തു. അത്തരം ആർബിട്രേറ്ററുടെ/ആർബിട്രേറ്റർമാരുടെ ചെലവുകളുടെ തുക ആദ്യം നേടുകയും ഇത് പോളിസിയിന്മേലുള്ള ഏതെങ്കിലും നടപടിയുടെ അല്ലെങ്കിൽ സ്യൂട്ടിൻറെ ഒരു

വ്യവസ്ഥയായിരിക്കുമെന്നും ഇതിനാൽ പ്രകടമായും വ്യവസ്ഥ ചെയ്യുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നു.

## 26. പോളിസി അലൈൻമെൻറ്

a. വ്യത്യസ്ത പോളിസി അവസാന തീയതികളുള്ളതും എന്നാൽ പോളിസി ആരംഭ തീയതികൾ അലൈൻ ചെയ്യാൻ ആഗ്രഹിക്കുന്നതുമായ രണ്ട് വ്യത്യസ്ത ഹെൽത്ത് ഇൻഡെമ്നിറ്റി പോളിസികളുള്ള ഇൻഷുർ ചെയ്ത വ്യക്തി(കൾക്ക്) പോളിസി അലൈൻമെൻ്റ് ഓപ്ഷൻ ലഭ്യമായിരിക്കും. ഒരു പോളിസിയുടെ കവറേജ് മറ്റേ പോളിസിയുടെ അവസാന തീയതി വരെ നീട്ടിക്കൊണ്ട് നമുക്ക് പോളിസികൾ അലൈൻ ചെയ്യാവുന്നതാണ്.

b. പോളിസിക്ക് കീഴിലുള്ള സം ഇൻഷ്വേഡ് മാറ്റമില്ലാതെ തുടരുമെങ്കിലും അത്തരം പോളിസികൾക്ക് ആനുപാതികാടിസ്ഥാനത്തിൽ പ്രീമിയം ഈടാക്കും.

## 27. എൻഡോഴ്സ്മെൻറുകൾ (പോളിസിയിലെ മാറ്റങ്ങൾ)

a. ഈ പോളിസി ഇൻഷുറൻസിന്റെ സമ്പൂർണ്ണ കരാറാണ്. ഈ പോളിസി കമ്പനി ഒഴികെ ആർക്കും (ഒരു ഇൻഷുറൻസ് ഏജന്റിനോ അല്ലെങ്കിൽ ബ്രോക്കർക്കോ അടക്കം) പരിഷ്ക്കരിക്കാനാവില്ല. കമ്പനി വരുത്തിയ ഏതൊരു മാറ്റവും ഒപ്പിട്ടതും സ്റ്റാമ്പ് ചെയ്തതുമായ രേഖാമൂലമുള്ള എൻഡോഴ്സ്മെൻറ് കൊണ്ട് തെളിയിക്കപ്പെടും.

b. പ്ലാനിലെ, തിരഞ്ഞെടുത്ത ആഡ്-ഓണുകൾ/ഓപ്ഷണൽ കവറുകൾ എന്നിവയിലെ എന്തെങ്കിലും മാറ്റം അണ്ടർ റൈറ്റിങ്ങിന് വിധേയമായി പുതുക്കുന്ന സമയത്ത് മാത്രമേ സംഭവിക്കൂ.

c. പുതുക്കുന്ന സമയത്ത് മാത്രമേ പ്രൊപ്പോസറെ മാറ്റാൻ കഴിയൂ. പുതിയ പ്രൊപ്പോസർ നിയമപരമായ അവകാശി/തൊട്ടടുത്ത കുടുംബാംഗം ആയിരിക്കണം. അത്തരം മാറ്റം കമ്പനിയുടെ സ്വീകാര്യതയ്ക്കും പ്രീമിയം അടയ്ക്കുന്നതിനും (എന്തെങ്കിലും ഉണ്ടെങ്കിൽ) വിധേയമായിരിക്കും. പുതുക്കിയ

d. പോളിസി ഇടവേളകളില്ലാതെ പുതുക്കിയതായി കണക്കാക്കും. പോളിസി കാലയളവിൽ മാത്രമേ പ്രൊപ്പോസറെ മാറ്റാൻ കഴിയൂ, അദ്ദേഹം/അവർ മരണപ്പെടുകയാണെങ്കിൽ അല്ലെങ്കിൽ അദ്ദേഹം/അവർ ഇന്ത്യക്ക് പുറത്തേക്ക് പോകുകയാണെങ്കിൽ.

e. പോളിസിയിൽ അംഗത്തെ ചേർക്കുന്നതിനുള്ള ഇടക്കാല എൻഡോഴ്സ്മെൻറ് വിവാഹത്തിലൂടെ നവദമ്പതികൾ ആയവർക്കും നവജാത ശിശുവിനും പ്രസക്തമായ രേഖകൾ സഹിതം മാത്രമേ അനുവദിക്കൂ.

## 28. സം ഇൻഷ്വേഡിലെ മാറ്റം

റിന്യൂവൽ ചെയ്യുന്ന സമയത്ത് മാത്രമേ അല്ലെങ്കിൽ ഏത് സമയത്തായാലും കമ്പനിയുടെ അണ്ടർ റൈറ്റിങ്ങിന് വിധേയമായി മാത്രമേ, സം ഇൻഷ്വേഡ് മാറ്റാൻ (വർധിപ്പിക്കൽ/കുറയ്ക്കൽ) കഴിയൂ. സം ഇൻഷ്വേഡിൽ വരുത്തുന്ന ഏത് വർധനവിലും, കാത്തിരിപ്പ് കാലയളവ് പുതുതായി ആരംഭിക്കുന്നത് സം ഇൻഷ്വേഡിന്റെ വർധിപ്പിച്ച ഭാഗത്തിന് മാത്രമായിരിക്കും.

## 29. നോൺ പേയബിളുകൾ

പോളിസിയിൽ ബാധകമായ നോൺ പേയബിൾ ഇനങ്ങൾ അനുബന്ധം കക ആയി സൂചിപ്പിച്ചിരിക്കുന്നു. അതോറിറ്റിയുടെ നിർദ്ദേശപ്രകാരം ഈ പട്ടിക അപ്ഡേറ്റ് ചെയ്യാം, അപ്ഡേറ്റ് ചെയ്ത ലിസ്റ്റ് കാണാൻ ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക: www.icicilombard.com

## g. മറ്റ് നിബന്ധനകളും വ്യവസ്ഥകളും

I. ക്ലെയിം അഡ്മിനിസ്ട്രേഷൻ

ഈ പോളിസിയുടെ നിബന്ധനകളുടെയും വ്യവസ്ഥകളുടെയും പൂർത്തീകരണം (പോളിസി ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന നിശ്ചിത തീയതികളിൽ പ്രീമിയം അടയ്ക്കുന്നത് ഉൾപ്പടെ) നിങ്ങളിൽ ഓരോരുത്തരും ചെയ്യേണ്ടതോ പാലിക്കേണ്ടതോ ആയ ഏതുമായും ബന്ധപ്പെട്ടിരിക്കുന്നതിനാൽ, അവ ഞങ്ങളുടെ ബാധ്യത അംഗീകരിക്കുന്നതിന് മുമ്പുള്ള വ്യവസ്ഥകളായിരിക്കും. www.icicilombard.com എന്ന ഞങ്ങളുടെ വെബ് സൈറ്റിൽ ലഭ്യമായ, ഡീ-ലിസ് റ്റ് ചെയ്യപ്പെട്ട/ഒഴിവാക്കപ്പെട്ട ദാതാക്കളുടെ പട്ടിക പരിശോധിക്കാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു. പട്ടിക പരിവർത്തനത്തിന് വിധേയമായതിനാൽ, ദയവായി ഏറ്റവും പുതിയ പട്ടിക പരിശോധിക്കുക.

ക്ലെയിം പേ-ഔട്ട് ഇനിപ്പറയുന്ന ക്രമത്തിൽ തീർപ്പാക്കും:

i. ഇൻഷുർ ചെയ്ത വ്യക്തി ഒരു റൂം തിരഞ്ഞെടുക്കുകയും അത് അവർക്ക് അർഹമായ റൂം വാടകയുടെയോ വിഭാഗത്തിൻറെയോ പരിധിയേക്കാൾ കൂടുതലും ആണെങ്കിൽ, പേയബിൾ ആയ അനുബന്ധ ചികിത്സാ ചെലവുകൾ ബാധകമായ പരിധികൾക്ക് അനുസൃതമായി പ്രോ-റേറ്റഡ് ആയി കണക്കാക്കും.

  a. അനുബന്ധ മെഡിക്കൽ ചെലവുകൾ എന്നതിനർത്ഥം ഒരു ആശുപത്രിയിലെ മുറി വാടക അല്ലെങ്കിൽ മുറിയുടെ വിഭാഗം അല്ലെങ്കിൽ കിടക്ക നിരക്കുകൾ എന്നിങ്ങനെ വ്യത്യാസപ്പെടുന്ന താഴെ പട്ടികപ്പെടുത്തിയിരിക്കുന്ന ചിലവുകൾ എന്നാണ്:

    i. ഇൻഷുർ ചെയ്ത വ്യക്തി ചികിത്സ ലഭ്യമാക്കിയ ആശുപത്രി ഈടാക്കുന്ന മുറി, ബോർഡിംഗ്, നഴ്സിംഗ്, ഓപ്പറേഷൻ തിയേറ്റർ ചെലവുകൾ

    ii. സർജൻ, അനസ്തറ്റിസ്റ്റ്, മെഡിക്കൽ പ്രാക്ടീഷണർ എന്നിവർ ഈടാക്കുന്ന ഫീസ്

    iii. ഇൻവെസ്റ്റിഗേഷൻ ചെലവുകൾ

ii. ഈ പോളിസിക്ക് കീഴിൽ പണം നൽകിയതോ പണം നൽകേണ്ടതോ ആയ (ഒഴിവാക്കപ്പെട്ടതല്ല) എല്ലാ ക്ലെയിമുകളിലും മൊത്തത്തിൽ വളണ്ടറി ഡിഡ്ക്ടബിൾ (തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ) ബാധകമാകും. നൽകേണ്ട അല്ലെങ്കിൽ നൽകിയ എല്ലാ ക്ലെയിമുകളുടെയും മൊത്തം തുക വളണ്ടറി ഡിഡക്ടബിളിലും കവിഞ്ഞാൽ മാത്രമേ പേയ്മെന്റ് നടത്താനുള്ള ഞങ്ങളുടെ ബാധ്യത പ്രാബല്യത്തിലാകൂ. വളണ്ടറി ഡിഡക്ടബിൾ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ വളണ്ടറി കോ-പേയ്മെന്റ് ബാധകമാകില്ല.

ii. ഞങ്ങൾ നൽകേണ്ട തുകയ്ക്ക് സ്വമേധയാ കോ–പേയ്മെന്റ് ബാധകമാകുകയും പേയ്മെന്റ് നടത്താൻ ഞങ്ങൾ ബാധ്യസ്ഥരാകുകയും ചെയ്യും.

മുകളിൽ വിലയിരുത്തിയ ക്ലെയിം തുക ഇനിപ്പറയുന്ന പുരോഗമിക്കുന്ന ക്രമത്തിൽ ഇനിപ്പറയുന്ന തുകകളിൽ നിന്ന് കുറയ്ക്കും:

1. വാർഷിക സം ഇൻഷ്വേഡ്
2. ലോയൽറ്റി ബോണസ് (സമാഹരിക്കുകയും ലഭ്യവുമാണെങ്കിൽ)
3. പവർ ബൂസ്റ്റർ
4. ഇൻഫ്ലേഷൻ പ്രൊട്ടക്ടർ
5. റീസെറ്റ് സം ഇൻഷ്വേഡ് (ബാധകമെങ്കിൽ)

ഇവയ്ക്കു പുറമേ, ഈ പോളിസിക്കു കീഴിലുള്ള ഒരു ക്ലെയിമിന് കാരണമായേക്കാവുന്ന ഏതെങ്കിലും രോഗമോ പരിക്കോ കണ്ടെത്തുകയോ സംഭവിക്കുകയോ ചെയ്യുമ്പോൾ, ഞങ്ങളുടെ ബാധ്യത അംഗീകരിക്കുന്നതിനുള്ള ഒരു മുൻ വ്യവസ്ഥയായി, നിങ്ങൾ ഇനിപ്പറയുന്നവയുടെ ഉത്തരവാദിത്തം ഏറ്റെടുക്കണം

## 1. ക്ലെയിം നടപടിക്രമം

### A. ക്യാഷ്‌ലെസ് തീർപ്പാക്കലിന്

ക്യാഷ്‌ലെസ് ചികിത്സ ഒരു നെറ്റ്‌വർക്ക് ദാതാവിൽ മാത്രമേ ലഭ്യമാകൂ (നെറ്റ്‌വർക്ക് ദാതാക്കളുടെ പട്ടിക ഞങ്ങളുടെ വെബ് സൈറ്റിൽ ലഭ്യമാണ്). ക്യാഷ്‌ലെസ് ചികിത്സ ലഭ്യമാക്കാൻ, നിങ്ങൾ ഇനിപ്പറയുന്ന നടപടിക്രമങ്ങൾ പാലിക്കണം:

**പ്രീ–ഓഥറൈസേഷൻ**

ഒരു നെറ്റ്‌വർക്ക് പ്രൊവൈഡറിൽ നിന്ന് ചികിത്സ സ്വീകരിക്കും മുമ്പ് ഒപ്പം/അല്ലെങ്കിൽ മെഡിക്കൽ ചെലവുകൾ വഹിക്കുന്നതിന് മുമ്പ്, പോളിസി നമ്പർ, നിങ്ങളുടെ പേര്, പോളിസി ഉടമയുമായുള്ള നിങ്ങളുടെ ബന്ധം, രോഗത്തിന്റെയോ പരിക്കിന്റെയോ സ്വഭാവം, മെഡിക്കൽ പ്രാക്ടീഷണറുടെ/ആശുപത്രിയുടെ പേരും വിലാസവും തുടങ്ങിയ മുഴുവൻ വിവരങ്ങളും സഹിതം ഞങ്ങളെയോ ഞങ്ങളുടെ ഇൻ ഹൗസ് ക്ലെയിം പ്രോസസ്സിംഗ് ടീമിനെയോ ബന്ധപ്പെടണം. മുൻകൂർ ആസൂത്രണം ചെയ്ത് ആശുപത്രിയിൽ പ്രവേശിക്കുന്നതിന് 48 മണിക്കൂർ മുമ്പും, അടിയന്തര സാഹചര്യമാണെങ്കിൽ, ആശുപത്രിയിൽ പ്രവേശിച്ച് 24 മണിക്കൂറിനുള്ളിലും നിങ്ങൾ മുൻകൂർ അനുമതി അഭ്യർത്ഥിക്കണം.

ക്യാഷ്‌ലെസ് ഹോസ്പിറ്റലൈസേഷൻ സൗകര്യം ലഭ്യമാക്കാൻ, ഈ പോളിസിയോടൊപ്പം നൽകിയിരിക്കുന്ന ഹെൽത്ത് കാർഡ് ഹാജരാക്കുകയും പ്രസ്തുത ഹെൽത്ത് കാർഡിൻറെ ഉപയോഗത്തിനുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി പ്രവർത്തിക്കുകയും അല്ലെങ്കിൽ ക്യാഷ്‌ലെസ് സൗകര്യം നൽകാൻ ഞങ്ങളുടെ ക്ലെയിം ടീമുമായി ഏകോപിച്ച് പ്രവർത്തിക്കാൻ കഴിയുന്ന ഹോസ്പിറ്റലിൽ നിങ്ങളുടെ പോളിസി നമ്പറും ഐഡി പ്രൂഫും നൽകി നിങ്ങൾക്ക് മുൻകൂർ അനുമതി തേടാവുന്നതുമാണ്. ക്യാഷ്‌ലെസ് ഹോസ്പിറ്റലൈസേഷൻ സൗകര്യം ലഭ്യമാക്കാനുള്ള നിങ്ങൾക്കുള്ള അസുഖത്തെക്കുറിച്ചോ പരിക്കിനെക്കുറിച്ചോ കൃത്യവും പൂർണവുമായ വിവരങ്ങൾ ലഭിച്ചതിന് ശേഷം ഞങ്ങൾ നിങ്ങളുടെ അഭ്യർത്ഥന പരിഗണിക്കുകയും നിങ്ങളുടെ അഭ്യർത്ഥന ഞങ്ങൾ രേഖാമൂലം സ്ഥിരീകരിക്കുകയും ചെയ്യും.

പൂർണമായ രേഖകളും വിവരങ്ങളും സഹിതം ഞങ്ങളുടെ ഏതെങ്കിലും എംപാനൽഡ് നെറ്റ്‌വർക്ക് ഹോസ്പിറ്റലുകൾ മുഖേന ക്യാഷ്‌ലെസ് സൗകര്യത്തിനായുള്ള പ്രീ–ഓഥറൈസേഷൻ അഭ്യർത്ഥന നിങ്ങൾ അറിയിക്കുകയാണെങ്കിൽ, അത്തരം പ്രീ–ഓഥറൈസേഷൻ അഭ്യർത്ഥനയുടെ യഥാർത്ഥ രസീത് ലഭിച്ച് 1 മണിക്കൂറിനുള്ളിൽ ഞങ്ങൾ മറുപടി നൽകും. കൂടാതെ, ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ഓഥറൈസേഷൻ അഭ്യർത്ഥന ലഭിച്ച് മൂന്ന് മണിക്കൂറിനുള്ളിൽ ഞങ്ങൾ അന്തിമ ഓഥറൈസേഷൻ നൽകും.

### B. റീഇംബേഴ്സ്മെന്റ് തീർപ്പാക്കലിന്

i. ഞങ്ങളെയോ ഞങ്ങളുടെ ഇൻ ഹൗസ് ക്ലെയിം പ്രോസസ്സിംഗ് ടീമിനെയോ ടോൾ ഫ്രീ നമ്പറായ 1800 2666 എന്ന നമ്പറിൽ വിളിച്ചു കൊണ്ടോ അല്ലെങ്കിൽ നിങ്ങൾക്ക് നൽകിയിട്ടുള്ള പോളിസിയിൽ വ്യക്തമാക്കിയിട്ടുള്ള രൗപേ്ാ്രീ്യ@ ശരശരശഹീായമ്യൃറ.രീാ എന്ന വിലാസത്തിൽ ഇ–മെയിൽ ചെയ്തു കൊണ്ടോ അല്ലെങ്കിൽ ഞങ്ങളുടെ വിലാസത്തിൽ രേഖാമൂലം താഴെ പറയുന്ന വിശദാംശങ്ങൾ നൽകിക്കൊണ്ടോ അറിയിപ്പ് നിങ്ങൾ ഞങ്ങളെ അറിയിക്കണം.

- പോളിസി നമ്പർ;
- നിങ്ങളുടെ പേര്;
- പോളിസി ഉടമയുമായുള്ള നിങ്ങളുടെ ബന്ധം;
- രോഗത്തിന്റെയോ പരിക്കിന്റെയോ സ്വഭാവം;
- പരിചരിക്കുന്ന മെഡിക്കൽ പ്രാക്ടീഷണറുടെയും
- ആശുപത്രിയുടെയും പേരും വിലാസവും;
- രോഗം/പരിക്ക്/ഹോസ്പിറ്റലൈസേഷൻ എന്നിവയ്ക്ക് പ്രസക്തമായേക്കാവുന്ന മറ്റേതെങ്കിലും വിവരങ്ങൾ

മേൽപ്പറഞ്ഞ വിവരങ്ങൾ ഞങ്ങൾക്കോ ഞങ്ങളുടെ ഇൻ ഹൗസ് ക്ലെയിം പ്രോസസ്സിംഗ് ടീമിനോ ഉടനടി നൽകേണ്ടതുണ്ട്, ഏതു സാഹചര്യത്തിലും ഹോസ്പിറ്റലൈസേഷന്റെ 10 ദിവസത്തിനുള്ളിൽ, അതിൽ പരാജയപ്പെട്ടാൽ, ഞങ്ങളുടെ സ്വന്തം വിവേചനാധികാരത്തിൽ ക്ലെയിം അസ്വീകാര്യമായി കണക്കാക്കാൻ ഞങ്ങൾക്ക് അവകാശമുണ്ടായിരിക്കും.

ii. നിങ്ങൾ ഉടൻ ഒരു മെഡിക്കൽ പ്രാക്ടീഷണറെ സമീപിക്കുകയും അദ്ദേഹം നിർദ്ദേശിക്കുന്ന ഉപദേശവും ചികിത്സയും പിന്തുടരുകയും വേണം.

iii. നിങ്ങളോ നിങ്ങൾക്കു വേണ്ടി ക്ലെയിം ഉന്നയിക്കുന്ന മറ്റൊരു വ്യക്തിയോ ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ചെയ്ത് 30 ദിവസത്തിനുള്ളിൽ (പോസ്റ്റ്–ഹോസ്പിറ്റലൈസേഷൻ ചെലവുകൾക്ക്, പോസ്റ്റ്–ഹോസ്പിറ്റലൈസേഷൻ കാലയളവ് പൂർത്തിയാക്കി 30 ദിവസത്തിനുള്ളിൽ) ക്ലെയിം ഫോമിനൊപ്പം ക്ലെയിം ഡോക്യുമെന്റേഷൻ വിഭാഗത്തിൽ പട്ടികപ്പെടുത്തിയിരിക്കുന്ന ഡിസ്ചാർജ് ചെയ്യുമ്പോൾ ആശുപ്രതിയിൽ നിന്ന് ശേഖരിച്ച രേഖകൾ (ഏതെങ്കിലും ക്ലെയിമിന്റെ രേഖാമൂലമുള്ള വിശദാംശങ്ങളോടൊപ്പം എല്ലാ ഒറിജിനൽ പിന്തുണ രേഖകളും) ഞങ്ങൾക്ക് പ്രത്യേകമായി നൽകണം. ക്ലെയിം രേഖകൾ സമർപ്പിക്കുന്നതിൽ 30 ദിവസത്തിൽ കൂടുതൽ കാലതാമസം ഉണ്ടായാൽ, ഇൻഷ്വർ ചെയ്ത വ്യക്തി ഞങ്ങൾക്ക് രേഖാമൂലം കാലതാമസത്തെ ന്യായീകരിക്കുന്ന സാധുവായ കാരണം സമർപ്പിച്ചാൽ ഞങ്ങൾ ആ കാലതാമസം അംഗീകരിക്കും. ക്ലെയിം ഫോമും രേഖകളും സഹിതം ക്ലെയിം ലഭിച്ച് 15 ദിവസത്തിനുള്ളിൽ ക്ലെയിം പ്രോസസ്സ് ചെയ്യും.

എന്നിരുന്നാലും, മുകളിൽ പറഞ്ഞ രണ്ട് കേസുകളിലും അതായത് ജി. ക്ലെയിം അഡ്മിനിസ്ട്രേഷൻ ക. 1. (എ) - (ബി), നിങ്ങൾ

ന്യായമായ നടപടികൾ കൈക്കൊള്ളുകയോ അല്ലെങ്കിൽ പോളിസിക്ക് കീഴിൽ വരുന്ന ഏതൊരു ക്ലെയിമിന്റെയും കൽപിത ഭാഗം കുറയ്ക്കാൻ നടപടിയെടുക്കുകയോ ചെയ്യണം.

അപ്രകാരം ഞങ്ങൾ അഭ്യർത്ഥിക്കുകയാണെങ്കിൽ, ഞങ്ങൾ അല്ലെങ്കിൽ ഞങ്ങളുടെ ഇൻ ഹൗസ് ക്ലെയിം പ്രോസസ്സിംഗ് ടീം ഉചിതവും ആവശ്യവുമാണെന്ന് പരിഗണിക്കുമ്പോൾ, ഞങ്ങളുടെ നോമിനേറ്റഡ് മെഡിക്കൽ പ്രാക്ടീഷണറിൽ നിന്നുള്ള ഒരു മെഡിക്കൽ പരിശോധനയ്ക്ക് നിങ്ങൾ വിധേയരാകേണ്ടിവരും. അത്തരം പരിശോധനയുടെ ചെലവ് ഞങ്ങൾ വഹിക്കും.

**രണ്ട് പോളിസി കാലയളവുകളിൽ ഉണ്ടാകുന്ന ക്ലെയിം**

ക്ലെയിം ഇവന്റ് രണ്ട് പോളിസി കാലയളവിനുള്ളിൽ വരുന്നതാണെങ്കിൽ, ഓരോ പോളിസി കാലയളവിലെയും ഡിഡക്ടബിൾ അടക്കം രണ്ട് പോളിസി കാലയളവുകളിൽ ലഭ്യമായ സം ഇൻഷ്വേഡ് കണക്കിലെടുത്ത് ക്ലെയിമുകൾക്ക് പണം നൽകും. ഹെൽത്ത് ഇൻഷുറൻസ് പോളിസിയുടെ പ്രീമിയം പുതുക്കൽ തീയതിയിൽ ലഭിക്കേണ്ട പ്രീമിയത്തിന്റെ പരിധി വരെ, അത് നേരത്തെ ലഭിക്കാത്ത പക്ഷം, ഇൻഷുർ ചെയ്ത വ്യക്തിക്ക് നൽകേണ്ട അത്തരം അർഹമായ ക്ലെയിം തുകയിൽ നിന്ന് അത് കുറയ്ക്കും.

2. **ക്ലെയിം രേഖകൾ**

ഒരു റീഇംബേഴ്സ്മെന്റ് ക്ലെയിമിനു വേണ്ടിയുള്ള അല്ലെങ്കിൽ അതിന് പിന്തുണയേകുന്ന ഇനി പറയുന്ന രേഖകൾ നിങ്ങൾ നൽകേണ്ടതുണ്ട്:

a. നിങ്ങളും മെഡിക്കൽ പ്രാക്ടീഷണറും ഒപ്പിട്ട കൃത്യമായി പൂർത്തിയാക്കിയ ക്ലെയിം ഫോം. www.icicilombard.com എന്ന ഞങ്ങളുടെ വെബ്സൈറ്റിൽ നിന്ന് ക്ലെയിം ഫോം ഡൗൺലോഡ് ചെയ്യാം

b. ഒറിജിനൽ ബില്ലുകൾ, രസീതുകൾ, ആശുപത്രിയിൽ നിന്ന്/മെഡിക്കൽ പ്രാക്ടീഷണറിൽ നിന്നുള്ള ഡിസ്ചാർജ് സർട്ടിഫിക്കറ്റ്/കാർഡ്

c. ശരിയായ പ്രിസ്ക്രിപ്ഷന്റെ പിന്തുണയോടെ കെമിസ്റ്റിൽ നിന്നുള്ള ഒറിജിനൽ ബില്ലുകൾ.

d. ഒറിജിനൽ ഇൻവെസ്റ്റിഗേഷൻ ടെസ്റ്റ് റിപ്പോർട്ടുകളും പേയ്മെന്റ് രസീതുകളും.

e. ഇൻഡോർ കേസ് പേപ്പറുകൾ

f. നോൺ–ആക്സിഡന്റ് കേസുകളിൽ ഹോസ്പിറ്റലൈസേഷന് ഉപദേശിച്ചു കൊണ്ടുള്ള മെഡിക്കൽ പ്രാക്ടീഷണറുടെ റഫറൽ കത്ത്.

ക്ലെയിമിനെക്കുറിച്ചോ അല്ലെങ്കിൽ അതിന് പണം നൽകാനുള്ള ഞങ്ങളുടെ ബാധ്യതയെക്കുറിച്ചോ അന്വേഷിക്കാൻ ഞങ്ങൾക്ക് ആവശ്യമായ മറ്റേതെങ്കിലും രേഖ.

പ്രസക്തമായ രേഖകൾ ഇനി പറയുന്ന വിലാസത്തിലേക്ക് അയക്കാം –

ഐസിഐസിഐ ലൊംബാർഡ് ഹെൽത്ത് കെയർ,
1–ആം, 4–ആം (പകുതി), 5–ആം, 6–ആം നിലകൾ,
വരുൺ ടവേഴ്സ്– കക, ഹൈദരാബാദ് പബ്ലിക് സ്കൂളിന് എതിരിൽ, ബേഗംപേട്ട്, ഹൈദരാബാദ്, ഹൈദരാബാദ് ജില്ല,
തെലങ്കാന പിൻ കോഡ് –500 016.

## അനുബന്ധം I

| ഓഫീസ് വിശദാംശങ്ങൾ | യൂണിയൻ ടെറിട്ടറി ജുറസ്ഡിക്ഷൻ ഓഫീസ്, ജില്ല) |
|---|---|
| **അഹമ്മദാബാദ്**<br>ഇൻഷുറൻസ് ഓംബുഡ്സ്മാന്റെ ഓഫീസ്,<br>ജീവൻ പ്രകാശ് ബിൽഡിംഗ്, 6–ആം നില,<br>തിലക് മാർഗ്, റിലീഫ് റോഡ്, അഹമ്മദാബാദ് – 380 001.<br>ടെലി.: 079 - 25501201/02/05/06<br>ഇമെയിൽ: bimalokpal.ahmedabad@cioins.co.in | ഗുജറാത്ത്,<br>ദാദ്ര - നാഗർ ഹവേലി,<br>ദാമൻ, ദിയു |
| **ഗുവാഹത്തി**<br>ഇൻഷുറൻസ് ഓംബുഡ്സ്മാന്റെ ഓഫീസ്,<br>ജീവൻ നിവേശ്, 5–ആം നില,<br>പാൻബസാർ ഓവർ ബ്രിഡ്ജിന് അരികിൽ,<br>എസ്.എസ്. റോഡ്, ഗുവാഹത്തി – 781001(അസം).<br>ടെലി.: 0361 - 2632204 / 2602205<br>യിൽ: bimalokpal.guwahati@cioins.co.in | അസം, മേഘാലയ,<br>മണിപ്പൂർ,<br>മിസോറാം,<br>അരുണാചൽ പ്രദേശ്,<br>നാഗാലാൻഡ്,<br>ത്രിപുര. |
| **ഹൈദരാബാദ്**<br>ഇൻഷുറൻസ് ഓംബുഡ്സ്മാന്റെ ഓഫീസ്,<br>6–2–46, 1–ആം നില, 'മോയിൻ കോർട്ട്', ലെയ്ൻ സലീം ഫംഗ്ഷൻ പാലസിന് എതിരിൽ, എ.സി. ഗാർഡ്സ്,<br>ലക്ഡി–കാ–പൂൾ, ഹൈദരാബാദ് – 500 004.<br>ടെലി.: 040 - 23312122<br>ഫാക്സ്: 040 - 23376599<br>യിൽ: bimalokpal.hyderabad@cioins.co.in | അസം, മേഘാലയ,<br>മണിപ്പൂർ,<br>മിസോറാം,<br>അരുണാചൽ പ്രദേശ്,<br>നാഗാലാൻഡ്,<br>ത്രിപുര. |

| ഓഫീസ് വിശദാംശങ്ങൾ | **യൂണിയൻ ടെറിട്ടറി ജുറസ്ഡിക്ഷൻ ഓഫീസ്, ജില്ല)** |
|---|---|
| **ജയ്പൂർ**<br>ജീവൻ നിധി – കക ബിൽഡിംഗ്, ഗ്രൗണ്ട് ഫ്ലോർ,<br>ഭവാനി സിംഗ് മാർഗ്, ജയ്പൂർ - 302 005.<br>ടെലി.: 0141 - 2740363<br>ഇറമയിൽ: bimalokpal.jaipur@cioins.co.in | രാജസ്ഥാൻ. |
| **കൊച്ചി**<br>ഇൻഷുറൻസ് ഓംബുഡ്സ്മാൻ ഇൻഷുറൻസ് ഓംബുഡ്സ്മാന്റെ ഓഫീസ്, 10–ആം നില, ജീവൻ പ്രകാശ്, എൽഐസി ബിൽഡിംഗ്, മഹാരാജാസ് കോളേജ് ഗ്രൗണ്ടിന് എതിരിൽ, എം.ജി. റോഡ്, കൊച്ചി – 682 011.<br>ടെലി.: 0484 - 2358759<br>ഇറമയിൽ: bimalokpal.ernakulam@cioins.co.in | കേരളം, ലക്ഷദ്വീപ്, മാഹി– കേന്ദ്രഭരണ പ്രദേശമായ പുതുച്ചേരിയുടെ ഭാഗം. |
| **കൊൽക്കത്ത**<br>ഇൻഷുറൻസ് ഓംബുഡ്സ്മാന്റെ ഓഫീസ്,<br>ഹിന്ദുസ്ഥാൻ ബിൽഡിംഗ്. അനെക്സ്, 7–ആം നില, 4, സി.ആർ. അവന്യൂ, കൊൽക്കത്ത – 700 072.<br>ടെലി.: 033 - 22124339 / 22124340<br>ഫാക്സ്: 033 - 22124341<br>ഇറമയിൽ: bimalokpal.kolkata@cioins.co.in | പശ്ചിമ ബംഗാൾ,<br>സിക്കിം, ആൻഡമാൻ - നിക്കോബാർ ദ്വീപുകൾ |
| **ലക്നൗ**<br>ഇൻഷുറൻസ് ഓംബുഡ്സ്മാന്റെ ഓഫീസ്, 6–ആം നില, ജീവൻ ഭവൻ, ഫേസ്–കക, നവൽ കിഷോർ റോഡ്, ഹസ്രത്ഗഞ്ച്, ലക്നൗ – 226 001.<br>ടെലി.: 0522 - 2231330 / 2231331<br>ഫാക്സ്: 0522 - 2231310<br>ഇറമയിൽ: bimalokpal.lucknow@cioins.co.in | ഉത്തർപ്രദേശിലെ ജില്ലകൾ: ലളിത്പൂർ, ഝാൻസി, മഹോബ, ഹമീർപൂർ, ബാന്ദ, ചിത്രകൂട്, അലഹബാദ്, മിർസാപൂർ, സോൻഭദ്ര, ഫത്തേപൂർ, പ്രതാപ്ഗഢ്, ജൗൻപൂർ, വാരണാസി, ഗാസിപൂർ, ജലൗൺ, കാൺപൂർ, ലക്നൗ, ഉന്നാവോ, സിതാപൂർ, ലഖിംപൂർ, ബഹ്റൈഷ്, ബരാബങ്കി, റായ്ബറേലി, ശ്രാവസ്തി, ഗോണ്ട, ഫൈസാബാദ്, അമേഠി, കൗശാംബി, ബൽറാംപൂർ, ബസ്തി, അംബേദ്കർനഗർ, സുൽത്താൻപൂർ, മഹാരാജ്ഗാംഗ്, സന്ത്കബീർനഗർ, അസംഗഢ്, കുശിനഗർ, ഗോർഖ്പൂർ, ഡിയോറിയ, മൗ, ഗാസിപൂർ, ചന്ദൗലി, ബലിയ, സിദ്ധരത്നഗർ. |
| **മുംബൈ**<br>ഇൻഷുറൻസ് ഓംബുഡ്സ്മാന്റെ ഓഫീസ്, 3–ആം നില, ജീവൻ സേവ അനെക്സ്, എസ്. വി. റോഡ്, സാന്താക്രൂസ് (വെസ്റ്റ്), മുംബൈ – 400 054.<br>ടെലി.: 022 - 26106552 / 26106960<br>ഫാക്സ്: 022 - 26106052<br>ഇറമയിൽ: bimalokpal.mumbai@cioins.co.in | ഗോവ,<br>മുംബൈ മെട്രോപൊളിറ്റൻ മേഖല നവി മുംബൈയും താനെയും ഒഴികെ. |

| | |
|---|---|
| **നോയിഡ**<br>ഇൻഷുറൻസ് ഓംബുഡ്സ്മാന്റെ ഓഫീസ്, ഭഗവാൻ സഹായ് പാലസ് 4–ആം നില, മെയിൻ റോഡ്, നയാ ബൻസ്, സെക്ടർ 15, ജില്ല: ഗൗതം ബുദ്ധ നഗർ, യു.പി–201301.<br>ടെലി.: 0120-2514252 / 2514253<br>ഇമെയിൽ: bimalokpal.noida@cioins.co.in | ഉത്തരാഖണ്ഡ് സംസ്ഥാനവും ഉത്തർപ്രദേശിലെ ഇനിപ്പറയുന്ന ജില്ലകളും: ആഗ്ര, അലിഗഢ്, ബാഗ്പത്, ബറേലി, ബിജ്നോർ, ബുദൗൻ, ബുലന്ദ്ഷെഹർ, ഇറ്റാവ, കനൂജ്, മെയിൻപുരി, മഥുര, മീററ്റ്, മൊറാദാബാദ്, മുസാഫർനഗർ, ഒറയ്യ, പിലിഭിത്, ഇറ്റാവ, ഫറൂഖാബാദ്, ഫിറോസ്ബാദ്, ഗൗതംബോധനഗർ, ഘാസിയാബാദ്, ഹർദോയ്, ഷാജഹാൻപൂർ, ഹാപൂർ, ഷാംലി, രാംപൂർ, കഷ്ഗഞ്ച്, സംഭാൽ, അംരോഹ, ഹത്രാസ്, കാൻഷിറാംനഗർ, സഹറാൻപൂർ. |
| **പട്ന**<br>ഇൻഷുറൻസ് ഓംബുഡ്സ്മാൻ ഇൻഷുറൻസ് ഓംബുഡ്സ്മാന്റെ ഓഫീസ്, 2–ആം നില, ലളിത് ഭവൻ, ബെയ്‌ലി റോഡ്, പട്ന 800 001.<br>ടെലി.: 0612-2547068<br>ഇറമയിൽ: bimalokpal.patna@cioins.co.in | ബീഹാർ,<br>ഝാർഖണ്ഡ്. |
| **പൂനെ**<br>ഇൻഷുറൻസ് ഓംബുഡ്സ്മാന്റെ ഓഫീസ് ജീവൻ ദർശൻ ബിൽഡിംഗ്., 3–ആം നില, സി.ടി.എസ്. നം. 195 മുതൽ 198 വരെ, എൻ.സി. കേൽക്കർ റോഡ്, നാരായൺ പേഠ്, പൂനെ – 411 030.<br>ടെലി.: 020-41312555<br>ഇറമയിൽ: bimalokpal.pune@cioins.co.in | മഹാരാഷ്ട്ര,<br>നവി മുംബൈ പ്രദേശം,<br>താനെ മുംബൈ മെട്രോപൊളിറ്റൻ മേഖല ഒഴികെ. |

ഇൻഷുറൻസ് ഓംബുഡ്സ്മാൻ വിശദാംശങ്ങളുടെ കാലിക ലിസ്റ്റിന് ദയവായി സന്ദർശിക്കുക– https://www.coins.co.in/ombudsman

## അനുബന്ധം II

പട്ടിക I- പോളിസിയിൽ കവറേജ് ലഭ്യമല്ലാത്ത ഇനങ്ങൾ

| ക്രമ നം. | ഇനം |
|---|---|
| 1. | ബേബി ഫുഡ് |
| 2. | ബേബി യൂട്ടിലിറ്റി നിരക്കുകൾ |
| 3. | ബ്യൂട്ടി സർവീസുകൾ |
| 4. | ബെൽറ്റുകൾ / ബ്രേസുകൾ |
| 5. | ബഡുകൾ |
| 6. | കോൾഡ് പായ്ക്ക്/ ഹോട്ട് പായ്ക്ക് |
| 7. | കാരി ബാഗുകൾ |
| 8. | ഇമെയിൽ / ഇൻറർനെറ്റ് ചാർജുകൾ |
| 9. | ഭക്ഷണ ചാർജുകൾ (ആശുപത്രി നൽകിയ രോഗിയുടെ ഭക്ഷണ ക്രമം ഒഴികെ) |
| 10. | ലെഗിംഗ്സ് |
| 11. | ലോണ്ടറി ചാർജുകൾ |
| 12. | മിനറൽ വാട്ടർ |
| 13. | സാനിട്ടറി പാഡ് |
| 14. | ടെലിഫോൺ ചാർജുകൾ |
| 15. | ഗസ്റ്റ് സർവീസുകൾ |
| 16. | ക്രീപ്പ് ബാൻഡേജ് |
| 17. | ഏതെങ്കിലും തരത്തിലുള്ള ഡയപ്പർ |
| 18. | ഐലെറ്റ് കോളർ |
| 19. | സ്ലിംഗ്സ് |
| 20. | രക്തഗ്രൂപ്പിംഗും ദാതാക്കളുടെ സാമ്പിളുകളുടെ ക്രോസ് മാച്ചിംഗും |
| 21. | നഴ്സിംഗ് ചാർജും ഈടാക്കുന്നിടത്ത് സർവീസ് ചാർജുകൾ |
| 22. | ടെലിവിഷൻ ചാർജുകൾ |
| 23. | സർചാർജുകൾ |
| 24. | അറ്റൻഡന്റ് ചാർജുകൾ |
| 25. | രോഗിയുടെ അധിക ഭക്ഷണക്രമം (ബെഡ് ചാർജിന്റെ ഭാഗമല്ലാത്തത്) |
| 26. | ജനന സർട്ടിഫിക്കറ്റ് |
| 27. | സർട്ടിഫിക്കറ്റ് ചാർജുകൾ |
| 28. | കുറിയർ ചാർജുകൾ |
| 29. | കൺവെയൻസ് ചാർജുകൾ |
| 30. | മെഡിക്കൽ സർട്ടിഫിക്കറ്റ് |
| 31. | മെഡിക്കൽ രേഖകൾ |
| 32. | ഫോട്ടോകോപ്പി ചാർജുകൾ |
| 33. | മോർച്ചറി ചാർജുകൾ |

**പട്ടിക I- പോളിസിയിൽ കവറേജ് ലഭ്യമല്ലാത്ത ഇനങ്ങൾ (തുടരുന്നു...)**

| ഇനം | ബേബി ഫുഡ് |
|---|---|
| 34. | വാക്കിംഗ് എയ്ഡ്സ് ചാർജുകൾ |
| 35. | ഓക്സിജൻ സിലിണ്ടർ (ആശുപത്രിക്ക് പുറത്ത് ഉപയോഗിക്കുന്നതിന്) |
| 36. | സ്പേസർ |
| 37. | സ്പൈറോമീറ്റർ |
| 38. | നെബുലൈസർ കിറ്റ് |
| 39. | സ്റ്റീം ഇൻഹേലർ |
| 40. | ആംസ്ലിംഗ് |
| 42. | സെർവിക്കൽ കോളർ |
| 43. | സ്പ്ലിന്റ് |
| 44. | ഡയബറ്റിക് ഫൂട്ട് വെയർ |
| 45. | കാൽമുട്ട് ബ്രേസുകൾ (നീണ്ടത്/ഹ്രസ്വമായത്/ഹിംഗ്ഡ്) |
| 46. | കാൽമുട്ട്മുട്ട് ഇമ്മൊബിലൈസർ / ഷോൾഡർ ഇമ്മൊബിലൈസർ |
| 47. | ലംബോ സാക്രൽ ബെൽറ്റ് |
| 48. | നിംബസ് ബെഡ് അല്ലെങ്കിൽ വാട്ടർ അല്ലെങ്കിൽ എയർ ബെഡ് ചാർജുകൾ |
| 49. | ആംബുലൻസ് കോളർ |
| 50. | ആംബുലൻസ് ഉപകരണങ്ങൾ |
| 51. | അബ്ഡോമിനൽ റെബൻഡർ |
| 52. | പ്രവൈറ്റ് നഴ്സ് ചാർജുകൾ– സ്പെഷ്യൽ നഴ്സിംഗ് ചാർജുകൾ |
| 53. | ഷുഗർ ഫ്രീ ഗുളികകൾ |
| 54. | ക്രീംസ് പൗഡർ ലോഷനുകൾ (ടോയ്‌ലറ്ററികൾ പേയബിൾ അല്ല, പ്രിസ്ക്രൈബ് ചെയ്ത മെഡിക്കൽ ഫാർമസ്യൂറ്റിക്കലുകൾ മാത്രം പേയബിൾ) |
| 55. | ഇസിജി ഇലക്ട്രോഡുകൾ |
| 56. | കയ്യുറകൾ |
| 57. | നെബുലൈസേഷൻ കിറ്റ് |
| 58. | വിശദാംശങ്ങളൊന്നും പരാമർശിക്കാത്ത ഏത് കിറ്റും [ഡെലിവറി കിറ്റ്, ഓർത്തോകിറ്റ്, റിക്കവറി കിറ്റ്, തുടങ്ങിയവ] |
| 59. | കിഡ്നി ട്രേ |
| 60. | മാസ്ക് |
| 61. | ഔൺസ് ഗ്ലാസ് |
| 62. | ഓക്സിജൻ മാസ്ക് |
| 63. | പെൽവിക് ട്രാക്ഷൻ ബെൽറ്റ് |
| 64. | പാൻ കാൻ |
| 65. | ട്രോളി കവർ |
| 66. | യൂറോമീറ്റർ, യൂറിൻ ജഗ് |
| 67. | ആംബുലൻസ് |
| 68. | വാസോഫിക്സ് സേഫ്റ്റി |

**പട്ടിക II-റൂം ചാർജുകളിൽ ഉൾപ്പെടുത്തേണ്ട ഇനങ്ങൾ**

| ഇനം | ബേബി ഫുഡ് |
|---|---|
| 1. | ബേബി ചാർജുകൾ (നിർദ്ദിഷ്ടമാക്കിയിട്ടില്ലെങ്കിൽ/സൂചിപ്പിച്ചിട്ടില്ലെങ്കിൽ) |
| 2. | ഹാൻഡ് വാഷ് |
| 3. | ഷൂ കവർ |
| 4. | ക്യാപ്പുകൾ |
| 5. | ക്രാഡിൽ ചാർജുകൾ |
| 6. | ചീർപ്പ് |
| 7. | ഇഎയു–ഡീ–കൊളോൺ / റൂം ഫ്രെഷ്നേഴ്സ് |
| 8. | ഫൂട്ട് കവർ |
| 9. | ഗൗൺ |
| 10. | സ്ലിപ്പറുകൾ |
| 11. | ടിഷ്യൂ പേപ്പർ |
| 12. | ടൂത്ത് പേസ്റ്റ് |
| 13. | ടൂത്ത് ബ്രഷ് |
| 14. | ബെഡ് പാൻ |
| 15. | ഫേയ്സ് മാസ്ക് |
| 16. | ഫ്ലെക്സി മാസ്ക് |
| 17. | ഹാൻഡ് ഹോൾഡർ |
| 18. | സ്പുടം കപ്പ് |
| 19. | അണുനാശിനി ലോഷനുകൾ |
| 20. | ആഡംബര നികുതി |
| 21. | എച്ച് വിഎസി |
| 22. | ഹൗസ് കീപ്പിംഗ് ചാർജുകൾ |
| 23. | എയർകണ്ടീഷണർ ചാർജുകൾ |
| 24. | ഐഎം ഐവി ഇൻജക്ഷൻ ചാർജുകൾ |
| 25. | ക്ലീൻ ഷീറ്റ് |
| 26. | ബ്ലാങ്കറ്റുകൾ/വർമർ ബ്ലാങ്കറ്റ് |
| 27. | അഡ്മിഷൻ കിറ്റ് |
| 28. | ഡയബറ്റിക് ചാർട്ട് ചാർജുകൾ |
| 29. | ഡോക്യുമെന്റേഷൻ ചാർജുകൾ/അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ |
| 30. | ഡിസ്ചാർജ് നടപടിക്രമ ചാർജുകൾ |
| 31. | പ്രതിദിന ചാർട്ട് ചാർജുകൾ |
| 32. | എൻട്രൻസ് പാസ്/സന്ദർശക പാസ് ചാർജുകൾ |
| 33. | ഡിസ്ചാർജ് ചെയ്യുമ്പോഴുള്ള പ്രിസ്ക്രിപ്ഷനുമായി ബന്ധപ്പെട്ട ചെലവുകൾ |
| 34. | ഫയൽ ഓപ്പണിംഗ് ചാർജുകൾ |
| 35. | സാന്ദർഭിക ചെലവുകൾ/പലവക ചാർജുകൾ (വിശദീകരിക്കപ്പെടാത്തവ) |
| 36. | രോഗിയെ തിരിച്ചറിയുന്നതിനുള്ള ബാൻഡ്/പേര് ടാഗ് |
| 37. | പൾസിയോക്സിമീറ്റർ ചാർജുകൾ |

**പട്ടിക III — പ്രൊസീജർ ചാർജുകളിൽ ഉൾപ്പെടുത്തേണ്ട ഇനങ്ങൾ**

| ഇനം | ബേബി ഫുഡ് |
|---|---|
| 1. | ഹെയർ റിമൂവൽ ക്രീം |
| 2. | ഡിസ്പോസിബിൾ റേസർ ചാർജുകൾ (സൈറ്റ് തയാറെടുപ്പുകൾക്കുള്ളത്) |
| 3. | ഐ പാഡ് |
| 4. | ഐ ഷീൽഡ് |
| 5. | ക്യാമറ കവർ |
| 6. | ഡിവിഡി, സിഡി ചാർജുകൾ |
| 7. | ഗൌസ് സോഫ്റ്റ് |
| 8. | ഗോസ് |
| 9. | വാർഡ്, തിയേറ്റർ ബുക്കിംഗ് ചാർജുകൾ |
| 10. | ആർത്രോസ്കോപ്പി, എൻഡോസ്കോപ്പി ഉപകരണങ്ങൾ |
| 11. | മൈക്രോസ്കോപ്പ് കവർ |
| 12. | സർജിക്കൽ ബ്ലേഡുകൾ, ഹാർമോണിസ്കാൽപെൽ, ഷേവർ |
| 13. | സർജിക്കൽ ഡ്രിൽ |
| 14. | ഐ കിറ്റ് |
| 15. | ഐ ഡ്രേപ്പ് |
| 16. | എക്സ്–റേ ഫിലിം |
| 17. | ബോയൽസ് അപ്പാരറ്റസ് ചാർജുകൾ |
| 18. | കോട്ടൺ |
| 19. | കോട്ടൺ ബാൻഡേജ് |
| 20. | സർജിക്കൽ ടേപ്പ് |
| 21. | ഏപ്രോൺ |
| 22. | ടൂർണിക്യൂട്ട് |
| 23. | ഓർത്തോബണ്ടിൽ, ഗൈനെക് ബണ്ടിൽ |

**പട്ടിക III — പ്രൊസീജർ ചാർജുകളിൽ ഉൾപ്പെടുത്തേണ്ട ഇനങ്ങൾ**

| ഇനം | ബേബി ഫുഡ് |
|---|---|
| 1. | അഡ്മിഷൻ/രജിസ്ട്രേഷൻ ചാർജുകൾ |
| 2. | ഇവാല്യുവേഷൻ/ഡയഗ്നസ്റ്റിക്ക് ആവശ്യത്തിനുള്ള ഹോസ്പിറ്റലൈസേഷൻ |
| 3. | യൂറിൻ കണ്ടെയ്നർ |
| 4. | ബ്ലഡ് റിസർവേഷൻ ചാർജുകളും ആന്റിനാറ്റൽ ബുക്കിംഗ് ചാർജുകളും |
| 5. | ബിപാപ് മെഷീൻ |
| 6. | സിപിഎപി/സിഎപിഡി ഉപകരണങ്ങൾ |
| 7. | ഇൻഫ്യൂഷൻ പമ്പ് – ചെലവ് |
| 8. | ഹൈഡ്രജൻ പെറോക്സൈഡ്ചസ്പിരിറ്റ്സ് അണുനാശിനികൾ തുടങ്ങിയവ |
| 9. | ന്യൂട്രിഷൻ പ്ലാനിംഗ് ചാർജുകൾ – ഡയറ്റീഷ്യൻ ചാർജുകൾ– ഡയറ്റ് ചാർജുകൾ |
| 10. | എച്ച്ഐവി കിറ്റ് |
| 11. | ആന്റിസെപ്റ്റിക് മൗത്ത് വാഷ് |
| 12. | ലോസഞ്ചുകൾ |
| 13. | മൗത്ത് പെയിന്റ് |
| 14. | വാക്സിനേഷൻ ചാർജുകൾ |
| 15. | ആൽക്കഹോൾ സ്വാബുകൾ |
| 16. | സ്ക്രബ് സൊല്യൂഷൻ/സ്റ്റെറിലിയം |
| 17. | ഗ്ലൂക്കോമീറ്റർ - സ്ട്രിപ്പുകൾ |
| 18. | യൂറിൻ ബാഗ് |